

കത്തോലിക്കാസഭയുടെ

# ചാവുദോഷങ്ങൾ

240

അലോഷ്യസ് ഡി. ഫെർണാന്റസ്

ജനജാഗൃതി പ്രസാധകസംഘം

PC Library & Research Center

## കത്തോലിക്കാസഭയുടെ

# ചാവുദോഷങ്ങൾ

# കത്തോലിക്കാസഭയുടെ
# ചാവുദോഷങ്ങൾ

5112

അലോഷ്യസ് ഡി. ഫെർണാന്റസ്

PC Library & Research Center

2009

ജനജാഗൃതി പ്രസാധകസംഘം

പുന്നപ്ര നോർത്ത് പി. ഒ. ആലപ്പുഴ - 688 014

240

2009

**Katholikasafayude Chavudoshangal**

**Aloysious D. Fernandez**

© Aloysious D. Fernandez

All rights reserved. No part of this publication may be reproduced or transmitted, in any form or by any means, without written permission from the Author.

*Cover Design:*
Bijo Varghese

*Published by:*
Janajagrthy Prasadhaka Sangham, Punnapra North P. O.
Alappuzha - 688 014
Phone: 0477 - 2287602
e-mail: oraeditors@gmail.com

ISBN: 978-81-7495-233-2

# ഒരു വാക്ക്

വഴിയോരങ്ങളിലൂടെ ആരോടെന്നില്ലാതെ സത്യം വിളിച്ചോതുന്ന ഒരു കഥാപാത്രത്തെപ്പറ്റി ഗ്രീക്ക് മിത്തോളജിയിൽ വായിച്ചൊരോർമ്മ. ഒഴുക്കിനെതിരെയുള്ള നീന്തലാണീ പുസ്തകം. അന്വേഷണത്തിലൂടെ കണ്ടെത്തിക്കൊണ്ടിരിക്കുന്ന സത്യത്തോടുള്ള വിശ്വസ്തത.

99 ശതമാനം പേരും വിശ്വസിക്കുന്നതുകൊണ്ടു മാത്രം അസത്യം സത്യമാകുന്നില്ല. മതം നാം അഭിമുഖീകരിക്കുന്ന ഏറ്റവും വലിയ ദുരന്തമാണ്; ദൈവവിശ്വാസമോ ആനമുട്ടയും. 12 വർഷത്തെ സെമിനാരി പരിശീലനവും 2 വർഷത്തെ ബിരുദാനന്തര ദൈവശാസ്ത്ര പഠനവും 38 വർഷത്തെ വൈദികജീവിതവും എന്റെ വിചിന്തനം കൂടുതലും ക്രൈസ്തവമതത്തെ ഊന്നിയായതു സ്വാഭാവികം. പക്ഷേ എന്റെ നിരീക്ഷണം എല്ലാ മതങ്ങളെയും ദൈവങ്ങളെയും പറ്റിയുള്ളതാണ്.

ജനാധിപത്യത്തിന്റെ കിരാത ഭൂരിപക്ഷത്തെയല്ല, സത്യത്തിന്റെ ഒറ്റയാൻ യാത്രയെ പുൽകാനാണ് എന്റെ അഭിവാഞ്ഛ. സാമൂഹ്യ കുത്തൊഴുക്കുകളെ വെല്ലുവിളിച്ചുകൊണ്ട്, ജാതി-മത-ദൈവചിന്തകൾക്കപ്പുറം മാനവികതയെയും പ്രാപഞ്ചികതയെയും അടയാളപ്പെടുത്തിക്കൊണ്ട്, സ്വജീവിതം സാമൂഹ്യ അസ്തിത്വത്തിനും പ്രതിബദ്ധതയ്ക്കുമായി മാറ്റിവച്ച്, ഒരു മനുഷ്യജീവിയായി, പ്രപഞ്ചപരിണാമത്തിലെ ഒരു കണ്ണിയായി അലിഞ്ഞുചേരുക എന്റെ ജീവിതസാഫല്യം. കൂടെ നടക്കാൻ വളരെ കുറച്ചുപേർ മാത്രം. അത് ഒരു വിശ്വാസവും പ്രതീക്ഷയുമാണ്.

ധാരാളം പേരുടെ അകമഴിഞ്ഞ സഹകരണം കൊണ്ടു മാത്രമാണു ഈ പുസ്തകം ഇത്ര മനോഹരമാക്കാൻ സാധിച്ചത്. അവരെയെല്ലാം ഹൃദയത്തിൽ സ്മരിച്ചുകൊണ്ടു നന്ദി അർപ്പിക്കുന്നു.

അർത്ഥസമ്പുഷ്ടമായ, ഏതാണ്ടൊരു ക്ലാസിക്കൽ അവതാരിക എഴുതി അനുഗ്രഹിച്ച ഡോ. എ. ജോണിനോടും ഇതിന്റെ പ്രസിദ്ധീകരണച്ചുമതല ഏറ്റെടുത്ത ജനജാഗൃതി പ്രസാധകസംഘത്തിനോടുമുള്ള നന്ദി നിസ്സീമമാണ്.

സജീവമായ പ്രതികരണം പ്രതീക്ഷിച്ചുകൊണ്ട്, ക്രൈസ്തവസഭയുടെ ചാവുദോഷങ്ങൾ ജനസമക്ഷം സമർപ്പിക്കട്ടെ.

അലോഷ്യസ് ഡി. ഫെർണാന്റസ്

29. 08. 2009

അവതാരിക

# മറുതലിപ്പിന്റെ ഈർച്ചവാൾ

അലോഷ്യസ് ഡി. ഫെർണാന്റസിന്റെ പല പുസ്തകങ്ങളും മുന്നമേ വായിട്ടിച്ചുള്ള എനിക്ക് 'കത്തോലിക്കാസഭയുടെ ചാവുദോഷങ്ങൾ' എന്ന ഈ പുസ്തകം വായിക്കും മുമ്പുതന്നെ ഓർമ്മയിൽ റെയ്നോൾഡ് നീബറുടെ ഒരു വാക്യം തെളിഞ്ഞുവന്നു: "ബന്ധിതനും സ്വതന്ത്രനുമായ, പരിമിതനും അപരിമിതനുമായ മനുഷ്യൻ ഉത്ക്കണ്ഠാകുലനാണ്. പരിമിതികൾക്കും സ്വാതന്ത്ര്യത്തിനുമിടയിലെ വൈരുദ്ധ്യങ്ങളിൽ ഉൾപ്പെട്ടിരിക്കുവോളം മനുഷ്യനു ഉൽക്കണ്ഠാകുലനാകാതെ വയ്യ." (Reinold Neibuhr, The Nature and Desting of Man, New York, 1941, p. 182). ഇപ്രകാരമുള്ള ഉൽക്കണ്ഠകൾ അസ്തിത്വത്തിന്റെ നാശഭീതികളായി പരിണമിച്ച് നമ്മെ കീഴടക്കും മുമ്പ് നാമുണർന്ന് എന്തെങ്കിലും ചെയ്തേ മതിയാവൂ. മനുഷ്യൻ എത്തിപ്പെടുന്ന ഭീതിയുടെ ഇടങ്ങളിൽ പണ്ടു മുതലേ രക്ഷാവാഗ്ദാനങ്ങളുമായി വിനാശകാരികൾ പലവിധേന ഇടിച്ചുകയറി ഹസ്തദാനം ചെയ്തുപോന്നതും കണ്ടുവരുന്നു. എന്നാൽ നമ്മുടെ അസ്തിത്വത്തിന്റെ സർഗാത്മകതയിൽ നിന്നുറവെടുക്കുന്ന നന്മയിൽ മാത്രമേ പ്രത്യാശ വയ്ക്കാൻ പാടുള്ളു. പടുവാക്കുകളുമായി രക്ഷിതാക്കളെന്നു പറഞ്ഞെത്തുന്ന ചൂഷകരെ നേരത്തേ പറഞ്ഞുവിടണം. ആകയാലത്രെ സംഘടിതമതങ്ങളെയും ഒഴിവാക്കി നാം നമ്മുടെ രക്ഷ കണ്ടെത്തേണ്ടത്. അലോഷ്യസിന്റെ ഈ പുസ്തകം അന്ധതകൾക്കെതിരെ നമ്മുടെ നൈസർഗ്ഗികശക്തികളിലേക്കു വെളിച്ചം തൂകാൻ കഴിയുംവിധം കൊളുത്തുന്ന ഒരു ചെറുവിളക്കാണ്.

ചിന്താഭരതയില്ലാതെ പദവിന്യാസ പൊലിമയിലും ധാരാളിമയിലും എഴുതിയെഴുതിക്കൂട്ടുന്ന പലരിൽ നിന്ന് വ്യത്യസ്തമാണ് ഈ ഗ്രന്ഥകാരന്റെ രചനാരീതി. ചിന്താപരമായ സത്യസന്ധതയിലും സമ്പന്നതയിലും നിശിതമായി ശ്രദ്ധവയ്ക്കുന്ന ഇദ്ദേഹം വാക്ചാതുരികൊണ്ട് വായനപ്പരപ്പുകൾ സൃഷ്ടിക്കണമെന്ന് സ്വപ്നേപി നിരൂപിക്കുന്നതേയില്ല. കണ്ടതും ബോധ്യമായതും കാണേണ്ടതുമൊക്കെ തെളിഞ്ഞ പകലുകളിൽ പറഞ്ഞുനടന്നുപോകുന്നൊരു ആത്മദർശി. 'ഉന്നതമായ ചിന്തകളെന്ന് നാം പറയുന്നതൊക്കെ സുന്ദരമായും ആകർഷകമായും

ചെയ്തുവയ്ക്കുന്ന പറഞ്ഞുവയ്ക്കലുകൾ മാത്രമാണെ'ന്ന് വിശ്വസിക്കുകയും പറയുകയും ചെയ്ത ഗ്രീക്ക് തത്ത്വചിന്തകരായ സോഫിസ്റ്റുകളെ മറുതലിക്കുന്ന രീതിയിലാണ് അലോഷ്യസിന്റെ എഴുത്ത്. പറച്ചിലിലെ ചാതുര്യം എന്നൊന്ന് മറന്ന മട്ട്. സുഖിപ്പിക്കുന്ന ഭാഷാവർത്തമാനങ്ങൾ നമുക്കു നാളെ സമയമുള്ളപ്പോൾ പറയാം. ഇന്നിപ്പോൾ സത്യദർശനത്തിന്റെ ജ്വലിക്കുന്ന അഗ്നിദലങ്ങൾ കൈയേൽക്കാൻ ഒപ്പം കൂടുകയാണനിവാര്യം. വൈകരുത് എന്നത്രേ അദ്ദേഹത്തിന്റെ സ്ഥിരം ഭാവം.

സ്വാഭാവികാഭിവാഞ്ഛകളും സത്യദർശനാഭിമുഖ്യങ്ങളും അതിന്റെ വഴിക്കു നിർവിഘ്നം നീങ്ങാനും ജീവനസ്വപ്നങ്ങൾ കാണാനും കൊതിക്കുന്നവരുടെ എല്ലാ ഭാവാത്മക ചലനശ്രമങ്ങൾക്കും മേൽ അഭിശപ്തമായി അമർത്തിയുറപ്പിച്ച പള്ളിയുടെ കസേരക്കാലുകൾ തട്ടിത്തെറിപ്പിച്ച് സ്വതന്ത്രരാവാൻ വഴികളാലോചിക്കണമെന്ന് അലോഷ്യസ് ഡി. ഫെർണാന്റസ് എന്ന പൂർവ്വകത്തോലിക്കാ വൈദികൻ നമ്മെ ആഹ്വാനം ചെയ്യുകയാണ് ഈ പുസ്തകത്തിലുടനീളം.

ഇപ്രകാരം 20 പുസ്തകങ്ങൾ ഇതിനകം ഇദ്ദേഹം എഴുതിയിട്ടുണ്ട്. എല്ലാത്തിലും മുഖ്യമായ ഊന്നൽ സ്വാതന്ത്ര്യവാഞ്ഛയും സ്വത്വാന്വേഷണവും സർഗ്ഗാത്മകമായി ജീവിതത്തെ സംരചിക്കാനുള്ള മോഹങ്ങളുമാണ്. മതം ഇതിനെല്ലാം തടസ്സം നില്ക്കുന്ന തിന്മയാണെന്ന് ഏറെ നേരത്തേ അലോഷ്യസ് തിരിച്ചറിഞ്ഞിരുന്നു. നമ്മുടെ അസ്തിത്വം നമ്മുടേതാണെന്നും, സ്വാർത്ഥകാരികളായ മതവിധിയാളന്മാർ വിധ്വിന്യായങ്ങൾ പറഞ്ഞ് അതിന്മേൽ സ്ഥാപിച്ചുറപ്പിച്ച അധിനിവേശങ്ങൾ നമ്മുടെ സ്വാതന്ത്ര്യത്തെ എത്രമേൽ വികൃതമാക്കുന്നുവെന്നും ആഴമായി അവബോധം വളർത്തിയ ഒരാൾ. മനുഷ്യാസ്തിത്വത്തിന്റെ നൈസർഗ്ഗീകാഭിമുഖ്യങ്ങൾക്കും ഭാവാത്മകമായ ആവിഷ്കാരങ്ങൾക്കും സ്വാതന്ത്ര്യത്തിനും വേണ്ടി നാദമുയർത്തിയ സോറൻ കീർക്കെഗാർഡ്, പോൾടില്ലിച്ച്, ഫ്രെഡറിക് നീഷെ എന്നീ തത്ത്വചിന്തകർ ഈ പൂർവ്വവൈദികനെ ധൈര്യശാലിയാക്കിയിരിക്കണം എന്നതുറപ്പ്. ഒരു കുഴൽ കൈയിലെടുത്ത് സ്വാതന്ത്ര്യത്തിനായി ആഹ്വാനം ചെയ്കയെങ്കിലും വേണമെന്ന ചിന്ത അങ്ങനെയും വന്നിരിക്കാം.

ഏകാകിതവും അരക്ഷിതവുമായ ബാല്യാനുഭവങ്ങളിൽ വളർന്ന ജീൻ ജാക്വിസ് റൂസ്സോ എന്ന ഫ്രഞ്ചുകാരൻ ചങ്ങലകൾക്കും വരിഞ്ഞുമുറുക്കുന്ന കച്ചകൾക്കും ആഴ്ന്നിറക്കി അടിച്ചുകയറ്റുന്ന ആണികൾക്കുമെതിരെ തന്റെ നാചറലിസ്റ്റ് തത്ത്വചിന്താസരണി തുറന്ന് വിപ്ല

വമൊരുക്കിയത് സ്വാതന്ത്ര്യം ഒന്നിനു വേണ്ടിയായിരുന്നുവല്ലോ. ഈർച്ചവാളിന്റെ മൂർച്ചയിൽ തീർത്ത നീഷെയുടെ വാക്കുകളും തീക്ഷ്ണമായ നോട്ടവും അലോഷ്യസിനെ ധൈര്യവാനാക്കുന്നു. ഇവിടെ അലോഷ്യസും നമ്മളുമൊക്കെ തുലോം ചെറിയവരാണെന്നത് പ്രത്യേകം പറയാതെതന്നെ സത്യം. എന്നാൽ നമ്മുടെ ഈ ജന്മങ്ങൾ എങ്ങനെ ചെറുതാകും? നമ്മുടെ ജനനത്തെ ചെറുതാക്കാൻ തക്കവിധം വലിയൊരു ജനനവുമായി ഭൂമുഖത്തവതരിക്കാൻ ഒരാൾക്കുമാവില്ലെന്നതും സത്യമാണ്.

സ്ത്രീയിൽ നിന്നു പിറന്ന ഒരുവന്റെയും സൗജന്യമല്ലാതെ നമ്മുടെ ജന്മത്തിന് തനതായിക്കിട്ടിയ ഔന്നത്യങ്ങളെ കളിയാക്കുന്ന കോമാളിക്കുപ്പായം, പൊയ്ക്കിരീടം, ചായം തേച്ച വടി, ദിവ്യകാരുണ്യങ്ങളുടെ അടവുതുറവികളും അവയുടെ വെള്ളിപ്പൂട്ടുകളും ദണ്ഡവിമോചനക്കച്ചവടങ്ങൾ ഇവയെയൊക്കെ ഓരോ ഇടങ്ങളിൽ ശുദ്ധാത്മാവും സത്യദർശിയുമായ അലോഷ്യസ് പുച്ഛിക്കുന്നത് സാധാരണവിശ്വാസികൾക്ക് പുനർവിചിന്തനങ്ങൾക്ക് വഴിയൊരുക്കുന്നുണ്ട്.

ലോകകിരീടം തലയിൽ വെച്ച് നെഞ്ച് വീർപ്പിച്ച് വിജൃംഭിക്കുന്നവരെ പുല്ലും പുഴുവും കളിയാക്കുന്നുണ്ട്. ഈ തമോമയന്മാരെ മരിക്കുവോളം ദയ കാട്ടി അവ കൊണ്ടുനടക്കുന്നു. രാജകീയ വാഴ്വുകളുടെ വഞ്ചനകളെ പൊറുക്കാൻ അവ മനസ്സാകുന്നു. മനുഷ്യരുമൊത്തുള്ള ജീവപ്രപഞ്ച കൂട്ടായ്മയെ ചരാചരങ്ങൾ ആദരിക്കുകയാലാവണം സ്വാഭീഷ്ടരായ മനുഷ്യകിരീടികളുടെ അഹങ്കാരങ്ങളെ ഉടനെ പൊറുതിമുട്ടിക്കാത്തതും അന്നംമുടക്കി പകവീട്ടാൻ തുനിയാത്തതും.

കാനോൻ നിയമങ്ങൾ. എത്രതന്നെ ഇരുളാണവയ്ക്ക്. അതു 4000 വരെ പെരുകിയിരിക്കുന്നുവത്രെ! അതിന് കീഴ്പ്പെട്ട ആരിനി അതിന് മീതെ തല പൊക്കും? ജന്മങ്ങളുടെ വിശുദ്ധിയും പുണ്യവും നാലായിരം ഇരുൾനിയമങ്ങൾ നിർവ്വചിക്കും പോലും! പുണ്യത്തെ കൈയടക്കി ഭൂഖണ്ഡാന്തര യാത്രകളാൽ കോടിക്കോടി പാപികളെ ഉണ്ടാക്കിവച്ച് നിയന്ത്രിക്കുന്നു ഈ നാലായിരക്കാർ. അവരുടെ പറമ്പിലെ മരത്തിലേ പുണ്യപുഷ്പങ്ങളും കായ്കളും ഉണ്ടാവൂ എന്ന വിഡ്ഢിത്തത്തിന് മറുതലിപ്പു പറയാൻ കുമ്പളം നാട്ടിലെ ഒരു അലോഷ്യസ് വേണ്ടിവന്നു.

ദുഃഖസാന്ദ്രമായ നാടകീയമുഹൂർത്തങ്ങളാവിഷ്കരിച്ച് മനുഷ്യനിലെ ഭാവരസങ്ങളെ ഉദ്ദീപിപ്പിച്ച് കതാർട്ടിക് വശ്യതയിൽ കുടുക്കിയിടാൻ നിസ്സഹായരായ വിശ്വാസികൾ ദുഃഖവെള്ളിയാഴ്ച

കണ്ണീർകടലിൽ നീന്തിത്തുടിച്ച് കിടന്നുകൊള്ളുമെന്ന് നന്നേ മനസ്സിലാക്കി പണ്ടേ മറുതലുണ്ടാക്കുകയാണ് കുരിശ്ശിന്റെ വഴിക്കാർ. ഹാ! വേദനയുടെയും മരണത്തിന്റെയും മുഹൂർത്തങ്ങൾക്കെത്രമേൽ മധുരം. മരണമധുരിമയെ ശില്പചാതുര്യത്തോടെ കോർത്തിണക്കി 14 ഇടങ്ങളിൽ പ്രതിഷ്ഠിച്ച് വിശ്വാസികളെ മുട്ടിടിച്ച് വീഴ്ത്തി പറ്റിക്കുന്ന ഈ കൊടുംചതി നമുക്കു ബോധ്യപ്പെടുത്തിത്തരാൻ ഒരു അലോഷ്യസ് തുനിയുന്നെങ്കിൽ അതെങ്കിലുമാവട്ടെ.

ദൈവത്തെയും മാമോനേയും ഒന്നിച്ച് സ്നേഹിക്കുന്നവരുടെ കൂട്ടായ്മയാണ് സഭ. അവിടെ ചേക്കേറാൻ സത്യകാംക്ഷികൾക്കെങ്ങനെ കഴിയും? അതിനു കഴിയാത്തവർ വഴിമാറിനടന്നും വേറെ ആരാധന നടതുറന്നും നിർവ്വാഹം വരുത്തുകയാണ് കാമ്യം. അതാണ് അലോഷ്യസ് ചെയ്യുന്നത്. അദ്ദേഹത്തെയും സമാനചിന്താസരണയിൽ നടക്കാൻ നാൾക്കുനാൾ ചേരുന്ന സത്യദർശനസ്നേഹികളെയും ആകവെ സംരക്ഷിച്ചു പുലർത്തേണ്ട സ്നേഹനിർഭരമായ ചുമതല ഈ പുണ്യപൈതൃക ഭാരതമണ്ണിലെ വിശാലജനസമൂഹത്തിനുണ്ടെന്ന വസ്തുത ഉറപ്പിച്ചുപറഞ്ഞും അങ്ങനെ അഭ്യർത്ഥിച്ചും ഈ കുറിപ്പ് ഇവിടെ സമാപ്തമാകട്ടെ.

വിജയാശംസകൾ, ഭാവുകങ്ങൾ.

**ഡോ. എ. ജോൺ**

കൊല്ലം.

**അലോഷ്യസ് ഡി. ഫെർണാന്റസ്**

കൊല്ലം ജില്ലയിലെ കുമ്പളത്തു വലിയവിളപൊയ്കയിൽ 1947 ആഗസ്റ്റ് 29 നു ജനനം. അച്ഛൻ, ദാവീദ് വി. ഫെർണാന്റസ്. അമ്മ, ത്രേസ്യാമ്മ. 10 മക്കളിൽ അവസാനത്തെയാൾ.

സ്കൂൾ വിദ്യാഭ്യാസം: കുമ്പളത്ത് സെന്റ് മേരീസ് സ്കൂൾ, തങ്കശ്ശേരി ഇൻഫന്റ് ജീസസ്. 9 വർഷത്തെ സെമിനാരി വിദ്യാഭ്യാസം. കേരള യൂണിവേഴ്സിറ്റിയിൽ നിന്ന് ഇംഗ്ലീഷ് സാഹിത്യത്തിൽ ബിരുദം. ആലുവ സെന്റ് ജോസഫ് പൊന്തിഫിക്കൽ സെമിനാരിയിൽ നിന്നും ബി.ഡി., അമേരിക്കയിലെ ബോസ്റ്റൺ കോളേജിൽ നിന്നും ദൈവശാസ്ത്രത്തിൽ ബിരുദാനന്തരബിരുദം. 1970 ൽ പൗരോഹിത്യം സ്വീകരിച്ചു.

ബാംഗ്ലൂർ ഇൻഡ്യൻ സോഷ്യൽ ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നും കമ്മ്യൂണിറ്റി ഓർഗനൈസേഷൻ കോഴ്സിൽ സർട്ടിഫിക്കറ്റ്, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സോഷ്യൽ സയൻസും അമേരിക്കൻ കൗൺസിലേഴ്സ് അസോസിയേഷനും ട്രാഡയും സംയുക്തമായി നടത്തിയ അഡ്വാൻസ്ഡ് സൈക്കോ തെറാപ്പിയിലും കൗൺസിലിംഗിലും ഡിപ്ലോമ, ന്യൂഡൽഹിയിലെ ഇൻഡ്യൻ സോഷ്യൽ ഇൻസ്റ്റിറ്റ്യൂട്ട് നടത്തിയ സോഷ്യൽ വർക്കേഴ്സ് പ്രൊമോഷൻ കോഴ്സിൽ ഡിപ്ലോമ, ഡോ. എം. എം. തോമസിൽ നിന്ന് സോഷ്യൽ ആക്ഷനെപ്പറ്റിയും ഫാ. സെബാസ്റ്റ്യൻ കാപ്പനിൽ നിന്ന് മാർക്സിസത്തിന് ഒരു മുഖവുര എന്നതിനെപ്പറ്റിയും ഗുരുകുല അനുഭവപഠനം, ബ്രസീലിൽ അടിസ്ഥാന ക്രൈസ്തവസമൂഹങ്ങളുമായുള്ള ആഭിമുഖ്യ സർട്ടിഫിക്കറ്റ്.

ദരിദ്ര പക്ഷപാതിത്വത്തിൽ അടിയുറച്ച യേശുദർശനത്തെയും അതിന്റെ വിമോചന ദൗത്യത്തെയും കണ്ടറിഞ്ഞ് ഔദ്യോഗിക പൗരോഹിത്യ വഴികളിൽ നിന്ന് വേറിട്ടു നടക്കാൻ തീരുമാനിച്ചു. മത്സ്യത്തൊഴിലാളി സമരമുഖത്തും, ദലിത് ജീവിതമേഖലകളിലും കൂടുതൽ കർമ്മനിരതനായി. വിവിധങ്ങളായ ജനകീയസംഘങ്ങളുടെ രൂപീകരണത്തിലും അവയുടെ ഐക്യവേദിയായ ജനകീയസംഘ ഏകോപനസമിതിയുടെ വളർച്ചയിലും മൗലികമായി ഇടപെട്ടു.

ക്രിസ്തുദർശനത്തിലെ മാർക്സിയൻ ചിന്താധാരകളെയും മാർക്സിയൻ പ്രത്യയശാസ്ത്രത്തിലെ ക്രിസ്തുദർശനങ്ങളെയും മനുഷ്യവിമോചനത്തിനായി സമന്വയിപ്പിച്ചു വളർത്തുന്നതിൽ ബദ്ധശ്രദ്ധൻ.

ക്രൈസ്തവസഭയുടെ സ്ഥാപിത-സമ്പന്ന താത്പര്യങ്ങളെ പൊളിച്ചെഴുതുന്നതിനും സാമൂഹ്യമാറ്റത്തിനുമായി നിലപാടെടുത്ത ഓറ മാസികയുടെ സ്ഥാപകാംഗം; ഇപ്പോൾ മാനേജിംഗ് എഡിറ്റർ. ഒപ്പം, സാമൂഹ്യ-സാംസ്കാരിക പ്രതിരോധ സംഘമായ ജനജാഗൃതിയുടെ ഡയറക്ടർ.

സഭയുടെ ഔദ്യോഗിക പൗരോഹിത്യ ചിഹ്നങ്ങളുടെയും അധികാരങ്ങളുടെയും യേശുവിരുദ്ധതയും അപമാനവികതയും ബോദ്ധ്യപ്പെട്ട്, 38 വർഷത്തെ പൗരോഹിത്യജീവിതത്തിൽ നിന്ന് പാഠങ്ങൾ ഉൾക്കൊണ്ട്, മതനിരപേക്ഷതയിലും സ്വാതന്ത്ര്യത്തിലും പാരസ്പര്യത്തിലും മാനവികതയിലും ലിംഗസമത്വത്തിലും സംഘാത്മകതയിലും പ്രാപഞ്ചികതയിലും ഊന്നിയ ജനകീയ ബദലുകൾ പ്രായോഗികമാക്കാൻ ശ്രമിച്ചുവരുന്നു 21.06.09 രാജി സമർപ്പിച്ചു ജീവിതസുഹൃത്ത് കൊച്ചുമേൾ എം. റ്റി.

പിന്നിട്ട വൈദിക ജീവിതവഴികളെ ആവിഷ്കരിച്ചുകൊണ്ടുള്ള അദ്ദേഹത്തിന്റെ ആത്മകഥ 'കറുത്ത കുർബ്ബാന - ഞാൻ നടന്ന വഴികൾ' വായനാലോകത്തിന് നവ്യാനുഭവമായി. കർത്തൃത്വത്തെ തന്നെ പുതുക്കി പണിയാനും പുതുലോകത്തെ ഊതിക്കാച്ചാനും ഉതകുന്ന മുപ്പതോളം പുസ്തകങ്ങൾ രചിച്ചു.

**പുസ്തകങ്ങൾ**

1. കറുത്ത കുർബ്ബാന - ഞാൻ നടന്ന വഴികൾ (ആത്മകഥ)
2. അവർക്കു ഭക്ഷിപ്പാൻ കൊടുപ്പിൻ (ലേഖനങ്ങൾ)
3. മരണത്തിലൂടെ ജീവൻ (ലേഖനങ്ങൾ)
4. നേർക്കാഴ്ചകൾ (ലേഖനങ്ങൾ)
5. ആത്മീയതയുടെ സൂപ്പർമാർക്കറ്റ് (ലേഖനങ്ങൾ)
6. സോളമനച്ചൻ ആത്മസമർപ്പണത്തിന്റെ പ്രതീകം (ജീവചരിത്രം)
7. വിഭജിക്കപ്പെട്ട സമൂഹം (ലേഖനങ്ങൾ)
8. ഒരു ഫെമിനിസ്റ്റാവുക (പഠനം)
9. തിരുമേനിമാർക്ക് യേശു മാപ്പുതരില്ല (പഠനം)
10. ഒരു പുരോഹിതന്റെ ഡയറിക്കുറിപ്പുകൾ (അനുഭവം)

11. പെരുവട്ടന്മാരുടെ സുവിശേഷം (ബദൽ ദർശനം)
12. ബൈബിൾ - കറുത്തനീതിയുടെ പാഠപുസ്തകം (ലേഖനങ്ങൾ)
13. മണ്ണും പെണ്ണും കറുത്ത ദൈവവും (ലേഖനങ്ങൾ)
14. സൗഹൃദത്തിന്റെ രസതന്ത്രം (പഠനം)
15. ഓർമ്മകളിലെ വേനലും വസന്തവും (അനുഭവം)
16. വെളുത്ത ദൈവത്തെ കൊല്ലുക (ലേഖനങ്ങൾ)
17. ഞങ്ങൾക്കു ബറാബാസിനെ മതി (പഠനം)
18. പുതിയ ഗാഗുൽത്തകൾ (ലേഖനങ്ങൾ)
19. ഒതപ്പ് നൽകുന്നവർ (ലേഖനങ്ങൾ)
20. സഭയും സംസ്കാര സാത്മീകരണവും (പഠനം)
21. വില്ക്കാനുണ്ട് ബ്രഹ്മചര്യം (ലേഖനങ്ങൾ)
22. ഒരു പുരോഹിതന്റെ ബദൽ ജീവിതരേഖ (അനുഭവം)
23. പ്രപഞ്ചസിംഫണി (ബദൽ ദർശനം )
24. അനുഭവങ്ങൾ: തണൽമരങ്ങൾ, തീക്കനലുകൾ (അനുഭവം)
25. തിരുസഭയുടെ ചാവുദോഷങ്ങൾ (പഠനം)
26. അരാഷ്ട്രീയകാരന്റെ രാഷ്ട്രീയം (ലേഖനങ്ങൾ)
27. പുന്നപ്രവയലാർ സമരം - അനുഭവങ്ങളിലൂടെ (എഡിറ്റർ)

**വിലാസം: ജനജാഗൃതിഭവൻ,**
**പുന്നപ്ര നോർത്ത് പി. ഒ.,**
**ആലപ്പുഴ - 688014 ,**
**ഫോൺ: 0477-2287602,**
**9605282139 (M)**

## ഉള്ളടക്കം


1. അന്ധർ അന്ധരെ നയിക്കുമ്പോൾ ........ 17
2. സഭ: ധാർമ്മികത നഷ്ടപ്പെട്ട സ്ഥാപനം ........ 26
3. സഭയുടെ വിവാഹ ഉടമ്പടി ........ 34
4. ദൈവസങ്കല്പം - ഒരന്വേഷണം ........ 39
5. എം. എ. ജോണുമായി ഒരു കൂടിക്കാഴ്ച ........ 45
6. ക്രൈസ്തവസഭയുടെ ചാവുദോഷങ്ങൾ ........ 59
7. മതത്തെ അതിജീവിക്കണം ........ 64
8. മതനിരപേക്ഷത ........ 67
9. സഭയിലെ ലൈംഗികവൈകൃതം - ചരിത്രത്തിലൂടെ ഒരെത്തിനോട്ടം ........ 73
10. പത്രോസിന്റെ പാറ ........ 79
11. ക്രിസ്ത്യാനി തുറന്നു ചിരിക്കുന്ന കാലം വരുമോ? ........ 85
12. മുതലാളിത്തത്തിന്റെ ഭിക്ഷ ........ 92
13. സ്ഥാപനപരതയുടെ ചങ്ങലകൾ ........ 95
14. ആരാണീ മനുഷ്യൻ? ........ 99
15. ആ ദുന്തത്തിന്റെ പേരാണ് വിശ്വാസം ........ 105
16. രണ്ടാം 'വിമോചനസമര'ക്കാർ അറിയാൻ ........ 114
17. ദൈവവിശ്വാസമെന്ന ആനമുട്ട ........ 121
18. ദണ്ണിപ്പിക്കുന്ന ദണ്ഡവിമോചനം ........ 125
19. ക്രിസ്തുമസ് ഒരു ചിഹ്നമാണ് ........ 130
20. വില(ക്ക)പ്പെട്ട കനി തിന്നണം ........ 134
21. കൊല്ലം ബിഷപ്പിനുള്ള തുറന്ന കത്ത് ........ 141

# 1. അന്ധർ അന്ധരെ നയിക്കുമ്പോൾ

അമേരിക്കൻ ഐക്യനാടുകൾ ഒരു ക്രൈസ്തവ തിയോക്രസി ആയി മാറാതിരിക്കാൻ, ക്രൈസ്തവ ഫണ്ടമെന്റലിസത്തിനെതിരെയും സ്വതന്ത്രചിന്തയ്ക്കു വേണ്ടിയും റോബർട്ട് ഗ്രീൻ ഇംഗർസോൾ (1833-1899) തന്റെ 40 വർഷങ്ങളിലെ പ്രഭാഷണങ്ങളിലൂടെയും ലേഖനങ്ങളിലൂടെയും അമേരിക്കയിലെമ്പാടും തളരാതെ പോരാടി. 'അന്ധവിശ്വാസം' എന്ന തന്റെ പുസ്തകത്തിൽ അന്ധവിശ്വാസത്തെ ഇങ്ങനെ നിർവ്വചിക്കുന്നു.

"തെളിവിനെ അവഗണിച്ചുകൊണ്ടോ തെളിവില്ലാതെയോ വിശ്വസിക്കുക.

ഒരു നിഗൂഢരഹസ്യത്തിന് കാരണമായി മറ്റൊന്ന് ഉയർത്തിപ്പിടിക്കുക.

ലോകത്തെ ഭരിക്കുന്നത് ആകസ്മിക സംഭവമോ അസ്ഥിരബുദ്ധിയോ ആണെന്നു വിശ്വസിക്കുക.

കാരണവും കാര്യവും തമ്മിലുള്ള യഥാർത്ഥ ബന്ധത്തെ അവഗണിക്കുക.

പ്രകൃതിയുടെ പിന്നിൽ ചിന്തയും ഉദ്ദേശ്യവും ആസൂത്രണവും ഉണ്ടെന്നു ആരോപിക്കുക.

വസ്തുവിനെ സൃഷ്ടിച്ചതും നിയന്ത്രിക്കുന്നതും മനസാണെന്നു വിശ്വസിക്കുക.

പദാർത്ഥത്തിൽ നിന്ന് വേറിട്ടുള്ള ശക്തിയിലോ, ശക്തിയിൽ നിന്ന് വേറിട്ടുള്ള പദാർത്ഥത്തിലോ വിശ്വസിക്കുക.

മഹാത്ഭുതങ്ങളിലും മന്ത്രങ്ങളിലും ആഭിചാരങ്ങളിലും സ്വപ്നങ്ങളിലും പ്രവചനങ്ങളിലും വിശ്വസിക്കുക.

പ്രകൃത്യാതീതമായതിൽ വിശ്വസിക്കുക." (അന്ധവിശ്വാസം, അധ്യായം 1, പേജ് 9).

നിർവചനത്തിൽ അല്പം ക്ലിപ്തതക്കുറവുണ്ടെങ്കിലും അന്ധ വിശ്വാസത്തിന്റെ സാധ്യമായ വിവിധമേഖലകളെ തൊട്ടുള്ള ഈ വിശദീകരണം എല്ലാംകൊണ്ടും ശ്രദ്ധേയമാണ്. മുകളിൽ സൂചി പ്പിച്ച ഒൻപതു മേഖലകളെപ്പറ്റിയും വിശദീകരിച്ചു എഴുതുകയാണ് വേണ്ടത്. പക്ഷേ ലേഖനത്തിന്റെ വിസ്തരഭയം അതിനനുവദി ക്കുന്നില്ല. എങ്കിലും വിഷയത്തിന്റെ കുറച്ചു വശങ്ങളിലേക്കെ ങ്കിലും വിരൽചൂണ്ടേണ്ടതുണ്ട്.

ഇംഗർസോൾ ശ്രദ്ധേയമായൊരു നിരീക്ഷണം നടത്തുന്നു - അന്ധവിശ്വാസത്തിന്റെ അടിസ്ഥാനം അജ്ഞതയാണ്, ദുരിത ങ്ങളുടെ മാതാവും അജ്ഞതയുടെ ശിശുവുമാണ് അന്ധവിശ്വാ സം. ഈ നിരീക്ഷണം എല്ലാംകൊണ്ടും ശരിയാണ്. അന്ധമായ വിശ്വാസമെന്നു പറയുമ്പോൾ നാം മനസ്സിലാക്കുന്നത് കാര്യ കാരണങ്ങളെപ്പറ്റിയുള്ള അറിവില്ലായ്മകൊണ്ട്, പണ്ടാരോ പറഞ്ഞ ചൊല്ലുകളും കാട്ടിയ ക്രിയകളും ഏറ്റുപിടിക്കുകയാണ്. നമ്മുടെ 'ഇടതു കൈവെള്ള/കൈത്തടം ചൊറിഞ്ഞാൽ പണം വരും, വലതാണെങ്കിലോ വലച്ചിലും.' ഇതു പലരെ സ്വാധീനി ക്കുന്ന ഒരു വിശ്വാസമാണ്. പക്ഷേ നമുക്കറിയാം രക്തത്തിലുള്ള മാലിന്യമോ മറ്റു പോഷകാംശക്കുറവോ ബാഹ്യവസ്തുവിന്റെ സ്പർശനമോ കൊണ്ടാണ് ചൊറിച്ചിൽ ഉണ്ടാകുന്നത്. എവിടെ യാണോ മാലിന്യം ശക്തമായി പ്രതിപ്രവർത്തനം നടത്തുന്നത്, അവിടെ ചൊറിയാൻ സാധ്യത കൂടുതൽ. അല്ലാതെ ഇതിനു പണവുമായോ വലച്ചിലുമായോ യാതൊരു ബന്ധവുമില്ലെന്നു ചിന്തിക്കുന്ന, ബുദ്ധി ഉപയോഗിക്കുന്ന ഏതൊരു വ്യക്തിക്കും വ്യക്തമാകും. ഇങ്ങനെ കാര്യകാരണങ്ങളിലേക്കു പോകാതെ പണ്ടു പറഞ്ഞവ ഏറ്റുപിടിക്കുക ഒരുതരം അന്ധവിശ്വാസമാണ്. മറ്റൊരുദാഹരണം. അപകടം സംഭവിക്കുക ആർക്കും ഏതുസ മയത്തും ആകാം. ഒരാൾ യാത്ര ആരംഭിക്കുമ്പോൾ, പൂച്ച കുറുകെ ചാടിയാൽ അപകടമുണ്ടാകും എന്ന ചിന്ത അന്ധവിശ്വാസജ ഡിലമാണ്. എത്രയോ പ്രാവശ്യം പൂച്ച കുറുകെ ചാടാഞ്ഞ സന്ദർഭങ്ങളിൽ അപകടങ്ങൾ സംഭവിച്ചിരിക്കുന്നു. അതുപോലെ

പൂച്ച കുറുകെ ചാടിയപ്പോൾ അപകടം ഉണ്ടായിട്ടുമില്ല. അപകടം അതിന്റെ സ്വഭാവത്തിൽ തന്നെ യാദൃച്ഛികമാണ്. അതിനു പൂച്ചയുമായി യാതൊരുവിധമായ ബന്ധവുമില്ല. ഇങ്ങനെ യുക്തിപൂർവ്വം അപകടത്തെ വിലയിരുത്തുമ്പോൾ, അജ്ഞത മാറുമ്പോൾ, അന്ധവിശ്വാസം പമ്പകടക്കും.

ഇംഗർസോൾ അന്ധവിശ്വാസത്തിന്റെ അടിസ്ഥാനകാരണം അജ്ഞതയെന്നു പറയുന്നതുപോലെ, എന്റെ വിശകലനത്തിൽ അന്ധവിശ്വാസത്തിന്റെ മൗലികമായ കാരണം മനുഷ്യന്റെ പരിമിതികളാണെന്നതാണ്. ഈ വിശാലമായ പ്രപഞ്ചത്തിൽ ബുദ്ധിശക്തിയുള്ള കൊച്ചൊരു മനുഷ്യൻ. അവൻ അത്ഭുതപ്പെട്ടു നില്ക്കുന്നു. ആശ്ചര്യമാണ് ആന്തരീക വികാരം. ഇതു കുഴപ്പമില്ല; കാവ്യഭാവനയാണ്. പക്ഷേ കാര്യം അവിടെ നില്ക്കുന്നില്ല. വസ്തുനിഷ്ഠമായ ഈ പരിമിതിയെ അതായിരിക്കുന്ന രീതിയിൽ സ്വീകരിച്ചു അംഗീകരിക്കാതെ, അതിനെ മറികടക്കാൻ അത്ഭുതങ്ങളിലും ആദികാരണാസൂത്രകനിലും മന്ത്രോച്ചാടനങ്ങളിലും സ്വപ്നങ്ങളിലും പ്രകൃത്യതീതമായ സംഭവങ്ങളിലുമൊക്കെ ആശ്രയിക്കുന്ന രീതി അന്ധവിശ്വാസത്തിലേയ്ക്കു നമ്മെ നയിക്കുന്നു. ഇങ്ങനെ യുക്തിയുക്തം നമ്മുടെ പരിമിതികളെ അംഗീകരിക്കാതെ, ഭാഗ്യം ഉള്ളവയും ഭാഗ്യംകെട്ടവയുമായ നിരവധിയായ സാധനങ്ങളും മുന്നറിയിപ്പുകളും ശകുനങ്ങളും പ്രവചനങ്ങളുമുണ്ടാക്കി അതിൽ വിശ്വസിച്ച് പ്രവർത്തിക്കാൻ നമ്മെ നിർബന്ധിതരാക്കുന്നു. ഇത് അസംബന്ധജഡിലമായ, വിഡ്ഢിത്തം നിറഞ്ഞ അന്ധവിശ്വാസമാണെന്ന് ആർക്കാണ് മനസ്സിലാകാത്തത്.

ഇതുപോലെ ബുദ്ധിശൂന്യവും കപടഭക്തിമയവുമായ അന്ധവിശ്വാസബന്ധിതമല്ലേ പുണ്യവാന്മാരുമായി ബന്ധിപ്പിച്ചുകൊണ്ടുള്ള 'വിശുദ്ധ' പഴം, തുണി, ചരട്, അസ്ഥി, മുടി, കുരിശ് തുടങ്ങിയവ സൂക്ഷിച്ചിരിക്കുന്ന (കബറടക്കിയിരിക്കുന്ന) പേടകത്തെ ചുംബിച്ചിട്ട് രോഗബാധിതർ സുഖപ്പെടും എന്ന വിശ്വാസം. രോഗാണുക്കളുടെ പ്രതിപ്രവർത്തനത്തിലൂടെയാണു ഒരു വ്യക്തി രോഗിയാകുന്നതെന്നും അതിനു അനുയോജ്യമായ മരുന്നും ആഹാരവും കിട്ടുമ്പോൾ സൗഖ്യംപ്രാപിക്കുമെന്നും

പുണ്യവാളന്മാരുടെ അവശിഷ്ടങ്ങൾക്കു രോഗം മാറ്റാനുള്ള കഴിവില്ല എന്നും സാമാന്യം ചിന്തിക്കുന്ന ഏതൊരു വ്യക്തിക്കും അറിയാം. പിന്നെ ഇവയിൽ പ്രകൃത്യതീതശക്തി ആരോപിക്കുക, അങ്ങനെ മനുഷ്യന്റെ ദുർബലവശങ്ങളെ ചൂഷണം ചെയ്യുക, വൈദികഗണത്തിനു പണം സ്വരൂപിക്കാനുള്ള അവരുടെ തന്ത്രമായി കണ്ടാൽ മതി. ഈ വൈദികഗണത്തിന്റെ താല്പര്യം സംരക്ഷിക്കാൻ ഇങ്ങനെയുള്ള അന്ധവിശ്വാസത്തെ നിലനിർത്തുക അനിവാര്യം.

മന്ത്രവാദം ഇന്നൊരു മാറാരോഗമായി മാറിയിരിക്കുന്നു. കുട്ടിച്ചാത്തന്മാരെയും ഈനാംപേച്ചികളെയും ദുർഭൂതങ്ങളെയും ദുരാത്മാക്കളെയും ചെകുത്താന്മാരെയും സേവിക്കുക ഫലമായി മറ്റുള്ളവർക്കു (പ്രത്യേകിച്ചു നമ്മുടെ വിരോധികൾക്ക്) കഷ്ടപ്പാടും ബുദ്ധിമുട്ടും ഉണ്ടാക്കാൻ സാധിക്കുമെന്ന വിശ്വാസത്തിൽ ചെയ്യുന്ന ക്രിയയെയാണ് മന്ത്രവാദമെന്നു പൊതുവേ നാം വിവക്ഷിക്കുന്നത്. ദ്രോഹബുദ്ധിയാണ് ഇതിന്റെ പിന്നിലെ പ്രത്യയശാസ്ത്രം.

ചിന്തിക്കുന്ന ഏതൊരു വ്യക്തിക്കും ബോധ്യമാകും ദുർഭൂതങ്ങൾ എന്നൊന്നില്ല, ഇവ മതങ്ങളുടെ ഭാവനാസൃഷ്ടികളാണ്. എല്ലാ മതങ്ങളിലും ഇങ്ങനെയുള്ള ദുഷ്ടശക്തികളുടെ ഇടപെടലും അതിനെ അതിജീവിക്കാനുള്ള മറുമരുന്നും എടുത്തുകാട്ടുന്നുണ്ട്. ഞാൻ ഒരു ക്രിസ്തീയ പുരോഹിതനായിരുന്നതുകൊണ്ടു അനുഭവത്തിലൂടെ അതിലെ ചില കാര്യങ്ങളിലേയ്ക്കു വിരൽചൂണ്ടട്ടെ.

ബൈബിൾ ആണു ക്രൈസ്തവരുടെ വിശുദ്ധഗ്രന്ഥം. അതിനു യേശുവിന്റെ മുമ്പും പിമ്പും എന്ന കണക്കുകൂട്ടലോടെ പഴയനിയമം എന്നും പുതിയനിയമം എന്നും രണ്ടു ഭാഗങ്ങളുണ്ട്. പഴയനിയമത്തിന്റെ തുടക്കം സൃഷ്ടിയുടെ കഥ പറഞ്ഞുകൊണ്ടാണ്. പ്രപഞ്ചത്തിലുള്ള സമസ്തവും സൃഷ്ടിച്ചു മനുഷ്യനുൾപ്പെടെ. അവിടെ സ്ത്രീയെ പരീക്ഷിക്കുവാൻ പിശാചു വരികയാണ്. അങ്ങനെ ദൈവത്തോടൊപ്പം പിശാചുമുണ്ടാവുകയാണ്. തുടർന്നു ഈ പിശാചിന്റെ, അശുദ്ധാത്മാക്കളുടെ ഇടപെടൽ ബൈബിളിൽ ഉടനീളം കാണുന്നു. പുതിയനിയമത്തിലും യേശുവിന്റെ

ഒരു പ്രധാന ജോലിയായി കാണുന്നതു പിശാചുബാധിതരെ സുഖപ്പെടുത്തുന്നതാണ്. ഏറ്റവും വിചിത്രമായൊരു വിശദീകരണം കൂടിയുണ്ട് യേശുവിന്റെ മനുഷ്യാവതാരത്തെപ്പറ്റി. ഏദൻതോട്ടത്തിൽ പിശാചിനു മനുഷ്യനുമേലുണ്ടായ മേൽക്കൈ തകർക്കാനാണ് ത്രീത്വത്തിന്റെ രണ്ടാമാളായ പുത്രൻതമ്പുരാൻ മനുഷ്യനായി പിറക്കുന്നതും ആദത്തിന്റെയും ഹൗവ്വയുടെയും പാപത്തിനു പരിഹാരമായി കുരിശുമരണം വരിച്ചതും. മറ്റൊരു വിധത്തിൽ പറഞ്ഞാൽ, ദൈവത്തെ മുട്ടുകുത്തിക്കുന്ന ഒരു പിശാചിനെയാണ് പറുദീസയിൽ കണ്ടുമുട്ടുന്നത്. ചിന്ത അല്പംകൂടി മുന്നോട്ടുപോയാൽ, ദുരാത്മാക്കളും പിശാചുക്കളും സാത്താനും കുട്ടിപ്പിശാചും ഇല്ലെങ്കിൽ ക്രിസ്തീയവിശ്വാസങ്ങൾ തന്നെ ദയനീയമാംവിധം തകർന്നുപോകുന്നൊരവസ്ഥയാണ് ഇന്നു നിലകൊള്ളുന്നത്. സാത്താനില്ലെങ്കിൽ ജോബിന്റെ പുസ്തകത്തിന്റെ പ്രസക്തി പൂജ്യം. ദുഷ്ടാത്മാക്കളെയും പിശാചുക്കളെയും പോലെ തന്നെയാണു സദ്ആത്മാക്കളുടെയും മാലാഖമാരുടെയും കഥ. തീച്ചൂളയിൽ നടക്കുന്ന ദൈവദൂതൻ, അസ്സീറിയാക്കാരെ കൊന്നൊടുക്കുന്ന ദൈവദൂതൻ, ഈജിപ്തുകാരുടെ വീട്ടിൽ രക്തംകൊണ്ടു ചിഹ്നം വരയ്ക്കുന്ന മാലാഖ, സ്വപ്നത്തിൽ മറിയയെ ഗർഭവതിയാക്കുന്നതും യൗസേപ്പിന്റെ സംശയമകറ്റുന്നതുമായ മാലാഖ - ഒക്കെ നല്ല ഭാവനാവിലാസം.

ചുരുക്കത്തിൽ പിശാചും മാലാഖയും ദൈവവും ഒക്കെ സമചിത്തതയോടെ യുക്തിസഹമായി അന്വേഷിക്കുന്ന ഒരു വ്യക്തിക്കു ഇവയെല്ലാം വ്യർത്ഥം തന്നെ. സത്യത്തിൽ ഇവയൊക്കെ എന്തുമാത്രം അന്ധവിശ്വാസമാണ് പരത്തുന്നത് എന്നു കാണുമ്പോൾ, ഈ അവസ്ഥ സമൂഹത്തിൽ ചെലുത്തുന്ന അപകടം എത്ര വലുതെന്നു ബോധ്യമാകും. ഇതിൽ നിന്നുള്ള മോചനം കാര്യങ്ങളെ സുബുദ്ധിയോടെ നോക്കിക്കാണുക മാത്രമാണ്. ഇവയൊക്കെത്തന്നെ യുക്തിരഹിതമാണ്. ഇന്നവർ നിസഹായരുടെ കാതുകളിൽ ആശ്വാസവാക്കുകൾ മന്ത്രിക്കുന്നവരോ അവരിൽ ഭയത്തിന്റെ ജ്വരം ശക്തിപ്പെടുന്നവരോ ആണ്. ഒക്കെ വെറും സ്വപ്നസങ്കല്പങ്ങൾ മാത്രം. നമുക്കു മോചനം വ്യക്തിസ്വാതന്ത്ര്യത്തിലധിഷ്ഠിതമായ യുക്തിചിന്ത തന്നെ.

നൂറ്റാണ്ടുകളായി മനുഷ്യകുലത്തെ സ്വാധീനിച്ചതും, ഇന്നും ശക്തമായി സ്വാധീനിച്ചുകൊണ്ടിരിക്കുന്നതുമായ ഒരന്ധവിശ്വാസമാണ് സ്വർഗ്ഗ-നരക സങ്കല്പനങ്ങൾ. ഏതാണ്ടു ഒന്നുരണ്ടു നൂറ്റാണ്ടു മുമ്പ് വരെ മനുഷ്യരുടെ ധാരണ ഭൂമി പരന്നതാണ് എന്നതായിരുന്നു. മുകളിൽ ആകാശം - ദൈവത്തിന്റെ ഇരിപ്പിടം, സ്വർഗ്ഗം; താഴെ പാതാളം - പിശാചിന്റെ/സാത്താന്റെ ആവാസസ്ഥലം, നരകം. അങ്ങനെ സ്വർഗ്ഗവും നരകവും സ്ഥലബന്ധിതമായിരുന്നു; ചിന്താധാരയുടെ പരിണാമപ്രക്രിയയിൽ ഇന്നു ഇവ രണ്ടും ഭൗതികസ്ഥലമല്ല, മറിച്ച് ഒരവസ്ഥയാണ് എന്നുള്ള വിശദീകരണമാണ് ഇന്നത്തെ ദൈവശാസ്ത്രജ്ഞന്മാർ നല്കുന്നത്.

ഈ ചിന്തയുടെ പിന്നിലെ വിശ്വാസമിതാണ്. പ്രത്യാശയും ഭീതിയും, വാഗ്ദാനവും ഭീഷണിയും, പ്രതിഫലവും ശിക്ഷയും, ആനന്ദവും കഠിനയാതനയും - ഇങ്ങനെ ദ്വന്ദ്വരൂപത്തിലാണു ദൈവം തന്റെ ഭരണം നടത്തുക. മാത്രമല്ല, പ്രതിഫലമായ സ്വർഗ്ഗവും ശിക്ഷയായ നരകവും ശാശ്വതമാണ്. ഇഹലോകത്തിൽ കൊച്ചൊരു ജീവിതം. അവിടെ ദൈവത്തിനു കീഴ്പ്പെട്ട്, അനുസരിച്ചു അടിമപ്പണി ചെയ്തു തന്റെ മുമ്പിൽ മുട്ടുകുത്തുന്നവർക്കു ശാശ്വതമായ വാഗ്ദത്ത ഇടം. ഇവിടെ ദൈവത്തിനു മുമ്പിൽ മുട്ടുമടക്കാതെ നേരേ നിവർന്നുനിന്നു സംശയങ്ങൾ ഉന്നയിക്കുന്നവർക്കും ചോദ്യംചെയ്യുന്നവർക്കും യുക്തിസഹമായി അന്വേഷിക്കുന്നവർക്കും ശാശ്വതമായ പീഡന ഇടവും. അദ്ദേഹത്തിൽ വിശ്വസിക്കുന്നവരെ ദൈവം നിത്യമായി സ്നേഹിക്കുന്നു; അദ്ദേഹത്തിൽ വിശ്വസിക്കാത്തവർക്കു നിത്യനരകമത്രേ പ്രദാനം ചെയ്യുന്നത്!

ചിന്തിക്കുന്ന മനുഷ്യൻ യുക്തിയുക്തമായ തീരുമാനത്തിലാണ് എത്തുക. മുകളിൽ സൂചിപ്പിച്ച രണ്ടു പ്രതിഭാസങ്ങളും പഴയകാല പ്രഭു-രാജത്വ സംവിധാനത്തിന്റെ ആദ്ധ്യാത്മീകരണമല്ലാതെ മറ്റൊന്നുമല്ലെന്നു ഇങ്ങനെയുള്ളവർക്കു വ്യക്തമാകും. ചിന്തിക്കാത്ത മനുഷ്യൻ തന്നെത്തന്നെ സ്വയം വഞ്ചിച്ച് അന്ധവിശ്വാസത്തിന്റെ അടിമയാകുന്നു. സ്വർഗ്ഗവും നരകവും വെറും സങ്കല്പമല്ലാതെ മറ്റൊന്നുമല്ല എന്ന് യുക്തി വ്യക്തമാക്കുന്നു.

അന്ധവിശ്വാസത്തിന്റെ മറ്റൊരു മേഖല പ്രാർത്ഥനയാണ്. പ്രാർത്ഥനയെ വസ്തുനിഷ്ഠമായി വിശകലനം ചെയ്യുകയോ

അതിന്റെ പ്രസക്തിയെപ്പറ്റി കാര്യമായി ചോദ്യംചെയ്യുകയോ ഉണ്ടായിട്ടില്ല. എന്റെ അഭിപ്രായത്തിൽ, പ്രാർത്ഥന പല രീതിയിലും അന്ധവിശ്വാസജഡിലമാണ്. പക്ഷേ പ്രാർത്ഥന വളരെ നിരുപദ്രവകാരിയായ ഒന്നാണ് എന്നാണു പൊതുവേ കാണാറുള്ളത്. പ്രാർത്ഥന ദൈവവും മനുഷ്യനും തമ്മിലുള്ള ബന്ധത്തിന്റെ പ്രകാശനമാണെന്നും അവിടെ മനുഷ്യൻ സർവ്വനന്മസ്വരൂപനായ ദൈവത്തിന്റെ സന്നിധിയിൽ മനുഷ്യന്റെ ഇല്ലായ്മയുടെ നഗ്നതയിൽ സ്വയം ദൈവവുമായി അലിഞ്ഞുചേരുകയാണെന്നും, അദ്ദേഹത്തെ സ്തുതിക്കുകയും വാഴ്ത്തുകയുമാണിവിടെ നടക്കുന്നതെന്നും, ഒപ്പം മനുഷ്യന്റെ ആവശ്യങ്ങൾ നിരത്തി അനുഗ്രഹങ്ങൾ സമ്പാദിക്കണമെന്നും മറ്റുമാണ് പ്രാർത്ഥന കൊണ്ടു ഉദ്ദേശിക്കുന്നത്. ദൈവവും മനുഷ്യനും തമ്മിലുള്ള ബന്ധവും അലിഞ്ഞുചേരലും ചില തീവ്രസന്യസ്തരുടെ അനുഭവമായാണ് പൊതുവേ പറയുക. സാധാരണ ജനത്തെ സംബന്ധിച്ചു സ്തോത്രം അർപ്പിക്കലും യാചനയും (അപേക്ഷയും) ആണു പ്രാർത്ഥനയുടെ പ്രധാനപ്പെട്ട രണ്ടു ഘടകങ്ങൾ. ഇവിടെ അല്പം വിശദീകരണം ആവശ്യമെന്നു തോന്നുന്നു.

ദൈവത്തെപ്പറ്റി പൊതുവേ അംഗീരിച്ചിട്ടുള്ള ധാരണകൾ ഇവയാണ്. നിത്യതയിൽ വാഴുന്നവൻ. അദ്ദേഹം എന്താണോ അതായിരുന്നു, അതായിരിക്കുകയും ചെയ്യും. നിതാന്തമായ ഒരു രൂപം! പരിമിത ജീവിയായ മനുഷ്യനു എങ്ങനെയാണു ഇങ്ങനെ ഒരു ദൈവവുമായി ബന്ധപ്പെടാനോ അലിഞ്ഞുചേരാനോ പറ്റുക? അവിടെ മനുഷ്യനു ഇത്ര വലിയൊരു പ്രതിഭാസത്തിന്റെ മുമ്പിൽ അദ്ദേഹത്തെ സ്തുതിക്കാനും പുകഴ്ത്താനും അദ്ദേഹത്തോടു അപേക്ഷകൾ സമർപ്പിക്കാനും യാചനകൾ നടത്താനുമേ പറ്റുകയുള്ളു. പക്ഷേ ഇവിടെ മനുഷ്യൻ ഒരു സ്വതന്ത്രജീവിയാവുകയില്ല. എന്നും എപ്പോഴും ഈ വലിയ പ്രതിഭാസത്തെ ആശ്രയിച്ചായിരിക്കും ജീവിക്കുക. പ്രാർത്ഥനയുടെ ശരീരഭാഷ തന്നെ അടിമത്തത്തിന്റെയും വിധേയത്വത്തിന്റെയും അനാചാരത്തിന്റേതുമാണ്. പ്രാർത്ഥന എന്നു പറയുമ്പോൾ നേരേ നിന്ന മനുഷ്യൻ കൊച്ചാകുന്നു. ചുരുക്കത്തിൽ ഈ പ്രാർത്ഥന മനുഷ്യനെ അടിമയാക്കുകയാണ്. എത്ര ഹീനമായ ഒരു പ്രവൃത്തി!

മറുവശത്തുനിന്നു ചിന്തിക്കുമ്പോൾ, സർവ്വനന്മസ്വരൂപിയായ ദൈവത്തിനു എന്തിനാണു വെറും നിസാരനായ മനുഷ്യന്റെ സ്തുതിയും സ്തോത്രവും? ഇവിടെ എന്തോ വൈരുദ്ധ്യം അനുഭ

വപ്പെടുന്നില്ലേ? മാത്രമല്ല സർവ്വജ്ഞനും സർവപരിപാലകനുമായ ദൈവത്തിനു മനുഷ്യന്റെ ആവശ്യങ്ങളും ബുദ്ധിമുട്ടുകളുമറിയാമല്ലോ? പിന്നെ എന്തിനാണു മനുഷ്യനെക്കൊണ്ടു ആവശ്യങ്ങൾ ഉന്നയിപ്പിക്കുന്നത്? എല്ലാം മനസ്സിലാക്കുന്ന ദൈവം ചോദിക്കാതെതന്നെ തന്റെ സൃഷ്ടികൾക്കു വേണ്ടതു ചെയ്യുമല്ലോ, ചെയ്യണമല്ലോ? അങ്ങനെ നോക്കുമ്പോൾ പ്രാർത്ഥനയുടെ അവശേഷിച്ച രണ്ടു ഘടകങ്ങളും അപ്രസക്തമാവുകയാണ്.

പ്രാർത്ഥന അന്ധവിശ്വാസം രൂഢമൂലമാക്കാൻ ഉപയോഗിക്കുന്ന ഏറ്റവും ഫലപ്രദമായ ഉപകരണമാണ്. മാത്രമല്ല, മന്ത്രവാദം, ദുർഭൂതങ്ങൾ, ചൊല്ലുകൾ തുടങ്ങിയവ എല്ലാവരും ഒരുപോലെ അംഗീകരിക്കുന്നതല്ല. പലർക്കും ഇവയോടു വിയോജിപ്പുണ്ട്. പക്ഷേ പ്രാർത്ഥനയെ ഏതാണ്ടു നൂറു ശതമാനം ആളുകളും സ്വീകരിക്കുന്നു. ജാതി-മതഭേദമന്യേയാണു പ്രാർത്ഥന നടത്തുന്നത്. വളരെ ചങ്കൂറ്റവും വ്യക്തതയുമുള്ള വളരെ കുറച്ചു പേരൊഴിച്ചാൽ, മിക്കവരും വ്യക്തിഗതമായി പ്രാർത്ഥനയിൽ പങ്കെടുക്കുന്നു. ഏതാണ്ടു എല്ലാ പൊതുചടങ്ങുകളും പ്രാർത്ഥന കൊണ്ടാണ് ആരംഭിക്കുന്നത്. ഇവിടെ ഒരു അനൗചിത്യവും ആരും കാണുന്നില്ല. ഈ അവസ്ഥ ഒരുവിധത്തിൽ പറഞ്ഞാൽ മന്ത്രവാദം തുടങ്ങിയ അനാചാരങ്ങളേക്കാൾ കൂടുതൽ അന്ധവിശ്വാസം വളർത്തുന്നതിനു ഉപകരിക്കുന്നതാണ് എന്നാണ് എന്റെ വ്യക്തമായ അഭിപ്രായം.

പ്രായോഗികമായി ഇന്ത്യ ഒരു മതേതരരാഷ്ട്രമെന്ന നിലയ്ക്ക്, ഗൗരവമായി കണക്കിലെടുക്കേണ്ടതാണ് - പൊതുചടങ്ങുകളിൽ നിന്നു പ്രാർത്ഥന ഒഴിവാക്കുക എന്നത്. നല്ല ചുണക്കുട്ടരായി ഒടിക്കളിച്ചുനടക്കുന്ന കുട്ടികൾ, അസംബ്ലിയിൽ വന്നു നില്ക്കുമ്പോഴും അവരുടെ ചുണ നശിച്ചിട്ടില്ല. ദിനവൃത്താന്തമൊക്കെ വായിച്ചിട്ടു പ്രാർത്ഥിക്കാൻ തുടങ്ങുമ്പോൾ, ഇവരെല്ലാം അവരുടെ രണ്ടു കരങ്ങളും കൂപ്പി, കണ്ണുമടച്ച്, ചിലപ്പോൾ തല കുനിച്ചും, പാവയെപ്പോലെ നില്ക്കുന്ന അവസ്ഥ ആ പിഞ്ചുകുഞ്ഞുങ്ങളെ എത്രമാത്രം യാന്ത്രികമാക്കുന്നുണ്ടാകാം. അതുപോലെ മറ്റു പൊതുയോഗങ്ങളും പരിപാടികളും ആരംഭിക്കുന്നതും ഇങ്ങനെയൊരു നിർജ്ജീവ ദൈവിക അലിഞ്ഞുചേരൽ കഴിഞ്ഞിട്ടാണ്. ഈ പരുവപ്പെടുത്തൽ അക്ഷന്തവ്യമായ അപ

രാധമാണ്. ഇതിനു മാറ്റമുണ്ടാകണം. ഒരു മതനിരപേക്ഷ രാഷ്ട്ര ത്തിൽ മതനിരപേക്ഷമായി ഒത്തുകൂടാൻ നമുക്കു സാധിക്കണം.

ഇന്നും ഏതാണ്ട് ആരും തന്നെ ചോദ്യം ചെയ്യുകയോ തെറ്റാ ണെന്നു ചൂണ്ടിക്കാട്ടുകയോ ചെയ്യാത്ത ഒരു നിത്യസംഭവമാണ് നമ്മുടെ ഓരോരുത്തരുടെയും വീട്ടിൽ അനുദിനം നടന്നുവരുന്ന സന്ധ്യ-പ്രഭാത പ്രാർത്ഥന. ഏതാണ്ടൊരു അലിഖിത നിയമം പോലെ എല്ലാ വീടുകളിലും, വിപ്ലവകാരികളുടെ വീടുകളുൾപ്പെ ടെ, ഈ പ്രാർത്ഥനകളും വിളക്കു കൊളുത്തലും തിരികത്തി ക്കലും ഭജനം ചെയ്യലും നാമം ജപിക്കലും കൊന്തനമസ്കാ രവും നിസ്കാരവും - എന്നു വേണ്ട തീർത്തും സ്വാഭാവിക മെന്ന രീതിയിൽ ഇവ നടക്കുകയാണ്. ഇതിന്റെ ന്യായീകരണം ഒന്നേയുള്ളു. വ്യക്തിയുടെ സ്വാതന്ത്ര്യമാണ് ഇതു നടത്തുക. അതേ, വ്യക്തിസ്വാതന്ത്ര്യം വലുതാണ്. പക്ഷേ ഇവിടെ വ്യക്തി സ്വാതന്ത്ര്യമല്ല നടക്കുന്നത്. പിഞ്ചുകുഞ്ഞായിരിക്കുമ്പോഴേ ഓരോ രുത്തരെയും പ്രാർത്ഥനയിൽ അനുരൂപരാക്കി പരുവപ്പെടുത്തുക യാണ്. ഇത് ഒരു രീതിയിലും ശരിയായ നടപടിയല്ല. അന്ധവി ശ്വാസം വളർത്തുന്നതിനു ഉപകരിക്കുന്ന രീതിയാണിത്. അതാ യത് ഏറ്റവും നിരുപദ്രവകരം എന്നു പൊതുവേ കണക്കാക്കുന്ന പ്രാർത്ഥന അന്ധവിശ്വാസജഡിലമായ ഒരു പ്രവർത്തന പ്രക്രിയ യാണെന്ന തിരിച്ചറിവിനു ഏറെ പ്രാധാന്യമുണ്ട്.

ചുരുക്കത്തിൽ ഇന്നു അന്ധവിശ്വാസജഡിലമായ ഒരു സാമൂഹ്യ പരിസരത്ത്, ശാസ്ത്രീയജ്ഞാനമാണു അതിനുള്ള ഫലപ്രദമായ മറുപടി എന്നുകണ്ട്, നിരന്തരമായ സത്യാന്വേ ഷണം ഉണ്ടാകണം. അറിവ് അന്ധവിശ്വാസത്തെ നശിപ്പിക്കാൻ പ്രേരകമാകും. ആ അറിവിനെ ബോധ്യവും തിരിച്ചറിവുമാക്കി മാറ്റുമ്പോൾ അന്ധവിശ്വാസം നശിക്കും, ജീവിതം ഭാസുരമാകും.

## 2. സഭ: ധാർമ്മികത നഷ്ടപ്പെട്ട സ്ഥാപനം

ഇന്നു ആൾദൈവങ്ങളുടെ പക്കലേയ്ക്കും കരിസ്മാറ്റിക് ധ്യാനകേന്ദ്രങ്ങളിലേയ്ക്കും ജനം ഒഴുകുന്നതിന്റെ മുഖ്യകാരണം ഇന്നത്തെ മനുഷ്യർ പണ്ടെങ്ങും ഇല്ലാത്ത തരത്തിൽ അനുഭവിക്കുന്ന മാനസിക പിരിമുറുക്കമാണ്. ഈ പിരിമുറുക്കം ഏതെങ്കിലും വിധത്തിൽ ഇല്ലാതാക്കണം. അല്ലെങ്കിൽ മനോരോഗിയാകും. കലശലായി കോപിക്കുക, സമരം ചെയ്യുക, ന്യായമായ കാരണമില്ലാതെ അക്രമാസക്തരാവുക - ഒക്കെ തന്നെ ഉള്ളിലെ വലിയ പിരിമുറുക്കത്തിന്റെ ബഹിർസ്ഫുരണങ്ങളാണ്. അതിലൂടെ താത്ക്കാലികമായി അല്പം ആശ്വാസം അനുഭവിച്ചെന്നും വരാം. പക്ഷേ അതു ശാശ്വതപരിഹാരമല്ല. എന്നാൽ മിക്കവരും എടുക്കുന്ന സ്ട്രെസ് റിലീസ് മെക്കാനിസം ഏതാണ്ടു ഈ തരത്തിലാണെന്നത് വിചിത്രമാണ്.

അല്പം കൂടി വിശാലമായ അന്വേഷണത്തിൽ ഈ പ്രശ്നത്തിനുള്ള പരിഹാരം അവനവനിലും ഈ സമൂഹവുമായുള്ള അവന്റെ ബന്ധത്തിലും കണ്ടെത്താൻ കഴിയും. എല്ലാവരും അംഗീകാരം ആഗ്രഹിക്കുന്നു. ഇതിൽ ആരും ഒഴിവാക്കപ്പെടുന്നില്ല. അംഗീകാരമുള്ളയിടത്തു ജീവൻ, അംഗീകാരമില്ലാത്തിടത്തു ശവം എന്നു പറയാം. അംഗീകാരമെന്നു പറയുമ്പോൾ നമ്മെ മനസ്സിലാക്കി സ്വീകരിക്കുന്ന മറ്റൊരാളുടെ സാന്നിദ്ധ്യമാണ്. അങ്ങനെയുള്ള ഒരാളുടെ വെറുമൊരു പുഞ്ചിരി പോലും നമ്മുടെ പിരിമുറുക്കം കുറയ്ക്കും. നീ വേണ്ടപ്പെട്ടവനാണ്/വേണ്ടപ്പെട്ടവളാണ്. നീ സ്നേഹിക്കപ്പെടുന്നു എന്ന ചിന്തയും ബോധ്യവുമാണു യഥാർത്ഥ മരുന്നും യഥാർത്ഥ വൈദ്യരും. വളരെ നിസാരമെന്നു തോന്നാമെങ്കിലും ഒരു വ്യക്തിയെ സമൂലം മാറ്റാൻ കരുത്തുള്ള ഒരു സമീപനമാണിത്. ഇവിടുത്തെ തുറുപ്പു ചീട്ടു ആത്മാർത്ഥതയും.

ജനജാഗൃതി തുടങ്ങിയിട്ടു 18 വർഷമായി, എനിക്കു പ്രായമായി വരുന്നു, ജനജാഗൃതി ഏതാണ്ടു വേരുറച്ചെങ്കിലും അതിന്റെ ഭാവി ഉറപ്പുവരുത്തുന്നതിനെപ്പറ്റിയുള്ള എന്റെ ഉത്ക്കണ്ഠ ഞങ്ങളുടെ സംസാരത്തിനിടയിൽ സൂചിപ്പിച്ചു. അതിനോടുള്ള ഒരു സുഹൃത്തിന്റെ പ്രതികരണം ഏറെ ശക്തിപകരുന്നു. ആത്മാർത്ഥതയോടെയും മറ്റു നിക്ഷിപ്തതാല്പര്യങ്ങളൊന്നും ഇല്ലാതെയും സാമൂഹ്യബദ്ധതയോടെയും തുടങ്ങിയ ഒന്നും നാളിതുവരെ നശിച്ചുപോയിട്ടില്ല. ചരിത്രത്തിൽ അവ ജീവിക്കും, ഒരു രീതിയിലല്ലെങ്കിൽ മറ്റൊരു രീതിയിൽ. അതുകൊണ്ടു ഉത്ക്കണ്ഠയ്ക്കു വകയില്ല. പ്രശ്നം ഒന്നേയുള്ളു, തുടങ്ങിവച്ച പ്രവർത്തനത്തിൽ ആത്മാർത്ഥതയ്ക്കും അർപ്പണബോധത്തിനും സാമൂഹിക പ്രതിബദ്ധതയ്ക്കും ആയിരുന്നോ മുൻഗണന. അതോ വാശിയും വൈരാഗ്യവും നിക്ഷിപ്തതാല്പര്യങ്ങളുമായിരുന്നോ നമ്മെ നയിച്ചിരുന്നത് എന്നുള്ളതാണ്. അതുകൊണ്ടു എല്ലാ ഭൗതികസാധ്യതകളും വലിച്ചെറിഞ്ഞിട്ട് ഇറങ്ങിത്തിരിച്ച ജനജാഗൃതി സംഘത്തിനു ഉത്ക്കണ്ഠയ്ക്കു ആവശ്യമില്ല എന്നദ്ദേഹം തറപ്പിച്ചു പറഞ്ഞു. എന്നെ ഏറെ ചിന്തിപ്പിച്ച വാക്കുകളാണിവ; ഒപ്പം ശക്തി പകർന്നുതന്നവയും.

'ജോസഫ് എന്ന തച്ചൻ' എന്ന നോവൽ എഴുതിയതിന്റെ പേരിൽ സഭയിൽ നിന്നും പുറത്താക്കപ്പെട്ട നെറ്റിയാടനും ചർച്ചയിൽ പങ്കെടുത്തു. സഭ അദ്ദേഹത്തെ ശിക്ഷിച്ചു പുറത്താക്കിയപ്പോൾ ഒരു സാമ്പത്തിക സുരക്ഷിതത്വവുമില്ലാതെയാണ് ഭാര്യയും രണ്ടു പെൺമക്കളുമായി ഇറങ്ങിത്തിരിച്ചത്. രാവിലെ 3 മണിക്ക് ഉണരും. വ്യായാമം കഴിഞ്ഞ് എഴുതും. ഇപ്പോൾ 10 നോവലുകൾ അച്ചടിച്ചുകഴിഞ്ഞു. പലതിനും നല്ല പ്രചരണവും വില്പനയുമുണ്ട്. എങ്ങനെയോ കാര്യങ്ങൾ നടക്കുന്നു, കുട്ടികളുടെ വിദ്യാഭ്യാസം നടക്കുന്നു, പട്ടിണിയില്ലാതെ വളരെ ലളിതമായ ജീവിതം നടക്കുന്നു.

അദ്ദേഹം പറഞ്ഞ ഒരു കാര്യം എന്നെ വല്ലാതെ സ്പർശിച്ചു. അദ്ദേഹം പുറത്താക്കപ്പെട്ടപ്പോഴാണ്, 'ദരിദ്രരേ നിങ്ങൾ ഭാഗ്യവാന്മാർ' എന്ന ബൈബിൾ വാക്യത്തിന്റെ അർത്ഥവ്യാപ്തി മനസ്സിലാക്കാൻ സാധിച്ചത്. പള്ളിയിലായിരുന്നപ്പോൾ ജീവിതം

ലളിതമായിരുന്നെങ്കിലും സുരക്ഷിതത്വമുണ്ടായിരുന്നതുകൊണ്ടു ദാരിദ്ര്യത്തിന്റെ മൂർച്ച അനുഭവിച്ചറിയാൻ സാധിക്കുകയില്ലായിരുന്നു. ദരിദ്രരാണ് സമൂഹത്തിന്റെ സമ്പത്ത്. അവരാണ് പ്രകൃതിയെ ഏറ്റവും കുറച്ചു ചൂഷണം ചെയ്യുന്നവർ. അവർക്കു കുറച്ചു പൈസ മതി. കുറച്ചു ആഗ്രഹങ്ങളേയുള്ളൂ. സമ്പന്നരുടെ അത്യാർത്തി അവരെ ലവലേശം തൊട്ടിട്ടില്ല. ഏറ്റവും പ്രധാനപ്പെട്ടത് അവർ തൃപ്തരാണ് എന്നുള്ളതാണ്. അതേ, ദരിദ്രർ നമ്മുടെ വലിയ അദ്ധ്യാപകരാണ്.

ഈ വിവരണം കേട്ടപ്പോൾ എനിക്കു മറ്റൊരു സംഭവം ഓർമ്മ വരികയും അതു ഞാനവിടെ പങ്കുവയ്ക്കുകയും ചെയ്തു. ഒരിക്കൽ പുത്തൂർമുക്കിൽ പോകാനായി കൊട്ടാരക്കര ബസ്സ്റ്റാന്റിൽ ബസ് കാത്തു നില്ക്കവേ ഒരു കർഷകത്തൊഴിലാളി സുഹൃത്തിനെ കണ്ടു. അദ്ദേഹത്തിനും പോകേണ്ടതു പുത്തൂർമുക്കിലാണ്. സംസാരിച്ചുകൊണ്ടിരിക്കേ അടൂരിലേയ്ക്കുള്ള ഒരു ഫാസ്റ്റ് പാസഞ്ചർ ബസ്സ് വന്നു. നമുക്കു ബസ്സിൽ കയറാമെന്നു പറഞ്ഞുകൊണ്ടു ഞാൻ ബസ്സിന്റെ അരികിലേയ്ക്കു നടന്നു. കൂട്ടുകാരൻ കൂടെ വന്നില്ല. തിരിച്ചുചെന്നു വിളിച്ചപ്പോൾ അദ്ദേഹം ഓർഡിനറി ബസ്സലേ കേറുന്നുള്ളു എന്നു പറഞ്ഞു. അതിൽ 3.50 രൂപയാണ് ചാർജ്ജ്. ഫാസ്റ്റിൽ 5 രൂപയും. ഇത്രയും പറഞ്ഞപ്പോഴേയ്ക്കും ഫാസ്റ്റ് പാസഞ്ചർ വിടാൻ തുടങ്ങി. ഞാൻ അതിൽ ഓടിക്കയറി യാത്ര തുടർന്നു. പക്ഷേ എന്റെ മനസ്സിൽ ആ സുഹൃത്തിനെക്കുറിച്ചുള്ള ഓർമ്മ വിടാതെ നിന്നു. ആ ഒന്നര രൂപയുടെ വ്യത്യാസം വലിയ കാര്യമായി എനിക്കു തോന്നിയില്ല. രണ്ടു മൂന്നു തരത്തിലുള്ള ബസ്സുകളുള്ളപ്പോൾ, സാദ്ധ്യതയുണ്ടെങ്കിൽ കൂടുതൽ ചാർജ് കൊടുത്താലും വേഗം എത്തുന്ന ബസ്സിൽ കയറാനാണ് എപ്പോഴും ഞാൻ താല്പര്യം കാണിച്ചിട്ടുള്ളത്. ചാർജ്ജിലെ വ്യത്യാസത്തെക്കുറിച്ചു ചിന്തിച്ചിട്ടേയില്ല. പക്ഷേ ഈ സുഹൃത്തിന്റെ പെരുമാറ്റം എന്നിൽ മാറ്റമുണ്ടാക്കി. അതുകഴിഞ്ഞു പൊതുവേ ഓർഡിനറി ബസ്സിൽ കയറുന്നതു ഒരു പതിവാക്കി മാറ്റാൻ ശ്രമിച്ചിട്ടുണ്ട്; പൂർണ്ണമായും വിജയിച്ചിട്ടില്ല. സമയതിടുക്കമെന്ന മിഥ്യാചിന്തയ്ക്കു വിധേയപ്പെട്ടു ചിലപ്പോഴൊക്കെ ഫാസ്റ്റിൽ ഇപ്പോഴും കയറാറുണ്ട്. ഇല്ലായ്മയിൽ തൃപ്തിയോടെ ജീവിക്കാൻ, മിതവ്യയം ചെയ്യാൻ, പ്രേരിപ്പിച്ചവരിൽ ഒരാൾ ഈ സുഹൃത്താണെന്നു അഭിമാനപൂർവ്വം ഓർക്കുന്നു.

ക്രിസ്ത്യൻ വിദ്യാഭ്യാസ-ആതുരശുശ്രൂഷാ സ്ഥാപനങ്ങൾ പണ്ടു വളരെ സ്തുത്യർഹമായ പങ്കുവഹിച്ചിരുന്നെങ്കിലും ഇന്നു അവയുടെ വിശ്വാസ്യത തീർത്തും നഷ്ടപ്പെട്ടുകഴിഞ്ഞു. ഇപ്പോൾ അവ പണസമ്പാദന മാർഗ്ഗമായി മാറിക്കഴിഞ്ഞു എന്നു പറഞ്ഞി ട്ടു, ഞങ്ങളുടെ സംഘത്തിൽപ്പെട്ട മറ്റൊരാൾക്കുണ്ടായ രണ്ടു സംഭവങ്ങൾ പങ്കുവച്ചു.

50 സീറ്റുള്ള ആറു കോഴ്സുള്ള ഒരു ആർട്സ് ആന്റ് സയൻസ് കോളേജിലെ പ്രിൻസിപ്പലായി രണ്ടും വർഷം ജോലിനോക്കി യിരുന്ന ഒരു വ്യക്തിയാണു താൻ. ഫീസു വാങ്ങുന്നതും അധ്യാ പകർക്കു ശമ്പളം കൊടുക്കുന്നതും വരവുചെലവു കണക്കു സൂക്ഷിക്കുന്നതും പ്രിൻസിപ്പലായിരുന്നു. മാനേജ്മെന്റിനു തന്നോടു വലിയ ഇഷ്ടവും വിശ്വാസവുമായിരുന്നു. ഓരോ ക്ലാസിലെയും വെറും 10 വിദ്യാർത്ഥികളുടെ ഫീസ് മതിയായി രുന്നു എല്ലാ അധ്യാപകരുടെയും സർക്കാർ നിശ്ചയിച്ച ശമ്പളം കൊടുക്കാൻ. അതായത് വരവിന്റെ അഞ്ചിലൊന്ന്. അഞ്ചിൽ നാലും മാനേജ്മെന്റിനാണ്. ഇതു ചെറിയൊരു തുകയല്ല. വളരെ ചെറിയൊരു കോളേജും. ഈ വൻ തുകയിൽ നിന്നും സ്ഥാപന വൽക്കരണത്തിനുള്ളതു കുറച്ചാൽ, ബാക്കി ലാഭം. അപ്പോൾ കൂടുതൽ സീറ്റുകളുള്ള, പേരും അംഗീകാരവുമുള്ള കോളേജുക ളിലെ മിച്ചവരുമാനം എന്തുമാത്രമെന്നു ഊഹിക്കാൻ പോലും പറ്റുകയില്ല!

അദ്ദേഹത്തിനു തന്നെയുണ്ടായ മറ്റൊരു തിക്താനുഭവം. കോളേജിൽ പഠിക്കുന്ന മകൾക്കു രാത്രി പനി വരുന്നു. ലളിത മായ പ്രകൃതിരീതികൾ ഉപയോഗിച്ചാണു പനിയിൽ നിന്നും മറ്റു സാധാരണരോഗങ്ങളിൽ നിന്നും തന്റെ കുടുംബം മോചി തരാവുക. ഒരിക്കൽ പനി വന്നപ്പോൾ മൂന്നു നാലു ദിവസം കഴിഞ്ഞിട്ടും മകളുടെ അസുഖം മാറിയില്ല. അവളുടെ പഠനം നഷ്ടപ്പെടുന്നു. ഒരു നല്ല ആശുപത്രിയിൽ കാണിച്ചു വേഗം സുഖമാക്കി അവളെ കോളേജിൽ വിടാമെന്ന പ്രതീക്ഷയോടെ പേരുകേട്ട ഒരു ക്രിസ്ത്യൻ ആശുപത്രിയിൽ പോയി.

അവൾക്ക് ടൈഫോയിഡാണെന്നു ഡോക്ടർ വിധിയെഴുതി. ഏതാണ്ടു 500-600 രൂപയുടെ മരുന്നു ഓരോ ദിവസത്തേയ്ക്കു

മായി. ദിവസങ്ങൾ കഴിയുന്തോറും മകൾ കൂടുതൽ ക്ഷീണിത യാകുന്നു. നടന്നു ഹോസ്പിറ്റലിൽ വന്നമകൾക്കു എഴു ന്നേൽക്കാൻ വയ്യാത്ത അവസ്ഥ. ഡോക്ടറിന്റെ അടുത്ത കണ്ടു പിടിത്തം അവൾക്കു അപ്പന്റിസൈറ്റിസ് ഉണ്ട് എന്നാണ്. അതിനു സ്കാൻ ചെയ്യണം. ഉണ്ടെങ്കിൽ ഉടനെ ഓപ്പറേഷൻ നടത്തണം. വെള്ളിയാഴ്ചയാണ് ഈ വെളിപ്പെടുത്തൽ. ഞായറാഴ്ച സ്കാൻ ചെയ്യാൻ കുറിച്ചിട്ടു. സ്കാനിംഗിനു 450 രൂപയാണ്, ഞായറാ ഴ്ചയാണെങ്കിൽ 650 രൂപയും. എല്ലാ ദിവസവും ഏതാണ്ടു 600 രൂപയുടെ മരുന്ന്. സ്കാൻ ചെയ്തുകഴിഞ്ഞു. ഓപ്പറേഷൻ വേണ മെന്നു വിധിയെഴുതി. മകൾക്ക് തനിയെ എഴുന്നേറ്റിരിക്കാൻ പോലും പറ്റുന്നില്ല. വേദനയും നിരാശയും തന്നെയും കടന്നു പിടിച്ചു. ഡോക്ടറെ കണ്ടു സ്പഷ്ടമായി തന്റെ വികാരം വ്യക്ത മാക്കി. സുഖമായിട്ടു നടന്നുവന്ന തന്റെ മകൾ കുറച്ചു ദിവസങ്ങൾ കൊണ്ട് വലിയ രോഗിയായി മാറിയിരിക്കുന്നു. ഇനി ഓപ്പറേഷ നും. തന്റെ കുട്ടിയുടെ ജീവന്റെ സംരക്ഷണത്തിനു ഉറപ്പുകിട്ട ണം. അതു ഡോക്ടറിനിഷ്ടപ്പെട്ടില്ല. തിരുവനന്തപുരത്തു കെ. ഐ.എം.എസ് ലേയ്ക്കു റെഫർ ചെയ്തു. മകളെ ടാക്സിയിൽ അവിടെ എത്തിച്ചു. നിരവധി പരിശോധനകൾ നടന്നു. മൂന്നു ദിവസം മരുന്നൊന്നും കൊടുത്തില്ല, പരീക്ഷണങ്ങൾ മാത്രം. ആ മൂന്നു ദിവസം കൊണ്ടുതന്നെ മകൾ എഴുന്നേറ്റിരിക്കാനും നടക്കാനും തുടങ്ങി. പരിശോധനകൾ എല്ലാം കഴിഞ്ഞപ്പോൾ അവിടത്തെ ഡോക്ടർ വിധിയെഴുതി. കുട്ടിക്കു ടൈഫോയിഡു മില്ല അപ്പന്റിസൈറ്റിസുമില്ല. താമസിച്ചിരുന്ന ഹോസ്റ്റലിലെ വെള്ളമോ മറ്റു ആഹാരമോ പിടിച്ചുകാണില്ല. വെള്ളം തിളപ്പിച്ചു ആറ്റിക്കുടിക്കുക. കുട്ടിക്കു യാതൊരുവിധമായ സുഖക്കേടുമില്ല. വീട്ടിൽ തിരിച്ചുവന്നു. രണ്ടുദിവസം തിളപ്പിച്ചാറ്റിയ വെള്ളം കുടിച്ചു വിശ്രമിച്ചു. മൂന്നാം ദിവസം ഹോസ്റ്റലിൽ പോയി. പഠനം തുടർന്നു. ക്രിസ്തീയ ആശുപത്രികൾ ഇപ്പോൾ തന്നെ വല്ലാതെ ഭീതിപ്പെടുത്തുന്നു. അവർക്കു ഏതുവിധേനയും പണം ഉണ്ടാ ക്കണമെന്നല്ലാതെ ദൈവികതയില്ല. എന്തിനു ഒരു മാനുഷിക പരിഗണന പോലുമില്ല. എന്താണാവോ ആർച്ച് ബിഷപ്പ് പൗവ്വ ത്തിലിന്റെയും വിതയത്തിലിന്റെയും ക്രിസ്തീയ മൂല്യ വ്യാപനം?

മറ്റൊരാളിന്റെ നിരീക്ഷണം വളരെ അർത്ഥവത്തായി. മുഖത്തു കരിവാരിത്തേച്ചാൽ കഴുകിക്കളയാം. ടാർ ഇട്ടാലോ? കഴുകിയാൽ

പോകില്ല. സഭ അതുപോലെ ആയിക്കഴിഞ്ഞു. ഇനി ക്രൈസ്തവസഭയ്ക്കു രക്ഷയില്ല. ധാർമ്മികത നഷ്ടപ്പെട്ട ഒരു സ്ഥാപനമായി സഭയിന്നു മാറിക്കഴിഞ്ഞു,

എല്ലാ മതസ്ഥാപനങ്ങൾക്കും സമ്പത്തു വിനിയോഗത്തിൽ ഒരു മോണിറ്ററിംഗ് സംവിധാനമുണ്ട്, ക്രൈസ്തവസഭയ്ക്കൊഴികെ. മുസ്ലീം സമുദായത്തിനു വഖഫ് ബോർഡ്, ഹിന്ദുസമുദായത്തിനു ദേവസ്വംബോർഡ്, സിക്ക് സമുദായത്തിന് ഗുരുദ്വാര.

ക്രിസ്ത്യൻ സമുദായം സർവ്വതന്ത്ര സ്വതന്ത്രമാണ്. ഒരു നിയന്ത്രണവുമില്ല പണസമ്പാദനത്തിന്. ഏതാണ്ട് അനന്തമായ സാധ്യതകളും. ശക്തമായ ശ്രേണീബന്ധിത സംവിധാനമായതുകൊണ്ട് പ്രാദേശിക പിരിവു വളരെ ചിട്ടയോടെ സമാഹരിക്കാൻ ഒരു പ്രയാസവുമില്ല. ദൈവത്തിനു കൊടുക്കാനുള്ളതു കൊടുത്തുകൊണ്ടിരുന്നാൽ ദൈവാനുഗ്രഹം സമൃദ്ധിയിൽ കിട്ടുമെന്നുള്ള വിശ്വാസം ജനങ്ങളിൽ രൂഢമൂലമാക്കി പ്രാദേശികമായി വലിയ സംഭാവന പിരിക്കാനുള്ള സംവിധാനം ക്രൈസ്തവസഭാധികാരികൾക്കുണ്ട്. ഇതിനേക്കാളൊക്കെ ഉപരിയായിട്ട് വിദേശപണത്തിന്റെ ഒഴുക്കും. ഇതിന് ഒരറുതി ആവശ്യമാണ്. സഭയുടെ സമ്പത്തിനു ഒരു സാമൂഹികനിയന്ത്രണം അനിവാര്യമാണ്. അങ്ങനെയേ നീതി നടപ്പിലാകൂ.

ഒരു വർഷം മുമ്പ് അന്തർദ്ദേശീയ സ്ത്രീദിനത്തോടനുബന്ധിച്ചു ആലപ്പുഴ ബാർ അസോസ്സിയേഷന്റെ ആഭിമുഖ്യത്തിൽ സ്ത്രീവിഷയങ്ങൾ ചർച്ച ചെയ്യപ്പെട്ടു. അതിന്റെ മുഖ്യ ഊന്നൽ, നിയമം സ്ത്രീയുടെ പക്ഷത്തു നിന്നും വാദിക്കണമെന്നായിരുന്നു. എങ്കിലും നല്ല കുടുംബജീവിതമുണ്ടാകണമെങ്കിൽ സ്ത്രീ സഹിച്ചു ക്ഷമിച്ചു ജീവിക്കണം. ക്ഷമിക്കാനും സഹിക്കാനുമുള്ള കഴിവ് സ്വാഭാവികമായും സ്ത്രീയ്ക്കാണുള്ളതെന്നും അവൾ കുടുംബത്തിന്റെ വിളക്കാണെന്നും, നല്ല കുടുംബത്തിനായി എരിഞ്ഞു തീരുന്നതിൽ, സ്വയം മറന്നു അർപ്പിക്കുന്നതിൽ സ്ത്രീയാണു മുഖ്യപങ്കു വഹിക്കേണ്ടതെന്നും ആയിരുന്നു ഭൂരിപക്ഷത്തിന്റേയും അഭിപ്രായം. മറ്റൊരു വിധത്തിൽ പറഞ്ഞാൽ, തീർത്തും സ്ത്രീവിരുദ്ധ ചർച്ചയാണ് സ്ത്രീദിനവുമായി ബന്ധപ്പെട്ടു അവിടെ നടന്നത്. കാരണം ഒട്ടുമിക്കവക്കീലന്മാരും അവ

രുടെ പെരുമാറ്റത്തിലും സംസാരത്തിലും വിശ്വാസത്തിലും സ്ത്രീസൗഹൃദ കാഴ്ചപ്പാടുള്ളവരായിരുന്നില്ല.

മാത്രമല്ല, രാഷ്ട്രീയപാർട്ടികൾ പൊതുവേ സ്ത്രീവിരുദ്ധമാണ്. അതിനു ഏറ്റവും നല്ല ഉദാഹരണം സ്ത്രീക്കു 33% സംവരണം ഉണ്ടാകണമെന്നു കഴിഞ്ഞ 10-15 വർഷമായി രാഷ്ട്രീയ പാർട്ടികൾ പറയുന്നു. പക്ഷേ മാറിമാറിവരുന്ന സർക്കാരുകൾ ഭരണത്തിൽ വരുമ്പോൾ സമവായത്തിനുള്ള ശ്രമം നടക്കുന്നു എന്നു പറയുകയും സ്ത്രീസംവരണം നടപ്പിലാക്കാതിരിക്കുകയും ചെയ്യുക പതിവായി മാറിയിരിക്കുന്നു. ഇതു വെറും 33% സംവരണം. പക്ഷേ സ്ത്രീകൾ രാജ്യത്തിന്റെ നേർ പകുതിയാണ്. അപ്പോൾ അവർക്കു അവകാശമായി കിട്ടേണ്ട പ്രാതിനിധ്യമോ 50% വും. ഇങ്ങനെ സ്ത്രീയോടൊരു നിഷേധാത്മക സമീപനമാണ് രാഷ്ട്രീയപാർട്ടികളും സ്വീകരിച്ചിരിക്കുന്നത്.

വീണ്ടും ശക്തമായൊരു നിരീക്ഷണം ഉണ്ടായതു ജാതിമത സമുദായ നേതാക്കളുടെ സ്ത്രീവിരുദ്ധതയെ സംബന്ധിച്ചാണ്. ഇന്നു സ്ത്രീധനം വല്ലാത്ത ഒരു വിനയായിരിക്കുന്നു. സ്ത്രീയെ കമ്പോളത്തിലെ വെറും വില്നച്ചരക്കാക്കി തരംതാഴ്ത്തുന്ന സംവിധാനമാണത്. ഇതിനെതിരെ നമ്മുടെ ജാതിമതസമുദായങ്ങൾ തീരുമാനിച്ചാൽ അടിസ്ഥാന മാറ്റമുണ്ടാക്കാം. പക്ഷേ യാഥാർത്ഥ്യം എന്താണ്? ഇവരാണു ഈ സാമൂഹ്യതിന്മയ്ക്കു കൂട്ടുനില്ക്കുന്നത്. പള്ളിയിലും അമ്പലത്തിലും എൻ.എസ്.എസ്.-എസ്.എൻ.ഡി.പി. യോഗത്തിലും മറ്റും വിലപേശി കിട്ടുന്ന തുക മുഴുവൻ കണക്കു കൂട്ടി എല്ലാം സ്വർണ്ണമായി മാറ്റി എത്ര പവൻ എന്നു എഴുതിവയ്ക്കുന്നുണ്ട്. അങ്ങനെ പലയിടത്തും പരോക്ഷമായ രേഖകൾ വരെയുണ്ട്. ഭാര്യയും ഭർത്താവും തമ്മിൽ തെറ്റി കേസ്സായാൽ, ഈ സ്ത്രീയെ സംരക്ഷിക്കാൻ ഈ ജാതിമതസമുദായ നേതാക്കളിൽ ഒട്ടുമിക്കവരും തന്നെ മുന്നോട്ടുവരാറില്ല. അവരുടെ സാക്ഷ്യത്തിനു വലിയ വിലയുണ്ട്. പക്ഷേ അവർ അങ്ങനെ നീതിയുടെ പക്ഷം പിടിച്ചു സാക്ഷ്യം പറയാൻ വരില്ല. അത്ര സ്ത്രീവിരുദ്ധ സമീപനമാണു ജാതിമത സമുദായാധികാരികളുടേത്.

ഇങ്ങനെ ഏതു മേഖലയിൽ ചെന്നാലും സ്ത്രീവിരുദ്ധ നിലപാട് അതിന്റെ ചൂണ്ടുപലകയായി കാണാം. അവിടെയാണ് ഒരു

ബദൽ വേണ്ടത്. അവിടെയാണ് ഇന്നു നിലനില്ക്കുന്ന ജാതിയെയും മതത്തെയും പുരുഷാധിഷ്ഠിത ദൈവത്തെയും സമുദായത്തെയും നീതിന്യായ വ്യവസ്ഥിതി പോലെ സമൂഹത്തിലെ വിവിധ മേഖലകളെയും നിഷേധിക്കാൻ നാം ബാദ്ധ്യസ്ഥരാകുന്നത്. അവിടെയാണ് നാം മറ്റൊന്നിനെ സ്വപ്നം കാണേണ്ടത് – സ്ത്രീസൗഹൃദമായ എല്ലാം പങ്കുവയ്ക്കുന്ന, മേൽകീഴ് അധികാരവ്യവസ്ഥയില്ലാത്ത മറ്റൊരു സമൂഹമാണ് നമ്മുടെ സ്വപ്നം. ഇവിടെ പാരസ്പര്യവും സംഘാത്മകതയും ജീവനാഡിയായി മാറുന്നു. ഫലമോ? ഒറ്റപ്പെടൽ അനുഭവം ഇല്ലാതാകുന്നു. കൂട്ടായ്മയുടെ മാധുര്യം അനുഭവവേദ്യമാകുന്നു.

## 3. സഭയുടെ വിവാഹ ഉടമ്പടി

എന്റെ ജ്യേഷ്ഠസഹോദരന്റെ മകളുടെ മകന്റെ വിവാഹം. 38 വർഷങ്ങൾക്കിടയിൽ നൂറുകണക്കിനു വിവാഹങ്ങൾക്കു കാർമ്മികനായി നിന്ന ഒരു വ്യക്തിയാണു ഞാൻ. പക്ഷേ, ഇന്ന് അതു വേണ്ടെന്നുവച്ച് അൽമായരുമൊത്തിരുന്നു കല്യാണത്തിൽ പങ്കെടുക്കാൻ തീരുമാനിച്ചു. കല്യാണചടങ്ങിനു മുമ്പ്, പള്ളിയിൽ അതിനുവേണ്ടിയുള്ള ഒരുക്കങ്ങളിൽ എത്രപേരാണു വ്യാപൃതരായിരിക്കുന്നത്. 5 വൈദികർക്കു കാർമ്മികത്വത്തിനു ഉപയോഗിക്കാനുള്ള പളുപളുപ്പൻ 'കോമാളി' ഡ്രസ്സുകൾ, പൂക്കളും തിരികളും മറ്റും കൊണ്ടു നിറച്ചിരിക്കുന്ന അൾത്താര, ഏതാണ്ടു അസ്വാരസ്യം ഉദിപ്പിക്കുന്ന വാദ്യമേളങ്ങളോടുകൂടിയ ഗാനാലാപനം, കുർബ്ബാനയുടെ മധ്യത്തിൽ വച്ചുള്ള ദീർഘനിര കാഴ്ചവയ്പ്പിനു വേണ്ടിയുള്ള നിരവധിയായ സാധനങ്ങളുടെ സമാഹരണം, വൈദികരുടെ 'വിശുദ്ധ' കർമ്മക്രിയകളിൽ സഹായിക്കാൻ പല പ്രത്യേക വേഷങ്ങളിട്ട ഒരു വ്യൂഹം ... ഇങ്ങനെ എത്രയെത്ര കാര്യങ്ങൾ. എല്ലാംകൂടി നോക്കുമ്പോൾ ഏതാണ്ടൊരു വലിയ മന്ത്രവാദ പ്രക്രിയ നടക്കുന്ന പ്രതീതി. കല്യാണക്കുർബ്ബാനയ്ക്കിടെ ബൈബിൾ ഭാഗം വായിച്ചിട്ട്, ഒരു വൈദികൻ ക്രൈസ്തവവിവാഹത്തിന്റെ സവിശേഷതയിലേയ്ക്കു വിരൽചൂണ്ടുന്ന, അല്പം കാവ്യഭാഷയിൽ മനഃപാഠമാക്കി അവതരിപ്പിക്കുന്ന രീതിയിലുള്ള പ്രസംഗത്തെ മാത്രം ഇവിടെ വിമർശനവിധേയമാക്കട്ടെ.

അദ്ദേഹത്തിന്റെ പ്രസംഗത്തിന്റെ രത്നച്ചുരുക്കം. ഈ കുർബ്ബാനയ്ക്കു മുമ്പ് പരസ്പരം ബന്ധമില്ലാത്ത രണ്ടു വ്യക്തികൾ - ജാക്സണും ക്രിസ്റ്റിയും - തമ്മിൽ കുർബ്ബാന കഴിയുമ്പോൾ മരണത്തിനു മാത്രം വേർപെടുത്താൻ സാധിക്കുന്ന അഗാധമായ ഒരു ബന്ധം ഇവിടെ സ്ഥാപിതമാവുകയാണ്. കാരണം വിവാ

ഹത്തിന്റെ കാർമ്മികൻ ദൈവമാണ്. ദൈവം നേരിട്ടു വിവാഹത്തെ ആശീർവദിക്കുന്നു.

എങ്ങനെയാണ് ഈ നേരിട്ടുള്ള ആശീർവാദമെന്നു അദ്ദേഹം ഇങ്ങനെ വിശദീകരിച്ചു. ദൈവം മാത്രമുണ്ടായിരുന്ന ഒരു കാലം. ഒറ്റ വാക്ക് 'ഉണ്ടാകട്ടെ.' ഇത്ര മനോഹരവും ഹൃദയഹാരിയുമായ ലോകമുണ്ടായി. അവസാനം അതിന്റെയെല്ലാം മകുടമായി തന്റെ സ്വന്തം ഛായയിൽ മനുഷ്യനെ സൃഷ്ടിച്ചു. എല്ലാം അവനെ ഏല്പിച്ചു. സന്ധ്യയ്ക്കു ദൈവം നടക്കാനിറങ്ങിയപ്പോൾ കണ്ട കാഴ്ച ദൈവത്തെ അസ്വസ്ഥനാക്കി. എന്താണു കാഴ്ച? മനുഷ്യൻ അസംതൃപ്തൻ. അവന് ഇണയില്ല. ഏകാന്തത അനുഭവിക്കുന്നു. അവനു ഒരു സഖിയെ കൊടുത്തു. പരസ്പരം സ്നേഹിച്ചു ജീവിക്കാൻ. അങ്ങനെ ആദ്യത്തെ കല്യാണം.

ഈ കുർബ്ബാനയിൽ ദൈവം ഈ വിവാഹം ഇവിടെ ആവർത്തിക്കുകയാണ്. അതുകൊണ്ടാണു ക്രിസ്തീയ വിവാഹത്തിനു മൂന്നുപേർ വേണം എന്ന് ആർച്ച് ബിഷപ്പ് ഫുൾട്ടൻ ജെ. ഷീൻ പറഞ്ഞത്. കാനായിലെ കല്യാണത്തെ യേശു വിശുദ്ധീകരിച്ചു. വിവാഹത്തിൽ ഭാര്യാഭർത്താക്കന്മാരുടെ സ്നേഹത്തിന്റെ മാതൃക യേശുവിനു സഭയോടുള്ള സ്നേഹം പോലെയാണ്. ആ സ്നേഹം നിസ്വാർത്ഥവും ആത്മാർത്ഥവും മരണം വേർപെടുത്തും വരെയുമുള്ളതാണ്. അങ്ങനെ വിവാഹം ഒരു ദൈവവിളിയാണ്. ഈ രീതിയിൽ വിവാഹത്തെ ഒരു സ്വർല്ലോകമയമാക്കിയ സംസാരമായിരുന്നു അവിടെ നടന്നത്. തുടർന്നു ബൈബിളിലെ പൗലോസ് അപ്പസ്തോലന്റെ ലേഖനത്തെ ഉദ്ധരിച്ചുകൊണ്ട്, ഭർത്താവ് ഭാര്യയെ സംരക്ഷിക്കണമെന്നും ഭാര്യ ഭർത്താവിനെ ബഹുമാനിച്ചു അനുസരിച്ചു കീഴ്പ്പെട്ടു ജീവിക്കണം എന്നും ആഹ്വാനം ചെയ്തു പ്രസംഗം അവസാനിപ്പിച്ചു.

വിവാഹം കഴിഞ്ഞു ആളുകൾ പരസ്പരം കുശലം പറഞ്ഞു തീർത്തും സ്വതന്ത്രമായി നിന്നപ്പോൾ, വിവിധ മേഖലകളിൽ പ്രവർത്തിക്കുന്ന ഇരുപതോളം വ്യക്തികളോടു 'ഇന്നത്തെ പ്രസംഗം എങ്ങനെയിരുന്നു' എന്നു ഞാൻ ചോദിച്ചു. അവരെല്ലാവരും പറഞ്ഞത് ഏതാണ്ടിങ്ങനെ. അച്ചൻ കൂടുതലും മനഃപാഠം പഠിച്ചുകൊണ്ടുള്ള വാചകക്കസർത്തായിരുന്നു. പറഞ്ഞ

അദ്ദേഹത്തിനു പോലും അതിൽ വിശ്വാസമില്ലെന്നു വ്യക്തം. വിദ്യാഭ്യാസമില്ലാത്ത ഒരു ക്രിസ്ത്യാനി പോലും ഇന്നു സൃഷ്ടിയുടെ കഥ വിശ്വസിക്കുന്നില്ല. അഭ്യസ്തവിദ്യർ പരിണാമത്തെ സ്വീകരിക്കുന്നുണ്ടു താനും. വെറുതെ വിവാഹത്തിൽ ദൈവത്തെ പിടിച്ചുകൊണ്ടുവന്നു ഇങ്ങനെയൊക്കെ പറയേണ്ടതു അവരുടെ വൈദികചുമതല. അതു ആരും തന്നെ ഗൗരവമായി എടുക്കേണ്ടതില്ല എന്നു അവരുടെ തന്നെ മറ്റു ഭാവങ്ങളിൽ വ്യക്തം. മാത്രമല്ല, നമ്മളാരും ഇതിനെ ആ രീതിയിൽ ഗൗരവത്തോടെ എടുക്കുന്നവരും അല്ലല്ലോ. ഇങ്ങനെ പോയി അഭിപ്രായങ്ങൾ. പക്ഷേ ഒരാൾ ഇങ്ങനെ പറഞ്ഞു: 'എന്തൊരു മനുഷ്യനാണ് അദ്ദേഹം? ഏതാണ്ട് ആയിരത്തോളം ആളുകൾ അദ്ദേഹത്തെ ശ്രവിക്കുന്നു എന്ന ഒറ്റക്കാരണം കൊണ്ടു തന്നെ വിവാഹത്തിന്റെ അന്തഃസത്തയെ സ്പർശിച്ചുകൊണ്ട് നല്ലൊരു സന്ദേശം തരാമായിരുന്നല്ലോ. ഇല്ലാത്ത കാര്യത്തെ ഏച്ചുവയ്ക്കാൻ എന്തൊരു സാമർത്ഥ്യം! യേശുപഠനത്തിനു വിരുദ്ധമായിട്ടല്ലേ, ഭാര്യ ഭർത്താവിനു വിധേയപ്പെട്ടു, ശുശ്രൂഷ ചെയ്തു ജീവിക്കണമെന്നു പറഞ്ഞത്. എല്ലാവരും ദൈവമക്കളാണെങ്കിൽ, സഹോദരീസഹോദരരെങ്കിൽ, വിധേയത്വമല്ല സഹകരണവും കൂട്ടായ്മയുമാണ് വേണ്ടത്.' അദ്ദേഹത്തിന്റെ വാക്കുകളിൽ അമർഷവും വേദനയും നിറഞ്ഞുനിന്നു.

ഈ അനുഭവം വിവാഹത്തെപ്പറ്റി അല്പം കൂടി ഗൗരവമായി ചിന്തിക്കാൻ അവസരമൊരുക്കി. ഇന്നു വിവാഹിതരായവരിൽ വധുവും കുടുംബവും ഇപ്പോൾ അമേരിക്കയിലാണ്. അമേരിക്കൻ പൗരരാണ്. ജോലിയും അവിടെ. വരന്റെ ബന്ധുക്കളും അമേരിക്കയിൽ. ആ സാഹചര്യത്തിൽ ആഗോളവത്ക്കരണത്തിന്റെ പശ്ചാത്തലത്തിൽ വിവാഹത്തെ ഒന്നു വിലയിരുത്തുന്നതു നല്ലതാണെന്നു കരുതുന്നു.

വിവാഹത്തെ ഇന്നു ഒരു ഉടമ്പടി അഥവാ കരാറായാണു പൊതുവേ കണക്കാക്കുന്നത്. കരാർ എന്നു പറയുമ്പോൾ വ്യവസ്ഥയുണ്ട്. ആഗോളവത്ക്കരണ കമ്പോളത്തിലും ഉടമ്പടിയും വ്യവസ്ഥകളുമാണുള്ളത്. അതിന്റെ അടിസ്ഥാനം ലാഭമാണ്. ഒരാൾക്കു ലാഭമാകുമ്പോൾ മറ്റേയാൾക്ക് നഷ്ടമാകുന്നു എന്നതു

പച്ചയായ യാഥാർത്ഥ്യമാണെങ്കിലും, ആഗോളവത്ക്കരണ ത്തിന്റെ ആധാരം ലാഭം എന്നാണ് വയ്പ്. ഇവിടെ നടക്കുന്ന പ്രക്രിയയോ കണക്കുകൂട്ടലും കുറയ്ക്കലും ഗുണിക്കലും ഹരി ക്കലുമാണ്. ഈ രീതിയിലൂടെയാണ് ഈ ഉടമ്പടി നിലനിർത്തു ന്നത്, ഇതിന്റെ വിജയപരാജയം വിലയിരുത്തുന്നത്.

കാര്യം അല്പം കൂടി വ്യക്തമാക്കാം. ഒരു പുരുഷനും സ്ത്രീയും വിവാഹത്തിലൂടെ പരസ്പരം ബന്ധപ്പെടുന്നു. വിശ്വ പ്രസിദ്ധനായ ശ്രീ. മുഹമ്മദ് ബഷീർ ഒന്നും ഒന്നും ഇമ്മിണി വലിയ ഒന്ന് എന്നു പറഞ്ഞതിനെ എടുത്തുകാട്ടി ഈ ബന്ധം വിശദീകരിക്കുന്നവരെ കേട്ടിട്ടുണ്ട്. ഏതായാലും നാലു രീതി യിലാകാം ഈ ബന്ധം - 1+1 = 2, 1-1 = 0, 1 x 1 = 1, 1/1 = 1. ഇ ങ്ങനെ ബന്ധത്തെയും കാണാൻ പറ്റും. സ്ത്രീപുരുഷ ഇടപെട ലിലൂടെ ബന്ധം ഇരട്ടിക്കുന്നു. അതിനെ ഹരിക്കാം, കുറയ്ക്കാം, ഗുണിക്കാം. ഇവിടെയെല്ലാം 'കണക്കാ'ണു വിജയപരാജയ ത്തിന്റെ ആധാരം.

മറ്റൊരു ബന്ധസാദ്ധ്യതയില്ലേ എന്നതിലേക്കാണ് എന്റെ അന്വേഷണം നീങ്ങുന്നത്. സ്ത്രീപുരുഷ ബന്ധം കണക്കുകൾക്ക് അപ്പുറമാണ് എന്ന വ്യക്തതയിലാണ് ഈ അന്വേഷണം. സ്ത്രീയെയും പുരുഷനെയും അവരവരുടെ സ്വന്തം തനിമയിലും വ്യക്തിത്വത്തിലും നിലനിർത്തിയിട്ട്, ആഴത്തിലുള്ള ബന്ധം സാധ്യമല്ലേ? നമുക്കു നേരത്തെ കാട്ടിയ കണക്കിലേക്ക് തന്നെ വന്നിട്ട് മറ്റൊരു ഫോർമുല കൂടി ഉണ്ടാക്കാം. ഒന്നും ഒന്നും അവ യുടെ തനിമയിൽ നിർത്തിയിട്ട് ബന്ധപ്പെടാം. എന്താണു ഫലം? ഒന്ന് ഒന്ന്. അതായത് പതിനൊന്ന്. കൂട്ടുന്നതിനേക്കാളും ഗുണി ക്കുന്നതിനേക്കാളും ഒക്കെ വലിയൊരു സംഖ്യയാണു ഫലം. ഇതു പോലെ സ്ത്രീയും പുരുഷനും കണക്കില്ലാതെ, രണ്ടുപേരും പര സ്പരം മനസ്സിലാക്കി, രണ്ടു വ്യക്തിത്വങ്ങളെയും സ്വീകരിച്ചു, ഒന്നി ച്ചുനീങ്ങിയാൽ, അവരുടെ ജീവിതവിജയത്തിന്റെ വലിപ്പത്തിനു അതിരുകളുണ്ടാകില്ല.

ഇതു മനസ്സിലാക്കാൻ ഈ കണക്ക് 3-4 അക്കങ്ങൾ ഉപയോ ഗിച്ചു നോക്കാം.

| | | | |
|---|---|---|---|
| 1+1= 2 | 2+2 = 4 | 5+5 = 10 | 100+100 = 200 |
| 1-1 = 0 | 2-2 = 0 | 5-5 = 0 | 100-100 = 0 |
| 1 x1 = 1 | 2 x2 = 4 | 5 x5 = 25 | 100 x100 = 10,000 |
| 1/1 = 1 | 2/2 = 1 | 5/5 = 1 | 100/100 = 1 |
| 11 | 22 | 55 | 100100 |

നോക്കണം ബന്ധത്തിൽ കുറയ്ക്കൽ അപകടം തന്നെ; ഹരിക്കലും ക്ഷീണം തന്നെ. കൂട്ടുന്നതു കൊള്ളാം. ഗുണിക്കുന്നത് ഏറെ കൊള്ളാം. പക്ഷേ ഒപ്പം നടന്നുനീങ്ങുന്ന ബന്ധത്തിന്റെ വളർച്ച വളരെ വലുതാണ് - ഏതാണ്ട് 10 ഇരട്ടി വരെ. ബന്ധത്തിനു കണക്കില്ല; എങ്കിലും കാര്യം മനസ്സിലാക്കാൻ ഈ കണക്ക് ഉപകരിക്കുമെന്നാണ് എന്റെ ചിന്ത.

ചുരുക്കത്തിൽ സ്ത്രീപുരുഷബന്ധത്തെപ്പറ്റി പുരോഹിതഗണം വരച്ചുകാട്ടുന്ന ചിത്രം തീർത്തും അപര്യാപ്തവും അശാസ്ത്രീയവുമാണ്. മറ്റൊരു വീക്ഷണകോണിലൂടെയാണ് ഈ ബന്ധത്തെ കാണേണ്ടത്. ഈ ബന്ധത്തിൽ രണ്ടു വ്യക്തികൾ അവരവരുടെ തനിമയും സ്വാതന്ത്ര്യവും കാത്തുസൂക്ഷിച്ചുകൊണ്ടുതന്നെ പരസ്പരം അലിഞ്ഞുചേരുന്ന മനോഹര അനുഭൂതിയാണു ഉണ്ടാവുക. ഇവിടെ ബന്ധം ഉടമ്പടിയല്ല. അതിനപ്പുറം പരസ്പരം അംഗീകരിച്ചും ആദരിച്ചും, വ്യക്തിസ്വാതന്ത്ര്യത്തെ മാനിച്ചും, സഹവർത്തിത്തത്തോടെ ഒന്നിച്ചു നടന്നു നീങ്ങുന്ന ജീവിതമാണത്.

# 4. ദൈവസങ്കല്പം - ഒരന്വേഷണം

'പെരുവട്ടന്മാരുടെ സുവിശേഷം' എന്ന എന്റെ പുസ്തകം വായിച്ചിട്ടു കിട്ടിയ ഫോൺവിളിയിൽ ഒന്നു ഏതാണ്ടിങ്ങനെയായിരുന്നു. 'പുസ്തകം രണ്ടാവർത്തി വായിച്ചു. പലരും പറയാത്തതും എഴുതാത്തതും എന്നു മാത്രമല്ല, പറയുന്നതിൽ വ്യക്തതയും ബോധ്യവുമുണ്ട്. പറയാൻ വേണ്ടി പറയുന്നതല്ല. അതുകൊണ്ടുതന്നെയാണു പുസ്തകം രണ്ടാമതും വായിച്ചത്. അതിലുള്ളതു എല്ലാം എനിക്ക് ഉൾക്കൊള്ളാൻ ഇപ്പോൾ പറ്റുന്നില്ല. പക്ഷേ ഇന്നു വരെ ഉണ്ടായിരുന്ന എന്റെ വിശ്വാസങ്ങളെ ചോദ്യം ചെയ്യാൻ ഈ വായന സഹായകമായി. എങ്കിലും എനിക്കു പലതും സംസാരിക്കാനുണ്ട്.'

വിളിച്ചതിനു നന്ദി പറഞ്ഞു. ഒപ്പം അത്ര ഹൃദയം തുറന്നു സംസാരിച്ചതിൽ അഭിമാനം തോന്നിയിട്ടു നമുക്കൊത്തിരിക്കാം എന്നു ഞാൻ പറഞ്ഞപ്പോൾ സന്തോഷത്തോടെ അദ്ദേഹം ജനജാഗൃതിയിൽ വന്നു. അതു സുതാര്യമായൊരു ഹൃദയം തുറക്കലായിരുന്നു. പല കാര്യങ്ങളിലേയ്ക്കു ഞങ്ങളുടെ ചർച്ച പോയെങ്കിലും ദൈവത്തെപ്പറ്റിയുള്ള പരമ്പരാഗത സങ്കല്പത്തെ സ്പർശിച്ചുകൊണ്ടുള്ളതായിരുന്നു മുഖ്യ പ്രതിപാദനം.

അദ്ദേഹത്തിന്റെ അടിസ്ഥാനവിശ്വാസം ഒരു ക്രൈസ്തവദൈവത്തിലാണ്, മൂന്നു വ്യക്തിത്വങ്ങളുള്ള ത്രിത്വം. അനുദിനജീവിതത്തിൽ തന്റെ ആവശ്യങ്ങൾ ഉണർത്തേണ്ടത് അദ്ദേഹത്തോടാണ്; ഈ ദൈവം തന്റെ പ്രാർത്ഥന കേട്ടു അനുഗ്രഹവർഷം നടത്തും.

ഇവയോടുള്ള എന്റെ സമീപനം ഏതാണ്ടിങ്ങനെയായിരുന്നു. ദൈവം ഉണ്ടോ ഇല്ലയോ എന്നു എനിക്കു വ്യക്തമായ തെളിവില്ല. 'ഉണ്ടായിരിക്കാം, ഇല്ലായിരിക്കാം, കണ്ടിട്ടുള്ളവരില്ലല്ലോ' എന്നാണല്ലോ കവി പാടുന്നത്. ഇല്ലെങ്കിൽ, ഈ പെടാപാടുകളൊക്കെ വ്യർത്ഥം. ഉണ്ടെങ്കിൽ, ദൈവം ആരായിരിക്കണം അല്ലെങ്കിൽ കുറഞ്ഞപക്ഷം ആരായിരിക്കരുത് എന്നെങ്കിലും നമുക്കു പറയാൻ

പറ്റണം. അതു പരമ്പരാഗതമായി മാതാപിതാക്കളും ബന്ധുക്കളും മത-പുരോഹിതഗണവും പറഞ്ഞുതന്നു പരുവപ്പെടുത്തിയതു ഏറ്റു പറച്ചിലല്ല. മറിച്ച്, യുക്തിസഹമായി പറയാൻ പറ്റണം എന്നു ഞാൻ തറപ്പിച്ചു പറഞ്ഞപ്പോൾ, അങ്ങനെയങ്ങു പാരമ്പര്യവിശ്വാസങ്ങളെ പിച്ചിച്ചീന്തിക്കളയാൻ പറ്റുമോ എന്നായി. അതിനു നേരിട്ടുള്ള മറു പടിയാകാതെ, അദ്ദേഹം ദൈവത്തെപ്പറ്റി നേരത്തേ പറഞ്ഞ നാലു കാര്യങ്ങളിലേക്ക് ഓരോന്നായി ഞാൻ സംസാരിച്ചുതുടങ്ങി. അദ്ദേ ഹത്തിന്റെ ഇടപെടലിൽ ആത്മാർത്ഥതയും അറിയാനുള്ള കൊതിയും/തൃഷ്ണയും സത്യം കണ്ടെത്തിയാൽ ജീവിതത്തിൽ മാറ്റം വരുത്തണമെന്നു നിശ്ചയദാർഢ്യവുമൊക്കെ കണ്ടപ്പോൾ, ആ 'പഴയ' ക്രൈസ്തവ ദൈവവിശ്വാസിയിലുണ്ടായിരുന്ന നേരു ഹൃദയത്തെ ഞാൻ കണ്ടു.

അദ്ദേഹം ഊന്നിയുന്നി പറഞ്ഞതു തന്റെ വിശ്വാസം ക്രൈസ്തവ ദൈവത്തിലാണ് - പഴയനിയമത്തിലെ യഹോവ യിലൂടെ ക്രിസ്തുവിൽ എത്തി; സഭയോ ഈ യേശുവിന്റെ ചരി ത്രത്തിലെ പ്രകാശനവും. അവിടെ ഞങ്ങൾ വിശ്വസാഹോദര്യ ത്തെപ്പറ്റി സംസാരിച്ചു. ജാതി-മത-വംശ-വർണ്ണ-വർഗ്ഗ വ്യത്യാ സങ്ങളില്ലാതെ മനുഷ്യരെല്ലാവരും സഹോദരങ്ങളാണ്. ഇന്നു സമൂഹത്തിൽ നടക്കുന്ന ജാതിവിവേചനവും വിവിധ വംശീയ തയുടെ പേരിലുള്ള കടന്നുകയറ്റങ്ങളും എല്ലാംകൊണ്ടും അപ ലപനീയമെന്നും അദ്ദേഹം നൂറു ശതമാനവും അംഗീകരിച്ചു. ചുരുക്കത്തിൽ വിശ്വസാഹോദര്യത്തിന്റെ വിവിധ വശങ്ങളി ലേയ്ക്കു ഞങ്ങളുടെ ചർച്ച നീണ്ടു. ഭംഗ്യന്തരേണ ഞങ്ങൾ പറ ഞ്ഞുവച്ചു. ഇന്ത്യൻ ഭരണഘടനയുടെ അടിസ്ഥാനതത്ത്വങ്ങൾ മതേതരത്വം, നീതി, സമത്വം, സാഹോദര്യം ആണെന്നു അതിന്റെ പ്രിയാമ്പിളിൽ പറയുന്നു. അങ്ങനെ എല്ലാ മനുഷ്യരും സഹോ ദരരാണെങ്കിൽ, ഒരു ദൈവമുണ്ടെങ്കിൽ ആ ദൈവം എല്ലാ മനു ഷ്യരുടെയും ദൈവമാകണമല്ലോ; അപ്പോൾ ആ 'ക്രൈസ്തവ' ദൈവത്തിലുള്ള വിശ്വാസത്തിനു എന്തോ കാതലായ യുക്തി രാഹിത്യമില്ലേ എന്ന ചിന്തയിൽ ഞങ്ങൾ വന്നെത്തി. ആ ചിന്ത എല്ലാവരെയും സഹോദരരായി കാണാൻ സഹായകമല്ല; അതു കൊണ്ടുതന്നെ 'ക്രൈസ്തവ' എന്ന വിശേഷണം ദൈവത്തിനു ഭൂഷണമല്ല; അതു യഥാർത്ഥ ദൈവത്തെ തീർത്തും സങ്കുചിത

മായി കണ്ടു അപമാനിക്കുകയാണ് ചെയ്യുന്നത്. എന്തോ ഒരു വെള്ളിവെളിച്ചം പോലെ തന്റെ ദൈവസങ്കല്പത്തിൽ മാറ്റുമുണ്ടായി എന്നാണദ്ദേഹം പറഞ്ഞത്.

ത്രീയേക ദൈവം - ഒരു ദൈവത്തിൽ മൂന്നു വ്യക്തിത്വങ്ങൾ. ഇതും ക്രൈസ്തവവിശ്വാസത്തിന്റെ കാതൽ ആണെന്നാണു വിശ്വാസം. 'ക്രൈസ്തവ' ദൈവത്തിന്റെ അസാംഗത്യം വ്യക്തമായതോടെ ദൈവത്തിലെ മൂന്നു വ്യക്തിത്വങ്ങളുടെ വിശ്വാസത്തിലുള്ള ധാർഷ്ട്യം കുറഞ്ഞതുപോലെ. എങ്കിലും ഞങ്ങൾ ചർച്ച തുടർന്നു. മൂന്നു വ്യക്തിത്വങ്ങൾ എന്നു പറയുമ്പോൾ ദൈവസങ്കല്പം തന്നെ എന്തുമാത്രം മനുഷ്യനിർമ്മിതമാകുന്നു എന്നതു ശ്രദ്ധേയമാണ്. ഒരു വംശീയ ദൈവത്തിനപ്പുറം മനുഷ്യകേന്ദ്രീകൃത ദൈവസങ്കല്പമാണ് ഇവിടെ കാണുന്നത്. അല്പം കൂടി ലളിതമായി പറഞ്ഞാൽ ദൈവം ഒരു മനുഷ്യൻ തന്നെ; 'ഏറ്റവും നല്ല' മനുഷ്യൻ, 'ഏറ്റവും ശക്തിയുള്ള' മനുഷ്യൻ, ഏറ്റവും 'സ്നേഹമുള്ള' മനുഷ്യൻ, 'ഏറ്റവും' എന്നു പറഞ്ഞു ഏതു ഗുണമേന്മയുള്ള വിശേഷണവും ചേർത്തുകൊണ്ടുള്ള മനുഷ്യനാണ് ദൈവം. ഇനി ഈ ദൈവത്തിന്റെ രഹസ്യാത്മകതയോ, ഈ ഏക ദൈവത്തിൽ മൂന്നു മനുഷ്യവ്യക്തിത്വങ്ങൾ - പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ് - ഒന്നിച്ചു കുടികൊള്ളുന്നു. അങ്ങനെ ദൈവം 'ഏറ്റവും ശ്രേഷ്ഠ മനുഷ്യൻ' എന്ന സങ്കല്പം തീർത്തും അർത്ഥശൂന്യവും/നിരർത്ഥകവും വികലവും ആണെന്നു ബോധ്യമായപ്പോൾ. അതിന്റെ സ്വാഭാവിക പരിണിതഫലമാണല്ലോ മൂന്നു മനുഷ്യവ്യക്തിത്വങ്ങളുടെ അസ്വീകാര്യതയും അസാധുത്വവും. ഈയൊരു ധാരണയിലേയ്ക്കു വളരെയേറെ ചർച്ച ചെയ്യാതെ ഞങ്ങൾ എത്തിയെങ്കിലും, അദ്ദേഹം പിന്നെ എന്നോടു പറഞ്ഞത്, ഈ ചിന്ത ജീവിതത്തിന്റെ ഭാഗമാകാൻ കുറച്ചുനാളത്തെ ചിന്തയും അപഗ്രഥനവും ആവശ്യം വന്നു എന്നാണ്. പക്ഷേ അങ്ങനെ ദൈവത്തെപ്പറ്റി സ്വതന്ത്രമായൊരു ചിന്ത തന്നിൽ രൂപം കൊണ്ടപ്പോൾ ഉണ്ടായ ആനന്ദം നിസ്സീമമായ അനുഭവമായി നിലകൊള്ളുന്നു എന്നദ്ദേഹം സാക്ഷ്യം വഹിക്കുന്നു.

ദൈവസങ്കല്പത്തിൽ മാറ്റുമുണ്ടായത് നല്ലത്. പക്ഷേ മനുഷ്യൻ നിസഹായനാണ്. അവന്റെ ആവശ്യങ്ങൾ ഉണർത്തേണ്ടതു ദൈവത്തിന്റെ പക്കലാണ് എന്ന ചിന്ത രൂഢമൂലമാണ്. അതു തൂത്തുമാറ്റുക അത്ര എളുപ്പമല്ല എന്നെനിക്കനുഭവപ്പെട്ടു.

അല്പമൊക്കെ പഞ്ഞിട്ടു ഞങ്ങളുടെ സംസാരം മറ്റൊരു ദിവസത്തേക്കു മാറ്റി.

മറ്റൊരു ദിവസം എനിക്കു നല്ല പരിചയമുള്ള ഒരു അമ്മച്ചിയുടെ ജീവിതാനുഭവം കൊണ്ടു സംസാരം ആരംഭിച്ചു. ആ അമ്മച്ചി താമസിക്കുന്നത് ആറിന്റെ തീരത്താണ്. ആറിന്റെയും പാടങ്ങളുടെയും തീരത്തു നിന്നു മണ്ണെടുത്തു നികത്തിയ ബണ്ടിലാണ് അവരുടെ താമസം. തീറ്റയ്ക്കു പുല്ലുള്ള സ്ഥലത്തു കെട്ടിയിരുന്ന അവരുടെ പശുവിനെ അഴിച്ചുകൊണ്ടുവരാൻ ഈ അമ്മച്ചി ഒരുമ്പെട്ടു. കെട്ടഴിച്ചതും പശു വീട്ടിലേക്ക് ഓടി. അതിന്റെ കയർ അമ്മച്ചിയുടെ കാലിൽ ചുറ്റി. അവർ മറിഞ്ഞു വീണു. പശുവിന്റെ സ്പീഡനുസരിച്ചു അവർ തറയിലൂടെ ഉരുണ്ട് അവസാനം ആറ്റിൻതീരത്തുള്ള ഒരു മരത്തിന്റെ വേരിൽ കയറു ചുറ്റി. പശു അവിടെ നിന്നു. അവരുടെ കാൽ ഒടിഞ്ഞു. ഒപ്പം ഒത്തിരി മുറിവുകളും. കാൽ പിന്നീട് മുറിക്കേണ്ടിവന്നു. അവരുടെ സൗഖ്യമന്വേഷിക്കുവാൻ ചെന്നപ്പോൾ പറഞ്ഞത് ഇങ്ങനെയാണ്: “ദൈവസഹായം കൊണ്ടു രക്ഷപ്പെട്ടു. ഏതായാലും അത്രയുമല്ലേ വരുത്തിയുള്ളു. ആറ്റിൽ വീണിരുന്നെങ്കിൽ അപ്പോഴേ മരിച്ചേനേ!” വലിയ അപകടം ഉണ്ടാകാഞ്ഞതിൽ ആശ്വസിക്കുന്നതിൽ തെറ്റില്ല. പക്ഷേ ‘ദൈവം ഇത്രയുമല്ലേ വരുത്തിയുള്ളൂ’ എന്നു പറയുമ്പോൾ, നമ്മുടെ ദൈവസങ്കല്പം ചോദ്യച്ചിഹ്നമാകണം. ദൈവത്തിനു അമ്മച്ചിയെ പൂർണമായും രക്ഷിച്ചുകൂടായിരുന്നോ? കാൽ മുറിച്ചു പരസഹായം ഇല്ലാതെ ഒരു സ്ഥലത്തേക്കു പോകാനും മറ്റും സാധിക്കാത്തവിധം ദൈവം എന്തിനവരെ പീഡിപ്പിക്കുന്നു. എത്ര പേരെയാണ് ഇക്കാരണം കൊണ്ടു ബുദ്ധിമുട്ടിക്കേണ്ടിവന്നത്. അതിന്റെ തിക്തഫലം ഇപ്പോഴും അവരുടെ ബന്ധുക്കളും അനുഭവിക്കുന്നുണ്ടല്ലോ. ഇങ്ങനെ നമ്മുടെ വ്യക്തിപരവും സാമൂഹ്യവുമായ ജീവിതത്തിൽ എത്രയെത്ര നീറുന്ന അനുഭവങ്ങളാണ് നടക്കുന്നത്? അപകടങ്ങൾ, അത്യാഹിതങ്ങൾ, മരണങ്ങൾ, രോഗങ്ങൾ, യുദ്ധങ്ങൾ, കലാപങ്ങൾ ... ഇതു കാണുമ്പോൾ ഇവയൊക്കെ നിയന്ത്രിക്കുകയും പരിപാലിക്കുകയും ചെയ്യുന്ന ദൈവത്തെയോർത്തു നിരാശയും സഹതാപവുമാണുണ്ടാവുക. സുദീർഘമായ ഞങ്ങളുടെ ചർച്ചയിൽ ഉരുത്തിരിഞ്ഞ ഒരു കാര്യം ഇതാണ്. ജീവിതത്തിൽ

നടക്കുന്ന വ്യത്യസ്തമായ കാര്യങ്ങളിൽ വെറുതെ ദൈവത്തെ പിടിച്ചിടേണ്ട കാര്യമില്ല. അങ്ങനെ ചെയ്താൽ പ്രായോഗിക മായി കൂടുതൽ ബുദ്ധിമുട്ടേ ഉണ്ടാകൂ. ഒപ്പം, ദൈവത്തെ ഓർത്തു നിരാശയം.

മാത്രമല്ല, ഇങ്ങനെ പ്രാർത്ഥനയും നമ്മുടെ അഭ്യർത്ഥനകളും കേൾക്കുന്ന ദൈവസങ്കല്പം വലിയൊരു അപകടംപിടിച്ച ധാര ണയാണ് പകർന്നുതരുന്നത്. അതായത് ഈ ദൈവം എന്റെ പ്രാർത്ഥന കേൾക്കുക എന്നുവച്ചാൽ എന്റെ പക്ഷംപിടിക്കുക എന്നർത്ഥം. അതിന്റെ മറുവശമാണ് അനിവാര്യമായും മറ്റവന്റെ പക്ഷം പിടിക്കാതിരിക്കുക എന്നത്. ഇതു രണ്ടും ഒത്തുപോവു കയുമില്ല. രണ്ടുമൂന്ന് ഉദാഹരണങ്ങൾ കൊണ്ടു ഇതു വ്യക്തമാ ക്കാം. എനിക്കു മലമ്പനി, ഡങ്കുപ്പനി, മന്ത് തുടങ്ങിയവ വരാതി രിക്കാൻ കൊതുകടിയിൽ നിന്നും ദൈവം എന്നെ രക്ഷിക്കു മ്പോൾ, കൊതുകിന്റെ അവശ്യാഹാരമായ രക്തം ദൈവം അതിനു നിഷേധിക്കുകയാണ്. ഞാൻ കടലിൽ നീന്തിത്തിമിർക്കു മ്പോൾ തിമിംഗലം എന്നെ പിടിച്ചു തിന്നാഞ്ഞതിൽ ദൈവ ത്തിനു നന്ദി പറയുമ്പോൾ, തിമിംഗലത്തിനു അവശ്യംവേണ്ട ആഹാരം നിഷേധിക്കുന്നു എന്നതും ദൈവം തന്നെയല്ലേ? എന്റെ രാജ്യം യുദ്ധം ചെയ്തു അയൽരാജ്യത്തെ പരാജയപ്പെ ടുത്തുമ്പോൾ എന്റെ പക്ഷം/എന്റെ രാജ്യത്തിന്റെ പക്ഷം പിടി ക്കുന്ന ദൈവം അയൽരാജ്യത്തിന്റെ പക്ഷംപിടിക്കാൻ സാധി ക്കാതെ വിഷമിക്കാനല്ലേ പറ്റുകയുള്ളു. ഇങ്ങനെ ഒരുനിര ഉദാ ഹരണങ്ങൾ നിരത്തിവയ്ക്കാം. ഇവയൊക്കെ ബാലിശം എന്നു തോന്നിയേക്കാം. എങ്കിൽ നമ്മുടെ ആവശ്യങ്ങൾ ഉണർത്തു മ്പോൾ കേൾക്കുന്ന ദൈവസങ്കല്പം എത്ര ബാലിശം!!

അപ്പോൾ വേണ്ടത് ബുദ്ധിപൂർവ്വമുള്ള ഇടപെടൽ മാത്രം. നദി യിൽ തിമിംഗലമുണ്ടെങ്കിൽ ശ്രദ്ധയോടെ കുളിക്കാൻ നോക്ക ണം. മലേറിയ പരത്തുന്ന കൊതുക് ഉണ്ടെങ്കിൽ അതിന്റെ കടി കിട്ടാതെ മുന്നേറാൻ അവയെ നശിപ്പിക്കുകയോ അവയിൽ നിന്നു രക്ഷപ്പെടാനുള്ള മറ്റു മാർഗ്ഗങ്ങൾ സ്വീകരിക്കുകയോ വേണം. യുദ്ധം എല്ലാ രീതിയിലും ഭയാനകമാകയാൽ, എന്റെ രാജ്യത്തി ന്റെയോ അയൽരാജ്യത്തിന്റെയോ എന്നു നോക്കാതെ സമാധാ

നത്തിനു വേണ്ടി യത്നിക്കുകയാണു വേണ്ടത്. മറ്റൊരുവിധത്തിൽ പറഞ്ഞാൽ ഒരു സിംഹം എന്നെ ആക്രമിക്കുമ്പോൾ ദൈവം എന്റെ കൂടെയും സിംഹത്തിന്റെ കൂടെയുമുണ്ട്. എന്റെ പക്ഷം പിടിച്ചിട്ടു സിംഹത്തിനു എതിരാവില്ല ദൈവം. അപ്പോൾ അവിടെ വേണ്ടത് സിംഹത്തിന്റെ ആക്രമണത്തിൽ നിന്നു രക്ഷപ്പെടാൻ വേണ്ടത് ബുദ്ധിപൂർവ്വം ചെയ്യുകയാണ്. ചുരുക്കത്തിൽ ഓരോ നിമിഷത്തിലും ജീവിതത്തിന്റെ വ്യത്യസ്തമായ സാഹചര്യത്തിൽ ബുദ്ധിപൂർവ്വം ഇടപെട്ടു പ്രവർത്തിക്കുകയല്ലാതെ, വെറുതെ ദൈവത്തെ കൊണ്ടുവന്നിട്ടു ഒരു കാര്യവുമില്ല. ദൈവം എല്ലാവരുടെയും പക്ഷമാണ്; അതല്ലെങ്കിൽ ആരുടെയും പക്ഷമല്ല. ഇതാണു യാഥാർത്ഥ്യം.

ഇപ്പോൾ പറഞ്ഞുവച്ചതിന്റെ മറുവശമാണ് എന്റെ സുഹൃത്തു നാലാമതായി പറഞ്ഞുവച്ച 'ദൈവം തന്റെ പ്രാർത്ഥന കേട്ടു അനുഗ്രഹവർഷം നടത്തും' എന്ന പ്രസ്താവം. ദൈവം എന്നൊന്നുണ്ടെങ്കിൽ തന്റെ ഉത്തരവാദിത്തമാണ് എല്ലാത്തിന്റെ മേലും തന്റെ അനുഗ്രഹവർഷം ചൊരിയുക എന്നത്. എന്റെ മേൽ അനുഗ്രഹവർഷവും നിന്റെ മേൽ ശാപവർഷവും ദൈവത്തിനു ചൊരിയാൻ പറ്റുകയില്ല. അതുപോലെ ചിലർക്കു കൂടുതൽ അനുഗ്രഹവും മറ്റുചിലർക്കു പിശുക്കിയുള്ള അനുഗ്രഹവും നല്കാനും ദൈവത്തിനു പറ്റില്ല. അതായതു മനുഷ്യൻ യാചിക്കുമ്പോൾ അനുഗ്രഹം നൽകുന്നു എന്ന ദൈവസങ്കല്പം തീർത്തും യുക്തിസഹമല്ല. ഇങ്ങനെയൊരു ധാരണയിലാണ് ഞങ്ങൾ പിരിഞ്ഞത്. പലപ്പോഴും അദ്ദേഹം എന്നെ വിളിക്കാറുണ്ട്. ചർച്ച തുടരാറുണ്ട്. അതു അദ്ദേഹത്തിനു പുത്തൻ വെളിച്ചം കിട്ടുന്നു എന്നാണു പറയുന്നത്.

എന്നെ സംബന്ധിച്ചിടത്തോളും, ജീവിതത്തെ സഗൗരവം നോക്കിക്കാണാൻ താല്പര്യം കാണിച്ച ആ സുഹൃത്തിനെ ഓർത്തു അഭിമാനമേയുള്ളു. അദ്ദേഹം ഒരു സത്യാന്വേഷിയാണ്. സത്യം കണ്ടെത്താൻ വേണ്ടിയുള്ള തന്റെ ബോധപൂർവ്വവും ത്യാഗപൂർവ്വവുമായ അന്വേഷണം എനിക്കു പ്രചോദനമായി. സത്യത്തെ കണ്ടെത്താൻ കൊതിക്കുന്ന ആർക്കും അദ്ദേഹം ഉത്തേജനമാണ്.

## 5. എം. എ. ജോണുമായി ഒരു കൂടിക്കാഴ്ച

ഏഴാംക്ലാസ്സിലെ സാമൂഹ്യശാസ്ത്രം പാഠപുസ്തകത്തിലെ 'മതമില്ലാത്ത ജീവനി'ൽ ഉന്നയിക്കപ്പെടുന്ന പ്രശ്നം മിശ്രവിവാഹിതരായ അൻവർ റഷീദ്-ലക്ഷ്മിദേവി ദമ്പതികളുടെ മകനായ ജീവനെ സ്കൂളിൽ ചേർക്കുമ്പോൾ ജീവന്റെ മതവും ജാതിയും എന്താണെന്നു രേഖപ്പെടുത്തേണ്ടതുണ്ടോ എന്നതാണ്. ജീവൻ വളർന്നു പ്രായപൂർത്തിയാകുമ്പോൾ മതം വേണമെന്നു തോന്നിയാൽ അന്ന് അവൻ ഇഷ്ടമുള്ള മതം തെരഞ്ഞെടുക്കട്ടെ എന്നതാണു മാതാപിതാക്കളുടെ നിലപാട്. ഇതിന്റെ പേരിൽ നടന്ന കോലാഹലങ്ങളും സമരങ്ങളും അധ്യാപകന്റെ കൊലപാതകം വരെ എത്തി. ഈ പാഠത്തിൽ ദൈവനിരാസമോ നിരീശ്വരത്വമോ മതനിന്ദയോ ഒന്നുമില്ലെന്നു മാത്രമല്ല, ഇന്ത്യൻ ഭരണഘടനയുടെ ആന്തരീകശക്തിയായ മതനിരപേക്ഷതയെ മനോഹരമായി ഉയർത്തിക്കാട്ടുന്നുമുണ്ട്. ഏതു മതത്തിലും വിശ്വസിക്കാനും അതു പ്രചരിപ്പിക്കാനും ഒരു മതത്തിലും വിശ്വസിക്കാതിരിക്കാനും അതു പ്രചരിപ്പിക്കാനുമുള്ള പൂർണ്ണസ്വാതന്ത്ര്യം ഭരണഘടന നമുക്കു ഉറപ്പുനല്കുന്നുണ്ട്.

ഈ ആശയത്തെ ഉയർത്തിപ്പിടിച്ചുകൊണ്ടു മിശ്രവിവാഹസംഘം എറണാകുളം ജില്ലാക്കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ മിശ്രവിവാഹകുടുംബങ്ങളിലെ 'മതമില്ലാത്ത ജീവൻ സംഗമം' 2008 ആഗസ്റ്റ് 14 നു എറണാകുളം മേനക ജംഗ്ഷനിൽ വച്ചു നടന്നു. അവിടെ സംസാരിച്ചവരിൽ പ്രമുഖർ സർവ്വശ്രീ സനൽ ഇടമറുക് (മിശ്രവിവാഹസംഘം ദേശീയ രക്ഷാധികാരി), എം. എ. ജോൺ, സോളി ഇടമറുക് (സംസ്ഥാന പ്രസിഡന്റ് മിശ്രവിവാഹസംഘം) എന്നിവരായിരുന്നു. ആ യോഗത്തിൽ എന്റെ കൂട്ടുകാരി കൊച്ചുമോളും സംസാരിച്ചു. എന്റെ 'ഒതപ്പു നൽകുന്നവർ' എന്ന പുസ്തകത്തിന്റെ പ്രകാശനം ശ്രീമതി സോളി ഇടമ

റുകിനു നല്കിക്കൊണ്ടു ശ്രീ. എം. എ. ജോൺ നിർവഹിച്ചു. പുസ്തകത്തെ പരിചയപ്പെടുത്തി ഞാനും സംസാരിച്ചു. കേരള രാഷ്ട്രീയത്തിൽ അതിശക്തനായി നിറഞ്ഞുനിന്നിരുന്ന ശ്രീ. എം. എ. ജോണിനെ നേരിൽക്കണ്ടു ഇടപഴകാൻ കിട്ടിയ ആദ്യ അവസരമായിരുന്നു അത്. യോഗം തുടങ്ങാൻ താമസിച്ചതുകൊണ്ട് അദ്ദേഹവുമായി കുറച്ചേറെ സംസാരിക്കാനും ആശയങ്ങളും ഹൃദയവികാരങ്ങളും പരസ്പരം പങ്കുവയ്ക്കാനും സാധിച്ചു.

പാലാ രൂപതയിൽ മറ്റത്തിൽ ആഢ്യ-സമ്പന്ന കുടുംബം. പരമ്പരാഗത സുറിയാനി കത്തോലിക്കർ. ശ്രീ. എം. എ. ജോണിന്റെ അച്ഛൻ എബ്രഹാം. 120 ഏക്കറിൽ കൂടുതൽ നല്ല കൃഷിഭൂമിയുടെ ജന്മി. മദ്രാസ് ക്രിസ്ത്യൻ കോളേജിൽ നാലു വർഷം പഠിച്ച ബിരുദധാരി. കുറവിലങ്ങാട്ടു സ്കൂളിലെ പ്രഥമാധ്യാപകൻ. കൃഷിയിൽ നിന്നു നല്ല വരുമാനം കിട്ടിയിരുന്നു. എങ്കിലും 7 കിലോമീറ്റർ നടന്നു പോയി പഠിപ്പിക്കുന്നതു ജീവിതദൗത്യമായി കണ്ട മനുഷ്യൻ. യുക്തിചിന്തയോടെ കാര്യങ്ങൾ നോക്കിക്കാണുന്നവൻ. സഭയിലെ വൈദികരുടെ കാപട്യത്തെ വെറുത്തയാൾ. അച്ഛൻ മകനെ അടിച്ചിട്ടില്ല. ഒരിക്കൽ സിഎംഐ കൊവേന്തയിൽ പോയി അച്ചന്മാരെ കണ്ട ആനന്ദം വൈകിട്ടുള്ള അത്താഴസമയത്തു പങ്കുവച്ചപ്പോൾ, ആദ്യവും അവസാനവുമായി അച്ഛൻ മകനോടു കോപിച്ച കാര്യം ശ്രീ. എം. എ. ജോൺ ഇന്നും നല്ലതുപോലെ ഓർക്കുന്നു. അദ്ദേഹം 46 -ാമത്തെ വയസ്സിൽ (ജോണിനു 10 വയസ്സ്) ഹൃദയാഘാതം മൂലം മരിച്ചു.

അമ്മ അതിസമർത്ഥയായ സ്ത്രീയായിരുന്നു. കർശനക്കാരി. എല്ലാം നോക്കിക്കണ്ടു ചെയ്യുന്നവൾ. വളരെ കുറച്ചു സാധനങ്ങൾക്കു ഏറ്റവും രുചികരമായി പാചകം ചെയ്യുന്നവൾ. ഭർത്താവിന്റെ അകാലമൃത്യുവിൽ തളരാതെ എല്ലാ കാര്യങ്ങളും കൃത്യമായി നടത്തിയവൾ. നല്ല യുക്തിചിന്തയുള്ളവൾ. പക്ഷേ ഒരു കാര്യത്തിൽ മാത്രം യുക്തിയേയില്ലായിരുന്നു. പള്ളിയിലെ അച്ചൻ പറയുന്നതു നൂറു ശതമാനവും വേദവാക്യം. സഭയോടുള്ള വിധേയത്വമായിരുന്നു അവരുടെ സവിശേഷത. ഏഴു മക്കളെയും നല്ലതുപോലെ വളർത്തി. സഭയോടു ബന്ധപ്പെട്ടു കീഴ്വഴങ്ങി ജീവിക്കുന്നതാണവരുടെ മതം.

അമ്മ ജോണിന്റെ മാനസാന്തരത്തിനു വേണ്ടി മരണം വരെ പ്രാർത്ഥിച്ചു. ഏഴു മക്കളിൽ ദൈവവിശ്വാസമില്ലാത്ത സഭാവിമർശകൻ ജോൺ മാത്രം. ഇദ്ദേഹത്തിന്റെ ദൈവനിഷേധത്തെപ്പറ്റി അമ്മ പറയുന്ന രസകരമായ ഒരു കഥയുണ്ട്. രാത്രി കുഞ്ഞുങ്ങൾ ഭയപ്പെടാതെ, പിശാചിന്റെ പ്രലോഭനങ്ങളിൽ നിന്നു രക്ഷപ്പെടാൻ, കിടക്കുന്ന കട്ടിലിന്റെ നാലു മൂലയിലും കുരിശടയാളം വരയ്ക്കുക പതിവാണ്. അമ്മ അങ്ങനെ മറ്റു ആറു മക്കൾക്കും ചെയ്തു. ജോണിന്റെ കട്ടിലിന്റെ മൂലകളിൽ അമ്മ കുരിശുവരച്ചപ്പോൾ, ജോൺ കൈകൊണ്ടു മായിച്ചു കളഞ്ഞു. അമ്മ വീണ്ടും ചെയ്തു. ജോൺ വീണ്ടും മായിച്ചു കളഞ്ഞു. അമ്മക്കു ദേഷ്യം വന്നു. മകനെ തല്ലി. മകൻ വാവിട്ടു കരഞ്ഞു. അമ്മ നാലു മൂലയിലും കുരിശിട്ടുകൊണ്ടു പോയി. ഒളിഞ്ഞുനിന്നു അമ്മ മകനെ ശ്രദ്ധിച്ചു. അമ്മ പോയി എന്നുറപ്പുവരുത്തിയിട്ട് കരച്ചിൽ നിർത്തി വീണ്ടും കുരിശടയാളം മായിച്ചിട്ടാണ് കിടന്നുറങ്ങിയതെന്ന് അമ്മ ശ്രദ്ധിച്ചു എന്നാണു കഥ. തുടർന്നു അമ്മ: 'ചെറുപ്പത്തിലേ നീ ഈശ്വരനിഷേധിയാണ്. നിന്റെ മാനസാന്തരം കണ്ടേ മരിക്കൂ.' 86 -ാം വയസ്സിൽ അമ്മ മരിച്ചു. ഇപ്പോൾ 12 വർഷം കഴിഞ്ഞു. ജോൺ ഇന്നും ദൈവത്തിൽ വിശ്വസിക്കാതെ യുക്തിഭദ്രതയോടെ ജീവിക്കുന്നു.

യൂത്ത്കോൺഗ്രസ് അതിശക്തമായ പ്രസ്ഥാനമായിരുന്നു; അതിന്റെ തലപ്പത്തു ശ്രീ. എം. എ. ജോണും. അദ്ദേഹം ദൈവവിശ്വാസിയല്ലാതിരുന്നതുകൊണ്ടു തന്നോടു സഹകരിച്ച പലരും അങ്ങനെയായി. രാഷ്ട്രീയനേതാക്കളായ ഗാന്ധിജി, നെഹ്റു തുടങ്ങിയ വൻമരങ്ങൾ; അവർക്കു ജനം വലുതായിരുന്നു. ജോണും വീട്ടിലെ ധാരാളം പണം രാഷ്ട്രീയ പ്രവർത്തനത്തിനു ചെലവിട്ടു. വളരെ ലളിതജീവിതം; ആത്മാർത്ഥതയും സത്യസന്ധതയും സവിശേഷത. സേവനം, പ്രത്യേകിച്ചു സമൂഹത്തിൽ അവശത അനുഭവിക്കുന്ന ദലിതർക്കും ദരിദ്രർക്കും എന്നതു മുഖമുദ്രയായിരുന്നു. സ്വഭാവം ഇതായിരുന്നതിനാൽ ധാരാളം ജനം കൂടെയുണ്ടായിരുന്നെങ്കിലും, കോൺഗ്രസ് നേതൃത്വത്തെ ശക്തമായി വിമർശിച്ചതിനാൽ അവർ അദ്ദേഹത്തെ ഒറ്റപ്പെടുത്തി. പറയുന്നതു ചെയ്യാതെ കാപട്യം കാണിക്കുന്ന രാഷ്ട്രീയ നേതാക്കളോടു പുച്ഛമാണ്. രാഷ്ട്രീയത്തിൽ തിളങ്ങിനിന്നെ

ങ്കിലും എങ്ങും എത്തിയില്ല എന്ന തോന്നലുള്ളതായി അനുഭവപ്പെട്ടു. അതിന്റെ ഒരു അന്തർരേഖ എല്ലാം സംസാരത്തിന്റെയും പിന്നിൽ ഇല്ലേ എന്ന ചിന്തയും എന്നിലൂടെ കടന്നുപോയി.

ചെറുപ്പത്തിൽ കിട്ടിയ മതാനുഭവം വലുതാണ്. അമ്മ നിർബന്ധപൂർവ്വം പള്ളിയിൽ കൊണ്ടുപോകും. കുമ്പസാരിച്ചു കുർബ്ബാന സ്വീകരിപ്പിക്കും. കോട്ടയത്തു ബോർഡിംഗിൽ നിന്നു പഠിച്ചപ്പോൾ, ദിവസവും കുർബ്ബാന സ്വീകരിച്ചില്ലെങ്കിൽ അച്ചൻ അടിക്കുമായിരുന്നു. കുർബ്ബാന വെറും അപ്പമല്ല, യേശുവിന്റെ ശരീരമാണ് എന്നു അന്നു വിശ്വസിച്ചിരുന്നതുകൊണ്ട്, ഏതു ചെറിയ ലൈംഗികവികാരവും കുമ്പസാരിച്ചിട്ടേ കുർബ്ബാന സ്വീകരിക്കാൻ പറ്റുമായിരുന്നുള്ളു. മാത്രമല്ല, കന്യാസ്ത്രീകളും അച്ചന്മാരും പഠിപ്പിച്ചിരുന്നത് മൂത്രമൊഴിക്കുമ്പോൾ പോലും ലിംഗത്തിൽ തൊടുന്നത് പാപമാണ്, നരകത്തിൽ പോകും എന്നായിരുന്നു. ഭീതി ജനിപ്പിച്ചിരുന്ന പീഡനകാലം. ഇങ്ങനെയൊക്കെ സഭ പരുവപ്പെടുത്തിയിരുന്നെങ്കിലും, ഏതാണ്ടു പതിനാറാം വയസ്സായപ്പോഴേക്കും പള്ളിയുമായുള്ള എല്ലാ വിശ്വാസബന്ധങ്ങളും ഉപേക്ഷിച്ചു യുക്തിയുക്തം ജീവിതം മുന്നോട്ടുകൊണ്ടുപോയി. സഭയുമായി വലിയ സംഘട്ടനങ്ങൾ വരെയുണ്ടായി.

അമ്മയുടെ കർശന ഇടപെടലും നിർബന്ധവും ഉണ്ടായിരുന്നിട്ടും പതിനാറാം വയസ്സിൽ പള്ളിയിൽ പോക്കു നിറുത്തി. 20 വയസ്സായപ്പോഴേക്കും സഭയുമായുള്ള എല്ലാ ഇടപെടലും പൂർണ്ണമായും നിർത്തിവച്ചു യുക്തിചിന്തയിൽ വളർന്നു. പൊതുപ്രശ്നങ്ങളിലും രാഷ്ട്രീയത്തിലും സജീവമായി. ജനത്തിന്റെ പ്രശ്നത്തിൽ ഇടപെട്ടതിന്റെ ഫലമായി മറ്റൊന്നിനും നേരമില്ലാതായി. വിവാഹം കഴിക്കാതെ സാമൂഹ്യപ്രവർത്തനങ്ങളിൽ മുഴുകി? ഒരു വീടുവച്ചു ഒറ്റയ്ക്കു താമസമായി. വീടു പൊതു പ്രവർത്തനങ്ങളുടെ കേളീരംഗമായി. കേരളത്തിലെ പ്രമുഖ രാഷ്ട്രീയ നേതാക്കളൊക്കെത്തന്നെ വീട്ടിൽ വരുകയും താമസിക്കുകയും ചെയ്യുക പതിവായി. പരമ്പരാഗത സുറിയാനി ക്രിസ്ത്യാനികളുടെ കേന്ദ്രമായ കുരിയനാട്, നല്ല പേരും അംഗീകാരവുമുള്ള മറ്റത്തിൽ കുടുംബത്തിൽ ഒരു ദൈവനിഷേധിയും സഭാവിരോധിയും. വലിയൊരു വൈരുദ്ധ്യം. പക്ഷേ തന്റെ സത്യസന്ധവും ലാളിത്യവും ആത്മാർത്ഥതയുമുള്ള രാഷ്ട്രീയജീവിതം ജനത്തെ തന്നിലേയ്ക്കു അടുപ്പിച്ചു.

സാമൂഹ്യപ്രവർത്തനവും രാഷ്ട്രീയപ്രവർത്തനവുമായി ജീവിതം. സ്വന്തമായി വീടുവച്ചു മാറാൻ തീരുമാനിച്ചു. 10 ഏക്കർ സ്ഥലം. എവിടെ ആയിരിക്കണം വീട്. ആശാരി ഒരു സ്ഥാനം കണ്ടു. ജോൺ പറഞ്ഞു അവിടെയല്ല എന്റെ വീട് ഇവിടെയായിരിക്കും എന്നു പറഞ്ഞുകൊണ്ട് വീടുവച്ചു. അവിടെ ആരും വാഴില്ല എന്നായിരുന്നു ജനം. 12 വർഷം ഒറ്റയ്ക്കവിടെ താമിസിച്ചു. പിന്നെ 42 -ാം വയസ്സിൽ പള്ളിയിൽ പോകാത്ത, ദൈവവിശ്വാസമില്ലാത്ത, തന്നോടു താല്പര്യമുള്ള ലൂസിയുമായി, സിവിൽ മാര്യേജ് ആക്ടനുസരിച്ചുള്ള വിവാഹതീരുമാനമായി. പള്ളിയിൽ വച്ചായിരിക്കില്ല, രജിസ്റ്റർ വിവാഹമായിരിക്കും നടത്തുക എന്നും അതു തന്റെ വീട്ടുമുറ്റത്തുവച്ചു തന്നെ ആയിരിക്കുമെന്നും പ്രഖ്യാപിച്ചു. ധാരാളം അച്ചന്മാരും കന്യാസ്ത്രീകളും ഉപദേശിച്ചു: 'ജോൺ വിശ്വസിക്കണ്ട. പള്ളിയിൽ വന്നു വിവാഹത്തിനു ഒന്നു നിന്നാൽ മതി. ഏതായാലും ലൂസിയും സുറിയാനി കത്തോലിക്ക. രണ്ടുപേരുടെയും മതം ഒന്ന്. പിന്നെ എങ്ങനെയും ജീവിച്ചോളൂ.' അതിനു ജോണിന്റെ മറുപടി: 'എന്റെ വിവാഹത്തിനു ഇനി ഒരു മാസം. ഈ സമയം കൊണ്ടു കാര്യങ്ങൾ യുക്തിസഹമായി പറഞ്ഞുതന്നു എന്നെ വിശ്വാസിയാക്കുക. പള്ളിയിൽ വച്ചു കല്യാണം നടത്താം. ഇന്നു ഞാൻ വിശ്വാസിയല്ല. നിങ്ങൾ പറയുന്ന ഒരു താല്പര്യത്തിനുവേണ്ടി കാപട്യം കാണിക്കാൻ ഞാൻ ഇഷ്ടപ്പെടുന്നില്ല. കാപട്യം എനിക്കു പറ്റില്ല.' അവർക്കതിനു മറുപടിയില്ലായിരുന്നു. കല്യാണത്തിനു സ്ഥലത്തുള്ള 900 ഓളം വരുന്ന എല്ലാ വീട്ടുകാരെയും (ജാതി-മത വ്യത്യാസമില്ലാതെ) ക്ഷണിച്ചു. പള്ളിയിലെ അരഡസൺ വൈദികർ വീടുവീടാന്തരം കയറി കല്യാണത്തിൽ സഹകരിക്കരുത് എന്നു പറഞ്ഞു പ്രചാരണം നടത്തി. കല്യാണം നടന്നു. 8 വീട്ടുകാരൊഴിച്ച് എല്ലാവരും അതിൽ സഹകരിച്ചു. പങ്കെടുക്കാതിരുന്നവരിൽ 4 പേർ രഹസ്യത്തിൽ വന്നു പറഞ്ഞു അച്ചന്മാർ വീട്ടിൽ വന്നു പറഞ്ഞതല്ലേ. മാത്രമല്ല, ഞങ്ങൾ കപ്യാർ പോലുള്ള പള്ളിജോലിക്കാർ. വലിയ വിപ്ലവമായിരുന്നു ആ കല്യാണം. അതു കഴിഞ്ഞു ഈ 30 വർഷത്തിൽ നൂറുകണക്കിനു മതേതര വിവാഹങ്ങൾ രജിസ്റ്റർ ചെയ്തതിനു ഈ വിവാഹം നിമിത്തമായി.

എ.കെ. ആന്റണിക്കും ഉമ്മൻചാണ്ടിക്കും വയലാർ രവിയ്ക്കും അദ്ദേഹത്തിന്റെ ജീവിതശൈലി ആവേശമായിരുന്നു.

കോൺഗ്രസ്സ് നേതൃത്വത്തിൽ കണ്ട അധികാരമോഹത്തെയും അഴിമതിയെയും പച്ചയ്ക്കെതിർത്തു. അങ്ങനെ കോൺഗ്രസ്സും യൂത്ത്കോൺഗ്രസ്സും ഏതാണ്ടു രണ്ടു തട്ടിലായി. അവിടെ തന്റെ കൂടെ നിന്നവർ തന്നെ കാലുവാരി, അധികാരസ്ഥാനങ്ങൾക്കായി. അങ്ങനെ തിളങ്ങിനിന്ന അദ്ദേഹത്തിന്റെ രാഷ്ട്രീയജീവിതത്തിനു മങ്ങലേറ്റു. രാഷ്ട്രീയത്തിൽ നിന്നും അല്പം ഒഴിഞ്ഞു നിന്നു. വീണ്ടും പലരുടേയും സമ്മർദ്ദം കാരണം രാഷ്ട്രീയത്തിൽ സജീവമായി. പക്ഷേ അതിലെ കാപട്യവും അധികാരഭ്രാന്തും മറ്റും കണ്ടുമടുത്തു. വീണ്ടും പിന്മാറി. പട്ടികജാതിക്കാരുടെ ഉദ്ധാരണം മുന്നിൽ കണ്ടു പരിവർത്തിത കോൺഗ്രസ്സിനു നേതൃത്വം കൊടുത്തു. അവിടെയും തൃപ്തി കണ്ടെത്തിയില്ല. പിന്നെ കെ. കരുണാകരന്റെ കൂടെ എൻ.സി.പി. യിൽ ചേർന്നു. വീണ്ടും യുഡിഎഫിലേയ്ക്കുള്ള അവരുടെ അവസരവാദപരമായ ചേക്കേറലിനോടുള്ള വിയോജിപ്പു പ്രകടമാക്കി അവിടെ നിന്നും പിന്മാറി. ഇപ്പോൾ പ്രത്യക്ഷമായ യാതൊരു രാഷ്ട്രീയ പാർട്ടിയിലുമില്ല. എങ്കിലും ജനങ്ങളുടെ ഏതു പ്രശ്നങ്ങളിലും ഇടപെട്ടു ജീവിക്കുന്നു.

അദ്ദേഹത്തിന്റെ വീട്ടിൽ ചെന്നപ്പോൾ ഏറ്റവും ആകർഷകമായി തോന്നിയതു വളരെ വിപുലമായ പുസ്തകശേഖരമാണ്, ഏതാണ്ട് 30,000 പുസ്തകങ്ങൾ. ധാരാളം റഫറൻസ് പുസ്തകങ്ങൾ. മിക്ക വിഷയങ്ങളെപ്പറ്റിയും ആധികാരികമായ പുസ്തകങ്ങൾ തന്നെയുണ്ട്. വിശാലവും പരന്നതുമായ വായനാശീലമാണ് അദ്ദേഹത്തിനുണ്ടായിരുന്നത്. എന്നും രാവിലം 4 മണിക്ക് എഴുന്നേറ്റാൽ മുഖ്യ പ്രവൃത്തി വായനയാണ്. വീട്ടിലെ അമൂല്യ വസ്തു പുസ്തകങ്ങൾ തന്നെ.

ഇങ്ങനെ തന്റെ ജീവിതകഥ പറഞ്ഞതിനു ശേഷം നടന്നതു കൂടുതലും ചർച്ചയായിരുന്നു. ചുരുക്കം ചുവടെ ചേർക്കുന്നു.

1. മതവിശ്വാസവും ഈശ്വരവിശ്വാസവും രണ്ടാണ്. മതം ദൃശ്യമാണ്, യാഥാർത്ഥ്യമാണ്. ദൈവം അദൃശ്യവും സങ്കല്പവും. ഒരുദാഹരണം. നമ്മൾ സംസാരിച്ചുകൊണ്ടിരിക്കെ നമ്മുടെ മധ്യത്തിൽ ഒരു പേപ്പട്ടി വന്നു നില്ക്കുന്നു എന്നു സങ്കല്പിക്കാം. എന്നിട്ടും നമുക്കു സംസാരം തുടരാം. പക്ഷേ നമ്മുടെ മധ്യ

ത്തിലേയ്ക്ക് യഥാർത്ഥത്തിൽ ഒരു പേപ്പട്ടി വന്നാലോ. പ്രശ്ന മാകും. അതിനെ അടിച്ചു തുരത്തും. മതത്തെ ഈ രീതിയിൽ കണ്ടു തുരത്താവുന്നതാണ്. മതവിശ്വാസത്തെയും ഈശ്വരവി ശ്വാസത്തെയും വേർതിരിച്ചുകാണാതെ രണ്ടിനെയും ഒന്നിച്ചു എതിർക്കുന്നതാണ് പൊതുവേ യുക്തിവാദികൾക്കു പറ്റിയ അപ ചയം. രണ്ടിനെയും ഒന്നിച്ചെതിർത്താൽ ശുദ്ധാത്മാക്കൾ ശ്രദ്ധി ക്കുകയേയില്ല. ഇവനു എന്തോ മറ്റേ കുഴപ്പമുണ്ട് എന്നായിരിക്കും വിധിയെഴുതുക. ചെയ്യാൻ പറ്റുന്ന നന്മ പോലും ചെയ്യാൻ സാധി ക്കാതെയുംവരും.

മതത്തെ എതിർക്കണം, നിഷേധിക്കണം. മതനിരാസം അത്യാവശ്യമാണ്. ഒരു ശരാശരി മനുഷ്യനു ഇതു സാധ്യമാണു താനും. പക്ഷേ ദൈവവിശ്വാസം അങ്ങനെയല്ല. നിസ്വരായ മനു ഷ്യരുടെ പ്രശ്നങ്ങൾക്ക് ദൈവവിശ്വാസം എന്നും ഒരത്താണി യാണ്, ഒരാശ്വാസമാണ്. ഇതു വേണ്ടെന്നു പാവപ്പെട്ടവനെ ബോധ്യപ്പെടുത്തി പറഞ്ഞയയ്ക്കുമ്പോൾ എനിക്കു മറ്റൊന്നു ബദലായി കാട്ടിക്കൊടുക്കാനില്ല. അതേസമയം വിദ്യാഭ്യാസവും സമ്പത്തും ഉള്ള ഒരു വ്യക്തിക്കു ദൈവവിശ്വാസം വേണ്ട എന്നു ബോധ്യപ്പെടുത്തിക്കൊടുക്കുന്നതു നല്ലതാണ്. ഇതൊരു വളർച്ച യാണ്. മതനിരാസത്തിൽ നിന്നു സാവകാശം ഉരുത്തിരിയേണ്ട താണ് ദൈവനിഷേധം. ഇതു വിശദമായി ചർച്ച ചെയ്യേണ്ട ഒരു വിഷയമായി കൊച്ചുമോൾക്കും എനിക്കും തോന്നി.

2. സ്കൂളിലെ അസംബ്ലികൾ, പബ്ലിക് യോഗങ്ങൾ ഒക്കെ പൊതുവേ തുടങ്ങുന്നതു ഈശ്വരപ്രാർത്ഥനയോടെയാണ്. ഇതിനെ എതിർക്കുക തന്റെ സ്വഭാവമായിരുന്നു എന്നദ്ദേഹം വ്യക്തമാക്കി. സ്റ്റേജിൽ കയറിയിട്ടു, ഈശ്വരപ്രാർത്ഥന എന്നു പറഞ്ഞു എല്ലാവരും എഴുന്നേൽക്കാൻ പറയുമ്പോൾ, എഴുന്നേ ല്ക്കുകയില്ല. തന്റെ പ്രസംഗത്തിൽ താൻ ഈശ്വരവിശ്വാസിയ ല്ലാത്തതുകൊണ്ട് എഴുന്നേറ്റില്ല എന്നു പറയുകയും ചെയ്യും. അലോസരം ഉണ്ടാക്കണ്ടാ എന്നു കരുതി പലപ്പോഴും ഈശ്വര പ്രാർത്ഥന കഴിഞ്ഞേ സ്റ്റേജിൽ കയറാറുള്ളു. ഇതു ഒരു നിസാര കാര്യമായി ഞങ്ങൾ കരുതുന്നില്ല. ഇന്ത്യൻഭരണഘടന ഉറപ്പു നൽകുന്ന മതനിരപേക്ഷതയും ന്യൂനപക്ഷാവകാശ സംരക്ഷ

ണവും ഈശ്വരപ്രാർത്ഥനാ ശൈലിയെ ചോദ്യംചെയ്യുന്നതല്ലേ? ഭരണഘടനാവിരുദ്ധമല്ലേയിത്? നല്ലൊരു വക്കീലുമായി ചർച്ച ചെയ്തു ഒരു പൊതുതാല്പര്യഹർജി നല്കാൻ വകയില്ലേ ഇതിൽ? ഇതൊക്കെയാണ് കൊച്ചുമോളുടെയും എന്റെയും മനസ്സിൽ കടന്നുവന്ന ചിന്തകൾ.

3. പ്രകൃതി ആഹാരം ശരീരത്തിനും മനസ്സിനും വലിയ ഗുണം ചെയ്യും. പക്ഷേ മാംസം ഭക്ഷിച്ചു ശീലിച്ച വ്യക്തിക്കു പ്രകൃതിയാഹാരത്തോടു വെറുപ്പാണ്. കന്നുകാലി തിന്നുന്ന ഇലയും മറ്റും കഴിക്കുന്നു! മറിച്ചൊരു ചിന്ത. ഇലയും പുല്ലും കഴിക്കുന്ന കന്നുകാലികളെ തിന്നാം. ഏതായാലും പ്രകൃതിയുമായി ബന്ധപ്പെട്ടുള്ള പച്ചക്കറിയാഹാരമാണു എല്ലാംകൊണ്ടും ഉത്തമം. ബൈപാസ് സർജറിക്ക് ദിവസം നിശ്ചയിച്ചതാണ്. അപ്പോൾ വർമ്മാജിയുടെ നിർദ്ദേശപ്രകാരം പ്രകൃതിയാഹാരത്തിലേക്കു നീങ്ങി. ആറു മാസം കഴിഞ്ഞു മെഡിക്കൽ പരിശോധനയിൽ രോഗമില്ലെന്നു തെളിഞ്ഞു. ഇപ്പോൾ 20 വർഷങ്ങളായി പ്രകൃതിയാഹാരമാണ്. പച്ചക്കറികളും ഇലവർഗ്ഗങ്ങളും പഴവർഗ്ഗങ്ങളുമൊക്കെ. സ്വന്തം പറമ്പിൽ ജൈവവളം മാത്രം ഉപയോഗിച്ചു ചെയ്തവയാണ് ഉപയോഗിക്കുക. വെളിയിൽ പോകുമ്പോൾ, കൂടുതലും പഴവർഗ്ഗങ്ങൾ. ചായ കാപ്പി ചെറുപ്പത്തിലേ നിർത്തി. തുളസിവെള്ളമാണു 20 വർഷമായുള്ള പാനീയം. ഇപ്പോൾ വയസ് 73. ഒരു രോഗവുമില്ല. ക്ഷീണവുമില്ല. ആകെ 4 മണിക്കൂർ ഉറക്കം. ഉച്ചയ്ക്കു വിശ്രമമില്ല. രാവിലെ 4 മുതൽ രാത്രി 12 വരെ ഓരോ ജോലികളിൽ ഏർപ്പെട്ടു നീങ്ങുന്നു. ഒറ്റവാക്കിൽ പ്രകൃതിയാഹാരം എല്ലാംകൊണ്ടും ഉത്തമം.

4. ക്രൈസ്തവസഭയുടെ മനുഷ്യനെപ്പറ്റിയുള്ള പഠനങ്ങളുടെ അടിസ്ഥാനം എല്ലാവരും പാപികൾ എന്നതാണ്. അമ്മയുടെ ഉദരത്തിൽ ഭ്രൂജാതനാകുന്നതു തന്നെ പാപത്തിലൂടെ, ജനിക്കുന്നതു പാപത്തിൽ, ജീവിക്കുന്നതോ നിരന്തരം പാപം ചെയ്തുകൊണ്ട്, മരിക്കുന്നതു പാപിയായി, മരിച്ചുകഴിഞ്ഞു സ്വർഗ്ഗം കിട്ടണമെങ്കിൽ ജീവിതത്തിൽ ചെയ്ത പാപങ്ങൾക്കു പരിഹാരം ചെയ്യണം. മൃതനു സ്വയം പറ്റാത്തതുകൊണ്ടു മരിച്ചവർക്കായി മറ്റുള്ളവർ പ്രാർത്ഥിക്കണം. അതു എത്ര വർഷം പ്രാർത്ഥിച്ചാലും പാപം പൊറുത്തോ എന്നു വ്യക്തമല്ല. ചുരുക്കത്തിൽ മനുഷ്യനും

മനുഷ്യജീവിതവും മരണവും പാപപങ്കിലമാണ്. ചിന്തിക്കുന്ന ഒരു വ്യക്തിക്കു ഈ ചിന്ത എന്തുമാത്രം കഠിനപീഡയാണ് പ്രദാനം ചെയ്യുന്നത്.

5. പാപിയായ മനുഷ്യന്റെ യഥാർത്ഥ പാപം എന്ത് എന്ന ചോദ്യത്തിനു മിക്കവരുടെയും അഭിപ്രായം ലൈംഗികവേഴ്ച യാണ് എന്നതാണ്. ആകെയുള്ള ശരിയായ പാപം ലൈംഗിക തയാണ്. അപരന്റെ വസ്തുവിന്റെ അതിരുകല്ലു മാറ്റി സ്വന്തമാക്കുക, കള്ളസാക്ഷി പറയുക, വഞ്ചനയും വൈരാഗ്യവും വച്ചുപുലർത്തുക, കൊല്ലുക പോലും പാപമേയല്ല. സ്ത്രീയുടെ ലൈംഗികാവയവം തന്നെ മോശമാണ്. അതുകൊണ്ടല്ലേ യോനിയെ മൂത്ര മലദ്വാരങ്ങൾക്കു മധ്യേ പ്രതിഷ്ഠിച്ചിരിക്കുന്നത്. ഇതു അതിന്റെ മാലിന്യം എടുത്തുകാട്ടുന്നു എന്ന സംസാരവുമുണ്ട്. പക്ഷേ ശരീരശാസ്ത്രമനുസരിച്ചു ഏറ്റവും ബഹുമാനത്തോടെ സുരക്ഷിതത്വം കൊടുക്കുന്ന മാർഗ്ഗമായാണതിനെ കാണുക. ഏറ്റവും മഹത്തായ കാര്യത്തെ നീചമെന്നു ചിത്രീകരിച്ചു വിശ്വസിപ്പിക്കുക സഭയുടെ അപാര കഴിവാണ്. ഏദെൻതോട്ടത്തിലെ വിലക്കപ്പെട്ട കനി ലൈംഗികതയായിരുന്നുവെന്നും സഭ ചിത്രീകരിക്കാറുണ്ട്. ആ വിലക്കിനെ ലംഘിച്ചപ്പോഴാണു തിരിച്ചറിവും വിവേചന ബുദ്ധിയുമുണ്ടായതെന്നതു, അതിന്റെ ചിന്തിക്കേണ്ട മറ്റൊരു വശമാണ്. യേശുവിനു ധാരാളം സ്ത്രീസുഹൃത്തുക്കളുടെ സഹവാസമുണ്ടായിരുന്നെങ്കിലും യേശുവിന്റെ പഠനങ്ങളിലും ലൈംഗികത പാപമാണെന്ന ധ്വനി പ്രകടമാണ് - പാപിനി, വേശ്യാവൃത്തിയിൽ പിടിക്കപ്പെട്ടവൾ എന്നൊക്കെയുള്ള വിശേഷണങ്ങൾ. എങ്കിലും സമൂഹം മാറ്റിനിർത്തപ്പെട്ടവരെ അംഗീകരിച്ചു എന്നതു യേശുവിന്റെ വലിപ്പം തന്നെയാണ്.

വളരെ ആനന്ദകരമായി ഉല്ലസിച്ചു രസിച്ചു നടക്കേണ്ട കുട്ടിക്കാലത്തു തന്നെ, ഏതു പ്രവൃത്തിയിലും പാപക്കറ അടിച്ചേല്പിച്ച സഭയുടെ/മതത്തിന്റെ ഭീകരമായ ക്രൂരതയെ അവജ്ഞയോടും വെറുപ്പോടും കൂടി മാത്രമേ ഓർക്കാൻ പറ്റുകയുള്ളു എന്നദ്ദേഹം പറഞ്ഞപ്പോൾ അദ്ദേഹത്തിന്റെ മുഖത്തു കോപം ജ്വലിക്കുകയായിരുന്നു. മൂത്രമൊഴിക്കുമ്പോൾ പോലും അറിയാതെ ലിംഗത്തിൽ സ്പർശിച്ചാൽ നരകം കിട്ടുമെന്നു തന്റെ ഇളംമനസ്സിൽ പഠിപ്പിച്ചു പേടിപ്പിച്ച ചിത്രം ഇന്നും മായാതെ

നില്ക്കുന്നു. കുട്ടിത്തത്തിന്റെ ആനന്ദകാലം ഇത്രമാത്രം മാനസിക പീഡനകാലമാക്കിയ സഭയ്ക്കു ചരിത്രം മാപ്പു നൽകുകയില്ല. ഇങ്ങനെ പാപബോധത്തിൽ മനുഷ്യരെ വളർത്തുകയാണ് സഭാദൗത്യമെന്നു തോന്നുംവിധമാണു സഭയുടെ പഠനങ്ങളും ഇടപെടലുകളും.

6. ബുദ്ധിയും അദ്ധ്വാനവും സമന്വയിപ്പിക്കുന്ന ശാസ്ത്രീയ പ്രക്രിയയെ ഇത്ര സമർത്ഥമായി കൈകാര്യം ചെയ്യുന്നവർ മലയാളികളെപ്പോലെ മറ്റൊരു ജനമില്ല. ലോകത്തിന്റെ ഏതു രാജ്യത്തും ഏറ്റവും നല്ല ജോലി അതിസമർത്ഥമായി ചെയ്യുന്നവരിൽ മലയാളി കാണും. ഇങ്ങനെയുള്ള മലയാളിയെ നശിപ്പിക്കുന്നതിൽ മുഖ്യപങ്കുവഹിച്ചത്, മനുഷ്യരെ പാപബോധത്തിൽ നിന്തരം സജീവമായി നിലനിർത്തുന്ന സഭയും ജോലി ചെയ്യാതെ ജീവിക്കാൻ പഠിപ്പിച്ച കമ്മ്യൂണിസ്റ്റുകാരുമാണെന്നാണ് അദ്ദേഹത്തിന്റെ ഉറച്ച വിശ്വാസം. കമ്മ്യൂണിസ്റ്റുകാർ ആദർശം പറയുന്നെങ്കിലും പ്രായോഗികമായി അവർ അതിനൊത്തു ജീവിക്കുന്നില്ല. സഭയ്ക്കു പിന്നെ ആദർശം പോലുമില്ല, ഉപദേശങ്ങളാണ്, വെറും ധാർമ്മികാടിസ്ഥാനത്തിലുള്ള നിർജീവ ഉപദേശങ്ങൾ. 'നീ കുമ്പസാരിച്ചോ, കുർബ്ബാന സ്വീകരിച്ചോ, മറ്റെന്തെങ്കിലും ചെയ്തോ നീ പോയി രക്ഷപ്പെടുക,' അതാണു 'നിന്റെ' മിടുക്കും വലിപ്പവും. അങ്ങനെ തീർത്തും 'താൻ' കേന്ദ്രീകൃത(വ്യക്തികേന്ദ്രീകൃതമെന്നു പറഞ്ഞാൽ വ്യക്തിത്വമെന്ന മഹോന്നത ദർശനത്തോടുള്ള അവജ്ഞയായി കാണേണ്ടിവരുമെന്നു ഭയപ്പെടുന്നു) ആത്മീയതയും വിശുദ്ധിയും രക്ഷയുമാണ് സഭ പ്രചരിപ്പിച്ചത്.

7. ലൈംഗികത പരസ്പരസ്നേഹത്തിന്റെ പാരമ്യമാണ്. സ്നേഹമില്ലാത്തവർ രണ്ടുപേർ തമ്മിലുള്ള ലൈംഗികബന്ധത്തിൽ ചിലപ്പോൾ അല്പം രസം അനുഭവപ്പെട്ടേക്കാം. പക്ഷേ അതു സുഖകരമായ ഒരനുഭൂതിയാവുകയില്ല. പരസ്പരം പൂർണ്ണമായി കൊടുക്കുന്ന ഏറ്റവും മഹത്തായ, വളരെയേറെ സംതൃപ്തി നല്കുന്ന അനർഘ നിമിഷങ്ങളാണ്. പരസ്പരസ്നേഹത്തിന്റെ പാരമ്യത്തിൽ നടക്കുന്ന ലൈംഗികബന്ധങ്ങൾ സർഗ്ഗശേഷിയെ വളർത്തും. തന്റെ സ്വന്തം ജീവിതാനുഭവത്തിൽ നിന്നു തന്നെ ഇതദ്ദേഹം വ്യക്തമാക്കുകയായിരുന്നു. ഭാര്യയുമായുള്ള നല്ല ബന്ധം നടക്കുന്ന ദിവസം സർഗ്ഗശേഷിയുടെയും സംതൃപ്തിയുടെയും വിജയനേട്ടങ്ങളുടെയും ദിനമായിരിക്കും.

പക്ഷേ ക്രിസ്ത്യൻ സഭാപഠനം അതല്ലല്ലോ പ്രദാനം ചെയ്യുന്നത്. ലൈംഗികബന്ധം നിവൃത്തിയില്ലാത്തതുകൊണ്ടു ചെയ്തു പോകുന്ന ഒന്നായാണ് ക്രിസ്ത്യൻ പഠനം. ചെയ്യുന്നതു പാപമാണ്, മോശമാണ്. പക്ഷേ എന്തു ചെയ്യാൻ പറ്റും. മനസ്സു വേദനിച്ചുകൊണ്ട് അറപ്പോടെ സഹകരിക്കുന്ന അവസ്ഥയിൽ എല്ലാ സംതൃപ്തിയും ആനന്ദവും സർഗ്ഗശക്തിയും കെട്ടടങ്ങും, നശിക്കും. വേശ്യാവൃത്തിയിൽ കിട്ടുന്ന ആനന്ദമാണ് ഇതിൽ ഭേദമെന്നു തോന്നിപ്പോകും, ക്രിസ്ത്യൻ സമീപനം കണ്ടാൽ. പക്ഷേ യാഥാർത്ഥ്യം മറ്റൊന്നാണ്. മനുഷ്യന്റെ പൂർണ്ണ വളർച്ചയ്ക്കും ആരോഗ്യത്തിനും ആനന്ദകരമായ ലൈംഗികത അനിവാര്യ ഘടകമായി നിലകൊള്ളുന്നു.

8. ലൈംഗികതയെ മോശമായി ചിത്രീകരിക്കുകയും പാപപങ്കിലമായി സമീപിക്കുകയും ചെയ്യുന്നതിൽ ഏറ്റവും വലിയ പങ്കു വഹിച്ചതു സുറിയാനിക്രിസ്ത്യാനികളാണ്. ക്രൈസ്തവരാണ് പെൺകുട്ടികൾക്കും ആൺകുട്ടികൾക്കും വ്യത്യസ്ത സ്കൂളുകൾ സ്ഥാപിച്ചത്. ഒരാൺകുട്ടിയും ഒരു പെൺകുട്ടിയും കാണാനോ സംസാരിക്കാനോ അടുക്കാനോ അവസരം ഉണ്ടാക്കാൻ പാടില്ല എന്ന ചിന്ത ഇതിന്റെ പിന്നിലുണ്ട്. ഫലമോ? വളരുമ്പോൾ ഉത്തരവാദിത്വത്തോടെ യുവതീയുവാക്കൾക്കു സംസാരിക്കാനോ ഇടപഴകാനോ ഉള്ള മനോധൈര്യമില്ലാത്ത വികലമായ ലൈംഗികതയുടെ ഉടമകളായി മാറുന്നു. മാത്രമല്ല, പാപപരിഹാരത്തിനു കുമ്പസാരമുണ്ടല്ലോ. ഇതു പറഞ്ഞപ്പോൾ അദ്ദേഹത്തിന്റെ സംസാരത്തിനു ഒരു വൈദികനെന്ന നിലയിൽ എന്റെ കുമ്പസാരാനുഭവം ശരിവച്ചുകൊണ്ടു സാക്ഷ്യം നല്കി - പല വിവാഹിതരുടെയും കുമ്പസാര പാപങ്ങളിൽ ഒന്ന് അവരുടെ ജീവിതസഖിയുമായുള്ള ലൈംഗികബന്ധമായിരുന്നു എന്ന്.

ഇത്ര ഭയാനകമായ തിന്മയായി ഹിന്ദു-മുസ്ലീം മതങ്ങൾ ലൈംഗികതയെ കാണുന്നില്ല. പക്ഷേ ഈ കഴിഞ്ഞ കാലയളവിൽ ആ സമൂഹങ്ങളുടെ ഇടയിലും ലൈംഗികതയെ തിന്മയായി കാണുന്ന അവസ്ഥ സംജാതമാകുന്നതായി കാണുന്നു. ഇതിനു കാരണമെന്തെന്നുള്ള എന്റെ ചോദ്യത്തിനു ശ്രീ. എം.എ. ജോണിന്റെ മറുപടി ചരിത്രപരമായൊരു വിശകലനമായിരുന്നു.

കഴിഞ്ഞ 60 വർഷം കൊണ്ടുള്ള സുറിയാനിക്രിസ്ത്യാനികളുടെ വളർച്ചയ്ക്കു സീമയില്ല. അവർ കേരളത്തിന്റെ അങ്ങോളമിങ്ങോളം കയ്യേറിയ മലയോരഭൂമിക്കു കണക്കില്ല. ഇംഗ്ലണ്ട്, അമേരിക്ക, അറബ് രാജ്യങ്ങൾ, യൂറോപ്യൻരാജ്യങ്ങൾ - എന്നിവിടങ്ങളിൽ ജോലി നേടാത്ത കുടുംബങ്ങളില്ല. അവർ സാമ്പത്തികമായി വളരെയധികം വളർന്നു. സ്വാതന്ത്ര്യാനന്തരം വിദ്യാഭ്യാസരംഗത്തു അവർക്കുണ്ടായ കുതിച്ചുചാട്ടം വളരെ വലുതാണ്. ഉന്നതസ്ഥാനങ്ങളിലെ ഉദ്യോഗസ്ഥരുടെ എണ്ണം ശരിക്കും വർദ്ധിച്ചു. ബിസിനസ്സിൽ ആരെയും വെല്ലാൻ സാധിക്കുംവിധം വളർന്നു. മതസ്ഥാപനങ്ങൾ പെരുകി, മാത്സര്യമൂല്യങ്ങൾ ഉച്ചകോടിയിലായി. സാംസ്കാരികമേഖലയിലും അവരുടെ ആധിപത്യം സ്ഥാപിക്കുന്ന പ്രക്രിയയിലാണവർ.

ഒരു കൊച്ചു സമുദായത്തിന്റെ അഭൂതപൂർവ്വമായ വളർച്ചയുടെ മുന്നിൽ മറ്റു സമുദായങ്ങൾ അന്തംവിട്ടു നില്ക്കുകയാണ്. സുറിയാനിക്രിസ്ത്യാനികളുടെ ജീവിതവളർച്ച മറ്റുള്ളവർക്ക് ഒരു വെല്ലുവിളിയായി. അവരെ അനുഗമിക്കുക ഒരു ശൈലിയായി തുടങ്ങി. ഈ അനുകരണത്വരയിൽ സുറിയാനിക്രിസ്ത്യാനികളുടെ സാന്മാർഗ്ഗികബോധം ഏറ്റവും ധന്യമെന്നു കേരളസമൂഹം കണക്കാക്കുന്ന അവസ്ഥയായി. മറ്റൊരുവിധത്തിൽ പറഞ്ഞാൽ സുറിയാനി ക്രിസ്ത്യാനിയുടെ 'സന്യാസി' സാന്മാർഗ്ഗികതാബോധം കേരളത്തിന്റെ പൊതു സാന്മാർഗ്ഗിക അവബോധമായി രൂപാന്തരപ്പെടുകയാണു ചെയ്തത്. ഇവിടെ നഷ്ടപ്പെട്ടതു കേരളസമൂഹത്തിന്റെ അമൂല്യസമ്പത്തായിരുന്ന സ്നേഹം, സഹകരണം, കൂട്ടായ്മ, സഹിഷ്ണുത, പങ്കുവയ്ക്കൽ, പാരസ്പര്യം തുടങ്ങിയവയാണ്.

ഈ പ്രക്രിയ കേരളസമൂഹത്തിന്റെ ധാർമ്മികതയുടെ സീമകൾ ചുരുക്കി ഒരേയൊരു കാര്യത്തിൽ എത്തിച്ചു - സ്ത്രീയുടെ ചാരിത്ര്യത്തിൽ. തുടർന്നു സരസമായ ഒരു അഭിപ്രായം അദ്ദേഹം നടത്തി. കേരളത്തിലെ ഏതാണ്ടു ഒന്നരക്കോടിവരുന്ന പുരുഷന്മാരുടെ പകുതിസമയം അമ്മ-പെങ്ങന്മാരുടെ ചാരിത്ര്യം സംരക്ഷിക്കാനായി വിനിയോഗിക്കുന്നു. ബാക്കിയുള്ള പകുതിസമയം മറ്റു അമ്മ-പെങ്ങന്മാരുടെ ചാരിത്ര്യം പിടിച്ചെടുക്കാനും. ഇങ്ങനെ സമൂഹത്തെ അധഃപതിപ്പിച്ചതിൽ സുറിയാനിക്രിസ്ത്യാനികൾ വഹിച്ച പങ്ക് അപാരമാണ്.

9. തുടർന്നു ഞങ്ങൾ രണ്ടുപേരും വിയോജിച്ചേക്കാവുന്നതാണെങ്കിലും, തനിക്കു തികച്ചും ബോധ്യപ്പെട്ടതാണെന്നു പറഞ്ഞുകൊണ്ടു അദ്ദേഹം ഒരു കാര്യം വ്യക്തമാക്കി. കുറ്റബോധമില്ലാതെ മറ്റു പുരുഷന്മാരുമായി ബന്ധപ്പെടാൻ പറ്റുന്ന സ്ത്രീകൾ നല്ല ഭാര്യമാരായിരിക്കും. മക്കളെ നല്ലതുപോലെ വളർത്തുന്ന അമ്മമാരായിരിക്കും. കുടുംബങ്ങളെ ഉത്തരവാദിത്വത്തോടെ അന്വേഷിക്കുന്ന സ്ത്രീകളായിരിക്കും. കാമാർത്തിയോടെ ഓടിനടക്കുന്ന സ്ത്രീകളെപ്പറ്റിയല്ല താൻ സൂചിപ്പിക്കുന്നത്. മറിച്ച്, ഉഭയസമ്മതത്തോടെയുള്ള പരപുരുഷബന്ധത്തിൽ കുറ്റബോധമില്ലാത്ത സ്ത്രീകളെപ്പറ്റിയാണ് തന്റെ പരാമർശം എന്നദ്ദേഹം വ്യക്തമാക്കി. ഇവർക്കു ഭർത്താവിനു കരുത്തുപകരാൻ കഴിയും. അദ്ദേഹവുമായി മനസ്സുകൾ അലിഞ്ഞുചേർന്നു ശക്തിയും ജീവനും പകരാൻ സാധിക്കും. അങ്ങനെയുള്ള ലൈംഗികസംതൃപ്തിയിൽ സർവ്വ പേശികളുടെ സാകല്യ വളർച്ച സുനിശ്ചിതമാണ് എന്നാണദ്ദേഹം വിലയിരുത്തിയത്.

1975 ൽ അദ്ദേഹത്തിനുണ്ടായ ഒരനുഭവം പങ്കുവച്ചുകൊണ്ട് ഈ കുറിപ്പ് അവസാനിപ്പിക്കാം. എറണാകുളം അതിരൂപതയുടെ സഹായമെത്രാനും പുരോഗമന ചിന്താഗതിക്കാരനുമായ ബിഷപ്പ് സെബാസ്റ്റ്യൻ മങ്കുഴിക്കരിക്കും ഒപ്പം വൈദികർക്കും കന്യാസ്ത്രീകൾക്കും യുക്തിവാദത്തെപ്പറ്റി അറിയാൻ ആഗ്രഹം. ഏകദിന സെമിനാർ പ്ലാനിട്ടു. വിഷയാവതാരകൻ ശ്രീ. എം. എ. ജോണും. വിഷയം: 'എന്തുകൊണ്ടു ഞാനൊരു യുക്തിവാദിയായി?' ഒരു പറ്റം വൈദികരും പ്രമുഖ സ്ഥാപനങ്ങളിലെ മുഖ്യാധ്യാപികമാരും മേലധികാരികളുമായ കന്യാസ്ത്രീകളും കത്തോലിക്കാ അൽമായ നേതാക്കളും ബിഷപ്പു മങ്കുഴിക്കരിയുമാണ് പങ്കാളികൾ. 2 മണിയായി. എറണാകുളത്തു സിഎംഐക്കാരുടെ ചാവറ കുര്യാക്കോസ് സെന്ററിലെ ഹാൾ നിറഞ്ഞു. യോഗം ആരംഭിക്കുന്നതിനായി സംഘാടകൻ പ്രസംഗവേദിയിൽ എത്തിയിട്ടു പറഞ്ഞു 'നമുക്കു സെമിനാർ ആരംഭിക്കാം. ഈശ്വരപ്രാർത്ഥനയ്ക്കായി എല്ലാവരും എഴുന്നേൽക്കുക.' എല്ലാവരും എഴുന്നേറ്റു. ശ്രീ. എം.എ. ജോൺ തന്റെ ഇരിപ്പിടത്തിൽ നിന്നും എഴുന്നേറ്റില്ല. സംഘാടകർക്കും പങ്കാളികൾക്കും ബുദ്ധിമുട്ടായി. എങ്കിലും പ്രാർത്ഥന കഴിഞ്ഞു വിഷയാവതരണത്തിനായി അദ്ദേഹത്തെ

ക്ഷണിച്ചു. തന്റെ പ്രസംഗം ആരംഭിച്ചതു തന്നെ, ഈശ്വരനിൽ വിശ്വസിക്കാത്ത താൻ, ഈശ്വരപ്രാർത്ഥനയ്ക്കായി എഴുന്നേൽക്കുന്നത് യുക്തിക്കു നിരക്കുന്നതല്ല എന്നു വ്യക്തിമാക്കിയിട്ടാണ്. ബോധ്യപ്പെടുന്നതു പറയുക, പ്രവർത്തിക്കുക തന്റെ ജീവിതശൈലിയാണെന്നും വ്യക്തമാക്കി. തുടർന്നു ചരിത്രപരമായ വിശകലനത്തിലൂടെയും ബൈബിൾ ഉദ്ധരിച്ചുകൊണ്ടും യുക്തിവാദചിന്തയെ അദ്ദേഹം സമർത്ഥിച്ചു. നല്ലൊരുകൂട്ടം ബുദ്ധിജീവികൾ. എല്ലാം ശ്രദ്ധയോടെ കേൾക്കുന്ന അവരുടെ സമീപനം അദ്ദേഹത്തിന്റെ ആവേശമുണർത്തി. അതുകൊണ്ടുതന്നെ വളരെ വ്യക്തതയോടെ യുക്തിസഹമായി കാര്യങ്ങൾ അവതരിപ്പിച്ചു. ചോദ്യങ്ങൾ ഉണ്ടായി. അവയ്ക്കും യുക്തിഭദ്രമായ മറുപടികളും കൊടുത്തു. ബിഷപ്പും എതിർത്തൊന്നും സംസാരിച്ചില്ല. അതിലൂടെ ഒത്തിരി കൂട്ടുകാരെ കിട്ടി. സാർ പറഞ്ഞതിൽ വളരെ കാര്യമുണ്ട് എന്ന് പലരും പിന്നീട് പറഞ്ഞിട്ടുണ്ട്.

ഇങ്ങനെ എല്ലാംകൊണ്ടും ധന്യമായി ആ ദിവസത്തെ ഞാൻ കാണുന്നു. ഈ ബന്ധം തുടരണമെന്നും ജനജാഗൃതിയിൽ വരാമെന്നുമുള്ള ഹൃദയഭാഷയോടെയാണ് ഞങ്ങൾ പിരിഞ്ഞത്.

# 6. ക്രൈസ്തവസഭയുടെ ചാവുദോഷങ്ങൾ

സഭയുടേതു സാധുജനസേവനമാണെന്നതു തീർത്തും പൊള്ളയായ ഒരു മൂടുപടം മാത്രമാണെന്നു എത്ര ഉദാഹരണങ്ങൾ എടുത്തു പറഞ്ഞും വ്യക്തമാക്കാവുന്നതാണ്. സഭയുടെ നീക്കം സാമൂഹ്യനീതിക്കും സാമാന്യജനത്തിനും എതിരാണെന്നെന്നതിനു ഒരു ചെറിയ കണക്ക്.

ഇന്നു കേരളത്തിൽ എയിഡഡ് പ്രൈമറിയിലും ഹൈസ്കൂളുകളിലുമായ മൊത്തം 1,07,047 അധ്യാപകരുണ്ട്. എയ്ഡഡ് സ്കൂളുകളുടെ 80% വും സഭയുടെ അധീനതയിലാണ്. സർക്കാർ സ്കൂൾ അധ്യാപകരോ 56,059 ഉം. സർക്കാർ സംവരണം പാലിക്കുന്നു. തൽഫലമായി സർക്കാർ അധ്യാപകരിൽ 8.5% പട്ടികജാതിക്കാർക്കാണ്. അതായത് 4765 പേർ. വീണ്ടും ഒരു ശതമാനം പട്ടികവർഗ്ഗക്കാർക്കാണ്. അതായത് 560 പട്ടികവർഗ്ഗക്കാർ.

അതേസമയം എയിഡഡ് സ്കൂളുകലിലെ 1,07,047 അധ്യാപകരിൽ 8.5% പട്ടികജാതിക്കാരായി കിട്ടേണ്ടിയിരുന്നത് 9099 അധ്യാപകരാണ്. പക്ഷേ അധ്യാപകരായി നിയമിക്കപ്പെട്ടവരോ വെറും 298 പേർ മാത്രം. (അതായത്, 0.278%). അതുപോലെ പട്ടികവർഗ്ഗക്കാരായി നിയമിക്കേണ്ടിയിരുന്നത് 1070 പേരെയാണ്. എന്നാൽ യഥാർത്ഥത്തിൽ നിയമിക്കപ്പെട്ടവരോ വെറും 58 പേർ മാത്രം (അതായത്, ഒരു ശതമാനത്തിനു പകരം 0.184% മാത്രം).

ഈ യാഥാർത്ഥ്യം വ്യക്തമാക്കുന്നതു അടിസ്ഥാനപരമായി സഭ ആരോടൊപ്പം നില്ക്കുന്നു എന്നതാണ്. അവർക്ക് പട്ടികജാതി-പട്ടികവർഗ്ഗ ജനതയുടെ ഉന്നമനം ഒരു പ്രശ്നമേയല്ല. അവർക്കുവേണ്ടതു പണവും അധികാരവും അംഗീകാരവുമാണ്; സാമൂഹ്യനീതി നടപ്പാക്കപ്പെടണം എന്നതു അവരുടെ വ്യഗ്രതയിലോ അജണ്ടയിലോ വരുന്നില്ല. ഇത്ര പ്രകടമായ അനീതിക്കു

കൂട്ടുനിന്നുകൊണ്ട് സാധുജനസേവനത്തിനും സാമൂഹ്യനീതിക്കും വേണ്ടി നില്ക്കുന്നു എന്നു പറയുവാനുള്ള തൊലിക്കട്ടി അപാരം! ഇതു അക്ഷന്തവ്യമായ അപരാധമാണ്. പാപം എന്നൊന്നുണ്ടെങ്കിൽ, ഇതാണു യഥാർത്ഥ പാപം.

ക്രിസ്ത്യൻ കുട്ടികളെ ക്രിസ്ത്യൻ സ്കൂളുകളിലേയ്ക്ക് വിടണമെന്നു ആർച്ച് ബിഷപ്പ് ജോസഫ് പൗവ്വത്തിൽ പറഞ്ഞതിലുൾക്കൊള്ളുന്ന വർഗ്ഗീയവികാരത്തെപ്പറ്റി പലതലത്തിൽ പരാമർശിക്കപ്പെട്ടിട്ടുള്ളതാണല്ലോ. എന്നാൽ അതിലടങ്ങുന്ന മടയത്തത്തെ ആരും സ്പർശിച്ചതായി അറിവില്ല.

ഇന്ത്യയിൽ ആകെ 11,24,037 സ്കൂളുകളുണ്ട്. അവയിൽ ക്രിസ്ത്യൻ സ്കൂളുകൾ വെറും 13,004 എണ്ണം. അതായത് 1.5% മാത്രം. ഇനി ആകെയുള്ള കോളേജുകൾ 18,064%. ഇവയിൽ ക്രിസ്ത്യൻ 297; അതായത് 1.64%. വീണ്ടും 18,42,00,000 കുട്ടികളിൽ വെറും 69,05,556 അതായത് 3.7% കുട്ടികൾ മാത്രമാണ് ക്രിസ്ത്യൻ സ്കൂളുകളിൽ പഠിക്കുന്നത്. ആർച്ച്ബിഷപ്പിന്റെ അവകാശവാദം എത്ര ബാലിശം! എത്ര യേശുവിരുദ്ധം! മാത്രമല്ല, ജാതി-മത-വർണ്ണ-ഭാഷാ-ലിംഗ വിവേചനം പാടില്ല എന്നു ഇന്ത്യൻ ഭരണഘടന അനുശാസിക്കുന്നു. അതിനു വിപരീതമാണു ആർച്ച്ബിഷപ്പിന്റെ നിലപാട്. അങ്ങനെ രാജ്യനയത്തിനും താല്പര്യത്തിനും വിരുദ്ധമാണത്.

മതം സ്വകാര്യപ്രതിഭാസമാണെന്നും രാഷ്ട്രീയം പൊതുമണ്ഡല യാഥാർത്ഥ്യമാണെന്നുമുള്ള ദ്വന്ദ്വസമീപനമായാണ് ഇന്നു പൊതുവേ സ്വീകാര്യമായി എടുത്തുകാട്ടാറുള്ളത്. പക്ഷേ ഇവ രണ്ടും നിരന്തരം ഇടപെട്ടുകൊണ്ടിരിക്കുന്നു; അതിന്റേതായ വലിച്ചിൽ നിരന്തരം അനുഭവിച്ചുകൊണ്ടുമിരിക്കുന്നു. എന്റെ അടിസ്ഥാനചോദ്യം മനുഷ്യന്റെ മണ്ഡലമേതാണ് എന്നതാണ്. അവിടെയാണ് 7-ാം ക്ലാസ്സിലെ സാമൂഹ്യപാഠത്തിന്റെ 'മതമില്ലാത്ത ജീവന്റെ' പ്രസക്തിയും പ്രാധാന്യവും. മതത്തിനതീതമായ, മതനിരപേക്ഷമായ ഒരു സാംസ്കാരികമണ്ഡലമാണ് മനുഷ്യന്റേത്. ഈ വിശാലദർശനമാണു നമുക്കുണ്ടായിരിക്കേണ്ടത്.

കേരളത്തിലെ പ്രഥമ കത്തോലിക്കരായ കർദ്ദിനാൾ വർക്കി വിതയത്തിലും ആർച്ച്ബിഷപ്പ് ഡാനിയേൽ അച്ചാരുപറമ്പിലും

ആവർത്തിച്ചു വികാരതീവ്രതയോടെ പറയുന്ന ഒരു പ്രസ്താവ നയുണ്ട് "എന്തു വിലകൊടുത്തും ജീവൻ കൊടുത്തും വിശ്വാസം സംരക്ഷിക്കും." ജനം ഈ ആഹ്വാനത്തെ ഏറ്റുപിടിക്കുകയാണ്. ഞാൻ ചോദിക്കട്ടെ, കർദ്ദിനാളിന്റെ ഈ പ്രസ്താവനയും ശ്രീ. വാജ്പേയ് പ്രധാനമന്ത്രിയായിരുന്നപ്പോൾ ബിജെപിയുടെ നയമായി 'പരിഷ്കാർ, പുരസ്കാർ, തിരസ്കാർ' എന്ന പ്രഖ്യാപനവും തമ്മിൽ എന്തെങ്കിലും വ്യത്യാസമുണ്ടോ? ഉപദേശിക്കുക, പ്രീണിപ്പിക്കുക, അനുസരിക്കുന്നില്ലെങ്കിൽ പുറത്താക്കുക എന്നാണു ആന്ത രാർത്ഥം. രണ്ടിലും വർഗ്ഗീയതയുടെ കരാളത പ്രകടനം; തുല്യ അളവിൽത്തന്നെ.

മതം മനുഷ്യനെ വിഭജിക്കുന്നു, അടിമയാക്കുന്നു. എങ്കിലും നമുക്കു യഥാർത്ഥ മതവിശ്വാസിയെന്നും മൗലികതാവാദി യെന്നും ബൗദ്ധികമായി വ്യവച്ഛേദിച്ചു കണ്ടു ഈ പ്രതിഭാസത്തെ വിലയിരുത്താം. ഭൂരിപക്ഷമായാലും ന്യൂനപക്ഷമായാലും യഥാർത്ഥ മതവിശ്വാസിയുടെ അടിസ്ഥാനവിശ്വാസം ദൈവം അവനെ/അവളെ സംരക്ഷിക്കും എന്നതാണ്. പക്ഷേ ന്യൂനപ ക്ഷ-ഭൂരിപക്ഷ മൗലിക മതവിശ്വാസിയുടെ താല്പര്യവും ശ്രദ്ധയും മുഴുവൻ കേന്ദ്രീകരിക്കുന്നതു ദൈവത്തെ സംരക്ഷി ക്കാനാണ്. ഈ ദൈവത്തെ സംരക്ഷിക്കുന്ന പ്രക്രിയയിൽ മനു ഷ്യൻ എന്തു ക്രൂരതയ്ക്കും യുക്തിരാഹിത്യത്തിനും വിധേയ നാകുന്നു. ഈ ദൈവത്തെ സംരക്ഷിക്കാൻ മനുഷ്യനും അവന്റെ ആയുധങ്ങളും ആവശ്യമായി വരുന്നു.

'പട്ടിണി' എന്നു എത്ര പ്രാവശ്യം എടുത്തു പറഞ്ഞാലും, ആയിരം പ്രാവശ്യം ഇമ്പോസിഷൻ എഴുതിയാലും, അതു അനു ഭവവേദ്യമാവില്ല. പക്ഷേ യഥാർത്ഥത്തിൽ പട്ടിണി കിടക്കുമ്പോൾ ഉണ്ടാകുന്ന അനുഭവം ഒന്നു വേറെയാണ്. അതുപോലെ പട്ടി ണിക്കു ജാതിയോ മതമോ വിശ്വാസമോ എന്നൊന്നില്ല. ഏതു മതത്തിൽ വിശ്വസിക്കുന്നവനോ ഒരു മതത്തിലും വിശ്വസിക്കാ ത്തവനോ ആർക്കും പട്ടിണിയുടെ അനുഭവം ഒന്നാണ്. അതു പോലെ ആരുടെയും രക്തം, ഗ്രൂപ്പ് അനുഗുണമെങ്കിൽ ഉപയോ ഗിക്കാം. ആകാശവും വായുവും അഗ്നിയും ജലവും ഭൂമിയും വൃക്ഷലതാദികളും എവിടെയും എല്ലാം എല്ലാവർക്കും ഒരുപോ

ലെ. മാനവികതയുടെ ഏകോപനം ഇത്ര അഗാധമായിട്ടും, മതത്തിന്റെയും ജാതിയുടെയും പേരിൽ മനുഷ്യൻ ഭിന്നിക്കുന്നതു പോലെ ഇത്ര നീചമായ കാര്യം വേറെയുണ്ടോ? മതത്തിന്റെ പേരിൽ ശണ്ഠ കൂടുന്ന നമ്മെയോർത്തു പ്രകൃതി ലജ്ജിക്കുകയാണ്.

ഓരോ വ്യക്തിയുടെയും 'ദൈവ'ത്തിനു വ്യതിരിക്തതയുണ്ട്; ഓരോന്നും വ്യത്യസ്തമാണ്. കാരണം ദൈവം ഒരു സങ്കല്പമാണ്; ഓരോ വ്യക്തിയും തന്റെ ദൈവത്തെ എങ്ങനെ കാണുന്നോ അതേ ധാരണയാണ് ദൈവത്തിനുള്ളത്. അതുകൊണ്ടു അതിനെ മാറ്റിനിർത്തിയിട്ട് പ്രപഞ്ചത്തിന്റെ ദാനമായി കിട്ടിയ ജീവിതത്തിൽ ആരെയും ഒന്നിനെയും കഴിവതും ദ്രോഹിക്കാതെ, നന്മ ചെയ്തു വളരുകയാവണം നമ്മുടെ ജീവിതലക്ഷ്യം. വിവാഹം തന്നെ ഈ ആനന്ദകരമായ ജീവതത്തിനു ഒരു പങ്കാളിയെക്കൂടി കൂട്ടുന്നതാണ്. ഇത് ഒരു നിർജ്ജീവ ഉടമ്പടിയല്ല; പരസ്പരം മനസ്സിലാക്കി ഉൾക്കൊണ്ടു ശക്തിയുംജീവനും പരസ്പരം പകർന്നുജീവിക്കുന്ന ഒരനുഭവമാണത്.

ഈയൊരു കാഴ്ചപ്പാടിൽ പ്രാർത്ഥന ദൈവത്തോടുള്ള യാചനയല്ല; ദൈവത്തെ ഭയന്നുകൊണ്ടുള്ള നേർച്ചകാഴ്ചകളല്ല; യാത്രയിൽ അപകടത്തിൽ നിന്നും സംരക്ഷിക്കാനുള്ള അഭ്യർത്ഥനയല്ല, നന്മ ചെയ്തില്ലെങ്കിൽ, തിന്മ ചെയ്താൽ, നരകത്തിൽ കൊണ്ടുപോകാതിരിക്കാൻ കണ്ണീരോടെയുള്ള അപേക്ഷയുമല്ല. മറിച്ച്, പ്രാർത്ഥന ഒരാനന്ദാനുഭവമാണ് - മനുഷ്യനും മനുഷ്യനും തമ്മിലുള്ള കൂട്ടായ്മാനുഭവം. മറ്റുള്ളവരുടെ നന്മയിലുള്ള ആഹ്ലാദമാണത്.

കർക്കശവും ശുഷ്ക്കവുമായ ദൈവവിജ്ഞാനീയം എന്നതിനു അപ്പുറം, ചിരിക്കാനും രസിക്കാനും ആസ്വദിക്കാനും കെല്പു നല്കുന്ന ഒരനുഭവമാണത്. ഈ പ്രാർത്ഥനയിൽ ദൈവം അപ്രസക്തമാണ്. മനുഷ്യനും മനുഷ്യനും തമ്മിലുള്ള അലിഞ്ഞുചേരലാണത്. ജീവിതം ജീവയോഗ്യമാണെന്നും ആസ്വാദനാത്മകമാണെന്നുമുള്ള ബോധ്യത്തിൽ നിന്നുയരുന്ന അനുഭൂതിയാണത്.

അനീതിയുടെ വിവിധമേഖലകളിൽ - ദരിദ്രർ, ദലിതർ, ആദിവാസികൾ, സ്ത്രീകൾ, വികസനത്തിന്റെ പേരിൽ പുറന്തള്ള

പ്പെട്ടവർ, ഇവരൊക്കെത്തന്നെ നിശബ്ദരാക്കപ്പെട്ട ഭൂരിപക്ഷമാണ്. ഇന്നവർ നിശബ്ദരാണ്. പക്ഷേ വളരെ ന്യൂനപക്ഷം വരുന്ന ഫാസിസ്റ്റുശക്തികൾ, സമ്പന്നർ, കുത്തകകൾ - ഇവരൊക്കെ ബഹുഭൂരിപക്ഷത്തിനെ അടിച്ചൊതുക്കി നിശബ്ദരാക്കുന്നു. ബഹുഭൂരിപക്ഷം വരുന്നവരോ, അവരുടെ അപാരമായ ശക്തിയെപ്പറ്റി ബോധവാന്മാരാകാതെ നിസഹായരായി പ്രതികരിക്കുന്നില്ല. വേണ്ടതു ഇവർ സംസാരിച്ചുതുടങ്ങണം, പ്രതികരിക്കണം; സാവകാശം ഇതു ഗർജ്ജനമായി മാറണം. അത്തരം പ്രവർത്തനത്തിലൂടെ മാത്രമേ അനീതിയെ ചെറുത്തുകൊണ്ടുള്ള ഒരു ജനാധിപത്യ കൂട്ടായ്മയിലേ വളർന്നുപന്തലിക്കുകയുള്ളു.

## 7. മതത്തെ അതിജീവിക്കണം

ചെറിയൊരു സംഘം യുവാക്കളുമൊത്തു ഒരു സന്ധ്യ. സമകാലിന രാഷ്ട്രീയമായിരുന്നു ചർച്ച. കത്തോലിക്കാ ബിഷപ്പുമാരുടെ അവകാശവാദം അവരാണു വിശ്വാസത്തിന്റെ കുത്തക്കാരെന്നാണ്. അതുകൊണ്ടല്ലേ അവരുടെയെല്ലാം തലവൻ കർദ്ദിനാൾ വർക്കി വിതയത്തിൽ ഈയിടെയായി നല്ലൊരു ജനാവലിയെ അഭിസംബോധന ചെയ്യുമ്പോഴൊക്കെ ജീവൻ കൊടുത്തും വിശ്വാസം സംരക്ഷിക്കും എന്ന ഒരേയൊരു പല്ലവി തന്നെ ഉരുവിട്ടുകൊണ്ടിരിക്കുന്നത്.

ഈ നിരീക്ഷണത്തോടുള്ള പ്രതികരണമായി ഒരാൾ പറഞ്ഞു. ഇതു കേട്ടാൽ തോന്നും ഞങ്ങൾ കമ്മ്യൂണിസ്റ്റുകാരൊക്കെ മതത്തിനു എതിരാണെന്ന്. മാർക്സിസത്തിൽ മതത്തിനു ഒരു സ്ഥാനമുണ്ട്. മാർക്സിസം മതനിഷേധമല്ല. മതം മനുഷ്യനെ മയക്കുന്ന കറുപ്പാണെന്ന വാചകത്തിനു മുമ്പ് മതം വേദനിക്കുന്നവർക്കു ആശ്വാസമാണ്, ഹൃദയമില്ലാത്ത ലോകത്തു ഹൃദയമാണു മതം എന്നു പറഞ്ഞിട്ടുണ്ട്. സമാപിക്കുന്ന വാക്കു മാത്രം വേർതിരിച്ചെടുത്ത് പറയുന്ന രീതിയാണ് പൊതുവേയുള്ളത്. ഉള്ളവനും ഇല്ലാത്തവനുമുള്ള ലോകത്ത് അതും ബഹുഭൂരിപക്ഷവും ഇല്ലാത്തവരാകുന്നിടത്ത് യാതനയും കഷ്ടപ്പാടും അനിവാര്യമായിരിക്കും. അവിടെ മതം ആശ്വാസം നല്കുന്നുണ്ട്. അതുകൊണ്ട് മാർക്സിസ്റ്റുകാർ മതത്തിനെതിരല്ല.

ഇതിനോടു മറ്റൊരാൾ: ഈ പറയുന്നതിൽ അർത്ഥമുണ്ടെങ്കിലും ആത്യന്തികമായി മാർക്സിസം മതത്തിനു എതിരാണ്. ആത്യന്തികമായി വർഗ്ഗരഹിതസമൂഹമാണ് ലക്ഷ്യം. ഉള്ളവനും ഇല്ലാത്തവനും എന്നുള്ള വിഭജനമില്ലാത്ത ലോകം. എല്ലാം എല്ലാവരും പങ്കുവച്ചു സന്തോഷമായി കഴിയുന്ന കാലം. അവിടെ മതം ആശ്വസമായി വരേണ്ടതില്ല. മാത്രമല്ല മതം ഉന്നംവയ്ക്കു

ന്നതു ഈലോകജീവിതമല്ല, പരലോകജീവിതമാണ്. അപ്പോൾ മാർക്സിസത്തിന്റെ അടിസ്ഥാന കാഴ്ചപ്പാടു മതവിരുദ്ധമാണ്; മതനിരാസം അതിന്റെ അന്തഃസത്തയിലുണ്ട്. ഇന്നിപ്പോൾ മതം പ്രായോഗികമായി നൈമിഷിക ആശ്വാസം നല്കിയേക്കാം. ജീവിതബുദ്ധിമുട്ടിൽ കിടന്നു ഉലഞ്ഞു നിരാശനാകാതെ അല്പം മയക്കു മരുന്നു (കറുപ്പ്) കഴിക്കുമ്പോഴുള്ള സുഖം തോന്നിയേക്കാം. പക്ഷേ അന്തിമ വിശകലനത്തിൽ മതത്തെ സ്വീകരിക്കാൻ സാധ്യമല്ല.

രസകരമായ മറ്റൊരു നിരീക്ഷണമുണ്ടായി. യുക്തിവാദിക്കു വിശ്വാസിയും അവിശ്വാസിയും തമ്മിലുള്ള വൈരുദ്ധ്യമാണ് ഏറ്റവും പ്രധാനപ്പെട്ടത്. യുക്തിയുക്തം ചിന്തിച്ചു പ്രവർത്തിക്കുക. ഉത്തമമായ ജീവിതരീതി എന്നാണ് യുക്തിവാദിയുടെ വാദം. മതവിശ്വാസിയായിരിക്കുക അവരെ സംബന്ധിച്ചിടത്തോളം ശുദ്ധഭോഷ്കാണ്. അവർ എല്ലാ മതങ്ങളെയും മതവിശ്വാസത്തെയും എതിർക്കുന്നു. എന്നാൽ മാർക്സിസ്റ്റുകാർ മതത്തെ അങ്ങനെ കണ്ണടച്ചു എതിർക്കുന്നില്ല. അന്ധവിശ്വാസത്തെയും അനാചാരത്തെയും എതിർക്കുന്നു. ഇവിടെ ഉള്ളവനും ഇല്ലാത്തവനും തമ്മിലാണ് സമരം; വിശ്വാസിയും അവിശ്വാസിയും തമ്മിലല്ല.

അടുത്തയാൾ വിഷയത്തിന്റെ ആഴത്തിലേക്കു കടന്നുകൊണ്ടു ഫാസിസത്തിലേക്കും മതതീവ്രവാദത്തിലേക്കും ഞങ്ങളുടെ ശ്രദ്ധ ക്ഷണിച്ചു. മതത്തെ രാഷ്ട്രീയവത്ക്കരിച്ചതിന്റെ ഫലമായി വർഗ്ഗീയതയുടെ വിഷം തുപ്പുന്ന ഒന്നായി മാറിയിരിക്കുന്നു ഇന്നു മതങ്ങൾ. ഫാസിസത്തിനുള്ള മറുപടി ജനാധിപത്യമാണ്. ഇന്നു മതത്തിലുള്ളതു ഏകാധിപത്യമാണ്, ദൈവത്തിന്റെ നാമം പറഞ്ഞുകൊണ്ടുള്ള ദൈവ/ഏകാധിപത്യമാണ്. ഇവിടെ ഫാസിസം പെറ്റുവളരും; തീവ്രവാദം അതിന്റെ കൂടെപ്പിറപ്പും. ഒരു കാര്യം സത്യമാണ്. ഒരു ഉത്തമവിശ്വാസിക്കു ഒരു വർഗ്ഗീയവാദിയാകാൻ പറ്റില്ല. പക്ഷേ പ്രശ്നം ഇന്നത്തെ കലങ്ങി വിഷലിപ്തമായിരിക്കുന്ന സാമൂഹ്യ-രാഷ്ട്രീയ-മതാന്തരീക്ഷത്തിൽ എങ്ങനെ ഒരാൾക്കു 'ഉത്തമ' വിശ്വാസിയാകാൻ പറ്റും എന്നതാണ്. അവിടെയാണു മതത്തിനതീതമായി ചിന്തിക്കുകയും ജീവിക്കുകയും ചെയ്യേണ്ട പ്രസക്തി.

കേരളം ഭരിക്കുന്ന ഇടതുപക്ഷ മുന്നണിയോടു കടുത്ത അമർഷത്തോടെയാണല്ലോ കേരളത്തിലെ ക്രൈസ്തവസഭ, പ്രത്യേകിച്ചു കത്തോലിക്കാസഭ ഇടപെടുന്നത്. ഏതു വിധേനയും ഇവരെ താഴെയിറക്കേണ്ടതു ദൈവനിശ്ചയമെന്ന രീതിയിൽ ബിജെപിയുമായി പോലും കൂട്ടുചേരാൻ സന്നദ്ധത കാട്ടുന്നതായല്ലേ നാം കാണുന്നത്.

മറ്റൊരു സുഹൃത്തു സംസാരം തുടർന്നു. ഇന്നു ഇന്ത്യയുടെ പരമാധികാരം അടിയറവയ്ക്കുന്ന ആണവകരാർ ഒപ്പിടുന്നതിനുള്ള അടിയന്തിരശ്രമങ്ങൾ നടന്നുകൊണ്ടിരിക്കുന്ന ദിനങ്ങൾ. കേരളത്തിലെയോ ഇന്ത്യയിലെയോ ഒരു ബിഷപ്പും കർദ്ദിനാളും ഈ വലിയ അപകടത്തിനെതിരായി ഒരക്ഷരം ഇതുവരെ മിണ്ടിയിട്ടില്ലല്ലോ. അടിമവികാരത്തിന്റെ അടിമകളായി, അമേരിക്കയുടെ മുന്നിൽ ഓച്ഛാനിച്ചു നില്ക്കുന്ന മതമേലദ്ധ്യക്ഷന്മാർ ഏതു രാജ്യത്തിന്റെ താല്പര്യ സംരക്ഷകർ എന്നു സംശയിച്ചാൽ ആർക്കും കുറ്റം ചുമത്താനാവില്ല. 'മതമില്ലാത്ത ജീവൻ' എന്ന പാഠപുസ്തകത്തിന്റെ പുറത്തു ഇത്ര വലിയ കോലാഹലം ഉണ്ടാക്കിയ സഭയ്ക്കു ആണവകരാർ ഒരു പ്രശ്നവും ഉണ്ടാക്കുന്നില്ലല്ലോ. അങ്ങനെ മെത്രാന്മാർ-കോൺഗ്രസ്-ബിജെപി എന്ന ഒരു ത്രിമാന കൂട്ടുകെട്ടു വളർന്നുവരികയാണ്. ഇവിടെ രക്ഷ മതനിരപേക്ഷമായി ചിന്തിക്കുന്ന സംഘങ്ങളുടെ, ദേശീയ-അന്തർദ്ദേശീയമായുള്ള സജീവകൂട്ടായ്മയാണ്.

## 8. മതനിരപേക്ഷത

1990 ൽ ജനജാഗൃതിക്കു തുടക്കമിട്ടത് ഒത്തിരിയേറെ സ്വപ്ന ങ്ങളോടെയായിരുന്നു. പല നല്ല കാര്യങ്ങളും നടപ്പിലാക്കാൻ പ്ലാനിട്ടു. ആരംഭനടപടികൾ സ്വീകരിക്കുകയും ചെയ്തു. പക്ഷേ സംഘാടകരുടെ, പ്രത്യേകിച്ചു അതിൽ മുഖ്യ ഉത്തരവാദിത്വമു ണ്ടായിരുന്ന എന്റെ, ശ്രദ്ധക്കുറവും കൂടെയുണ്ടായിരുന്ന ചില രുടെ വഞ്ചനാപരമായ ഇടപെടൽ കാരണവും, ഓറ മാസിക യുടെ നടത്തിപ്പും അനുബന്ധപ്രവർത്തനങ്ങളുമൊഴികെ, മറ്റു സ്വപ്നങ്ങൾ സാക്ഷാത്ക്കരിച്ചില്ലെന്നു മാത്രമല്ല, ജനജാഗൃതി വളരെ വലിയ കടത്തിലായിപ്പോയി. അതിൽ നിന്നുള്ള മോച നത്തിനും മറ്റു കാര്യങ്ങൾ കൂടുതൽ ഊർജ്ജസ്വലവുമാക്കാൻ കുറച്ചു സ്ഥലം വില്ക്കുന്നതിനു ജനജാഗൃതി കമ്മിറ്റി തീരുമാ നിച്ചു. 'വസ്തു വില്ക്കാനുണ്ട്' എന്ന പരസ്യവും സ്ഥാപിച്ചു. പലരും വസ്തു നോക്കാനായിട്ടു ബന്ധപ്പെട്ടുകൊണ്ടിരിക്കുന്നു. കഴിഞ്ഞാഴ്ച ഒരു ഫോൺകോൾ. 15 സെന്റ് സ്ഥലം വേണം, വീടുവച്ചു താമസിക്കാനാണ്. വിലയും മറ്റും ചോദിച്ചു. തുടർന്നു ണ്ടായ അന്വേഷണം ഏതു ജാതി-മതസ്ഥരാണു അയൽവാസി കൾ എന്നതായിരുന്നു. അതിനു എന്റെ മറുചോദ്യം 'നിങ്ങളോ?' 'ക്രിസ്ത്യാനികൾ' എന്നു മറുപടി. 'ഇവിടെ അയൽവാസികളായി മനുഷ്യരേയുള്ളു. ജാതി-മതക്കാരില്ല' എന്നായി എന്റെ മറുപ ടി. 'ഫാദർ ക്രിസ്ത്യാനിയാണല്ലോ' എന്നായി അവർ. 'ഇല്ല, ഞാനും മനുഷ്യനാണ്; അത്രമാത്രം' എന്ന് എന്റെ മറുപടി. അവർ സംസാരം അവസാനിപ്പിച്ചു.

ഇതിലെന്തു കാര്യമിരിക്കുന്നു? അയൽവാസികളുടെ മതം/ ജാതി ചോദിച്ചതിൽ എന്താണിത്ര കുഴപ്പം? ഇതു സ്വാഭാവിക മല്ലേ? നിസാരമായ കാര്യത്തെ ഇങ്ങനെ പൊക്കിപ്പിടിക്കേണ്ട കാര്യമുണ്ടോ? അങ്ങനെ ഇടപെട്ടതുകൊണ്ടു നല്ല വിലയ്ക്കു

കച്ചവടമാകേണ്ട വസ്തു അവിടെ കിടപ്പായില്ലേ? ഇങ്ങനെ തത്ത്വങ്ങൾക്കു വേണ്ടി വാശിപിടിച്ചാൽ നഷ്ടം നമുക്കുതന്നെയായിരിക്കും. അതല്ലേ ഇന്നത്തെ പൊതുവേയുള്ള അനുഭവം? ഞങ്ങൾ ഒരു ചെറുസംഘം സുഹൃത്തുക്കളുമായി ഈ അനുഭവം പങ്കുവച്ചപ്പോൾ അവരിൽ നിന്നുണ്ടായ പ്രതികരണങ്ങളാണിവ. ഇങ്ങനെ നിസ്സാരവൽക്കരിക്കുന്ന സമീപനത്തോടു എനിക്കു യോജിക്കാൻ സാധിക്കുകയില്ല. അതുകൊണ്ടുതന്നെ ഈ സംഭവത്തെ അടിസ്ഥാനപ്പെടുത്തി മതനിരപേക്ഷതയെപ്പറ്റി അല്പംകൂടി മുന്നോട്ടു ചിന്ത കൊണ്ടുപോകാമെന്നു കരുതുന്നു.

മതനിരപേക്ഷതയ്ക്കും മതാതീതയ്ക്കും ഇംഗ്ലീഷിൽ 'സെക്കുലറിസം' എന്ന പദമാണുപയോഗിക്കുന്നത്. ചരിത്രപരമായി മതവും രാഷ്ട്രീയവും നൂറ്റാണ്ടുകളായി ഇഴപിരിഞ്ഞുകിടക്കുകയായിരുന്നു. പക്ഷേ യൂറോപ്പിലെ വ്യാവസായിക വിപ്ലവത്തിന്റെയും ഫ്രഞ്ചുവിപ്ലവത്തിന്റെയും ഫലമായി ചരിത്രപരമായിട്ടുണ്ടായ ഏറ്റവും വലിയ ഗുണം വ്യക്തിയുടെ സ്വാതന്ത്ര്യമാണ്. ഒപ്പം മതം വ്യക്തിഗതവും രാഷ്ട്രീയം സാമൂഹ്യവുമെന്ന തിരിച്ചറിവും. അങ്ങനെ ചരിത്രപരമായി മതത്തെയും രാഷ്ട്രീയത്തെയും രണ്ടായി നോക്കിക്കാണാൻ ഇടയായി. മതത്തെ മാറ്റിനിറുത്തിക്കാണുന്ന രാഷ്ട്രീയസാഹചര്യത്തെയാണ് യൂറോപ്പിൽ 'സെക്കുലർ' എന്ന പദംകൊണ്ട് വിവക്ഷിക്കുക.

സെക്കുലർ 'സേക്കുളും' എന്ന ലത്തീൻ പദത്തിൽ നിന്നാണുണ്ടായത്. 'സേക്കുളും' എന്ന പദത്തിന്റെ അർത്ഥം ഭൗതിക ലോകമെന്നാണ്. അങ്ങനെ 'സെക്കുലറി'നു ലൗകികമെന്നോ ലോകത്തിനടുത്തതെന്നോ, ലോകത്തിനനുഗുണമെന്നോ അർത്ഥമുണ്ട്. മറ്റൊരു വിധത്തിൽ പറഞ്ഞാൽ പരലോകത്തിനോ ആത്മീയലോകത്തിനോ വിപരീതമായി ഉപയോഗിക്കുന്ന പദമാണ് സെക്കുലർ. ഇതിനുള്ള ഇംഗ്ലീഷ് ഭാഷയിലെ വിപരീതം റിലിജിയസ് എന്നാണ്. അങ്ങനെ സെക്കുലറിസവും റിലിജിയനും ചരിത്രപരമായിട്ടു ഒത്തുപോകുന്നതേയല്ല. ഒന്നു മറ്റൊന്നിനെ നിരാകരിക്കുന്നു. മറ്റൊരുവിധത്തിൽ പറഞ്ഞാൽ യൂറോപ്യൻ സെക്കുലറിസത്തിൽ മതനിഷേധമുണ്ട്. ഒപ്പം മതത്തിന്റെ ആധാരമായ ദൈവനിഷേധമുണ്ട്. മതവും ദൈവവും ഒക്കെ

തീർത്തും വ്യക്തിഗതം. വ്യക്തിഗതമായി ഒരാൾക്കു മതത്തിലോ ദൈവത്തിലോ വിശ്വസിക്കുകയോ വിശ്വസിക്കാതിരിക്കുകയോ ചെയ്യാം. പക്ഷേ അവന്റെ രാഷ്ട്രീയ ഇടപെടലിൽ മതത്തിനും ദൈവത്തിനും ഒരു പങ്കുമില്ല. അതുകൊണ്ടുതന്നെ ഇവ രണ്ടും ഏതാണ്ടു രണ്ടു കമ്പാർട്ട്മെന്റുകൾ പോലെ വ്യത്യസ്ത മേഖലകളിൽ വ്യത്യസ്തമായി പ്രവർത്തിക്കുന്നു. ഇവയോടു ഒരു ദ്വന്ദ്വസമീപനമുള്ളതുകൊണ്ട്, നിരീശ്വരത്വത്തെപ്പറ്റിയും മറ്റും പറയാനും സമർത്ഥിക്കാനും കുറച്ചുകൂടെ എളുപ്പമാണ്. പരലോകമെന്നതു അനുഭവവേദ്യമല്ല എന്നു സ്ഥാപിച്ചാൽ പിന്നെ ആത്മീയമണ്ഡലത്തിന്റെ പ്രസക്തി തന്നെ നഷ്ടപ്പെടുമല്ലോ. അതേസമയം ഈ ലോകജീവിതവുമായുള്ള ബന്ധം സുദൃഢവും സജീവവുമാണ്. അവ പരീക്ഷണ നിരീക്ഷണങ്ങളിലൂടെ അനുഭവവേദ്യമാണു താനും. അങ്ങനെ വൈരുദ്ധ്യമേഖലകൾ ഉള്ളപ്പോൾ പക്ഷംചേരലും നിലപാടെടുക്കലും കുറച്ചുകൂടി എളുപ്പമാണ്.

ഇന്ത്യൻ ഭരണഘടനയും 'സെക്കുലർ' എന്ന പദം ഉപയോഗിക്കുന്നു. ഇന്ത്യ ഒരു പരമാധികാര, സോഷ്യലിസ്റ്റ്, സെക്കുലർ, ജനാധിപത്യ രാജ്യമാണെന്നാണു ഭരണഘടന വിഭാവന ചെയ്യുന്നത്. യൂറോപ്പു പോലെ ഏകമതരാജ്യമല്ല ഇന്ത്യ. ധാരാളം മതങ്ങളും വിശ്വാസങ്ങളുമുള്ള ഒരു രാജ്യമാണ് ഇന്ത്യ. അങ്ങനെ ബഹുമുഖമതങ്ങളുള്ള സ്ഥലത്ത് എന്താണു സെക്കുലർ കൊണ്ടുദ്ദേശിക്കുന്നതെന്നു വ്യക്തമാക്കേണ്ടതുണ്ട്. ഇവിടെ എല്ലാ മതങ്ങളെയും തുല്യഭാവേന അംഗീകരിക്കുകയും ബഹുമാനിക്കുകയും വേണം. അവയിൽ വിശ്വസിക്കാനും അവയെ പരത്താനുമുള്ള സ്വാതന്ത്ര്യമാണു ഭരണഘടന ഉറപ്പുനല്കുന്നത്. അതുപോലെ ഒരു മതത്തിലും വിശ്വസിക്കാതിരിക്കാനും ആ ചിന്ത പരത്തുവാനുമുള്ള സ്വാതന്ത്ര്യവും ഭരണഘടന ഉറപ്പുനല്കുന്നു. ഇന്ത്യൻ സാഹചര്യത്തിലുള്ള 'സെക്കുലറിസ'ത്തിനു അങ്ങനെ തീർത്തും നിഷേധാത്മക സമീപനമല്ല ഉള്ളത്. സഖാവ് ഇഎംഎസ് ഇങ്ങനെയുള്ള ഇന്ത്യൻ 'സെക്കുലറി'നെ വിശേഷിപ്പിക്കുന്നത് 'മതനിരപേക്ഷ'മെന്നാണ്.

എന്താണിതിന്റെ പ്രസക്തി? എന്താണ് ഇവ തമ്മിലുള്ള വ്യത്യാസം? യൂറോപ്യൻ സെക്കുലറിസത്തിൽ മതവും രാഷ്ട്രീയവും രണ്ടു പ്രതിഭാസങ്ങളാണ്. മതം വ്യക്തിഗതമായി നമ്മെ

അഭിസംബോധന ചെയ്യുമ്പോൾ രാഷ്ട്രീയത്തിന്റെ ഇടം സാമൂഹ്യമാണ്. ഒന്നു മറ്റേതിനെ നിരാകരിക്കുന്നു. എന്നാൽ ഇന്ത്യൻ സെക്കുലറിസം മതത്തെയും രാഷ്ട്രീയത്തെയും പരസ്പരം നിരാകരിക്കുകയല്ല ചെയ്യുന്നത്. മറിച്ച്, എല്ലാ മതങ്ങൾക്കും ഒരുപോലെ ഇടപെടാനുള്ള ഇടം നല്കുന്നു. ഇവിടെ മതത്തെയും രാഷ്ട്രിയത്തെയും വിരുദ്ധ മേഖലകളിൽ പ്രതിഷ്ഠിച്ചിരിക്കുകയല്ല. അതുകൊണ്ടുതന്നെ ഇന്ത്യൻ സെക്കുലറിസത്തെ പ്രായോഗികമാക്കാൻ ഏറെ ബുദ്ധിമുട്ടുണ്ട്. പക്ഷേ ഇതു കൂടുതൽ സമ്പന്നമാണ്.

ചിലർ ചോദിച്ചേക്കും എന്താണ് ഇവ രണ്ടും സമന്വയിപ്പിക്കാൻ ഇത്ര പ്രയാസമെന്ന്. പ്രയാസമിതാണ്. ഇവ രണ്ടിനെയും വിരുദ്ധമേഖലകളിൽ പ്രതിഷ്ഠിക്കാതെ രാഷ്ട്രീയത്തിനും മതത്തിനും അതിന്റേതായ ഇടം കൊടുക്കുമ്പോൾ തന്നെ മറ്റൊരു യാഥാർത്ഥ്യം ഓർക്കേണ്ടതുണ്ട്. മതത്തിന്റെ ശ്രദ്ധാകേന്ദ്രം അവിടെയും ഇവിടെയും പരലോകമാണ്, മോക്ഷപ്രാപ്തിയാണ്. രാഷ്ട്രീയത്തിന്റേതോ ഈ ലോകവും. ഈ വൈരുദ്ധ്യം എപ്പോഴുമുണ്ട്. ഈ വസ്തുനിഷ്ഠ യാഥാർത്ഥ്യത്തെ സ്വീകരിച്ചുകൊണ്ട്, എല്ലാ മതങ്ങളെയും ഒരുപോലെ അംഗീകരിച്ചുകൊണ്ടുള്ള രാഷ്ട്രീയ ഇടപെടൽ വളരെ സൂക്ഷ്മതയോടെ കൈകാര്യം ചെയ്തില്ലെങ്കിൽ, മതമൗലികതയായും വർഗ്ഗീയതയായും അല്പം കൂടെ മുന്നോട്ടുപോയാൽ മതതീവ്രവാദമായും വളർന്നു വരാനുള്ള എല്ലാ സാധ്യതകളുമുണ്ട്. ഇന്ത്യൻ സെക്കുലറിസത്തിന്റെ ധാരയിൽ തന്നെ ഇങ്ങനെയൊരപകടം പതിയിരുപ്പുണ്ട്. അതുകൊണ്ടുതന്നെയാണ് ജാതി-മതങ്ങളെ അടിസ്ഥാനപ്പെടുത്തിക്കൊണ്ടുള്ള രാഷ്ട്രീയപാർട്ടികൾക്കു രൂപംകൊടുക്കാൻ പറ്റുന്നത്, അതുകൊണ്ടുതന്നെയാണ് വർഗ്ഗീയത അജണ്ടയാക്കിക്കൊണ്ടുള്ള പാർട്ടിപ്രവർത്തനം നടത്താൻ സാധിക്കുന്നത്. ചുരുക്കത്തിൽ, യൂറോപ്യൻ സെക്കുലറിസത്തേക്കാൾ കൂടുതൽ സമ്പന്നമാണ് ഇന്ത്യൻ സെക്കുലറിസം എന്ന യാഥാർത്ഥ്യം നിലകൊള്ളുമ്പോൾ തന്നെ, വളരെ ശ്രദ്ധയോടും സൂക്ഷ്മതയോടും ഇവയെ കൈകാര്യം ചെയ്തില്ലെങ്കിൽ വലിയ ആപത്തിലേക്കും കലാപത്തിലേക്കും നയിക്കും എന്നതു ഓർക്കേണ്ടതുണ്ട്. ഇതിന്റെ നീറുന്ന ഓർമ്മകളായി ബാബരി

മസ്ജിദ് തകർക്കൽ, നിലയ്ക്കൽ സംഭവം, മാറാട് കൂട്ടക്കൊല, ഗുജറാത്ത് നരഹത്യ, കന്ദമല്ലിലെ വംശഹത്യ തുടങ്ങിയവ ഇന്നും നമ്മുടെ മനസ്സിൽ പച്ചപിടിച്ചു നില്ക്കുന്നു.

ഇവിടെ നമ്മുടെ മുമ്പിലെ പ്രസക്തമായ ചോദ്യമിതാണ്. എങ്ങനെ ഇന്ത്യൻ സെക്കുലറിസത്തിന്റെ മതനിരപേക്ഷതയുടെ സമ്പന്നതയും മഹത്വവും ഉയർത്തിപ്പിടിച്ചുകൊണ്ട് ഭാസുരമായൊരു ഇന്ത്യ കെട്ടിപ്പടുത്താൻ സാധിക്കും? എന്റെ കാഴ്ചപ്പാടിൽ ഇതിനു രണ്ടു കാര്യങ്ങൾ നമ്മൾ ഓരോരുത്തരും വ്യക്തിഗതമായും സംഘമായും ചെയ്യാനുണ്ട്. ഒന്ന്, നിഷേധാത്മകമായും മറ്റേതു ക്രിയാത്മകമായും.

നിഷേധാത്മകമായി നാം ഒരു നിലപാടെടുക്കേണ്ടതുണ്ട്. മതം അതിന്റെ തനിമയിൽ വിശാല അർത്ഥവും മൂല്യവുമുള്ള എന്തോ നന്മയുടെ ആൾരൂപമായിരുന്നു എന്നൊക്കെ പറയാമെങ്കിലും, ഇന്നു പ്രായോഗികമായി നമുക്കു അനുഭവവേദ്യമാകുന്ന മതങ്ങളൊക്കെത്തന്നെ സംഘടിതമാണ്. സംഘടിതമതത്തിന്റെ ഉൾപ്പൊരുളായിത്തന്നെ 'എന്റെ മതമാണു കൂടുതൽ നല്ലത്' എന്ന രീതിയിലുള്ള മതമൗലികതാചിന്താധാര ഇന്നു നാം കാണുന്നു. ഈ മതമൗലികതാബോധം സ്വാഭാവികമായിത്തന്നെ സാവകാശം ചില പ്രത്യേക വൈകാരിക സന്ദർഭങ്ങളിൽ വർഗ്ഗീയതയായി തലയുയർത്തുന്നു. ഈ അപകടം നാം കണ്ടുകൊണ്ടിരിക്കുന്ന എല്ലാ സംഘടിതമതങ്ങളുടെയും ഇൻബിൽറ്റ് അപകടമാണ്. ഇതിനെ ചെറുത്തു തോല്പിക്കുക എന്നുവച്ചാൽ, വലിയ റാലികളും പ്രസംഗങ്ങളും നടത്തിയിട്ടല്ല. മറിച്ച് പ്രായോഗികമായി മതത്തെ നിരാകരിച്ചുകൊണ്ടുതന്നെയാണ്.

ക്രിയാത്മകമായി എന്റെയും നമ്മുടെയും മനോഭാവത്തിലും ചിന്താധാരയിലും സർഗ്ഗാത്മകമായും ഭാവനാത്മകമായും മാറ്റം വരുത്തിക്കൊണ്ടാവണം ഈ സമീപനത്തെ നേരിടാൻ. ഇതൊരു സാംസ്കാരിക സമീപനമാണ്. വ്യത്യസ്ത മതസ്ഥർ ഒരേ ആറ്റിലെ വെള്ളത്തിൽ കുളിക്കുന്നു. ഒരേ മഴയും മഞ്ഞും അനുഭവിക്കുന്നു. ഒരേ സൂര്യന്റെയും ചന്ദ്രന്റെയും രശ്മികൾ ആസ്വദിക്കുന്നു. ഒരേ കാറ്റേല്ക്കുന്നു. ഒരേ കടയിൽ നിന്നും സാധനങ്ങൾ വാങ്ങുന്നു. ഒരേ റെസ്റ്റോറന്റിൽ നിന്നു കറിയും ചോറും

കഴിക്കുന്നു. ഒരേ വൈദ്യശാലയിൽ നിന്നു മരുന്നു വാങ്ങുന്നു. രോഗിയായാൽ ശുശ്രൂഷയും ഓപ്പറേഷനും മറ്റു പരിചരണങ്ങളും ഒരുപോലെ തന്നെ. രോഗാവസ്ഥയിൽ കണ്ണും കിഡ്നിയും ഹൃദയവും മറ്റും മാറ്റിവയ്ക്കുന്നതു മനുഷ്യരിലാണ് - ഏതു മതസ്ഥർ എന്നു നോക്കിയല്ല. എല്ലാവരും ഒരേ മുദ്രയുള്ള പണമാണു കൈകാര്യം ചെയ്യുന്നത്. എല്ലാവരുടെയും അടിസ്ഥാന ശരീരഘടന ഒന്നുതന്നെ. എല്ലാവരുടെയും രക്തത്തിന്റെ നിറം ചുവപ്പുതന്നെ. ഇങ്ങനെ നിരന്തരം ചിന്തിച്ച് ഈ ചിന്താധാര എന്റെ/നമ്മുടെ രക്തധമനികളിൽ നിതരാം ഒഴുകണം. ഇതൊരു തുടർപരിപാടിയാണ്, നിരന്തരമായൊരു പ്രക്രിയയാണ്. ചുരുക്കത്തിൽ ബോധപൂർവ്വം, താല്പര്യപൂർവ്വം നിരന്തരം വളർത്തിയെടുക്കേണ്ട ഒരു ജീവിതശൈലിയാണ് മതനിരപേക്ഷത.

അയൽവാസി ഏതു മത-ജാതിയിൽപ്പെട്ടവരാണെന്നു ചോദിച്ച ആ വ്യക്തിയോടു എനിക്കു കടപ്പാടുണ്ട്. അദ്ദേഹാണ് ഈ പ്രധാനപ്പെട്ട വിഷയത്തെപ്പറ്റി സഗൗരവം വിലയിരുത്താൻ കളമൊരുക്കിയത്.

# 9. സഭയിലെ ലൈംഗികവൈകൃതം - ചരിത്രത്തിലൂടെ ഒരെത്തിനോട്ടം

അർപ്പിതരായ വൈദിക-സന്യസ്തഗണത്തിൽ ലൈംഗിക വൈകൃതം എന്നും ഉണ്ടായിരുന്നു. എന്നാൽ ഇന്നത് ഏതാണ്ട് ഭീകരരൂപം സ്വീകരിച്ചിരിക്കുന്നു. കാപട്യത്തിന്റെ ദുഷ്ട് നിറഞ്ഞ അവസ്ഥ എവിടെയും ദൃശ്യം. ഈ ലൈംഗിക അഴിഞ്ഞാട്ടം ഏതാണ്ടു നിയന്ത്രണാതീതമായിരിക്കുന്നു. ദൃശ്യ-ശ്രാവ്യ പ്രസിദ്ധീകരണ മാധ്യമങ്ങളൊക്കെത്തന്നെ ഈ അപകടംപിടിച്ച അവസ്ഥയെ ചില നിക്ഷിപ്തതാല്പര്യത്തോടെ തുറന്നുകാട്ടുന്നു. പക്ഷേ പ്രശ്നം അനുദിനം വളർന്നു കൂടുതൽ കൂടുതൽ വഷളാകുന്നതായാണു നാം കാണുന്നത്. അതുകൊണ്ടുതന്നെ ഇന്നത്തെ അർപ്പിതരിലുള്ള ഈ ലൈംഗിക അരാജകത്വത്തിന്റെ ചരിത്രപരിണാമം മനസ്സിലാക്കേണ്ടതുണ്ട്, അർത്ഥവത്തായ പരിഹാരം കണ്ടെത്താൻ.

മനുഷ്യന്റെ സന്തുലിതമായ വളർച്ചയ്ക്കു ആരോഗ്യകരമായ സ്ത്രീപുരുഷബന്ധം അനിവാര്യമാണ്. ഈ ബന്ധം വെറും ആദ്ധ്യാത്മിക ബന്ധമല്ല. മനസ്സും ശരീരവും വികാരവും കാമവും - എല്ലാം സമഞ്ജസം ലയിക്കുന്ന ബന്ധമാണ്. ഈ ബന്ധത്തിന്റെ ജീവനാഡി ലൈംഗികതയാണ്. മനുഷ്യജീവിതത്തിന്റെ ഏറ്റവും വിലപ്പെട്ട കാര്യമാണ് ലൈംഗികചോദന. ഏറ്റവും മനോഹരവും സംതൃപ്തിദായകവും. രണ്ടുപേരെ ഒന്നായി ലയിപ്പിക്കുന്ന അവാച്യമായ അനുഭവമാണ് ലൈംഗികബന്ധം. ഇതാണ് എല്ലാ പഠനങ്ങളുടെയും വെളിപ്പെടുത്തൽ.

സത്യം ഇതാണെങ്കിലും ഇന്നത്തെ മനുഷ്യരുടെ ഹൃദയത്തിൽ, പ്രത്യേകിച്ചു മതവിശ്വാസികളുടെ, അതിലും പ്രത്യേകിച്ചു ക്രിസ്ത്യാനികളുടെ ഹൃദയത്തിൽ, ലൈംഗികതയെപ്പറ്റിയുള്ള ധാരണ തികച്ചും വ്യത്യസ്തമാണ്. ഇവിടെ എന്റെ വിശ

കലനം ക്രിസ്ത്യാനികളുടെ/ക്രിസ്തീയതയുടെ പശ്ചാത്തലത്തിൽ മാത്രം പരിമിതപ്പെടുത്തുകയാണ്.

ക്രിസ്ത്യാനിക്കു ലൈംഗികത 'പാപ'മാണ്. അങ്ങു പറുദീസയിൽ വച്ചു ആദവും ഹവ്വയും ദൈവത്തെ മറുത്തു ഉദ്യാനത്തിന്റെ മധ്യത്തിൽ നില്ക്കുന്ന ജീവന്റെ വൃക്ഷത്തിന്റെ കനി കഴിച്ചതു ലൈംഗികബന്ധമായിരുന്നു എന്നുള്ള വ്യാഖ്യാനം ക്രൈസ്തവസഭയിൽ വ്യാപകമായി ഇന്നും നിലകൊള്ളുന്നു. അങ്ങനെ ലൈംഗികതയിൽ ഒരു ധാർമ്മികത അടിച്ചേല്പിച്ചതിൽ ക്രിസ്തീയ ധർമ്മശാസ്ത്രം നിർണായകമായ പങ്കാണു വഹിച്ചിരിക്കുന്നത്. ഇങ്ങനെയുള്ളൊരു സങ്കല്പം നിലകൊള്ളുന്നതുകൊണ്ടാണ്, മോസസ് വഴി 10 കല്പനകൾ നല്കിയപ്പോൾ, ദൈവത്തെ ആരാധിക്കുന്നതിനെപ്പറ്റി രണ്ടെണ്ണം, ലൈംഗികതയെ സംബന്ധിച്ചു രണ്ടെണ്ണം (വ്യഭിചാരം ചെയ്യരുത്, അന്യന്റെ ഭാര്യയെ മോഹിക്കരുത്), മറ്റു എല്ലാ കാര്യങ്ങൾക്കായും ബാക്കി ആറെണ്ണം. അങ്ങനെ ദൈവത്തിനു കൊടുത്തിരിക്കുന്ന പ്രാധാന്യമാണ് ലൈംഗികബന്ധിത പാപത്തിനും കൊടുത്തിരിക്കുക. ദൈവം ഇത്ര ലൈംഗികവിരോധിയോ?

എന്താണിതു വിളിച്ചോതുന്നത്? ലൈംഗികതയെപ്പറ്റിയുള്ള മതത്തിന്റെ തീർത്തും വികൃതമായ സാമൂഹ്യവീക്ഷണമാണ്. ലൈംഗികത അതിൽത്തന്നെ തിന്മയാണ്, വർജ്യമായി കാണേണ്ട പ്രതിഭാസമാണ് എന്ന സമീപനമാണ് ഇതിന്റെ പിന്നിലുള്ളത്. ഒപ്പം, അജ്ഞതയും അന്ധവിശ്വാസവും ഈ വൈകല്യസമീപനത്തിനു ആക്കം കൂട്ടി.

ഒരു ഉദാഹരണം. ഞായറാഴ്ച ദിവസം ജനിക്കുന്ന കുഞ്ഞുങ്ങൾ ഞായറാഴ്ച നടക്കുന്ന ലൈംഗികബന്ധത്തിലൂടെയാണ് സംഭവിക്കുന്നത് എന്ന ഒരു അന്ധവിശ്വാസം സഭയിലുണ്ടായിരുന്നു. ഞായറാഴ്ചദിവസം ശുദ്ധമായി ആചരിക്കണമെന്നതാണ് നിയമം. അതുകൊണ്ടുതന്നെ ഞായറാഴ്ച നടക്കുന്ന ലൈംഗികബന്ധം പാപമാണ്, ദൈവത്തിനെതിരായ അപരാധമാണ് എന്നാണ് വിശ്വാസം. അങ്ങനെ ജനിക്കുന്ന കുഞ്ഞുങ്ങൾക്കു മാമോദീസ നിഷേധിക്കപ്പെട്ടിരുന്ന കാലമുണ്ടായിരുന്നു. ബെഞ്ചമിൻ ഫ്രാങ്ക്ളിൻ അങ്ങനെ ഞായറാഴ്ച ജനിച്ചതുകൊണ്ട് ജ്ഞാന

സ്നാനം കിട്ടാതെപോയവരിൽ ഒരാളാണ്. ഈ ചിന്താധാര എന്തുമാത്രം അബദ്ധജഡിലമായ കാഴ്ചപ്പാടിലേയ്ക്കാണു നമ്മെ നയിക്കുക.

ലൈംഗികബന്ധം ജന്മസിദ്ധമാണ്. സ്വയമേവ അവയെ നിയന്ത്രിക്കാം; സാമൂഹ്യനിയന്ത്രണവും ഉണ്ടാകും. അവയ്ക്കൊന്നിനും കൃത്യമായ ക്ലിപ്തതയില്ല. കാലത്തിനും ദേശത്തിനും അനുസരിച്ചു സാമൂഹ്യനിയന്ത്രണങ്ങൾ വ്യത്യസ്തങ്ങളാകാം. ലോകത്തെല്ലായിടത്തും നിലവിലിരിക്കുന്ന വ്യത്യസ്തങ്ങളായ സാമൂഹ്യാചാരങ്ങളിൽ ഒന്നുപോലും എല്ലാവർക്കും ഒരുപോലെ ബാധകമാകുന്നതല്ല. മറ്റൊരുവിധത്തിൽ പറഞ്ഞാൽ 'വ്യഭിചാരം ചെയ്യരുത്' എന്നു പറയുമ്പോൾ അതിനു പല സമൂഹത്തിലും പല അർത്ഥങ്ങളാണുള്ളത്. ഇന്നു പല ജനസമൂഹത്തിലും വ്യത്യസ്ത-വിരുദ്ധ പ്രവണതയുണ്ട്. അപ്പോൾ പിന്നെ എങ്ങനെയാണ് ലൈംഗികതയിൽ 'പാപം' ആരോപിക്കാൻ പറ്റും? മറ്റൊരുവിധത്തിൽ പറഞ്ഞാൽ, ക്രൈസ്തവരുടെ ലൈംഗികതയെപ്പറ്റിയുള്ള ആദ്യസങ്കല്പംതന്നെ ശാസ്ത്രീയമല്ല, യുക്തിസഹവുമല്ല.

ലൈംഗികതയോടുള്ള അശാസ്ത്രീയവും വികലവുമായ ഈ സമീപനമാണ് ബ്രഹ്മചര്യത്തിനു കൂടുതൽ മൂല്യം നല്കുന്ന അവസ്ഥ സംജാതമാക്കിയത്. അങ്ങനെയാണ് അർപ്പിതരായ വൈദിക-കന്യാസ്ത്രീവ്യൂഹം നിർബന്ധിത ബ്രഹ്മചര്യം പാലിക്കണമെന്ന നിയമം ഉണ്ടാക്കാൻ വരെ സഭ തുനിഞ്ഞത്. ഇവിടെ ഉദിക്കുന്ന അടിസ്ഥാനചോദ്യമിതാണ്. ശാരീരികധർമ്മങ്ങൾ പ്രകൃതിക്കു അനുയോജ്യമാണ്. ലൈംഗികചോദന പ്രകൃതിനിയമമാണ്. പ്രകൃത്യായുള്ള ഈ സ്വാഭാവിക ത്വരയെ അടിച്ചമർത്താനോ നിഷേധിക്കാനോ മതശക്തിക്കോ മറ്റേതൊരു ശക്തിക്കോ അവകാശമോ അധികാരമോ ഇല്ലല്ലോ. പക്ഷേ ക്രൈസ്തവമതഭ്രാന്തു ലൈംഗികബന്ധം ആത്മാവിന്റെ മലിനീകരണവും ദൈവത്തോടുള്ള എതിർപ്പുമാണെന്നുവരെ പറയാൻ തുനിഞ്ഞു. എന്നു മാത്രമല്ല ഈ നാണയത്തിന്റെ മറുവശമായി ബ്രഹ്മചര്യത്തെ ദൈവത്തോളം വാഴ്ത്തി ഉയർത്തി. ഈ ആശയം വ്യക്തമാക്കുന്ന നിരവധി ഉദ്ധരണികൾ സഭാപിതാക്കന്മാരുടെയും സഭാകൗൺസിലിന്റെയും എഴുത്തുകളിൽ നിന്നു നിര

ത്തിവയ്ക്കാവുന്നതാണ്. വിചിത്രമെന്നു പറയട്ടെ, പണ്ഡിതനും എഴുത്തുകാരനുമായ അലക്സാണ്ട്രിയായിലെ സഭാപിതാവ് ക്ലമന്റ് പറയുന്നത് ഇപ്രകാരമാണ്: 'വിവാഹവും പരബന്ധവും ഒരുപോലെയല്ല. അവ തമ്മിലുള്ള വ്യത്യാസം, ഒന്ന് നിയമസാധുതയുള്ള വ്യഭിചാരവും മറ്റേത് നിയമവിരുദ്ധമായ വ്യഭിചാരവും എന്നേയുള്ളു.' 'വിവാഹിതർ അവരുടെ അവസ്ഥയെ ഓർത്ത് ലജ്ജിക്കണം' എന്നാണ് സെന്റ് അംബ്രോസ് ഒരിക്കൽ പറഞ്ഞത്. ഇങ്ങനെയെത്രയെത്ര സഭാപിതാക്കളുടെ വിചിത്ര ഭാഷ്യങ്ങൾ! ഒരു കാര്യം സത്യം. ക്രൈസ്തവമതനേതാക്കൾ എത്ര അധികമായി ലൈംഗികതയെ മോശമായി ചിത്രീകരിച്ചു ബ്രഹ്മചര്യത്തെ മഹത്വവൽക്കരിച്ചുവോ അതിനേക്കാൾ ഏറെ ലൈംഗികവൈകൃതങ്ങളാണ് നാം സഭയിൽ ദർശിക്കുന്നത്. 1073 മുതൽ 1085 വരെ സഭയുടെ പരമാധികാരിയായിരുന്ന ഗ്രിഗറി ഏഴാമൻ മാർപ്പാപ്പയാണ് പുരോഹിതർക്കു ബ്രഹ്മചര്യം നിയമം മൂലം നിർബന്ധമാക്കിയത്.

ലൈംഗികതയോടുള്ള ദീർഘകാലത്തെ നിഷേധാത്മകസമീപനവും പാരമ്പര്യങ്ങളുമാണ് മാർപ്പാപ്പയെ പ്രകൃതിയുടെ സ്വാഭാവികനിയമത്തിനു വിരുദ്ധമായി ഇങ്ങനെയൊരു സഭാനിയമം കൊണ്ടുവരാൻ പ്രേരിതനാക്കിയത്. പ്രകൃതിവിരുദ്ധമായതുകൊണ്ടുതന്നെ ആ സഭാനിയമത്തിനു സാധുതയില്ല എന്നത് ചിന്തിക്കുന്ന ഏതൊരു വ്യക്തിക്കും സുവ്യക്തമാണ്. പക്ഷേ ദൈവത്തിന്റെ ആൾരൂപമായ, ദിവ്യപുരുഷനായ മാർപ്പാപ്പയോടും സഭാധികാരികളോടും ഈ യാഥാർത്ഥ്യം തുറന്നുപറയാനും വേറിട്ടൊരു വഴി തെരഞ്ഞെടുക്കാനുമുള്ള തന്റേടമോ കരളുറപ്പോ തുടർന്നുവന്ന വൈദിക/പൗരോഹിത്യഗണത്തിനു ഇല്ലായിരുന്നു. അവരുടെ സ്വാഭാവിക അഭിലാഷങ്ങളെയും ലൈംഗിക ചോദനകളെയും നിയന്ത്രിക്കുവാൻ അവർ പ്രാപ്തരല്ല എന്നു ചരിത്രം സാക്ഷ്യപ്പെടുത്തുന്നു.

സഭാപിതാക്കന്മാരും സഭാപണ്ഡിതരും പുരോഹിത-സന്യസ്തഗണവും വിചിത്രമായ പല സ്വയംപീഡനമാർഗ്ഗങ്ങൾ സ്വീകരിച്ചാണ് ലൈംഗികത്വരയെ അടക്കാൻ ശ്രമിച്ചത് എന്നു ചരിത്രം പഠിപ്പിക്കുന്നു. ഉദാഹരണത്തിന്, ചുട്ടുപഴുത്ത ഇരുമ്പുപയോഗിച്ച് വൃഷണം നശിപ്പിക്കുക, ലിംഗം മുറിച്ചു കളയുക, സ്ത്രീക

ളുടെ മുലക്കണ്ണുകളോ മുലകളോ തന്നെ മുറിച്ചുകളയുക, വരി യുടയ്ക്കുക, ചുട്ടുപൊള്ളുന്ന വെയിലിൽ ശരീരത്തെ ക്ലേശിപ്പി ക്കുക, മുള്ളുകളുള്ള ഇരുമ്പുവലയ്ക്കകത്തു കിടന്ന് ഉരുളുക, കടുത്ത ശീതക്കാലത്ത് രാത്രി നഗ്നമായി മഞ്ഞിലോ ഹിമജലം നിറച്ച തൊട്ടിയിലോ കിടക്കുക, ഗുഹ്യഭാഗങ്ങളിൽ ചുട്ടുപഴുത്ത കൽക്കരി വച്ചു പൊള്ളിക്കുക, ചുട്ടുപഴുത്ത സ്റ്റൗവ്വിനു മുകളിൽ ഇരിക്കുക തുടങ്ങി, തീർത്തും വികലവും സാമാന്യബുദ്ധിക്കു നിരക്കാത്തതുമായ പീഡനമാർഗ്ഗങ്ങൾ അവലംബിച്ചുകൊണ്ടാണ് കാമവികാരത്തെ അതിജീവിക്കാൻ ഇവർ ശ്രമിച്ചത്. കാരണം ഒന്നേയുള്ളു. ലൈംഗികത പാപം, ബ്രഹ്മചര്യം പുണ്യം. ഈ പുണ്യം പ്രാപിക്കാനുള്ള പരക്കംപാച്ചിലിലാണ് ഇവ്വിധ സ്വാഭാ വികവിരുദ്ധ നടപടികളൊക്കെ നടന്നത്.

പ്രകൃതിസഹജമായ ലൈംഗികവികാരങ്ങളെ അടിച്ചമർത്താൻ 17-18 നൂറ്റാണ്ടുകളിൽ സന്യാസിനികളിൽ പലരും എടുത്ത തീർത്തും ഹീനമായ ഒരു നടപടിക്രമമാണ്, യേശുവും സന്യാ സിനികളുമായി കാമുകീകാമുക പ്രേമത്തിനു വിധേയരാകുക എന്നത്. യേശുവുമായുള്ള അടുപ്പം അവരെ പുളകം കൊള്ളി ക്കുകയും തപിപ്പിക്കുകയും തുടർന്നുള്ള തീവ്രവികാരങ്ങളുടെ അന്ത്യത്തിൽ അവർക്കു രതിമൂർച്ഛ അനുഭവപ്പെടുന്നതായി വരെ രേഖപ്പെടുത്തിയിരിക്കുന്നു. മാഡം ഗിയോൺ ഇങ്ങനെ പറയു മ്പോൾ 1864 ൽ അനുഗ്രഹീതയായി പ്രഖ്യാപിച്ച മാർഗരറ്റ് മേരി (1647-1690)ക്കു യേശു പ്രത്യക്ഷപ്പെടുകയും മൂന്നു മണിക്കൂർ നേരം കെട്ടിപ്പിടിച്ചുകൊണ്ടിരിക്കുകയും യേശുവിന്റെ പ്രേമം കൊണ്ട വളെ വീർപ്പുമുട്ടിക്കുകയും ചെയ്തെന്നു സാക്ഷിക്കുന്നു. അങ്ങനെ ഒരുവശത്തു ഭ്രാന്തൻ സന്യാസജീവിതം ലൈംഗികാസക്തിയെ വളഞ്ഞവഴിയിലൂടെ അടക്കാൻ ശ്രമിക്കുമ്പോൾ, മറുവശത്ത് കപട ലൈംഗികബന്ധങ്ങളുടെ കൂത്തരങ്ങായിരുന്നു എന്നതാണ് ചരി ത്രവസ്തുത. സിക്സ്റ്റസ് മൂന്നാമൻ മാർപ്പാപ്പ ഒരു കന്യാസ്ത്രീയെ മാനഭംഗപ്പെടുത്താൻ ശ്രമിച്ച കേസിൽ പിടിക്കപ്പെട്ടു. 'കുറ്റം ചെയ്യാ ത്തവർ കല്ലെറിയട്ടെ' എന്ന യേശുവചനം ഉദ്ധരിച്ചാണ് അദ്ദേഹം സ്വയം ന്യായീകരിച്ചത്. മാർപ്പാപ്പമാരുടെയും മെത്രാന്മാരുടെയും വൈദികരുടെയും കന്യാസ്ത്രീകളുടെയും ദുർനടപ്പിന്റെ കഥകൾ പറയാൻ വിസ്തരഭയം അനുവദിക്കുന്നില്ല.

ഇത്ര സുദീർഘവും വിപുലവുമായ ലൈംഗികവൈകൃതത്തിന്റെ ചരിത്രം നിലനില്ക്കുന്നിടത്ത്, ഈ കാലയളവിലെ അഭയ കൊലപാതകം പോലുള്ള സംഭവങ്ങൾ തുലോം നിസാരം!

ഒരു കാര്യം ഇവിടെ വ്യക്തം. 'ലൈംഗികത, പാപം; ബ്രഹ്മചര്യം, പുണ്യം' എന്ന ആപ്തവാക്യം ഇനി സഭയ്ക്കു പ്രയോഗിക്കുവാനുള്ള അവകാശമില്ല എന്നു സഭയുടെ ചരിത്രം തന്നെ പഠിപ്പിക്കുന്നു. അതുപോലെ നിർബന്ധിതമായി ബ്രഹ്മചര്യം അനുഷ്ഠിക്കാനുള്ള നിയമം പ്രകൃതിനിയമത്തിനു എതിരാണ്. പുരോഹിതരുടെയും കന്യാസ്ത്രീകളുടെയും സന്യാസി-സന്യാസിനികളുടെയും ഇടയിലെ ഇന്നത്തെ ലൈംഗിക അരാജകത്വത്തിനുള്ള കാരണം പ്രകൃതിനിയമത്തെ അവർ അനുസരിക്കാൻ തയ്യാറാകാത്തതുകൊണ്ടാണ്. ഓരോ വ്യക്തിക്കും സ്വതന്ത്രമായി വളരാനും ഉത്തരവാദിത്തത്തോടെ ലൈംഗികബന്ധത്തിൽ ഏർപ്പെടാനോ ഏർപ്പെടാതിരിക്കാനോ ഉള്ള സ്വാതന്ത്ര്യത്തെ മാനിച്ചുകൊണ്ടുള്ള ആരോഗ്യകരമായ സമീപനമാണ് ഇന്നാവശ്യം. അങ്ങനെ തീർത്തും വ്യത്യസ്തമായ, അടിസ്ഥാനപരമായ മാറ്റം ഉൾക്കൊള്ളുന്ന ഒരു രീതി ആയാലേ ലൈംഗികവൈകൃതത്തിനു ഒരവസാനവും ആരോഗ്യകരമായ ബന്ധത്തിനു തുടക്കവുമാവുകയുള്ളു. അതിലേയ്ക്കു ഒരു കാൽവയ്പ്പാകട്ടെ ഈ വിചിന്തനം.

## 10. പത്രോസിന്റെ പാറ

2008 ഡിസംബർ. ദില്ലിയിലെ കൊടും തണുപ്പിലും ചിന്തകളെ ചൂടുപിടിപ്പിച്ച ഒരു സംവാദം. ദില്ലി നവോത്ഥാനവേദിയുടെ ആഭിമുഖ്യത്തിൽ മയൂർവിഹാറിലെ റാഷനലിസ്റ്റ് സെന്ററിലാണ് സംവാദം ഒരുക്കിയിരുന്നത്. സനൽ ഇടമറുകും വി.എസ്. കുമാരനും മുൻകയ്യെടുത്തു നടത്തിയ യോഗത്തിൽ 33 പേർ പങ്കെടുത്തു - വിവിധമേഖലകളിൽ പ്രവർത്തിച്ചു അനുഭവജ്ഞാനമുള്ള ചിന്തകരും എഴുത്തുകാരും. പ്രബുദ്ധമായൊരു വേദി.

സനലിന്റെയും കുമാരന്റെയും ഹ്രസ്വമായ ആമുഖസംഭാഷണം കഴിഞ്ഞു എന്റെ സുഹൃത്ത് കൊച്ചുമോളും ഞാനും ഞങ്ങളുടെ അനുഭവങ്ങളും ജീവിതയാത്രാപരിണാമവും ഏറ്റവും ഋജുവായ വാക്കുകളിൽ അവതരിപ്പിച്ചു. തുടർന്നു നടന്നത് ഹൃദയം തുറന്ന ഒരു ചർച്ചയായിരുന്നു. ആ ചർച്ചയുടെ ആശയഗതികൾ ഇങ്ങനെ: ക്രൈസ്തവസഭയിൽ തിന്മകൾ എന്നുമുണ്ടായിരുന്നു. അവയെ എതിർക്കുന്ന വിമതന്മാരും. സഭയുടെ ഘടനയ്ക്കോ നിലനില്പിനോ എന്തെങ്കിലും മാറ്റമുണ്ടായില്ല. അപ്പോൾ വിമതനയത്തിനു കാര്യമായ പ്രസക്തിയുണ്ടോ? സദസ്സ് പ്രതികരിച്ചു.

ഇന്നത്തെ സഭ യേശുവിന്റെ സഭയേയല്ല. ഇങ്ങനെയൊരു സംഘടിതസംവിധാനത്തെ യേശു സ്വപ്നംപോലും കണ്ടിട്ടില്ല. കൂട്ടായ്മയുടെ ഭാഗമായി ജീവിതം പങ്കുവയ്ക്കുന്ന, എല്ലാം പൊതുവായി കരുതി ഒരുമയിൽ ജീവിക്കുന്ന കൊച്ചു കൂട്ടായ്മകൾ. ചിലപ്പോൾ യേശുവിന്റെ സ്വപ്നം അതായിരുന്നേനെ. അങ്ങനെയുള്ള കൂട്ടായ്മകൾ ആദ്യനൂറ്റാണ്ടുകളിൽ നാം കാണുന്നു. എന്നാൽ, സാമൂഹ്യ പാരസ്പര്യത്തിന്റെ കൂട്ടുജീവിതങ്ങൾ യേശുവിന്റെ കാലത്തിനും വളരെ മുമ്പുണ്ടായിരുന്നു. ആ കൂട്ടായ്മകൾ 'ക്രിസ്തോസ്' എന്നറിയപ്പെട്ടിരുന്നു. അതിന്റെ തുടർച്ച ഏതാണ്ടു 312 എ.ഡി. വരെ നാം കാണുന്നു. 312 റോമാസാമ്രാ

ജ്യത്തിന്റെ ചക്രവർത്തി കോൺസ്റ്റന്റയിൻ ക്രിസ്ത്യാനിയായതോടെ സഭ സ്ഥാപനവൽക്കരണത്തിന്റെ തറക്കല്ലിടുകയായിരുന്നു.

ഇവിടെ ഒരു കാര്യം ശ്രദ്ധേയം. റോമാസാമ്രാജ്യം ചരിത്രത്തിൽ നാമാവശേഷമായി. പക്ഷേ റോമാസാമ്രാജ്യത്തിന്റെ മാതൃകയിലാണ് ഔദ്യോഗികസഭയ്ക്കു രൂപംകൊടുത്തിട്ടുള്ളത്. വൈവിധ്യവും വിരുദ്ധവുമായ സംസ്കാരങ്ങളെ ഉൾക്കൊള്ളാനും സ്വായത്തമാക്കാനും, സാമ്രാജ്യത്വത്തിനുള്ള കഴിവ് അപാരമാണ്. സാമ്രാജ്യത്വത്തിന്റെ ഉപോല്പ്പന്നമായ ക്രിസ്ത്യൻ സഭയും ഇത്തരത്തിൽ പ്രത്യക്ഷവും പരോക്ഷവുമായ അധികാര തേരോട്ടങ്ങൾ നടത്തിയതിന് ചരിത്രം സാക്ഷി.

ലോകസമാധാനത്തിനും സ്വാഭാവിക ജനനനിയന്ത്രണത്തിനും വേണ്ടി വാതോരാതെ സംസാരിക്കുകയും ചാക്രീയ ലേഖനങ്ങൾ ഇറക്കുകയും ചെയ്യുമ്പോൾ തന്നെ, സഭയുടെ സമ്പത്തിന്റെ സിംഹഭാഗവും അമേരിക്കയിലുള്ള വൻ യുദ്ധോപകരണ നിർമ്മാണക്കമ്പനിയുടെ ഓഹരിമൂലധനത്തിൽ നിക്ഷേപിച്ചിരിക്കുന്നു. അതുപോലെ അമേരിക്കയിലും ജർമ്മനിയിലും യൂറോപ്പിലുമുള്ള പ്രകൃതിവിരുദ്ധമെന്നു സഭ വിശേഷിപ്പിക്കുന്ന ജനന നിയന്ത്രണമാർഗ്ഗങ്ങൾക്കായുള്ള പിൽസുകളും കോണ്ടവും മറ്റും നിർമ്മിക്കുന്ന വൻ കോർപ്പറേഷനിലാണ് നമ്മുടെ സഭ പണം നിക്ഷേപിച്ചിരിക്കുന്നത് മത്സ്യസംസ്കരണത്തിനു നോർവേയിൽ ഇറക്കിയ പണത്തിന്റെ 59% വും റോമിന്റേതാണ്. ഇങ്ങനെയുള്ള കാര്യങ്ങൾ പൊതുവേ തമസ്കരിക്കപ്പെടുന്നു.

സഭയുടെ സ്ഥാപനവൽക്കൃതമായ ആശയധാരകൾക്കെതിരെ വിമതശബ്ദം ഉയർത്തിയ, യേശുവിന്റെ ദരിദ്രപക്ഷത്തെ എടുത്തുകാണിച്ച വിമോചനദൈവശാസ്ത്രത്തെയും അതിന്റെ സംജ്ഞകളെയും സഭ വളരെ ശാസ്ത്രീയമായാണ് തനിക്കാക്കി വെടക്കാക്കിയത്. സഭാഘടനയുടെ അധികാരാസൂത്രണം വ്യക്തമാകുന്നത് വത്തിക്കാനിൽ പ്രവർത്തിക്കുന്ന വിവിധതരം സെക്രട്ടറിയേറ്റുകളെ ശ്രദ്ധിക്കുമ്പോഴാണ്. കിഴക്കൻസഭകളെ കൂട്ടിയോജിപ്പിക്കാനും നിരീശ്വരവാദികളെ ഉൾച്ചേർക്കാനും കന്യാസ്ത്രീകളുടെ സന്യസ്തജീവിതത്തിൽ ഉണ്ടാകുന്ന പ്രശ്നങ്ങളെ കൈകാര്യം ചെയ്യാനും സന്യസ്തരുടെ വിശുദ്ധിയെ ചുറ്റിപ്പ

റ്റിയും നീതിയും സമാധാനത്തിനും വേണ്ടിയും നിരവധി സെക്രട്ടറിയേറ്റുകൾ നിലവിലുണ്ട്. ഇങ്ങനെ ലോകത്തിന്റെ വിവിധയിടങ്ങളിൽ വൈരുധ്യമെന്നു തോന്നാവുന്ന നയതന്ത്ര നീക്കങ്ങളാണ് സഭ നടത്തിപ്പോരുന്നത്. എല്ലാത്തിനെയും കുശാഗ്രമായി ഉൾക്കൊള്ളുന്ന വിശാലപ്രതലമാണ് സഭയ്ക്കുള്ളത്. അതുകൊണ്ടുതന്നെ സഭയ്ക്കെതിരെയുള്ള നീക്കങ്ങൾക്ക് ഉദ്ദേശിക്കുന്ന ഫലം കണ്ടെത്താൻ വളരെ ബുദ്ധിമുട്ടുണ്ട്. അതുകൊണ്ടാണ് സഭയ്ക്കുള്ളിൽ ഒരു ചൊല്ലുള്ളത്: 'പത്രോസിന്റെ പാറയാണ് സഭ. ആ പാറയിൽ തട്ടുന്നവർക്കു കേടുപാടുകൾ സംഭവിക്കുന്നതല്ലാതെ, പാറയ്ക്കു (സഭയ്ക്കു)യാതൊന്നും സംഭവിക്കുകയില്ല.'

ചരിത്രയാഥാർത്ഥ്യങ്ങൾ ഇങ്ങനെയൊക്കെയാണെങ്കിലും സഭയ്ക്ക് ഗൗരവമായ ചില വെല്ലുവിളികളെ ഇന്ന് നേരിടേണ്ടതായി വന്നിട്ടുണ്ട്. സഭയുടെ അടിസ്ഥാന ശക്തി അതിന്റെ നെടുംതൂണായി എന്നും നിലകൊണ്ടിരുന്ന വൈദികവ്യൂഹമാണ്. അവിടെ കാതലായ കുറവു സംഭവിച്ചുകൊണ്ടിരിക്കുന്നു. 5 ലക്ഷത്തിലേറെ വൈദികർ ഉണ്ടായിരുന്നിടത്തു ഇപ്പോൾ ഒരു ലക്ഷത്തിലധികമായി കുറഞ്ഞിരിക്കുന്നു. ഉള്ളവരുടെ ദുർന്നടപ്പു കാരണം ഭീമമായ തുക വത്തിക്കാൻ നഷ്ടപരിഹാരമായി ഓരോ വർഷവും കൊടുക്കേണ്ടിവരുന്നു. ജനസമൂഹത്തിന്റെ മുമ്പിൽ അവഹേളനപാത്രമാകുന്നു. ഉള്ളവരിൽ ആത്മാർത്ഥതയുള്ളവർ അകത്തെ കാപട്യത്തിൽ മനംനൊന്ത് അടിസ്ഥാനപരമായ മാറ്റം അനിവാര്യമെന്നു ഉറക്കെപ്പറയുന്നു. വൈദികരും സന്യസ്തരുമാകുവാൻ യുവാക്കൾ മുന്നോട്ടുവരുന്നില്ല. യൂറോപ്യൻ രാജ്യങ്ങളിൽ വൈദികാർത്ഥികളായി യുവാക്കൾ മുന്നോട്ടുവരാത്ത സാഹചര്യത്തിൽ, മൂന്നാംലോകദരിദ്രരാഷ്ട്രങ്ങളിൽ നിന്നും വൈദികാർത്ഥികളെ റിക്രൂട്ട് ചെയ്യുന്നു. അങ്ങനെവരുന്ന യുവാക്കളുടെ മുഖ്യപ്രചോദനം സേവനത്തേക്കാൾ സാമ്പത്തിക മോഹം ആകാതെ തരമില്ലല്ലോ! അങ്ങനെ ഏതുരീതിയിൽ നോക്കിയാലും മൂല്യച്യുതിയും അപചയവും സഭയുടെ മുഖമുദ്രയായി മാറിക്കൊണ്ടിരിക്കുന്നു. മറ്റൊരുവിധത്തിൽ പറഞ്ഞാൽ ഭീകരമായി പൊട്ടിയൊലിക്കാൻ പാകത്തിൽ ഒരു അഗ്നിപർവ്വതം സഭയ്ക്കുള്ളിൽ പുകയുകയാണ്. വലിയൊരു പൊട്ടിത്തെറിയുടെ കാലമായെന്നു വേണം കരുതുവാൻ. ഈ പൊട്ടിത്തകരൽ ചരി

ത്രത്തിന്റെ അനിവാര്യതയാണ്. ഇതിനെ ത്വരിതപ്പെടുത്തുന്നതിന് വിമതനീക്കങ്ങൾ നിർണ്ണായകമായ പങ്കുവഹിക്കുന്നു എന്നതിലാണ് നമ്മുടെ പ്രസക്തി.

വൈദികരുടെ ബ്രഹ്മചര്യം ഒരു ചർച്ചാവിഷയമായി. ബ്രഹ്മചര്യം സഭയുടെ നിയാമക ഘടകമേ അല്ല. അപ്പസ്തോലന്മാർ വിവാഹിതരായിരുന്നു. തുടർന്നിങ്ങോട്ടുള്ള സഭാനേതാക്കൾക്കും മെത്രാന്മാർക്കും മാർപ്പാപ്പാമാർക്കും വരെ ഭാര്യമാരും പരസ്ത്രീബന്ധങ്ങളും ഉണ്ടായിരുന്നതു ചരിത്രസത്യം. പതിനൊന്നാം നൂറ്റാണ്ടിന്റെ അവസാനത്തിലാണ് ബ്രഹ്മചര്യം വൈദികവൃത്തിയുമായി ബന്ധിപ്പിച്ചു നിയമമാക്കുന്നത്. ഇതിന്റെ അടിസ്ഥാനകാരണം വിശുദ്ധിയോ സേവനമോ അല്ലായിരുന്നു; സാമ്പത്തികമായിരുന്നു. വൈദികരുടെ സമ്പത്തിനുമേൽ മക്കൾക്ക് അവകാശം വരാതിരിക്കാനും സമ്പത്തു മുഴുവൻ സഭയിൽ കുന്നുകൂടാനും വൈദികഗണം ബ്രഹ്മചാരികൾ (അവിവാഹിതർ) ആയിരിക്കണം. ഈയൊരു സാമ്പത്തികതാല്പര്യം കൂടുതൽ വ്യക്തമായി കാണുന്നതു കന്യാസ്ത്രീകളുടെ അവിവാഹിതാവസ്ഥയിലാണ്. ലക്ഷക്കണക്കിനുള്ള കന്യാസ്ത്രീകളുടെ കോടാനുകോടി സമ്പത്തു മുഴുവൻ സഭയുടേതായി നിലകൊള്ളണമെങ്കിൽ അവർ അവിവാഹിതരായിരിക്കണം. മഠങ്ങളുടെയും സന്യാസിസമൂഹങ്ങളുടെയും സമ്പത്തിന്റെ സിംഹഭാഗവും ഇവരുടെ ശമ്പളവും മറ്റുമാണ്. അവർക്കു കിട്ടുന്ന ശമ്പളം അതുപോലെ മഠത്തിന്റെ സമ്പത്തായി കുന്നുകൂട്ടുകയാണ്. വിശുദ്ധിയുടെ പരിവേഷം ചാർത്തി സുപ്രധാനമായ ഈ സാമ്പത്തികഘടകത്തെ തമസ്കരിക്കുകയാണ് പലപ്പോഴും ചെയ്തുപോരുന്നത്. കന്യാസ്ത്രീകളുടെ ജോലികൾക്ക് പ്രതിഫലമായി കിട്ടുന്ന ശമ്പളം മുഴുവൻ സ്ഥാപനത്തിനു വിട്ടുകൊടുക്കേണ്ടിവരുന്നു. അവരുടെ വ്യക്തിപരമായ അത്യാവശ്യങ്ങൾക്കു പോലും സുപ്പീരിയറിന്റെ അടുത്തു കൈനീട്ടേണ്ട അവസ്ഥ. എന്തൊരു അപമാനവീകരണം!! ദുസ്സഹമായ ഈ ജീവിതത്തിൽ നിന്ന്, ഇറങ്ങിത്തിരിക്കാൻ ആഗ്രഹമുണ്ടെങ്കിലും സാധിക്കില്ല. സാമ്പത്തികമായ സ്വയംപര്യാപ്തത ഇല്ല എന്നതു തന്നെ. അവരവർ ചെയ്യുന്ന ജോലിക്കുള്ള ശമ്പളം സ്വയം കൈപ്പറ്റി ഉപയോഗിക്കാനുള്ള സ്വാതന്ത്ര്യം നാളെ മുതൽ ഈ സന്യാസി

നിമാർക്ക് ലഭിക്കുകയാണെങ്കിൽ മഠം വിട്ടുപോയേക്കാവുന്ന കന്യാസ്ത്രീകളുടെ എണ്ണം വലുതായിരിക്കും.

വ്യക്തിഗതമായി ധാരാളം കന്യാസ്ത്രീകളുടെയടുത്തു ഇക്കാര്യം സംസാരിച്ചിട്ടുണ്ട്. പ്രതികരണം മറിച്ചായിരുന്നില്ല. മാത്രമല്ല, അല്പം വിശാല മനോഭാവത്തോടെ ഈ പ്രതിഭാസത്തെ നോക്കിക്കാണുന്ന ഏതൊരു വ്യക്തിയ്ക്കും മനസ്സിലാക്കാൻ പറ്റുന്ന കാര്യമാണിത്. അതുകൊണ്ടുതന്നെ 'അഭയ-അനുപമ-ജെസ്മി' സംഭവങ്ങൾ നിരന്തരം നടന്നുകൊണ്ടിരിക്കും. ഇവ മഠങ്ങളിൽ നടക്കുന്ന ആയിരക്കണക്കിനു സംഭവങ്ങളിൽ പുറത്തുവന്ന ഒറ്റപ്പെട്ട സംഭവങ്ങൾ എന്നോർക്കണം. അവിടെയാണ് ഈ കന്യാസ്ത്രീ സമ്പ്രദായത്തിനു അടിമുടി പൊളിച്ചെഴുത്തു അനിവാര്യമായി മാറുന്നത്. ഈ പോക്കു പോയാൽ ഇവർ ചരിത്രത്തിലെ ഒരു അസംബന്ധമായി മാറും.

ബ്രഹ്മചര്യത്തെ ഒന്ന് പരിശോധിക്കാം. ലോകസേവനത്തിനുള്ള ഒരു ക്രിയാത്മക വ്യവസ്ഥയായി അതിനെ കാണാമെന്നു വച്ചാലും അതു നിർബന്ധമാകാൻ പാടില്ല. കന്യാസ്ത്രീയായാലും വൈദികനായാലും അൽമേനിയായലും സ്വതന്ത്രമായി നിശ്ചയിച്ചുറച്ചു ബ്രഹ്മചര്യം സ്വീകരിക്കാം. ലൈംഗികത ഒരു സ്വാഭാവിക ചോദനയാണ്. അതു സർഗ്ഗാത്മകമായും ഉത്തരവാദിത്വപരമായും ഉപയോഗിച്ചു സമ്പന്നമാവുകയാണ് ജീവിത ധർമ്മം. ഒരു ജോലിക്കു ഇന്ന യോഗ്യതകൾ വേണമെന്നു അനുശാസിക്കാം. അതുപോലെ വൈദികനോ കന്യാസ്ത്രീയോ ആകാൻ ബ്രഹ്മചര്യം വേണമെന്നു അനുശാസിക്കാൻ പറ്റുകയില്ല. ഒരു വ്യവസ്ഥപ്പെടുത്തലിന് വിധേയമാക്കത്തവണ്ണം ജൈവികസ്വാതന്ത്ര്യമാണ് ലൈംഗികതയിൽ അടങ്ങിയിരിക്കുന്നത്. അതു സ്വാഭാവിക ത്വരയാണ്. ഇണയോടുള്ള ഉത്തരവാദിത്വപൂർണ്ണമായ പങ്കാളിത്തമാണ് അതിന്റെ സംസ്കാരം. ഇങ്ങനെ കാര്യങ്ങൾ വ്യവച്ഛേദിച്ചു മനസ്സിലാക്കാനുള്ള സാമാന്യബുദ്ധി നാം പ്രയോഗിക്കേണ്ടതുണ്ട്. മറ്റൊരുവിധത്തിൽ പറഞ്ഞാൽ, നിർബന്ധിത ബ്രഹ്മചര്യം മനുഷ്യാവകാശധ്വംസനവും (മനുഷ്യാവകാശനിയമത്തിൽ ഇതു പറയുന്നുണ്ടോ?) പ്രകൃതിവിരുദ്ധവുമാണ്. പ്രപഞ്ചത്തിന്റെ സ്വാഭാവികനിയമത്തിനു വിരുദ്ധമായി

പ്രവർത്തിക്കാൻ ആർക്കും അധികാരമില്ല. അങ്ങനെ ഏതുരീതിയിൽ നോക്കിയാലും നിർബന്ധിത ബ്രഹ്മചര്യം ഒരു ജീവിതാവസ്ഥയുടെ വ്യവസ്ഥയായി കാണുക സാധ്യമല്ല.

മതത്തിൽ തുടങ്ങി ബ്രഹ്മചര്യത്തിൽ അവസാനിച്ച ഞങ്ങളുടെ ചർച്ച സജീവമായിരുന്നു. സ്വതന്ത്രമായ സാമൂഹികജീവിതത്തിന് വെല്ലുവിളിയായി മാറുന്ന മതസംവിധാനങ്ങളെ പ്രതിരോധിക്കാനും വേരോടെ പിഴുതെറിയാനും വിശാലമായ കൂട്ടുചേരലുകൾ അനിവാര്യമാണ് എന്ന ബോധ്യം എല്ലാവരിലും നിറഞ്ഞുനിന്നു.

## 11. ക്രിസ്ത്യാനി തുറന്നു ചിരിക്കുന്ന കാലം വരുമോ?

സഹനം! എത്ര സുന്ദരമായ പദം! സഹനത്തിന്റെ ആൾരൂപങ്ങൾക്ക് ഇന്ന് വലിയ ഡിമാന്റാണ്. അതുകൊണ്ടുതന്നെ സഹനത്തിനും സ്വയംപീഡയ്ക്കും ദൈവശാസ്ത്രവ്യാഖ്യാനം ചമയ്ക്കാൻ സഭാപിതാക്കന്മാരും ദൈവജ്ഞരും സന്യസ്തരും സദാ വ്യാപൃതരാണ്.

ചെറുതു സുന്ദരമാണ്; ലളിതം മനോഹരം. ചെറുതായും ലളിതമായും ജീവിക്കുമ്പോഴും ജീവിതത്തിലെ ഓരോ നിമിഷവും ആസ്വദിച്ചു സന്തോഷത്തോടെ മുന്നേറാൻ പറ്റും, പറ്റണം. പക്ഷേ ക്രൈസ്തവദൈവശാസ്ത്രരീതിശാസ്ത്രങ്ങൾ ഇതനുവദിക്കുന്നുണ്ടോ? ഇല്ല എന്നതാണു വളരെ ലളിതമായ ഉത്തരം.

ഇതു മനസ്സിലാക്കാൻ, ക്രൈസ്തവരുടെ ജീവിതശൈലി തന്നെ അപഗ്രഥിക്കേണ്ടതുണ്ട്. ഇങ്ങനെ പരത്തി പറയാതെ, എന്റെ തന്നെ വ്യക്തിഗതമായ ജീവിതമെടുക്കട്ടെ. പരമ്പരാഗത കത്തോലിക്കാ കുടുംബമാണ് എന്റേത്. എന്നുവച്ചാൽ ക്രൈസ്തവവിശ്വാസങ്ങളും ആചാരാനുഷ്ഠാനങ്ങളും ഭക്തകൃത്യങ്ങളും തത്ത്വങ്ങളും തലമുറ തലമുറകളായി അനുഷ്ഠിച്ചുവരുന്ന കുടുംബങ്ങളുടെ പിൻതുടർച്ച അവകാശപ്പെടുന്ന കുടുംബം. ധാരാളം കന്യാസ്ത്രീകളും വൈദികരുമുള്ള കുടുംബം. എന്റെ അപ്പാപ്പൻ (അപ്പനെ അപ്പാപ്പൻ എന്നാണു വിളിച്ചിരുന്നത്) കുറച്ചു പുരോഗമനചിന്താഗതിയുണ്ടായിരുന്ന വ്യക്തിയായിരുന്നതു തികച്ചും യാദൃച്ഛികം. എന്നിട്ടും എല്ലാ വർഷവും കൃത്യമായി കുമ്പസാരിച്ചു കുർബ്ബാന സ്വീകരിക്കുന്നതു വലിയ വ്യാഴാഴ്ചയും ദുഃഖവെള്ളിയാഴ്ചയും ഉയർപ്പു ഞായറാഴ്ചയുമാണ്. പിന്നെ, ഞങ്ങളുടെ കുമ്പളം ഇടവകയുടെ മധ്യസ്ഥനും പാതുകാവൽ പുണ്യവാനുമായ വിശുദ്ധ മിഖായേൽ മാലാഖയുടെ തിരുനാൾ ദിവ

സവുമാണ്. ഉയിർപ്പുതിരുന്നാളും ഇടവകദിനവും പ്രാധാന്യമർഹിക്കുന്ന ദിനങ്ങളാണ്. അവ ആചരിക്കുന്നതിനുള്ള ഉത്തമമാർഗ്ഗമെന്നു പറയുന്നതു അന്നുവരെ ചെയ്ത പാപങ്ങളെ ഓർത്തു പശ്ചാത്തപിച്ചു കുമ്പസാരിക്കുക എന്നതാണ്. ഈ ഭക്തകൃത്യം ക്രൈസ്തവദൈവശാസ്ത്രത്തിന്റെ അടിസ്ഥാനശിലയായ 'മനുഷ്യൻ പാപിയായി ജനിക്കുന്നു, പാപിയായി ജീവിക്കുന്നു, പാപിയായി മരിക്കുന്നു' എന്നതിനെ അടിസ്ഥാനമാക്കിയാണ്. ഇതിനു കാരണം ആദിപിതാക്കളുടെ പാപമാണ്; ഈ പാപം തലമുറകളായി മനുഷ്യരാശിയിലേക്കു പകർന്നുകൊണ്ടിരിക്കുകയാണ്. അങ്ങനെ ജന്മപാപത്തിലാണ് എല്ലാവരുടെയും ജനനം, യുഗങ്ങളായി പാപത്തിൽ ജനിക്കുന്ന മനുഷ്യനെ രക്ഷിക്കാനായാണു ദൈവത്തിന്റെ രണ്ടാമാളായ പുത്രൻതമ്പുരാൻ ജനിക്കുന്നതു തന്നെ. ദൈവമുമ്പിൽ ആദിമാതാക്കൾ ചെയ്ത പാപം അത്ര കഠിനമായതുകൊണ്ട്, അതിനു ന്യായയുക്തമായ പരിഹാരം ചെയ്യാൻ ദൈവം തന്നെ ക്രൂരമായ പീഡകൾ സഹിച്ചു ഏറ്റവും നിഷ്ഠൂരമായ മരണത്തിനു വിധേയമായി സ്വയം ബലിയർപ്പിക്കേണ്ടിയിരുന്നു. അങ്ങനെ യേശുവിന്റെ ജീവിതത്തിന്റെയും പീഡാസഹനത്തിന്റെയും പിന്നിൽ, മനുഷ്യൻ ദൈവഹിതത്തിനു എതിരായി ചെയ്ത പാപത്തിനു യുക്തമായ പരിഹാരം ചെയ്യുന്ന ദിവ്യബലിയാണ് എന്ന രക്ഷണീയ ദൈവശാസ്ത്രമാണ് ഇതിന്റെ പിന്നിൽ പ്രവർത്തിക്കുന്നത്. അതുകൊണ്ടു തന്നെ ഭക്തകൃത്യമായി ക്രൈസ്തവർ എല്ലാവരും (ഞായറാഴ്ചകളിലും ക്രിസ്തുമസ് പോലുള്ള മറ്റു കടമുള്ള ദിവസങ്ങളിൽ പോലും പള്ളിയിൽ പോകാത്തവരും) കുർബ്ബാനയ്ക്കു പോകുന്നതു വിശുദ്ധവാരത്തിലെ ദുഃഖവെള്ളിയാഴ്ച ആണ്. അന്നാണു മനുഷ്യകുലത്തിന്റെ പാപപരിഹാരാർത്ഥം യേശുക്രിസ്തു പീഡകൾ സഹിച്ചു ക്രൂശുമരണം സ്വീകരിച്ചു ദൈവപിതാവിനു ദഹനബലി അർപ്പിച്ചത്. ഇതിന്റെ വെളിച്ചത്തിൽ ഉണ്ടായ ഭക്തിനിർഭര അനുഷ്ഠാനമാണ് 'കുരിശിന്റെ വഴി' എന്നു അറിയപ്പെടുന്ന യേശുവിന്റെ പീഡാസഹനത്തിന്റെ പ്രധാനപ്പെട്ട 14 സംഭവങ്ങളെ കോർത്തിണക്കിക്കൊണ്ടുള്ള ഭക്തിപ്രകടനം. യേശുവിന്റെ കുരിശുമരണത്തിൽ കലാശിക്കുന്ന അൻപതു നോമ്പുകാലത്തിലെ ഏറ്റവും സവിശേഷത അർഹിക്കുന്ന

ഭക്ത്യാഭ്യാസമാണു കുരിശിന്റെ വഴി. ഇന്നതു യാത്രക്കാരെ ബുദ്ധിമുട്ടിച്ചുകൊണ്ടു പൊതുവഴിയിലൂടെ കുരിശും പിടിച്ചു യേശുവിന്റെ പീഡകളെ സ്മരിച്ചുകൊണ്ടു ദുഃഖകരമായ ഗാനങ്ങൾ ആലപിച്ചു നടന്നുനീങ്ങുകയും 14 സ്ഥലങ്ങളിൽ രക്ഷണീയമായ കുരിശിനെ വണങ്ങി മുട്ടുകുത്തി ആരാധിക്കുകയും ചെയ്യുന്ന ഏറ്റവും പരിഹാസ്യമായ ആചാരമായി മാറിയിരിക്കുന്നു. വിശുദ്ധവാരത്തിലെ ബൈബിൾവായന മുഴുവൻ യേശുവിന്റെ പീഡാസഹനത്തെപ്പറ്റിയാണ്. വലിയ വ്യാഴാഴ്ചയും ദുഃഖവെള്ളിയാഴ്ചയും മുഴുവൻ സമയവും ആരാധനയാണ്. ആ ആരാധനയിൽ ആലപിക്കുന്ന ഗാനങ്ങളോ ദുഖസാന്ദ്രമാണ്. യേശുവിന്റെ സഹനത്തെ സ്മരിച്ചുകൊണ്ടുള്ള വിലാപം. 'കർത്താവ് എന്തുമാത്രം സഹിച്ചു' എന്നു ആത്മഗതം ചെയ്തു കണ്ണീരോടെ ഈ അനുഷ്ഠാനങ്ങളിൽ പങ്കെടുക്കുന്ന ഭക്തജനങ്ങൾ.

ഏറ്റവും വലിയ വിരോധാഭാസം, ഇങ്ങനെ ദൈവപിതാവിനെ പ്രീതിപ്പെടുത്താൻ തന്റെ ഏകജാതൻ അതിഭയങ്കരമായ പീഡകൾ സഹിച്ചു പാപിയായ മനുഷ്യകുലത്തെ രക്ഷിച്ചെങ്കിലും, ആദിമാതാപിതാക്കളുടെ പാപത്തിന്റെ കറ പൂർണ്ണമായി കഴുകിക്കളയാൻ സാധിച്ചില്ല എന്നതാണ്. ഇന്നും മനുഷ്യക്കുഞ്ഞു പാപിയായാണ് ജനിച്ചുവീഴുന്നത്. 'പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ ജ്ഞാനസ്നാനം നല്കി'യാണ് ആ കുഞ്ഞിന്റെ പാപക്കറ കഴുകി വെണ്മയുള്ള വസ്ത്രമണിയിക്കുന്നത്. അങ്ങനെ പാപപ്പൊറുതി ലഭിച്ചാലും വീണ്ടും അവൻ/ അവൾ വളരുന്നതനുസരിച്ചു പാപത്തിൽ നിപതിച്ചുകൊണ്ടിരിക്കും. ആ പാപങ്ങളിൽ നിന്നുള്ള രക്ഷാമാർഗ്ഗമാണ് കുമ്പസാരം എന്ന അനുഷ്ഠാനം. ഇങ്ങനെ പാപമയമായ ഒരു ജീവിതത്തിൽ, എങ്ങനെയാണു സന്തോഷിക്കുവാൻ സാധിക്കുക? കണ്ണീരോടെ നെഞ്ചത്തടിച്ചു വിലപിച്ചു പാപപരിഹാരം ചെയ്തു ജീവിതം തള്ളിനീക്കുക/തുലയ്ക്കുകയാണ് ക്രൈസ്തവനു വിധിച്ചിട്ടുള്ളത്!

മാർപ്പാപ്പ, കർദ്ദിനാളന്മാർ, കന്യാസ്ത്രീകൾ, എന്തിനു നല്ല വിശ്വാസികൾ വരെ യേശുവിനെ പിൻചൊല്ലുന്നതിന്റെ ഏറ്റവും ഉത്തമ അടയാളമായി കഴുത്തിൽ പേറുന്നതു കുരിശാണ്. കുരിശോ സഹനത്തിന്റെ അടയാളവും. വിചിത്രമെന്നു പറയട്ടെ അഭയക്കേസ്സിൽ പ്രഥമദൃഷ്ട്യാ കുറ്റവാളികളെന്നു കണ്ടു അറ

സ്റ്റിലായ ഫാ. തോമസ് കോട്ടൂരും സിസ്റ്റർ സെഫിയും ഫാ. ജോസ് പൂതൃക്കയും നിരന്തരമായി കുരിശു ചുംബിച്ചു കൊണ്ടിരിക്കുന്നു. ഇതു ക്രൈസ്തവീകതയുടെ ഏറ്റവും നല്ല പ്രതീകമായി മാറുന്നു

ഇനി അല്പം വ്യക്തിഗത അനുഭവം കൂടി പങ്കുവയ്ക്കട്ടെ. നല്ലൊരു വൈദികനായി സമൂഹത്തെ സേവിക്കുക എന്ന ലക്ഷ്യത്തോടെ ഒരു വൈദികനാകാൻ ഞാൻ ആഗ്രഹിച്ചു. അങ്ങനെ വൈദികപരിശീലനത്തിനു സെമിനാരിയിൽ എത്തി. വയസ് പതിനൊന്ന്. സെമിനാരിയിൽ എന്നെ കൊണ്ടാക്കിയിട്ടു അപ്പാപ്പനും ബന്ധുക്കളും തിരിച്ചു വീട്ടിലേയ്ക്കു പോയി. ഉച്ചഭക്ഷണത്തിനു നേരമായി. കറി പന്നിയിറച്ചി. ജീവിതത്തിൽ പന്നിയിറച്ചി ഭക്ഷിച്ചിട്ടില്ല. അതു ഭക്ഷിച്ചേ പറ്റൂ എന്നായി ഫാദർ പ്രീഫക്ട്. മറ്റു കറികൾ കൂട്ടി ആഹാരം കഴിച്ചു. പന്നിയിറച്ചി കഴിച്ചേ ഭക്ഷണ സ്ഥലത്തുനിന്നു എഴുന്നേൽക്കാൻ പാടുള്ളു എന്നാണു നിർദ്ദേശം. എന്റെ ബുദ്ധിമുട്ടു അറിയിച്ചപ്പോൾ, 'യേശു എന്തുമാത്രം നമ്മുടെ പാപപരിഹാരാർത്ഥം സഹിച്ചു! കർത്താവിനു വേണ്ടി സഹിച്ചുകൊണ്ടു പന്നിയിറച്ചി തിന്നാൻ' നിർബന്ധിച്ചു. എത്ര ശ്രമിച്ചിട്ടും ഭക്ഷിക്കാൻ പറ്റിയില്ല. ഏതാണ്ടു രണ്ടു മണിക്കൂർ ഞാൻ ഒറ്റയ്ക്കു പന്നിയിറച്ചിയുടെ മുമ്പിലിരുന്നു. ഏതാണ്ടു മൂന്നുമണിയായപ്പോൾ, 'അച്ചനാകണമെങ്കിൽ ഇതു ഭക്ഷിച്ചേ പറ്റൂ, അല്ലെങ്കിൽ വീട്ടിൽ പോകാം. അപ്പാപ്പനെ വിവരം അറിയിക്കാം, വന്നു തിരിച്ചുകൊണ്ടുപോകാൻ' എന്നു പറഞ്ഞു ഭീഷണിപ്പെടുത്തി. ഭയം എന്നെ ആവരണം ചെയ്തു. കണ്ണുമടച്ചു പന്നിയിറച്ചി വാരിവിഴുങ്ങി. സത്യത്തിൽ ഭയമാണ് ആ ദുർഘട സന്ധിയിൽ രക്ഷിച്ചതെങ്കിലും, കർത്താവിനു വേണ്ടി സഹിക്കുന്നതിന്റെയും സ്വയം പരിത്യാഗം ചെയ്തതിന്റെയും ആത്മപീഡനത്തിന്റെയും കഥ അവിടെ തുടങ്ങി. 'കർത്താവിനു വേണ്ടി സഹിക്കുക' വൈദികാർത്ഥികളായ ഞങ്ങളുടെ മുമ്പിലേയ്ക്കു എടുത്തുകാട്ടിയ ഏറ്റവും ശക്തമായ മുദ്രാവാക്യമാണ്. ഞങ്ങളുടെ ഭക്തജീവിതം കൂടുതൽ ശക്തിപ്പെടുത്താനായി പുണ്യപ്രവൃത്തികളുടെ കൃത്യമായ കണക്കു വയ്ക്കണമെന്നും ആധ്യാത്മിക ഗുരുവിന്റെ നിർദ്ദേശമുണ്ടായി; അങ്ങനെ എഴുതാനുള്ള ചാർട്ടും നല്കി. അതിൽ ഏറ്റവും പ്രധാനപ്പെട്ട പുണ്യപ്രവൃത്തി

സ്വയം പരിത്യാഗമാണ്. തുടർന്നു 'മോർട്ടിഫിക്കേഷ'നെപ്പറ്റി ദീർഘമായൊരു ക്ലാസ്സ്. ആദ്യം വാച്യാർത്ഥം: രണ്ടു ലാറ്റിൻപദങ്ങൾ മോർട്ടി - മരണം, ഫിക്കേഷൻ - ചെയ്യുക, പ്രവർത്തിക്കുക, സ്വയം മരിക്കുക എന്നർത്ഥം. എനിക്കതു മനസ്സിലാകുന്നില്ല എന്നു പറഞ്ഞപ്പോൾ ആദ്ധ്യാത്മികഗുരു ഉദാഹരണസഹിതം പറഞ്ഞുതന്നു. ഏതാണ്ടിങ്ങനെയാണത്. അപ്പാപ്പൻ ഒരു മിഠായി കൊണ്ടുതന്നു. ഭക്ഷിക്കണമെന്നു തോന്നുന്നു. കർത്താവിനു വേണ്ടി ഇപ്പോൾ കഴിക്കുന്നില്ല. ഒരു പരിത്യാഗമായി. ഭക്ഷണത്തിനിരിക്കുന്നു. നല്ല സ്വാദുള്ള പൊരിച്ച മീൻ. ഉടൻ ഒന്നു രുചിക്കണമെന്നു തോന്നുന്നു. കർത്താവിനു വേണ്ടി ഉടൻ കഴിക്കുന്നില്ല. വീണ്ടും ഒരു പരിത്യാഗം. ഇങ്ങനെ ദിവസം എത്രമാത്രം സ്വയം പരിത്യാഗം കർത്താവിനു വേണ്ടി ചെയ്യുന്നുവോ അത്രമാത്രം ഞാൻ പുണ്യത്തിൽ വളരുകയാണ് എന്നദ്ദേഹം വ്യക്തമാക്കിത്തന്നു. ഞാനതു 100% വും വിശ്വസിച്ചു. കർത്താവിനു വേണ്ടി 500-600 പരിത്യാഗം വരെ ചെയ്ത ദിവസങ്ങളുണ്ടായിരുന്നു. ഈ ഭക്ത്യാഭ്യാസം എവിടെവരെ എത്തിയെന്നതുകൂടി സൂചിപ്പിച്ചോട്ടെ. വളർന്നുവരുന്ന എനിക്കു സ്വാഭാവികമായി സ്വയംഭോഗത്തിനുള്ള താല്പര്യം ജനിച്ചു. ആ ആഗ്രഹം കർത്താവിനു വേണ്ടി ത്യജിച്ചു. കുറച്ചുകഴിഞ്ഞു സ്വയംഭോഗം നടത്തി. ഒരു പുണ്യംകൂടി ചെയ്തു തൃപ്തിയടഞ്ഞു. കുറച്ചുനാളുകൾ കഴിഞ്ഞു ലൈംഗികതയെപ്പറ്റി ആദ്ധ്യാത്മികഗുരു പറഞ്ഞു മനസ്സിലാക്കിയപ്പോൾ ഞാനീക്കാര്യം അദ്ദേഹവുമായി പങ്കുവച്ചു. പ്രശ്നം ഗുരുതരം. ഇതു പുണ്യമല്ല, ചാവുദോഷമാണ്. നരകത്തിൽ പോകുന്ന ചാവുദോഷം. തീർന്നില്ല ഇങ്ങനെ ചെയ്തിട്ടു രാവിലെ കുർബ്ബാന സ്വീകരിച്ചു. കർത്താവിനോടുള്ള അവഹേളനം. വീണ്ടും ചാവുദോഷം. പാപങ്ങളുടെ കൂമ്പാരമായി. ഇത്തരം സംഭവങ്ങൾ എന്റെ ആത്മകഥയായ കറുത്തകുർബ്ബാനയിൽ വിവരിച്ചിട്ടുള്ളതുകൊണ്ടു ആവർത്തിക്കുന്നില്ല. എങ്കിലും ഈ ഭക്തപ്രക്രിയയിലാണ് വൈദിക-സന്യാസി-കന്യാസ്ത്രീ പരിശീലനകാലത്തു ഞങ്ങളെയൊക്കെ വളർത്തുന്നത് എന്നതു ഇന്നും വസ്തുതയായി നിലകൊള്ളുന്നു. സന്യസ്തർ സഹിക്കുന്നതൊക്കെ 'കർത്താവിനു വേണ്ടിയാണ്.' എന്തിന്, അൽഫോൻസാമ്മയുടെ പുണ്യത്തിന്റെ കാതൽ 'കർത്താവിനു വേണ്ടിയുള്ള

സഹനം' അല്ലാതെ മറ്റൊന്നും എടുത്തുകാട്ടാൻ മാർപ്പാപ്പക്കോ മറ്റു മെത്രാന്മാർക്കോ അവരുടെ സന്യാസസമൂഹത്തിനോ ഇല്ലായിരുന്നു എന്നു നാം കണ്ടതു മറക്കാൻ സമയമായിട്ടില്ല.

ചുരുക്കത്തിൽ, ക്രൈസ്തവസഭയുടെ സഹനത്തിന്റെ/കുരിശിന്റെ ദൈവശാസ്ത്രവും രീതിശാസ്ത്രവും അപാരമാണ്. ആദിമാതാപിതാക്കളുടെ പാപത്തെ 'അനുഗ്രഹീതമായ പാപം' എന്നുവരെ വിശേഷിപ്പിച്ചിരിക്കുന്നു. കാരണം എന്താണ്? ആ പാപമാണ് ദൈവത്തിന്റെ രണ്ടാമാളായ പുത്രൻ തമ്പുരാന്റെ മനുഷ്യാവതാരത്തിനു കാരണമാക്കിയത്. ദൈവത്തിന്റെ രക്ഷാകീയ കർമ്മം നടപ്പിലാക്കാൻ അതു കാരണമായി മറ്റൊരുവിധത്തിൽ പറഞ്ഞാൽ, പാപം ചെയ്തില്ലായിരുന്നെങ്കിൽ, യേശു പിറക്കേണ്ടിവരില്ല, പീഡകൾ സഹിച്ചു ക്രൂശിൽ മരിക്കേണ്ടിവരില്ല. മനുഷ്യാവതാരം തന്നെ അർത്ഥശൂന്യമായേനെ. പക്ഷേ ആദിമാതാപിതാക്കൾ പാപം ചെയ്തു. ഇനി പിന്നെ ഒറ്റമാർഗ്ഗമേയുള്ളു. നിത്യമായി പാപപരിഹാരം ചെയ്തു മരിക്കുക. ഈ പാപപരിഹാരത്തിലൂടെ, കർത്താവിനു വേണ്ടിയുള്ള നിരന്തര സഹനപ്രക്രിയയിലൂടെ കൈവരിക്കുന്നതാണ് സ്വർഗ്ഗം. അതെ, കർത്താവിനു വേണ്ടിയുള്ള സഹനത്തിന്റെ പ്രതിഫലമാണ് സ്വർഗ്ഗരാജ്യം.

ഇത്ര അശാസ്ത്രീയവും അബദ്ധജഡിലവുമായ, അതേസമയം ക്രൈസ്തവലോകത്തെ ആകെ ഇന്നും വിഴുങ്ങിയിരിക്കുന്നതുമായ മറ്റൊരു അത്യാഹിതമുണ്ടോ എന്നു സംശയമാണ്. ഇന്നത്തെ ക്രൈസ്തവന്റെ വിധി കരയാനാണ്. 'വിശ്വാസികൾ എല്ലാവരും ഏകമനസ്സോടെ താല്പര്യപൂർവ്വം മുറിക്കുകയും ഹൃദയലാളിത്യത്തോടും ആഹ്ലാദത്തോടും കൂടി ഭക്ഷണത്തിൽ പങ്കുചേരുകയും ചെയ്തിരുന്നു' (നടപടി 2. 46) എന്നു ആദ്യക്രൈസ്തവസമൂഹത്തെപ്പറ്റി ഒരു പരാമർശം ഉണ്ടെങ്കിലും, പിന്നീടങ്ങോട്ട് ഇന്നുവരെ സഭ ഊന്നൽ കൊടുത്തിരുന്നതും കൊടുത്തുവരുന്നതും മനുഷ്യനെ തീർത്തും നശിപ്പിക്കുന്ന സഹനത്തിന്റെ രീതിശാസ്ത്രമാണ്. ഏറ്റവും വിചിത്രമെന്നു പറയട്ടെ, ഈ ചിന്താധാര ക്രൈസ്തവന്റെ ആദ്ധ്യാത്മികകാര്യത്തിൽ മാത്രമല്ല, അവരുടെ എല്ലാ പ്രവർത്തനമേഖലകളെയും ആഴത്തിൽ സ്വാധീനിക്കുന്നുണ്ട്. തീർത്തും കള്ളന്മാരും കാപട്യക്കാരുമായ

ക്രൈസ്തവസഭാധികാരികൾക്കും ധനികർക്കും ഇതിന്റെ പൊള്ളത്തരം അറിയാവുന്നതുകൊണ്ടു ജീവിതം ആസ്വദിക്കു കയും സഹനത്തിന്റെ ദൈവശാസ്ത്രം പറയുകയും ചെയ്യും. പക്ഷേ ബഹുഭൂരിപക്ഷംവരുന്ന സാമാന്യവിശ്വാസികളുടെ കഥ അതല്ല. അവർ ഇതു പൂർണമായും വിശ്വസിക്കുന്നു. അവർ കർത്താവിനു വേണ്ടി വാച്യാർത്ഥത്തിൽ സഹിക്കുകയാണ്. ജീവിതം ആസ്വദിക്കാൻ പറ്റാതെ കണ്ണീരിലും കഷ്ടപ്പാടിലും സഹനത്തിലും 'സന്തോഷ'മായി കഴിയുന്ന ബഹുഭൂരിപക്ഷം. ഇതു കൊടും ക്രൂരതയാണ്.

ക്രിസ്ത്യാനി ഒന്നു തുറന്നു ചിരിക്കുന്ന കാലം വരുമോ? അട്ട ഹസിച്ചു ചിരിക്കുന്ന ഒരു യേശുവിനെ കാണാൻ ക്രിസ്ത്യാനിക്കു പറ്റുമോ? ജീവിതം സുഖകരം, ആനന്ദദായകം, സുന്ദരം, ആസ്വാദ നജന്യം എന്നൊന്ന് ക്രൈസ്തവനു ചിന്തനീയമാകുമോ? ഈ സഭ ഇല്ലാതായാലേ അങ്ങനെ ഒന്നിന്റെ സാധ്യത കാണുന്നുള്ളു.

## 12. മുതലാളിത്തത്തിന്റെ ഭിക്ഷ

അഭ്യസ്തവിദ്യരുടെ ഒരു ചെറുസംഘം. കേരള ക്രൈസ്തവ സഭകൾ വിദ്യാഭ്യാസമേഖലയെ എങ്ങനെ പണസമ്പാദന മാർഗ്ഗമാക്കി മാറ്റിയിരിക്കുന്നു എന്നതാണ് അവരുടെ ചർച്ചാവിഷയം. വസ്തുതകളും കണക്കുകളും നിരത്തിയായിരുന്നു അഭിപ്രായ പ്രകടനങ്ങൾ നടന്നത്. ചർച്ച തീവ്രമായപ്പോൾ, സഭ വിദ്യാഭ്യാസമേഖല വിട്ടൊഴിഞ്ഞുപോകുന്നതാണ് കേരളത്തിലെ സാമാന്യജനങ്ങൾക്കു കൂടുതൽ ഗുണകരവും അഭികാമ്യവും എന്നുവരെയെത്തി. അപ്പോൾ ഒരാൾ ഏതാണ്ടിങ്ങനെ പ്രതികരിച്ചു. 'നിങ്ങൾ പറയുന്നതിൽ സത്യം കണ്ടേക്കാം. സ്ഥാപനം അർത്ഥപൂർണ്ണമായി സ്ഥാപിച്ചെടുക്കാൻ പണം വേണ്ടേ? മാത്രമല്ല അവർ വിദ്യാഭ്യാസമേഖലയിലല്ലെങ്കിൽ പോലും, മറ്റു വിവിധ മേഖലകളിൽ ധാരാളം ജീവകാരുണ്യ പ്രവർത്തനങ്ങൾ ചെയ്യുന്നു. അതിനെ നാം മാനിക്കേണ്ടേ? ചർച്ച സഭയുടെ സാമൂഹ്യ പ്രവർത്തനത്തിലേയ്ക്കു വഴിമാറി.

വീടില്ലാത്തവർക്കു സഭയിന്നു എത്ര വീടാണു നിർമ്മിച്ചുകൊടുക്കുന്നത്. ആരോഗ്യസംരക്ഷണാർത്ഥം ആയിരക്കണക്കിനു കക്കൂസുകളാണ് ഉണ്ടാക്കിക്കൊടുക്കുന്നത്. വലിയ തീർത്ഥാടനകേന്ദ്രങ്ങളുടെയും ആഭിമുഖ്യത്തിൽ എന്തുമാത്രം സാധുസേവനമാണു നടക്കുന്നത്? അവിടെ കിട്ടുന്ന നേർച്ചയുടെയും സംഭാവനകളുടെയും ഒരു പങ്കു വസ്തുവും വീടും ഇല്ലാത്തവർക്കു താമസയോഗ്യമായ കൊച്ചുവീടുണ്ടാക്കിക്കൊടുക്കാൻ ഉപയോഗിക്കുന്നുണ്ട്. കേരളത്തിലെ എല്ലാ ക്രിസ്തീയ രൂപതകളുടെയും പേരിൽ സോഷ്യൽ സർവ്വീസ് സൊസൈറ്റികളുണ്ട്. വിദേശരാജ്യങ്ങളിൽ നിന്നും അനേകം കോടികളാണു വന്നു മറിയുന്നത്. ഈ തരത്തിലുള്ള ജീവകാരുണ്യപ്രവർത്തനങ്ങൾക്കു സഭകൾ വഴി എന്തുമാത്രം പേർക്കാണു ഇങ്ങനെയുള്ള സഹായങ്ങൾ ലഭിക്കുക. ഈ യാഥാർത്ഥ്യത്തെ നാം കാണേണ്ടതുണ്ട്.

ഈ പ്രതികരണത്തോടു വിയോജിച്ചുകൊണ്ടായിരുന്നു മറ്റു സംഘാംഗങ്ങളുടെ ഇടപെടൽ. പേരുകേട്ട ഒരു കരിസ്മാറ്റിക് ധ്യാനകേന്ദ്രത്തിലെ പ്രധാനപ്രവർത്തകരിൽ ഒരാൾ ഈ സംഘത്തിലുണ്ടായിരുന്നു. അയാളുടെ പ്രതികരണം 'ദിവ്യ'കാരുണ്യപ്രവർത്തനത്തിന്റെ മറുമുഖം എടുത്തുകാട്ടുന്നതായിരുന്നു. അദ്ദേഹം ഏതാണ്ടിങ്ങനെ പറഞ്ഞു: അദ്ദേഹം ബന്ധപ്പെട്ടു പ്രവർത്തിക്കുന്ന ധ്യാനകേന്ദ്രത്തിൽ ലക്ഷക്കണക്കിനു രൂപയും സംഭാവനകളുമാണു ലഭിക്കുന്നത്. അതിൽ 10% ജീവകാരുണ്യപ്രവർത്തനത്തിനു ചെലവഴിക്കാനാണു തീരുമാനം. പക്ഷേ ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നതിൽ മുഖ്യമാനദണ്ഡം സുപ്പീരിയർ അച്ചനെ പ്രീതിപ്പെടുത്തുന്നതാണ്. മാത്രമല്ല, സഹായം കിട്ടുന്നതിനുള്ള വ്യവസ്ഥകളിൽ പ്രധാനം അവർ ധ്യാനകേന്ദ്രവുമായി ബന്ധപ്പെട്ടു നില്ക്കണമെന്നും ധ്യാനകേന്ദ്രവുമായി ബന്ധപ്പെട്ടു ലഭിച്ച ഈ വലിയ അനുഗ്രഹത്തിനു എന്നും ദൈവത്തോടു (ബഹു, സുപ്പീരിയർ അച്ചനോടു എന്നു വ്യംഗ്യാർത്ഥം) കടപ്പാടും നന്ദിയും ഉള്ളവരായിരിക്കണം എന്നതാണ്. ഇനി ഇങ്ങനെ സഹായം കിട്ടിയവരിൽ ഒരാൾ ഈ രീതിയിൽ പ്രവർത്തിക്കാതെ, അവിടെ നടക്കുന്ന ചൂഷണത്തെയും വിവേചനത്തെയും എടുത്തുകാട്ടിയാൽ അവൻ നന്ദിയില്ലാത്തവനാകും. ഓലക്കുടിലിൽ കിടന്നവനു വാസയോഗ്യമായ നല്ലൊരു വീടു കിട്ടിയപ്പോൾ അവൻ ദൈവത്തെയും സഹായിച്ചവരെയും മറന്നു എന്നായിരിക്കും ചീത്തപ്പേര്. ഈ ധ്യാനകേന്ദ്രത്തിലൂടെ കിട്ടുന്ന സഹായത്തിനു ഒരു ചരടുണ്ട്. ഇതു സ്വതന്ത്രമായൊരു ജീവകാരുണ്യപ്രവൃത്തിയല്ല. ഇവിടെ സഹായം കിട്ടുന്നവൻ ബന്ധിതനാണ്. ദരിദ്രൻ ആയതുകൊണ്ടു സഹായത്തിനു കൈനീട്ടുന്നു. സഹായം ലഭിച്ചാൽ അവൻ/അവൾ നിത്യമായും ആശ്രിതർ, വിധേയർ!

സംഘത്തിലുണ്ടായിരുന്ന മറ്റു പലർക്കും ഇതേരീതിയിലുള്ള അനുഭവങ്ങളുടെ കഥകൾ - മറ്റു പള്ളികളിലും ധ്യാനകേന്ദ്രങ്ങളിലും രൂപതാകേന്ദ്രങ്ങളിലും നടക്കുന്ന സംഭവങ്ങൾ വിവരിക്കാനുണ്ടായിരുന്നു. എന്തിനു ദരിദ്രരെ സഹായിക്കാൻ വേണ്ടി എന്ന ഏകലക്ഷ്യത്തോടെ വിദേശത്തുനിന്നും വരുന്ന ഭീമമായ തുകയുടെ ഗുണഭോക്താക്കൾ പോലും ഇങ്ങനെ ശാസ്ത്രീയമാംവിധം ആശ്രിതരും ബന്ധിതരുമാക്കപ്പെടുന്നുവെന്നും ചർച്ചയുണ്ടായി.

ഈ ചിന്തയുടെ ദൈവശാസ്ത്രം ബൈബിൾ പശ്ചാത്തലം എന്തെന്നു ഒന്നു വിശകലനം ചെയ്തുകൊണ്ടു ഞാനിങ്ങനെ പറഞ്ഞു, സഹായത്തിന്റെ പിന്നിലെ ചരടു യേശുവിനു തീർത്തും അന്യമായിരുന്നു, യേശുവിന്റെ അടുക്കലേയ്ക്കു കടന്നുവരുന്ന വരെ അദ്ദേഹം നിർബാധം സുഖപ്പെടുത്തി ദൈവമക്കളുടെ കുടുംബത്തിലേയ്ക്കു സ്വീകരിക്കുകയായിരുന്നു. എല്ലാവരും ദൈവമക്കൾ, പരസ്പരം സഹോദരർ. തന്നെ അനുഗമിക്കാൻ ആഗ്രഹിക്കുന്നവർ ഉള്ളതെല്ലാം വിറ്റു ദരിദ്രർക്കു കൊടുത്തിട്ടു തന്നെ അനുഗമിക്കട്ടെ എന്നായിരുന്നു യേശുവിന്റെ തീരുമാനം. ഇവിടെ വിട്ടുവീഴ്ചയ്ക്കു യേശു തയ്യാറല്ലായിരുന്നു. അതായത് ഉള്ളതിൽ കുറച്ചു (5% അല്ലെങ്കിൽ 10%) വിറ്റു ദരിദ്രർക്കു കൊടുക്കുകയല്ല. എല്ലാവരും, ജാതി-മത-വർണ്ണ-വർഗ്ഗ വ്യത്യാസമില്ലാതെ, ദൈവമക്കളുടെ സ്വാതന്ത്ര്യത്തിൽ പൂർണ്ണതയിൽ ജീവിക്കണം; അതിനു വിഭവങ്ങളിൽ എല്ലാവർക്കും പങ്കുപറ്റാനുള്ള ജന്മാവകാശമുണ്ട്. ഇവിടെ ഔദാര്യത്തിന്റെയോ കാരുണ്യത്തിന്റെയോ പ്രശ്നമേ ഉദിക്കുന്നില്ല. അങ്ങനെ ജീവകാരുണ്യപ്രവൃത്തി എന്ന ആശയം പോലും യേശുദർശനത്തിനു യോജിച്ചതല്ല. ഈ ബൈബിൾപഠനത്തെ വികസിച്ചുവന്ന സാമൂഹ്യശാസ്ത്രാപഗ്രഥനവുമായി തട്ടിച്ചുനോക്കുമ്പോൾ, യേശു പഠിപ്പിച്ച കാതലായ മറ്റൊരു കാര്യത്തിലേയ്ക്കു വിരൽചൂണ്ടുന്നു. 'നിങ്ങൾക്കു ദൈവത്തെയും മാമോനെയും (മൂലധനത്തെയും) ഒന്നിച്ചു സേവിക്കുക സാധ്യമല്ല.'

അതായത് പണവും ദൈവവും ഒത്തുപോകില്ല. ഇന്നു ക്രൈസ്തവസഭകളുടെ ശ്രദ്ധ പണത്തിലും സ്ഥാപനപരതയിലുമാണ്. പണം കുന്നുകൂട്ടുന്നിടത്ത്, ദാനധർമ്മവും ഔദാര്യവും പുണ്യമായി മാറുകയാണ്, മാറ്റുകയാണ്. സത്യത്തിൽ ഈ സമീപനം സുവിശേഷവിരുദ്ധമാണ്, യേശുവിരുദ്ധമാണ്, സാമൂഹ്യനീതിക്കു നിരക്കുന്നതുമല്ല. ഈ സമീപനമാണ് ഭിക്ഷാടനത്തെക്കുറിച്ചുള്ള ദൈവശാസ്ത്രത്തെ നീതീകരിക്കുന്നത്. പൊതുതലത്തെ പുനഃസംഘടിപ്പിക്കാതെ, വ്യക്തിഗത-സ്വകാര്യ പുണ്യപ്രവൃത്തിയായി ഈ ദാനധർമ്മം മാറുകയാണ്. ഇവിടെ അനീതിയുടെ വിഷവിത്ത് പതിയിരുപ്പുണ്ട്.

ചുരുക്കത്തിൽ, ജീവകാരുണ്യപ്രവൃത്തിയെ മുതലാളിത്ത ഭിക്ഷയായി ന്യായമായും വിശേഷിപ്പിക്കാം. അതു എല്ലാംകൊണ്ടും അപലപനീയമാണ്.

# 13. സ്ഥാപനപരതയുടെ ചങ്ങലകൾ

സഭയുടെ കാലിക വൈകൃതങ്ങളെ വിമർശിക്കുന്ന 'വില്ക്കാനുണ്ടു ബ്രഹ്മചര്യം' എന്ന എന്റെ പുസ്തകത്തിന്റെ പ്രകാശന വേദി. പ്രകാശനാനന്തരം ചെറിയൊരു സംഘം തുറന്ന ഹൃദയത്തോടെ എന്റെയടുത്തു ചോദിച്ചു: 'ഫാദറിന് എന്താണ് സഭയോട് ഇത്ര വൈരാഗ്യം?' അവരുടെ ആത്മാർത്ഥത എന്നെ വല്ലാതെ സ്പർശിച്ചു. അവരോടു ഹൃദയത്തിന്റെ ഭാഷയിൽ ഞാൻ പറഞ്ഞു: 'എനിക്കു സഭയോടു വൈരാഗ്യമോ വെറുപ്പോ ഇല്ല. പക്ഷേ യേശുവിനോടും യേശുദർശനത്തോടും എനിക്കു താല്പര്യമുണ്ട്. അതുകൊണ്ടാണ് ഇങ്ങനെ വ്യക്തതയോടെ എഴുതാൻ ശക്തി കിട്ടുന്നത്. സഭയോടും സഭാധികാരികളോടും എനിക്കു വൈരാഗ്യത്തേക്കാൾ സഹതാപമാണുള്ളത്. സ്ഥാപനപരതയുടെ ഊരാക്കുരുക്കിൽപ്പെട്ടു അവർ നട്ടംതിരിയുന്നതു കാണുമ്പോൾ, യേശു അവരിൽ നിന്നും സഭയിൽ നിന്നും എത്ര മാത്രം അകലെയാണെന്നു കണ്ടു അന്തംവിട്ടു നിന്നുപോകുന്നു! തുടർന്നു വളരെ ഹൃദ്യമായൊരു ഉള്ളുതുറക്കലാണ് നടന്നത്.'

ഒരാൾ: സഭയുടെ ഓരോ ചലനവും ദൈവം എന്നൊന്നില്ല എന്നു നമ്മെ അനുദിനം ബോധ്യപ്പെടുത്തുകയാണ്.

മറ്റൊരാൾ: അവർ കാട്ടിത്തരുന്ന ദൈവ സ്വഭാവം നിശ്ചിതമാണ്. വിശ്വാസ വളയത്തിൽ ഒതുങ്ങുന്ന ചെറിയൊരു ദൈവം. വളയമെന്നു പറയുമ്പോൾ മനസ്സിലാക്കേണ്ടതു ഇന്നു വിശ്വാസികൾ ഏറ്റുചൊല്ലുന്ന വിശ്വാസപ്രമാണമാണ്. ഈ വിശ്വാസപ്രമാണത്തെ അതിജീവിച്ചാലേ ദൈവം എന്നൊന്നുണ്ടെങ്കിൽ കണ്ടെത്താനാകൂ.

മൂന്നാമൻ: ഈയിടെ ഒരു ബിഷപ്പ് അദ്ദേഹത്തിന്റെ രൂപതയിലെ വിശ്വാസികൾ എങ്ങനെ പ്രാർത്ഥനയും ആരാധനയും

നടത്തി രക്ഷപ്രാപിക്കണമെന്നതിനു കരടുരേഖ പ്രസിദ്ധപ്പെടുത്തി. എത്ര വിചിത്രമായ സംഭവം. ദൈവത്തെ പ്രീതിപ്പെടുത്തി നിത്യജീവൻ കരസ്ഥമാക്കാനുള്ള ചെപ്പടിവിദ്യയായി പ്രാർത്ഥനയും ആരാധനയും മാറ്റപ്പെടുന്നു. ആത്മനവീകരണത്തിനും ദൈവവുമായുള്ള അനുരഞ്ജനത്തിനും അതു സഹായകമാകുമെന്നാണ് ബിഷപ്പു ഊന്നിപ്പറയുന്നത്. ഈ പ്രാർത്ഥനാമഞ്ജരിയിൽ സാമൂഹ്യപ്രശ്നങ്ങളിലേയ്ക്കു നമ്മുടെ ശ്രദ്ധ ക്ഷണിക്കുന്നതേയില്ല. സാമൂഹ്യമാറ്റത്തിനു ഉപയോഗിക്കാത്ത പ്രാർത്ഥനയും ആരാധനയും എത്ര ശുഷ്കം!

ഒന്നാമൻ വീണ്ടും: ഈയിടെ സുപ്രീംകോടതി മുൻ ജസ്റ്റിസ് കെ. ടി. തോമസുമായി നടന്ന ചർച്ചയുടെ സംക്ഷിപ്തം പങ്കുവയ്ക്കണമെന്നു തോന്നുന്നു. ഏതു കുറ്റം ചെയ്താലും ക്ഷമിക്കാം, ക്ഷമിക്കണം. ഒന്നു മാത്രം പൊറുക്കില്ല - പരിശുദ്ധാത്മാവിന് എതിരായ പാപം. എന്താണീ പാപമെന്നു ഈ പ്രായം വരെ അറിയില്ലായിരുന്നു. പക്ഷേ കഴിഞ്ഞ മൂന്നു വർഷങ്ങളായി എന്താണീ പാപമെന്നു മനസ്സിലായി. അതായത്, ദൈവത്തിന്റെയും യേശുവിന്റെയും പേരിൽ വിദ്യാഭ്യാസ-ആതുരശുശ്രൂഷാമേഖലകളിൽ നടത്തപ്പെടുന്ന കൊടുംകൊള്ളയാണു പരിശുദ്ധാത്മാവിനു എതിരായ പാപം. ഈ സഭയ്ക്കു രക്ഷയുണ്ടോ? ഇല്ല എന്നു നിസംശയം പറയാം.

ഇത്രയും പറഞ്ഞപ്പോൾ രണ്ടാമൻ: യേശുവിന്റെ ഭാഷയറിയാവുന്ന വിരലിലെണ്ണാവുന്ന ബിഷപ്പുമാരിൽ ഒരാളായ ഗീവർഗീസ് മാർ ഒസ്ത്താത്തിയോസ് പറഞ്ഞ കാര്യം ഓർമ്മിപ്പിച്ചു. യേശുവിന്റെ ഉപദേശങ്ങളെ ഈ ലോകത്തിൽ നിന്നും നാടുകടത്തി ഒരു പരലോക അജണ്ടയായി മാറ്റിയിരിക്കുന്നു ഔദ്യോഗികസഭ. ഒരുവശത്തു സമ്പത്തു കുന്നുകൂടുന്നു; മറുവശത്തു ഇല്ലായ്മകൾ പെരുകുന്നു. വർഗ്ഗപരമായ ഈ അസന്തുലിതാവസ്ഥ കണ്ടില്ലെന്നു നടിക്കുന്നവർ ക്രിസ്ത്യാനി എന്ന പേരിനർഹനല്ല; അവർ ബിഷപ്പായാലും കർദ്ദിനാളായാലും മാർപ്പാപ്പയായാലും ജീവകാരുണ്യപ്രവർത്തനങ്ങൾ ഇന്നൊരു ബിസിനസ്സായി മാറിയിരിക്കുന്നു. വലിയ മുതൽമുടക്കൊന്നും കൂടാതെ കൂടുതൽ ലാഭം കൊയ്യാവുന്ന - വൻ ബിസിനസ്സ്.

സത്യത്തിൽ ജീവകാരുണ്യപ്രവർത്തനങ്ങളേക്കാൾ, ജീവകാരുണ്യ പ്രവർത്തനം അനിവാര്യമാക്കുന്ന വ്യവസ്ഥിതി ഇല്ലായ്മ വരുത്തുകയാണ് ക്രിസ്ത്യാനികൾ ലക്ഷ്യമാക്കേണ്ടത്. ഉൾക്കാഴ്ച പകരുന്ന ഒരു നിരീക്ഷണമായിരുന്നു അത്. ഇങ്ങനെയുള്ള ബിഷപ്പിനെ ഇന്നു അത്യപൂർവ്വമായേ കണ്ടെത്താനാവൂ.

നാലാമൻ: സഭയിന്നു തന്റെ കാനോൻ നിയമസംഹിതയിലൂടെ വിശ്വാസികളെ ചങ്ങലയ്ക്കിടുകയാണ്. എവിടെ ചങ്ങല, അവിടെ മാനവികത അപമാനിക്കപ്പെടുന്നു. ഏറ്റവും പരിതാപകരമായ അവസ്ഥ, വിശ്വാസികൾ ഈ ചങ്ങലയിൽ ബന്ധിതരാണെന്ന ബോധ്യമില്ലാതെ സുഖസുഷുപ്തിയിലാണ്. ഇവിടെ വേണ്ടത് എങ്ങനെയും ഇതിനോടു ഒത്തുപോകുകയല്ല. മൂല്യബോധത്തിൽ അടിയുറച്ചു നിന്നുകൊണ്ടു ആത്മരോഷത്തോടെ വ്യവസ്ഥിതിയോടു കലഹിക്കുന്ന, അനീതിക്കെതിരെ ഗർജ്ജിക്കുന്ന, സാബത്തിനപ്പുറം മനുഷ്യനാണു വലുതെന്ന ബോധ്യത്തിൽ മുന്നേറുന്ന ഒരു ജനതയാണ്. അവിടെയാണ് എല്ലാവർക്കും സദ്‌വാർത്ത നല്കുന്ന ദൈവം പിറക്കുക.

എന്റെ ഇടപെടൽ: യേശുവിന്റെ ഭാഷ അരമിയയായിരുന്നു, ആട്ടിടയന്റെ ഭാഷ – സാമാന്യജനത്തിന്റെ ഭാഷ. സഭ ചക്രവർത്തിയുടെ അധീനതയിലായതോടെ റോമിന്റെ ഭാഷയായി സഭയുടേത്. അതു ഇന്നും തുടരുന്നു. അങ്ങനെ ആർച്ച് ബിഷപ്പ് പൗവ്വത്തിൽ ക്രിസ്ത്യൻ കുട്ടികളെ ക്രിസ്ത്യൻ വിദ്യാലയങ്ങളിൽ വിട്ടു പഠിപ്പിക്കണമെന്ന യേശുവിരുദ്ധ ഭാഷയുടെ വക്താവായി നില്ക്കുന്നു. ഇന്നു ഈ യേശുവിരുദ്ധ ഭാഷ തുടരുകയാണ് ബിഷപ്പുമാരിലൂടെയും കർദ്ദിനാളുമാരിലൂടെയും. ഇന്നിതാ സീറോ മലബാർ സഭ കർദ്ദിനാൾ വർക്കി വിതയത്തിൽ തന്റെ 72 വർഷത്തെ അനുഭവങ്ങളെ 'നേരേ ഹൃദയത്തിൽ നിന്ന്' എന്ന ആത്മകഥയിലൂടെ വ്യക്തമാക്കുന്നത് യേശുവിന്റെ ഭാഷയാണോ എന്നു സന്ദേഹമുണ്ട്. അദ്ദേഹം പറയുന്നു 'പാവപ്പെട്ടവരോടുള്ള കമ്യൂണിസ്റ്റുകാരുടെ സമീപനത്തെ അംഗീകരിക്കുന്നു. എന്നാൽ മാർക്സിസ്റ്റുകാരുടെ നിരീശ്വരവാദത്തെയും അതിക്രമങ്ങളെയും കൊലപാതക മനോഭാവത്തെയും ഞാൻ എതിർക്കുന്നു. മാർക്സിസ്റ്റ് പാർട്ടിക്ക് കേന്ദ്രത്തിൽ അധികാരം ലഭിച്ചാൽ അവർ

മാവോസേതുങ്ങ്, സ്റ്റാലിൻ തുടങ്ങിയവരിൽ നിന്നു വ്യത്യസ്ത മായിരിക്കില്ല. കര-നാവിക-വ്യോമസേനകളെ പാർട്ടി പൂർണ്ണ നിയന്ത്രണത്തിലാക്കുമെന്നും ഞാൻ ഭയപ്പെടുന്നു. മാർക്സിസ്റ്റു പാർട്ടി ജനാധിപത്യത്തിനു ഭീഷണിയാണ്. ഹിന്ദുമൗലികവാദ ത്തേക്കാൾ ഭയാനകമാണ് മാർക്സിസ്റ്റു മൗലികതാവാദം.' ആരുടെ ഭാഷയാണിത്? യേശുവിന്റേതോ? ഒരിക്കലുമല്ല. സാമ്രാ ജ്യത്വത്തിന്റെ ഭാവമാണിത്. ഈ ഭാഷയെ ഉപേക്ഷിച്ചിട്ടു യേശു വിന്റെ ഭാഷ, ദരിദ്രജനതയുടെ ഭാഷ, മാനവസംസ്കാരത്തിന്റെ ഭാഷ തിരിച്ചുപിടിക്കാൻ എന്താണു നാം ചെയ്യേണ്ടത്? എന്റെ കാഴ്ചപ്പാടിൽ ഒരേയൊരു മാർഗ്ഗമേയുള്ളു. ഇന്നത്തെ സഭയെയും സഭാസംവിധാനത്തെയും ഈ സംവിധാനം എടുത്തുകാട്ടുന്ന ദൈവത്തെയും നിഷേധിച്ചിട്ടു/ഉപേക്ഷിച്ചിട്ടു മനുഷ്യത്വത്തിലും പ്രാപഞ്ചികതയിലും ഊന്നിയ ആട്ടിടയന്റെ ഭാഷയെ ആഞ്ഞു പുൽകുകയാണ്.

അതേ ഞങ്ങളെല്ലാവരും ഒരേ സ്വരത്തിൽ പറഞ്ഞു: ഒരു മത നിരപേക്ഷ സംസ്കാരത്തിലെ മനുഷ്യനായി, പ്രപഞ്ചജീവിയായി സ്വതന്ത്രമായി ജീവിക്കാൻ സാധിക്കൂ.

## 14. ആരാണീ മനുഷ്യൻ?

സമീപനാളുകളിലൊന്നിൽ തിരുവനന്തപുരത്തു പി.എം.ജി. ജംഗ്ഷനിൽ നിന്നും ബസ്സിൽ കയറാനായി നില്ക്കവേ, ബസ്സ്റ്റാന്റിനരികെ ഒരു ദൈവവചന പ്രഘോഷകൻ വാശിയോടെ പ്രസംഗിക്കുന്നു. ഒരു വ്യക്തി പോലും അദ്ദേഹത്തിന്റെ പ്രസംഗം കേൾക്കാനില്ല. ബസ്സു കാത്തുനില്ക്കുന്ന യാത്രക്കാർ കേൾക്കാൻ നിർബന്ധിതരായിരുന്നു. അങ്ങനെയുള്ളവരിൽ ഒരാൾ ഞാനും. ആരും അദ്ദേഹത്തെ വേണ്ടവിധം ശ്രദ്ധിക്കുന്നില്ലെന്നു കണ്ട്, ഞാൻ അടുത്തുചെന്നു വചനങ്ങൾ ശ്രദ്ധയോടെ കേട്ടു. തീർത്തും വെറുപ്പും അവജ്ഞയും ജനിപ്പിക്കുന്ന വാക്കുകളായിരുന്നു ആ മാന്യദേഹത്തിൽ നിന്നു പൊഴിഞ്ഞു വീണത്. 'യേശുവാണു ഏകരക്ഷകൻ. രണ്ടായിരം വർഷങ്ങൾക്കു മുമ്പു പാപികളായ മനുഷ്യരെ രക്ഷിക്കാൻ കർത്താവായ യേശുക്രിസ്തു മനുഷ്യനായി. യേശുവിലൂടെ മാത്രം രക്ഷ. യേശുവിൽ വിശ്വസിക്കുക, രക്ഷ പ്രാപിക്കും. ആദത്തിന്റെ പാപത്തിനു ദൈവസന്നിധിയിൽ യേശു പരിഹാരം ചെയ്താണു മനുഷ്യകുലത്തെ രക്ഷിച്ചത്. ഇനി യേശുവിലുള്ള വിശ്വാസം നമ്മെ രക്ഷിക്കും. നിത്യനരകത്തിൽ നിന്നു രക്ഷനേടാൻ യേശുവിൽ വിശ്വസിക്കൂ ...' ഇങ്ങനെ പോയി അദ്ദേഹത്തിന്റെ തീപ്പൊരി പ്രസംഗം. ഉള്ളിൽ നിറയെ കലിയായിരുന്നെങ്കിലും കുറച്ചുനരം ഇവ കേട്ടുനിന്നു. സാവകാശം അദ്ദേഹത്തെ മനസ്സിലാക്കാൻ ശ്രമിച്ചു. പാവം കൂലിവേലക്കാരൻ. പറയുന്നതിൽ അദ്ദേഹത്തിനു വിശ്വാസം ഉണ്ടെന്നു തോന്നുന്നില്ല. ജീവിക്കാനുള്ള പണം കിട്ടണമെങ്കിൽ ഏല്പിക്കുന്ന ജോലി ചെയ്യണം. അദ്ദേഹത്തോടു അവസാനം സഹതാപമാണു തോന്നിയത്. വടക്കോട്ടുള്ള ബസ്സു വന്നു. ആലപ്പുഴയിലേക്കു യാത്ര കയറി. ബസ്സിൽ ഇരിക്കേണ്ടിവന്ന മൂന്നര മണിക്കൂറും ഈ ഉപദേശിയുടെ പ്രസംഗത്തിന്റെ പിന്നാമ്പുറമെന്തെന്നു മനസ്സിലാക്കാൻ ശ്രമിക്കുകയായിരുന്നു.

യേശുവിന്റെ ജനനം ഏതാണ്ടു 2000 വർഷങ്ങൾക്കു മുമ്പ്. മനുഷ്യസൃഷ്ടിയുടെയും ആദാമിന്റെയും ഹവ്വയുടെയും കഥയും ഉൾക്കൊള്ളുന്ന പഴയനിയമത്തിനു ഏതാണ്ടു 3000 വർഷങ്ങൾ. അങ്ങനെ ആകെ 5000 വർഷത്തെ കഥയാണു മനുഷ്യകുലത്തിനുള്ളത് എന്ന വ്യക്തതയിലാണദ്ദേഹം സംസാരിക്കുന്നത്. ഇനി മറ്റു മതങ്ങളുടെ കഥകളൊക്കെ കണക്കിലെടുത്താലും 10,000 വർഷങ്ങളുടെ കഥയേ പറയാനുള്ളൂ. ബൈബിളിലെ സൃഷ്ടിയുടെ കഥ ഉദ്ധരിച്ചുകൊണ്ടാണ്, പൊതുവേ മനുഷ്യൻ സൃഷ്ടിയുടെ മകുടമാണെന്നും ലോകത്തിന്റെ സൂക്ഷിപ്പുകാരനാണെന്നും പുനഃസൃഷ്ടിയും സംരക്ഷണവും നടത്താൻ ചുമതല ഏല്പിച്ചിരിക്കുകയാണെന്നും മറ്റും സ്ഥാപിക്കുന്നത്. അവിടെ ആദവും ഹവ്വയും (ആദിമ മാതാപിതാക്കൾ-ആദ്യമനുഷ്യർ) ദൈവകല്പനയ്ക്കെതിരെ പാപം ചെയ്തതിനുള്ള പരിഹാരാർത്ഥമാണ് 3000 വർഷങ്ങൾക്കു ശേഷം യേശു മനുഷ്യാവതാരം ചെയ്യുന്നത്. ഈ മുഴുവൻ സമീപനത്തിലും കാതലായ പ്രശ്നമുണ്ടെന്നു വായിക്കുകയും ചിന്തിക്കുകയും ചെയ്യുന്ന ഏതൊരു വ്യക്തിക്കും നിഷ്പ്രയാസം മനസ്സിലാക്കാം.

നമ്മുടെ ചിന്ത അല്പം കൂടി മുന്നോട്ടു കൊണ്ടുപോകാം. ഇന്നു ശാസ്ത്രം വളരെ വ്യക്തമായ തെളിവുകളോടെ കുറഞ്ഞതു മൂന്നു മില്യൺ (30 ലക്ഷം) വർഷത്തെ ചരിത്രമെങ്കിലുമുണ്ട് മനുഷ്യന് എന്നു ശാസ്ത്രീയമായി പഠിപ്പിക്കുന്നു. അതായതു ബൈബിൾ പയുന്നതിന്റെ 600 ഇരട്ടി വർഷങ്ങളായി മനുഷ്യസാന്നിദ്ധ്യം ഈ ലോകത്തുണ്ട്. അപ്പോൾ 5000 അല്ലെങ്കിൽ 10,000 വർഷത്തിനു മുമ്പ് ദൈവം മനുഷ്യനെ സൃഷ്ടിച്ചിട്ട്, സൃഷ്ടവസ്തുക്കളുടെ കാര്യസ്ഥനാക്കി നിയോഗിച്ചു എന്നും മറ്റുമുള്ള കാഴ്ചപ്പാട് തന്നെ വികൃതമാണ്, അശാസ്ത്രീയമാണ്. അതിനേക്കാൾ വിചിത്രമല്ലേ, ഈ ആദിമനുഷ്യൻ ദൈവകല്പനയ്ക്കെതിരെ പാപം ചെയ്തെന്നും ആ പാപക്കറ ജനിക്കുന്ന എല്ലാ മനുഷ്യരിലേയ്ക്കും സംക്രമിക്കുന്നുണ്ടെന്നും അവസാനം ദൈവത്തിന്റെ ഏകപുത്രനെ തന്നെ പാപപരിഹാരാർത്ഥം ലോകത്തിലേയ്ക്ക് അയച്ചു എന്നും മറ്റുമുള്ള അന്ധവിശ്വാസപ്രമാണങ്ങൾ. നമ്മുടെ ആദ്യത്തെ സുഹൃത്തു ബൈബിൾ പ്രഘോഷിക്കാൻ ഈ വിശ്വാസത്തെ അടിസ്ഥാനമാക്കിയാണു പ്രസംഗിച്ചത്. എന്തൊരു വിരോധാഭാസം! എന്തൊരു യുക്തിരാഹിത്യം.

എല്ലാത്തിന്റെയും സ്രഷ്ടാവും സർവ്വശക്തനുമാണു ദൈവം എന്ന ധാരണ സാവകാശമുണ്ടായതാണെന്നു ചരിത്രാപഗ്രഥനം വ്യക്തമാക്കുന്നുണ്ട്. ചെറിയ ചെറിയ ഗോത്രങ്ങളായി ജീവിച്ചിരുന്ന മനുഷ്യസമൂഹം, അതിന്റെ പരിണാമപ്രക്രിയയിൽ ജന്മിത്വ-രാജത്വ സമൂഹമായി മാറിക്കൊണ്ടിരിക്കുന്ന കാലത്തു ദൈവവും അനിയന്ത്രിതമായ അധികാരവും അപരിമേയമായ ശക്തിയുമുള്ള ഒന്നായി മാറേണ്ടതു (മാറ്റേണ്ടത്) അന്നത്തെ അധികാരവർഗ്ഗത്തിന്റെ ആവശ്യമായിരുന്നു. അങ്ങനെയാണു ദൈവത്തിനു 'യഹോവ' എന്നൊരു സംജ്ഞ തന്നെ ഉണ്ടാവുന്നത്. എല്ലാത്തിന്റെയും സ്രഷ്ടാവായ ഏകദൈവം, എല്ലാവരെയും അവരുടെ നന്മ-തിന്മ പ്രവർത്തനങ്ങളുടെ കണക്കുവച്ചു പ്രതിഫലം തരികയും ശിക്ഷിക്കുകയും ചെയ്യുന്ന ഏകദൈവം, എല്ലാവരുടെയും ആരാധനയ്ക്കും സ്തുതിക്കും സ്തോത്രത്തിനും അർഹനായ ഏകദൈവം. മറ്റു കൊച്ചുദൈവങ്ങളെ കള്ളദൈവങ്ങളായി ചിത്രീകരിച്ചിട്ട്, അസൂയാലുവായ ഏക സത്യദൈവം എന്ന ധാരണയും വിശ്വാസവും ചരിത്രത്തിൽ ഒരു സുപ്രഭാതത്തിൽ പൊട്ടിവിടർന്നതല്ല. രാജാക്കന്മാരും പ്രഭുക്കന്മാരും അവരവരുടെ അധികാരസ്ഥാനം ഉറപ്പിക്കാനും അതിൽ അടിയുറച്ചു നീങ്ങാനും ദൈവത്തെപ്പറ്റി ഇങ്ങനെയുള്ള ധാരണ ഗുണം ചെയ്യുമെന്നു അവർ മനസ്സിലാക്കിയിരുന്നു. അധികാരത്തിന്റെ മാസ്മരവിദ്യയിൽ ആറാടിയിരുന്നവർക്കു ഇങ്ങനെ ഒരു ദൈവസൃഷ്ടി അപാരമായ സഹായമാണ് ചെയ്തത്; ഇപ്പോഴും ചെയ്തുകൊണ്ടിരിക്കുന്നത്. 'ദൈവവാഴ്ച' എന്നൊരു ഭരണസമ്പ്രദായത്തിനു തന്നെ രൂപംകൊടുക്കാനും ഈ ദൈവത്തിന്റെ പ്രതിപുരുഷന്മാരാണവരെന്നു പ്രഖ്യാപിക്കാനും അതനുസരിച്ചു സാമാന്യജനത്തെ കിഴ്പ്പെടുത്തി ഭരിക്കാനും ലോകസമ്പത്തും വിഭവങ്ങളും കുന്നുകൂട്ടി സ്വന്തമാക്കാനും അവർക്കു കഴിഞ്ഞു. ഇന്നും ഈ പ്രക്രിയ സജീവമാണ്, പ്രത്യേകിച്ച് മതങ്ങളിൽ. അതുകൊണ്ടല്ലേ നമ്മുടെ മെത്രാന്മാർക്കു പറയാൻ സാധിച്ചത്, സഭയിൽ ജനാധിപത്യമല്ല ദൈവാധിപത്യമാണ് ഉള്ളതെന്ന്. ഈ ദൈവാധിപത്യമോ മെത്രാന്റെയും മാർപ്പാപ്പയുടെയും ഇംഗിതം നിറവേറ്റുന്നതും. ദൈവം സ്രഷ്ടാവും സർവ്വശക്തനും നിയന്താവുമാണെന്ന ധാരണ അനിവാര്യമായി വളർത്തിയെടുക്കേ

ണ്ടിയിരുന്നു. അതിനുതകുന്ന എല്ലാ പഠനങ്ങൾക്കും വിശ്വാസ പ്രമാണങ്ങൾക്കും ചിന്താധാരകൾക്കും അവർ രൂപംകൊടുത്തു.

ഈ ആസൂത്രിത പ്രക്രിയയുടെ ഭാഗമാണു മനുഷ്യൻ സ്രഷ്ട വസ്തുക്കളിൽ വച്ചു ഏറ്റവും ഉന്നതനും സ്രഷ്ടവസ്തുക്കളെയും ലോകത്തെയും സംരക്ഷിച്ചുവളർത്തേണ്ടവനും എന്ന ചിന്താ രീതി. വെറും 5000 വർഷങ്ങൾക്കു മുമ്പ് സ്രഷ്ടവസ്തുക്കളുടെ മകുടമായി സൃഷ്ടിച്ച മനുഷ്യനെ ലോകത്തിന്റെ നിയന്താവാക്കി മാറ്റിയെങ്കിൽ, അവിടെയും ചൂഷണത്തിന്റെയും നിക്ഷിപ്തതാ ല്പര്യത്തിന്റെയും അടിവേരുകൾ നിഷ്പക്ഷമതികൾക്കു ദർശി ക്കാൻ ബുദ്ധിമുട്ടില്ല. പ്രപഞ്ചത്തിന്റെ ഭരണം സ്വയം ഏറ്റെടുത്ത പ്രഭുത്വത്തിനു അവരുടെ ചൂഷണത്തെ ദൈവികമായി നീതീക രിക്കാൻ അവർ സമർത്ഥമായി കണ്ടെത്തിയ തത്ത്വമാണിത്. ദൈവത്തിന്റെ ഛായയിൽ സൃഷ്ടിച്ച മനുഷ്യനു ലോകത്തെ ഭരി ക്കാനും നിയന്ത്രിക്കാനും കാര്യസ്ഥം വഹിക്കാനും ദൈവം അധി കാരം നല്കിയിരിക്കുന്നു എന്ന തത്ത്വം. ഇവിടെ 'മനുഷ്യൻ' എന്ന പൊതു സംജ്ഞ ഉപയോഗിക്കുന്നെങ്കിലും, പ്രായോഗി കമായി ഇവിടെ 'മനുഷ്യൻ' എന്ന പദത്തിനർത്ഥം ഭരിക്കുന്ന വൻ എന്നാണ്. ഈ തെറ്റായ ധാരണയാണ് പ്രകൃതിയെ അമി തമായി ചൂഷണം ചെയ്യാനും മലിനമാക്കാനും ഓസോൺപാളി യിൽ വിള്ളൽ വരത്തക്ക രീതിയിൽ പ്രകൃതിയെ ദ്രോഹിക്കാനും മറ്റും ആർത്തിമൂത്ത മനുഷ്യനു സാധിതമാക്കുന്നത്.

സൃഷ്ടവസ്തുക്കളിൽ മനുഷ്യനു ഏറ്റവും ഉന്നതസ്ഥാനം എന്ന അവസ്ഥ സ്ഥാപിക്കാൻ അധികാരവർഗ്ഗം അവരുടേതായ തന്ത്രങ്ങൾ മെനഞ്ഞപ്പോൾ, വിജ്ഞാനലോകം മനുഷ്യനെ സൃഷ്ടിയുടെ മകുടമായി കണ്ടത് അവന്റെ ബോധാവസ്ഥയെ കണക്കിലെടുത്തുകൊണ്ടാണ്. മനഃശാസ്ത്രജ്ഞന്മാർ മനു ഷ്യനെ നിർവചിക്കുന്നതു ഒരു ബോധമുള്ള ജീവി എന്നാണ്. അവന്റെ ഈ ശാസ്ത്രചിന്ത വളർത്തിയതോടെ ജീവനുള്ളതും ഇല്ലാത്തതുമായ മേഖലകൾ എന്നും തുടർന്നു ജീവനുള്ള മേഖ ലയിൽ തന്നെ ബോധാവസ്ഥയ്ക്കു പല തലങ്ങൾ ഉണ്ടെന്നും വാദിച്ചു. അങ്ങനെ സസ്യലോകം, മൃഗലോകം, മനുഷ്യലോകം എന്ന മൂന്നു ബോധാവസ്ഥയെപ്പറ്റിയും അവർ പറയുന്നു. ഈ

ചിന്താധാര ഏതാണ്ടു ഒരു ശാസ്ത്രവിഷയം പോലെ അവർ പഠിപ്പിക്കാനും തുടങ്ങി. ഫലമോ? ഒട്ടുമിക്കവരും പ്രകൃതിവസ്തുക്കളുടെ ബോധാവസ്ഥയെ പല തലങ്ങളിൽ കണ്ടിട്ട്, ഏറ്റവും വിലപ്പെട്ടതും ഉയർന്നതുമായ ബോധാവസ്ഥ മനുഷ്യന്റേതാണെന്നു സ്ഥാപിക്കുന്നു. ഈ സമീപനം ശരിയാണോ എന്നുകൂടി ചോദിക്കേണ്ടതുണ്ട്. കല്ലിന്റെയും മരത്തിന്റെയും മൃഗത്തിന്റെയും അവബോധാവസ്ഥയേക്കാൾ വളർന്നതും ഉന്നതവുമായ അവബോധാവസ്ഥയാണു മനുഷ്യനുള്ളത് എന്നു എങ്ങനെ സ്ഥാപിക്കാൻ പറ്റും? അവർക്കു നമ്മുടേതിനേക്കാൾ മെച്ചപ്പെട്ട ബോധാവസ്ഥ കണ്ടേക്കാം. അവർക്കു നമ്മൾ പ്രകടിപ്പിക്കുന്ന രീതിയിൽ പ്രകാശിപ്പിക്കാൻ പറ്റുന്നില്ലായിരിക്കാം. അതുപോലെ നമുക്കും അവർ പ്രകാശിപ്പിക്കുന്ന രീതിയിൽ നമ്മുടെ അവസ്ഥ പ്രകടിപ്പിക്കാൻ പറ്റുകയില്ലല്ലോ. ഓരോ പ്രപഞ്ചവസ്തുവിനും അതിന്റേതായ തനിമയും സവിശേഷതകളും സഹജകഴിവുകളും ഉണ്ട്. അത് മനുഷ്യനുമുണ്ട്. അത്രമാത്രം. മറ്റു പ്രപഞ്ചവസ്തുക്കളെ അവ ആയിരിക്കുന്ന രീതിയിൽ കാണാനും മനസ്സിലാക്കാനുമുള്ള മനുഷ്യന്റെ കഴിവുകേടിനെ മറച്ചുപിടിച്ചുകൊണ്ട്, മനുഷ്യന്റെ അവബോധാവസ്ഥയാണു ഏറ്റവും ഉയർന്നത് എന്നുള്ള സമീപനം തീർത്തും മനുഷ്യകേന്ദ്രീകൃത വിഡ്ഢിത്തമാണ്.

ഈ അവസ്ഥയിൽ മനുഷ്യന്റെ സ്ഥാനമെന്ത്? ഭൂമിയുടെ സംരക്ഷകനോ കാര്യസ്ഥനോ അല്ല. മറ്റു പ്രപഞ്ചവസ്തുക്കളേക്കാൾ മെച്ചവുമല്ല. പ്രപഞ്ചത്തിലെ മറ്റെല്ലാ വസ്തുക്കളോടൊപ്പം മനുഷ്യനും മറ്റൊരു വസ്തു. അത്രമാത്രം. പ്രപഞ്ചം മനുഷ്യന്റേതല്ല. എങ്കിൽ അതിനെ നിയന്ത്രിക്കുകയോ ഭരിക്കുകയോ ചെയ്യാനുള്ള അധികാരം മനുഷ്യനില്ല. മനുഷ്യൻ പ്രപഞ്ചത്തിന്റേതാണ്. എങ്ങനെയാണോ പ്രപഞ്ചത്തിലെ ഓരോ വസ്തുവും പ്രപഞ്ചത്തിന്റേതായിരിക്കുന്നത് അതുപോലെ മനുഷ്യനും പ്രപഞ്ചത്തിന്റേതാണ്. വളരെ ചെറിയൊരു വാചകമാണിതെങ്കിലും അതിന്റെ അർത്ഥവ്യാപ്തിയും ഭവിഷ്യത്തും വലുതാണ്. ഈയൊരു വ്യക്തതയുണ്ടെങ്കിൽ പ്രകൃതിയെ നശിപ്പിക്കുകയില്ല. പ്രപഞ്ചത്തിലെ എല്ലാ ജീവജാലങ്ങളോടും വസ്തുവകകളോടുമാണ് ചങ്ങാത്തം. അങ്ങനെ പ്രപഞ്ചത്തോളം വിശാലമായ ഒരു സജീവ കൂട്ടായ്മയുടെ അവിഭാജ്യഘടകമാണു മനുഷ്യൻ.

ഈ കാഴ്ചപ്പാടു എന്റെ ഒരു സുഹൃത്തുമായി പങ്കുവച്ചപ്പോൾ, അദ്ദേഹത്തിന്റെ നിരീക്ഷണം ഇങ്ങനെയായിരുന്നു. 'കാര്യങ്ങൾ കൊള്ളാം. കാഴ്ചപ്പാടിൽ ഒരു സമഗ്രതയുള്ളതായി തോന്നുന്നു. എങ്കിലും ഒരു കാര്യത്തിലാണ് വിയോജിപ്പ്. ഈ സമീപനം മനുഷ്യനെ കൊച്ചാക്കുകയല്ലേ ചെയ്യുന്നത്. അതിനോടു യോജിപ്പില്ല.' രണ്ടു കാര്യങ്ങളാണ് അദ്ദേഹം സൂചിപ്പിച്ചത്. ഒന്ന്, കാഴ്ചപ്പാടിൽ സമഗ്രതയുണ്ട്, രണ്ട് മനുഷ്യനെ കൊച്ചാക്കുന്നു. ഈ രണ്ടു നിരീക്ഷണങ്ങളിൽ തന്നെ വൈരുദ്ധ്യമുണ്ട്. ലോകവീക്ഷണത്തിൽ സമഗ്രതയുണ്ടെങ്കിൽ, എല്ലാ പ്രപഞ്ചവസ്തുവിനും അതിന്റേതായ സ്ഥാനവും വിലയും കൊടുക്കുന്നിടത്താണ് അത് സംഭവിക്കുന്നത്. മനുഷ്യനെ കൊച്ചാക്കുകയാണെങ്കിൽ, വീക്ഷണത്തിൽ സമഗ്രതയില്ലെന്നർത്ഥം.

സത്യത്തിൽ എന്റെ സുഹൃത്തു മാനസികമായി അവ്യക്തതയിലാണ്. കേട്ടപ്പോൾ കൊള്ളാം. കാഴ്ചപ്പാടിൽ സമഗ്രത അനുഭവപ്പെട്ടു. പക്ഷേ ചെറുപ്പത്തിലേ 'മനുഷ്യൻ സൃഷ്ടിയുടെ മകുടം' എന്ന ആപ്തവാക്യത്തിന്റെ തുടർസ്വാധീനത്തെ ദൂരെ വലിച്ചെറിയാൻ വേണ്ട വ്യക്തതയും മനക്കരുത്തും ആയിട്ടില്ല. ഓരോ പ്രപഞ്ചവസ്തുവിനും അതിന്റേതായ തനതു സ്ഥാനം പ്രപഞ്ചത്തിലുണ്ട് എന്ന ബോധ്യമാണ് ഏറ്റവും വലുത്. പ്രപഞ്ച കൂട്ടായ്മയിലാണ് ഓരോ പ്രപഞ്ചവസ്തുവും ജനിച്ചുവീഴുന്നത്. ഈ കൂട്ടായ്മ എന്നും സജീവമാണ്. മറ്റു വസ്തുക്കളുമായി ബന്ധമില്ലാതെ ഒറ്റയ്ക്കു ഒന്നിനും നിലനില്ക്കുക വയ്യ. എല്ലാം പരസ്പര ബന്ധിതമാണ്. കൂട്ടായ്മയോട് ഓരോന്നും സജീവമായി ബന്ധിതമാണ്. ഇവിടെ ഒരു പരസ്പരം കൊണ്ടുംകൊടുക്കലുമുണ്ട്. ചരിത്രത്തിലെ വിവിധഘട്ടങ്ങളിലൂടെ കടന്നുപോകുന്നിടത്ത്, പ്രാപഞ്ചിക കൂട്ടായ്മ ഓരോ പ്രപഞ്ചവസ്തുവിനെയും രൂപപ്പെടുത്തുന്നു. അങ്ങനെ നമ്മുടെ ഓരോരുത്തരുടെയും ജീവിതം വിശാലമായ പ്രാപഞ്ചിക കൂട്ടായ്മയുടെ അവിഭാജ്യ ഘടകമാണെന്നുള്ള ബോധ്യം നമ്മെ ധന്യരാക്കുന്നു. ഇവിടെ മനുഷ്യൻ കൊച്ചാക്കപ്പെടുകയല്ല; യഥാർത്ഥ വലിപ്പത്തിലേയ്ക്കു മനുഷ്യൻ കാലു കുത്തി മുന്നോട്ടു നടക്കുകയാണ്.

## 15. ആ ദുന്തത്തിന്റെ പേരാണ് വിശ്വാസം

എന്റെ ഒരു സുഹൃത്ത്. കത്തോലിക്കാ വൈദികൻ. മനഃശാസ്ത്രത്തിൽ ഡോക്ടറേറ്റ്. അധ്യാപകൻ. അധ്യാപക നിയമനത്തിനും കുട്ടികളുടെ പ്രവേശനത്തിനും സഭാമാനേജ്മെന്റ് കാപ്പിറ്റേഷനും സംഭാവനയും വാങ്ങുന്നതു യേശുദർശനത്തിനു നിരക്കുന്നതല്ല എന്നു വ്യക്തമാക്കിക്കൊണ്ട് യുക്തിസഹമായി അദ്ദേഹത്തിന്റെ ബിഷപ്പിനോടു ഒരിക്കൽ സംസാരിച്ചു. കുറച്ചുകാര്യങ്ങൾ പറഞ്ഞുകഴിഞ്ഞപ്പോൾ ബിഷപ്പിന്റെ പ്രതികരണം ഇങ്ങനെ: 'അച്ചൻ എന്തിനാ ആവശ്യമില്ലാതെ അതുമിതും ചിന്തിക്കുന്നത്? സഭയുടെ കാര്യങ്ങളെപ്പറ്റി ചിന്തിക്കാൻ ഞങ്ങളുണ്ടല്ലോ?' എന്തൊരു ധിക്കാരപൂർവ്വമായ മറുപടി. അതിനദ്ദേഹം കുറിക്കുകൊള്ളുന്ന മറുപടി തന്നെ കൊടുത്തു. തുടർന്നു അദ്ദേഹം ഇങ്ങനെ പറഞ്ഞു അവസാനിപ്പിച്ചു. 'ചിന്തിക്കാത്ത നിങ്ങളുടെ അടിമയായിരിക്കാൻ എന്നെ കിട്ടുകയില്ല.' അതിനുശേഷം അദ്ദേഹം കത്തോലിക്കാസഭ ഉപേക്ഷിച്ചു. കുറച്ചുകൂടി ജനാധിപത്യസ്വഭാവമുള്ള മർത്തോമസഭയിൽ ചേർന്നു. ഇപ്പോൾ അവിടെ ശുശ്രൂഷ തുടരുന്നു.

'താങ്കൾ എന്തിനാണു ചിന്തിക്കുന്നത്? ചിന്തിക്കാൻ ഞങ്ങളുണ്ടല്ലോ!' എന്ന മനോഭാവം ഈയൊരു മെത്രാന്റെ മാത്രം ശൈലിയല്ലെന്നും ക്രൈസ്തവസഭകളിൽ ആകെയും പ്രത്യേകിച്ചു കത്തോലിക്കാസഭയിൽ ഈ ചിന്താരീതി സജീവമായി നിലകൊള്ളുന്നു എന്നതുമാണു വസ്തുത. മാർപ്പാപ്പായ്ക്കുള്ളതു തെറ്റാവരമാണ്. അവിടെ ഒരു വിശേഷണമുണ്ട്. വിശ്വാസത്തെപ്പറ്റിയും ധാർമ്മികതയെപ്പറ്റിയും പഠിപ്പിക്കുമ്പോൾ മാർപ്പാപ്പയ്ക്കു തെറ്റു വരില്ല എന്നത് കത്തോലിക്കാ വിശ്വാസപ്രമാണങ്ങളിൽ ഒന്നായി ചേർത്തിരിക്കുകയാണ്. ആരാണദ്ദേഹത്തിനു ഈ തെറ്റാവരം കൊടുത്തത്? തെറ്റാവരം കൊടുക്കാൻ

ആർക്കാണധികാരം? വിശ്വാസം ദൈവവുമായി ബന്ധപ്പെട്ടുനി ല്ക്കുന്നു. ഈ ദൈവത്തെ ഇതുവരെയും ആരും കണ്ടിട്ടില്ല. എത്രകോടി ജനം ദൈവവിശ്വാസികളായിട്ടുണ്ടോ അത്രകോടി ദൈവസങ്കല്പങ്ങളുമുണ്ട്. രണ്ടുപേരുടെ ദൈവസങ്കല്പം രണ്ടാ ണ്. അപ്പോൾ എങ്ങനെയാണു മാർപ്പാപ്പയ്ക്കു തെറ്റാവരത്തോടെ ദൈവവുമായി ബന്ധപ്പെട്ടവ പഠിപ്പിക്കുവാൻ സാധിക്കുന്നത്? ഈ പഠനം ശരിയല്ല എന്ന കാര്യം തെറ്റാവരത്തോടെ എനിക്കു പറയാൻ പറ്റും. അത്ര തന്നെ. അതിനേക്കാൾ വലിയ ഭോഷ്ക്കാണ് ധാർമ്മികതയിൽ അദ്ദേഹത്തിനു തെറ്റാവരമുണ്ടെ ന്നത്. ചരിത്രം വ്യക്തമായിട്ടു ഒരു കാര്യം പഠിപ്പിക്കുന്നുണ്ട്. സാമൂഹ്യ-ചരിത്ര പരിണാമങ്ങൾക്കു വിധേയമാണു ധാർമ്മിക ത. എല്ലാവർക്കും എപ്പോഴും ഒരുപോലെ എന്ന ഒരു ധാർമ്മിക തത്വവുമില്ല - നന്മയെ സ്നേഹിക്കുക, തിന്മയെ വെറുക്കുക എന്നതൊഴിച്ചാൽ. ഇവിടെയും പ്രശ്നമുണ്ട്. ഇന്നത്തെ നന്മ നാളെ നന്മയാകണമെന്നില്ല. അതുപോലെ ഇന്നത്തെ തിന്മ നാളെ തിന്മയാകണമെന്നില്ല. അങ്ങനെ സമൂഹത്തിന്റെ ചാലക ശക്തിയ്ക്കനുസരിച്ചു ധാർമ്മികത നിരന്തരം വ്യതിയാനത്തിനു വിധേയപ്പെട്ടിരിക്കുന്ന സാഹചര്യത്തിൽ, എവിടെയാണ്, എങ്ങ നെയാണ് ഒരാൾക്കു തെറ്റാവരം ഉണ്ടാവുക? ഇതു തികഞ്ഞ വിഡ്ഢിത്തമല്ലാതെ മറ്റെന്താണ്.

ആഗോളസഭയുടെ തലം വിട്ട്, രൂപതകളിലേയ്ക്കു വരു മ്പോൾ, സ്വാഭാവികമായി ഈ തെറ്റാവരം ബിഷപ്പിലേക്കു ആവ ഹിക്കപ്പെടുകയാണ്. എല്ലാത്തിന്റെയും തീരുമാനമെടുക്കുന്ന വ്യക്തിയായി അദ്ദേഹം മാറുന്നു. മറ്റെല്ലാ സമിതികൾക്കും ഉപ ദേശകസ്വഭാവം മാത്രമേയുള്ളു. തീരുമാനം ബിഷപ്പിന്റേതാണ്. അതുകൊണ്ടാണു നമ്മുടെ ബിഷപ്പിനു 'ചിന്തിക്കാൻ ഞങ്ങളു ണ്ടല്ലോ' എന്ന വിഡ്ഢിഭാഷ പറയാനുള്ള മനക്കരുത്തുണ്ടായ ത്. ഇതു എല്ലാ രീതിയിലും ജനാധിപത്യവിരുദ്ധമാണ്. രൂപത യുടെ ഒരു ചെറിയ പതിപ്പാണ് ഇടവക. അവിടെ വികാരിയച്ചൻ ഏതാണ്ടു തെറ്റാവരത്തോടെ തന്നെ തീരുമാനങ്ങളെടുക്കുന്നു! എന്തൊരത്ഭുതം!

ഇന്നു ലോകജനതയുടെ ഏതാണ്ടു മൂന്നിൽരണ്ടു ഭാഗവും ക്രിസ്ത്യാനികളാണ്. ഇതിനെ വലിയ മഹിമയായി ചിത്രീകരി

ച്ചുകണ്ടിട്ടുണ്ട്. പക്ഷേ ക്രിസ്തീയസഭയുടെ വ്യാപനചരിത്രത്തെ വസ്തുനിഷ്ഠമായി പരിശോധിച്ചാൽ, അധിനിവേശത്തിന്റെയും കുരിശുയുദ്ധത്തിന്റെയും ഫലമായിരുന്നു അതെന്നു നിഷ്പക്ഷ മതികൾക്കു വ്യക്തമാകും. മാനവലോകത്തിന്റെ വളർച്ചയിൽ വളരെ വലിയ പങ്കു സഭ വഹിച്ചിട്ടുണ്ട് എന്നാണ് പൊതുവേ ചരിത്രം പറയുന്നത്. ഒന്നോർക്കണം, ആരാണീ ചരിത്രം എഴുതിയത്. എന്നും സഭാപിതാക്കന്മാരും ആത്മീയനേതാക്കളും സന്യാസസമൂഹങ്ങളുമാണു ചരിത്രകർത്താക്കൾ. അവർക്കു അങ്ങനെയല്ലേ എഴുതാൻ പറ്റൂ. സത്യത്തിൽ ക്രിസ്തീയസഭ മാനവകുലത്തോടു കാട്ടിയിട്ടുള്ള അപരാധത്തിനും ക്രൂരതയ്ക്കും കയ്യുംകണക്കുമില്ല. ഇവ വിശദമാക്കാൻ പുസ്തകങ്ങൾ തന്നെ എഴുതേണ്ടിയിരിക്കുന്നു. വിസ്തരഭയം നിമിത്തം ചില സൂചനകൾ മാത്രം.

ആദ്യമായി യേശുവിനെ സഭയിൽ നിന്നു പുറത്തുചാടിച്ചു. ഇന്നത്തെ ക്രിസ്തീയസഭകളിൽ ഒന്നിലും യേശു ഇല്ല. ഇന്നത്തെ ക്രിസ്തീയസഭകൾ എന്നു വിശേഷിപ്പിക്കുന്ന ഒന്നിലും യഥാർത്ഥ ക്രിസ്ത്യാനിയുമില്ല. അതുകൊണ്ടാണു പ്രശസ്ത ചിന്തകനായ ഫ്രെഡറിക് നീത്ഷേ പറഞ്ഞത്: 'ഒരേയൊരു ക്രിസ്ത്യാനിയേ ഉണ്ടായിരുന്നുള്ളു. അയാളാകട്ടെ കുരുശിലേറി മരിക്കുകയും ചെയ്തു.' ('ആന്റി ക്രൈസ്റ്റ്', വിവർത്തനം: യു. ആർ. ഗോപാലൻ, പേജ് 43).

യേശുവും ക്രിസ്ത്യാനിയും ഇല്ലെങ്കിലും ഇന്നത്തെ ക്രിസ്തീയസഭകൾക്കു എല്ലാ മേഖലകളിലും പലതുമുണ്ട്. അവർ അവരുടേതായ ഭാഷാപ്രയോഗങ്ങൾക്കും ഭാഷാശരീരത്തിനും ഡ്രസ്കോഡിനും സദാചാര-നിയമസംഹിതയ്ക്കും രൂപംകൊടുത്തു. ഉദാഹരണത്തിന്

- പ്രപഞ്ചവസ്തുക്കളൊക്കെത്തന്നെ പ്രകൃതിക്കനുയോജ്യമായ രീതിയിൽ ഇടപെട്ടു പ്രകൃതിയുടെ സന്തുലിതാവസ്ഥ കാത്തുസൂക്ഷിക്കുന്നു. പക്ഷേ മനുഷ്യൻ മാത്രം പ്രകൃതിവിരുദ്ധമായി ഇടപെടുന്നു, പ്രകൃതിയുടെ സന്തുലിതാവസ്ഥ നശിപ്പിക്കുന്നു. അവനെ ക്രിസ്തീയസഭ വിശേഷിപ്പിക്കുന്നത് 'സൃഷ്ടിയുടെ മകുടം' എന്നാണ്. പക്ഷേ ഇന്നു അവനു ഏറ്റവും യോജിച്ച

വിശേഷണം പരാജിതനായ ജീവി എന്നായിരിക്കുമെന്നു തോന്നുന്നു.

– പ്രപഞ്ചത്തിൽ എല്ലാ ജീവജാലങ്ങളും ആനന്ദനൃത്തമാടുകയാണ്. കുടജാദ്രിയിൽ പോയപ്പോൾ അനുഭവപ്പെട്ട കോരിത്തരിപ്പ് ഇപ്പോഴും വിട്ടുമാറിയിട്ടില്ല. നിശ്ശബ്ദതയിൽ ആ മലകളും വനങ്ങളും എന്തിനു പുൽമേടുകളും മണൽത്തരികളും വാചാലമായി സംസാരിക്കുന്നുണ്ടായിരുന്നു. ആനന്ദം പ്രകൃതിയുടെ അടിസ്ഥാനസ്വഭാവമാണ്. ക്രിസ്തീയസഭയുടെ അടിസ്ഥാനമോ പാപമാണ്. പാപത്തെ ഓർത്തുള്ള പശ്ചാത്താപമാണു മനുഷ്യനെ പുണ്യവാനാക്കുന്നത്. മനുഷ്യന്റെ ജന്മം തന്നെ പാപത്തിലാണ്. തീർത്തും അപഹാസ്യമായൊരു വീക്ഷണം!

– യേശു പഠിപ്പിച്ചു: സത്യം നിങ്ങളെ സ്വതന്ത്രരാക്കും. സത്യത്തിനു സാക്ഷ്യം നല്കാനാണ് അദ്ദേഹം വന്നിരിക്കുന്നത് എന്നും പറഞ്ഞു. ക്രൈസ്തവമേലധികാരികൾ/പുരോഹിതവർഗ്ഗം നുണകൾക്കു സാക്ഷ്യംവഹിക്കുന്നു. ഈ നുണകളുടെ പേരാണു വിശ്വാസപ്രമാണങ്ങൾ. 'ഏകദൈവത്തിൽ ഞാൻ വിശ്വസിക്കുന്നു' എന്നു തുടങ്ങി മനുഷ്യാവതാരത്തിലും ത്രീത്വത്തിലും ഉയർപ്പിലും സ്വർഗ്ഗത്തിലും നരകത്തിലും മറിയത്തിന്റെ അമലോത്ഭവത്തിലും കന്യാത്വത്തിലും മാർപ്പാപ്പയുടെ തെറ്റാവരത്തിലും ഒക്കെയുള്ള വിശ്വസപ്രമാണങ്ങൾ പുരോഹിതന്റെ സത്യങ്ങളാണെങ്കിലും നുണയാണെന്നു ആർക്കാണ് അറിയാത്തത്!

– ഞാൻ വന്നതു ജീവൻ നല്കാനാണ്, അതു സമൃദ്ധിയിൽ നല്കാനാണ് എന്നാണ് യേശു പഠിപ്പിച്ചത്. ക്രിസ്തീയ പൗരോഹിത്യം ജീവന്റെയും ജീവിതത്തിന്റെയും നിഷേധമാണു പഠിപ്പിക്കുന്നത്. ഇവർ നാം ജീവിക്കുന്ന ഈ ലോകത്തോടുള്ള നമ്മുടെ ഉത്തരവാദിത്വത്തെ മറന്നുകൊണ്ട് പരലോകത്തിലും സ്വർഗ്ഗത്തിലും വിശുദ്ധിയിലും ആത്മാവിലും നിർവാണത്തിലും നിത്യതയിലുമാണു ശ്രദ്ധ കേന്ദ്രീകരിക്കുന്നത്. നീ ബലിയർപ്പിക്കാനിരിക്കുമ്പോൾ, നിന്നോടു ആർക്കെങ്കിലും വിരോധം ഉണ്ടെന്നു ഓർത്താൽ, ബലിവസ്തു അവിടെ വച്ചിട്ടു ആദ്യം പോയി സഹോദരനുമായി രമ്യപ്പെടുക, എന്നിട്ടു മതി ബലി

യർപ്പണം എന്നായിരുന്നു യേശുവിന്റെ പഠനം. ചുരുക്കത്തിൽ ഇന്നത്തെ ക്രൈസ്തവപൗരോഹിത്യം ഉപയോഗിക്കുന്ന നല്ല വിശുദ്ധപദങ്ങളുടെ പിന്നിൽ ജീവന്റെ ഉൾത്തുടിപ്പില്ല, മരണത്തിന്റെ ചീഞ്ഞനാറ്റമാണുള്ളത്.

– ആരും ഒന്നും സ്വന്തമാക്കാത്ത, എല്ലാം പൊതുവായി കണ്ട്, ഓരോരുത്തരുടെയും ആവശ്യാനുസരണം വീതിച്ചതിന്റെ ഫലമായി അവരുടെയിടയിൽ മുട്ടുപാടുകളില്ലായിരുന്ന ഒരു സ്നേഹക്കൂട്ടായ്മയായിരുന്നു യേശുവിന്റെ സ്വപ്നം. ആദിക്രൈസ്തവ സമൂഹം ഏതാണ്ടങ്ങനെയായിരുന്നുതാനും. പക്ഷേ പൗരോഹിത്യം മൂത്തുനരച്ചതോടെ അധികാര-സമ്പത്തു കേന്ദ്രീകരണം ഉണ്ടായി. യേശുവിന്റെ പഠനത്തെ കാറ്റിൽ പറപ്പിച്ചിട്ട്, സ്നേഹക്കൂട്ടായ്മയ്ക്കു പകരം വ്യക്തിയുടെ വിശുദ്ധിയിലായി ഊന്നൽ. 'തന്നത്താൻ സ്നേഹിക്കുന്നതുപോലെ .... ആദ്യം നിന്റെ സ്വർഗ്ഗം നീ സുരക്ഷിതമാക്കുക' എന്നിങ്ങനെയുള്ള സ്വാർത്ഥപരമായ തത്ത്വങ്ങൾക്കു തന്നെ രൂപംകൊടുത്തു. വ്യക്തി സ്വർഗ്ഗത്തിൽ എത്താൻ വേണ്ടി വ്യക്തിഗതമായി പുണ്യപ്രവൃത്തികൾ ചെയ്യേണ്ടതുണ്ട്. എന്താണിതിനു മാർഗ്ഗം? മറ്റുള്ളവരോടു, പ്രത്യേകിച്ചു പാവപ്പെട്ടവരോടു അനുകമ്പയും അലിവും കരുണയും കാണിക്കുക. ദുർബലരോടുള്ള സഹതാപം പുണ്യമായി മാറുന്നു. എങ്ങനെ ഇവർ ദുർബലരായി, എങ്ങനെ പാവപ്പെട്ടവരായി എന്ന ചോദ്യം ഉയർത്തുന്നതേയില്ല. കഷ്ടപ്പെട്ടു ജീവിക്കുന്നവരുടെ സഹനത്തെ മതപൗരോഹിത്യം മുതലെടുക്കുന്നു. എങ്ങനെ? പീഡകൾ സഹിച്ച യേശുവിനെ കാണിച്ചുകൊണ്ട്, യേശുവിനു വേണ്ടി സഹിക്കാൻ പ്രേരിപ്പിക്കുന്നു. സഹനത്തിനു ഒരു രക്ഷകീയ മാനമുണ്ട് എന്നു പറഞ്ഞുകൊണ്ടു സാമാന്യജനതയുടെ ജീവിതപീഡകളെ നിസാരവൽക്കരിച്ചു പുണ്യമയമാക്കുന്നു. ഇവയൊക്കെ വഴി വ്യക്തിഗതമായ മോചനമാണു സാധിതമാവുക. സിസ്റ്റർ അൽഫോൻസയെ പുണ്യവതിയാക്കി പ്രഖ്യാപിച്ചതിന്റെ പിന്നിലെ ചേതോവികാരം ഇതു മാത്രമായിരുന്നു. പരാതികൾ ഒന്നുമില്ലാതെ കർത്താവിനു വേണ്ടി രോഗം മൂലവും മഠത്തിലെ ജീവിതം വഴിയും പീഡകൾ സഹിച്ചപ്പോൾ അൽഫോൻസ വിശുദ്ധയായി. ഇവിടെ യേശുദർശനത്തിന്റെ കാതലായ സ്നേഹത്തിന്റെ കൂട്ടായ്മയുടെ സൂചനപോലുമില്ല. എല്ലാ

വർക്കും എല്ലാമാകുന്ന സമത്വസുന്ദരമായൊരു അവസ്ഥയെപ്പറ്റി സ്വപ്നം പോലുമില്ല. ബഹുഭൂരിപക്ഷം വരുന്ന സാമാന്യജനത്തെ എന്നും 'അടിമ'കളാക്കി നിർത്തിയിട്ട്, അലിവു കാട്ടുന്നതിലൂടെ പുണ്യത്തിൽ വളരാനുള്ള എളുപ്പവിദ്യയാണു മതപൗരോഹിത്യം ഇതിലൂടെ കാട്ടിത്തരുന്നത്. യേശുപഠനത്തിനു കടകവിരുദ്ധമായ ഈ അടിമവൽക്കരണ നടപടിശൈലിയിൽ സഭ ഒരു തെറ്റും കാണാത്ത അവസ്ഥ; മാത്രമല്ല, ഈ നീക്കത്തിൽ നന്മയും പുണ്യവും കാണുന്ന അവസ്ഥ എല്ലാംകൊണ്ടും ഹീനമാണ്.

– എല്ലാ നിയമങ്ങളും അനുസരിച്ചുകൊണ്ടു യേശുവിനെ അനുകരിക്കാൻ ഒരു ധനികൻ വന്നപ്പോൾ, ഒരു കുറവുണ്ടെന്നു യേശു പറഞ്ഞിട്ട്, നിനക്കുള്ളതെല്ലാം വിറ്റു ദരിദ്രർക്കു കൊടുത്തിട്ടു തന്നെ അനുഗമിക്കുക എന്നായിരുന്നു യേശുവിന്റെ പഠനം. അതുപോലെ മറ്റൊരവസരത്തിൽ, നിന്നെപ്പോലെ നിന്റെ അയൽക്കാരനെ സ്നേഹിക്കുക എന്നു പറഞ്ഞതിന് ആരാണു അയൽക്കാരൻ എന്നു വ്യക്തമാക്കുന്നു. അവശത അനുഭവിക്കുന്നവൻ, ജാതി-മത-വർഗ്ഗ-വർണ്ണ-ലിംഗ വ്യത്യാസമില്ലാതെ ആരായാലും അവനാണു അയൽക്കാരൻ. അവനു വേണ്ടതു ചെയ്യുക. ഇതാണു യേശുപഠനം. എന്താണു മതപുരോഹിതവർഗ്ഗം ചെയ്തത്? നിയമങ്ങളും അവയ്ക്കു അനുച്ഛേദങ്ങളും അനുച്ഛേദങ്ങളുടെ ഉപച്ഛേദങ്ങളും എല്ലാം ഉൾക്കൊള്ളിച്ച ഏതാണ്ടു 4000 ത്തോളം വരുന്ന നിയമസംഹിതയാണ് പുണ്യത്തിനു മാനദണ്ഡമായി കണ്ടുപിടിച്ച മാർഗ്ഗം. മനുഷ്യൻ സാബത്തിനു വേണ്ടിയല്ല, സാബത്തു മനുഷ്യനുവേണ്ടിയാണെന്ന യേശുവിന്റെ അടിസ്ഥാനകാഴ്ചപ്പാടിനെയാണു പൗരോഹിത്യം ചോദ്യംചെയ്യുന്നത്. ദൈവമക്കളുടെ സ്വാതന്ത്ര്യം വാഗ്ദാനം ചെയ്ത യേശുവിനെയും തന്റെ പ്രിയപ്പെട്ട സാമാന്യജനത്തെയും ശക്തമായ തടവറയിലിട്ടു കശാപ്പുചെയ്യുന്ന സംവിധാനമായി മാറിയിരിക്കുന്നു ഈ 'കാനോൻ നിയമ'ങ്ങൾ എന്ന നിയമസംഹിത. ഇതു തീർത്തും യേശുവിരുദ്ധമാണ്.

– സുവിശേഷത്തിന്റെ സത്തയിൽ എങ്ങും പാപ-ശിക്ഷ സങ്കല്പമോ പുണ്യ-പ്രതിഫല സങ്കല്പമോ കാണുന്നതേയില്ല. ഇന്നു ക്രിസ്തീയമതത്തിന്റെ കാതൽ അതായി മാറിയിരിക്കു

ന്നു. പുരോഹിതവർഗ്ഗത്തിന്റെ പ്രധാനപ്പെട്ട ചുമതലകളിൽ ഒന്നു കുമ്പസാരത്തിലൂടെ ജനത്തിന്റെ പാപക്കറകൾ കഴുകിക്കളഞ്ഞു സ്വർഗ്ഗത്തിനു അവകാശികളാക്കി മാറ്റുകയാണ്. സത്യത്തിൽ ഈ കുമ്പസാരവും പ്രാർത്ഥനയുമൊക്കെ മനുഷ്യനെ അടിമയാക്കുകയാണ്. ഒരു പുരോഹിതന്റെ അടുത്തു മുട്ടുകുത്തിയിരുന്നു താൻ ചെയ്ത പാപങ്ങൾ താഴ്മയോടെ ഏറ്റുപറഞ്ഞു മാപ്പിരക്കുക പോലുള്ള അടിമത്ത വിക്രിയയ്ക്കു പരിപാവനതയുടെ മറയിടാൻ വിശ്വാസനാട്യക്കാർക്കേ സാധിക്കൂ. കുമ്പസാരം ഒരു പൗരോഹിത്യ കണ്ടുപിടുത്തമാണ് - ജനത്തെ എന്നും തങ്ങളുടെ ചൊൽപ്പടിക്കു നിറുത്തി ദാസ്യവേല ചെയ്യിക്കാൻ. സത്യത്തിൽ ഇതിനു യേശുദർശനവുമായി പുലബന്ധം പോലുമില്ല.

- യേശു ഒരു പുരോഹിതനേ അല്ലായിരുന്നു. മാത്രമല്ല മത പുരോഹിതനുൾപ്പെടെയുള്ള പുരോഹിതവർഗ്ഗത്തെ ശക്തിയുക്തം എതിർത്തു. എന്താണു ക്രിസ്തീയസഭ ചെയ്തത്? യേശുവിനെ മഹാപുരോഹിതനാക്കി. മാർപ്പാപ്പ മുതലിങ്ങോട്ടു കർദ്ദിനാളന്മാർ, ആർച്ച്ബിഷപ്പുമാർ, ബിഷപ്പുമാർ, വൈദികർ - ഇങ്ങനെ ഒരു വലിയ പുരോഹിത ശൃംഖലയ്ക്കു തന്നെ രൂപം കൊടുത്തു. സഭയെയും സഭാവിശ്വാസികളെയും നയിക്കുക അവരായി മാറി. ദൈവഹിതം എന്തെന്നു എല്ലാവർക്കും വേണ്ടി തീരുമാനിക്കുന്നവർ അവരായി സ്വയം പ്രതിഷ്ഠിച്ചു. സാമാന്യജനം അത് അംഗീകരിച്ചു. ജീവിതത്തിന്റെ എല്ലാ മേഖലകളിലും അവർ കടന്നുവന്നു. നീത്ഷേ പറയുന്നതുപോലെ "ജനനം, വിവാഹം, രോഗം, മരണം തുടങ്ങി ജീവിതത്തിലെ എല്ലാ സ്വാഭാവിക സംഭവങ്ങൾക്കും ഈ വിശുദ്ധ പരാന്നഭോജി (പുരോഹിതൻ) പ്രത്യക്ഷപ്പെടുന്നു" (പേജ് 33).

ഇങ്ങനെ ധാരാളം കാര്യങ്ങൾ എടുത്ത് ഇനിയും പറയാനുണ്ട്. അതിലേയ്ക്കു പോകാതെ, ഈ അവസ്ഥയിൽ ഇനി എന്ത്? നമുക്കെന്തുചെയ്യാൻ പറ്റും എന്നു നോക്കാം. അങ്ങനെ വ്യക്തമായ ഒരു ധാരണയിലാണു നമ്മുടെ യാത്ര തുടരേണ്ടത്. അതിന്റെ അടിസ്ഥാനം നീത്ഷേയുടെ വാക്കുകളിൽ തന്നെയാകാം. "ഞാൻ പുരോഹിതന്മാർക്കെതിരെ യുദ്ധം പ്രഖ്യാപിക്കുന്നു. പൗരോഹിത്യവാസനയുടെ നാമ്പുകൾ എവിടെയും

കാണാം. പുരോഹിതരക്തം സിരകളിലുണ്ടോ, അവിടെയെല്ലാം തെറ്റിന്റെയും അസത്യത്തിന്റെയും മുഖം കാണാം. ഇതിൽ നിന്നു ഉരുത്തിരിയുന്ന ദുരന്തത്തിന്റെ പേരാണ് 'വിശ്വാസം' ... ഈ പുരോഹിതവാസനയെ ഞാൻ ആഴത്തിൽ ചികഞ്ഞുനോക്കി യിട്ടുണ്ട്. ഭൂമിയിൽ നിലവിലുള്ളതിൽ വച്ചേറ്റവും വ്യാപകവും ആഴത്തിൽ പതിഞ്ഞിട്ടുള്ളതുമായ തട്ടിപ്പ് ഇതാണ്. പുരോഹി തൻ സത്യമെന്നു കരുതുന്നത് നുണയായിരിക്കും" (പേജ് 18).

"ഫാക്ടറികൾ തൊഴിലാളികളുടെ ബലികുടീരങ്ങളാണ്" (പേജ് 71) എന്ന ബോധ്യത്തിൽ സഭയുടെ അടിസ്ഥാനഘടനയെ ചോദ്യംചെയ്യേണ്ടതുണ്ട്, വെള്ളപൂശലല്ല ആവശ്യം. "വിമോച നദൈവശാസ്ത്രം പോലുള്ള പുരോഗമനപ്രസ്ഥാനങ്ങൾ ഏറെ സംസാരിക്കുന്നുണ്ടെങ്കിലും യഥാർത്ഥത്തിൽ സഭയുടെ അവി ശുദ്ധമായ അടിത്തറ ചോദ്യംചെയ്യുന്നതേയില്ല. അവിശുദ്ധവും അപ്രസക്തവുമായ സകലതും നശിപ്പിക്കപ്പെടേണ്ടതാണെന്നി രിക്കെ, അതു ചെയ്യാതെ താല്കാലികമായ ഒത്തുതീർപ്പുകളിൽ സഭയുടെ ആയുസ്സു നീട്ടിക്കൊടുക്കുവാൻ നോമ്പുനോക്കുന്നവ രുടെ ഗണത്തിലാണവർ. ഇളകിയ അടിത്തറയുള്ള ഗൃഹം മാറ്റി പണിയാതെ ചുവരുകളിൽ ചായം വാരിത്തേച്ച് പുറംമോടി വരുത്തി അടിസ്ഥാനപ്രശ്നങ്ങളെ ബോധപൂർവ്വം മറയ്ക്കുന്ന വർ. പാവപ്പെട്ടവർക്കു താത്ക്കാലികമായി സാന്ത്വനം നല്കി അടിസ്ഥാനപ്രശ്നങ്ങളിൽ നിന്നും അവരുടെ ശ്രദ്ധ തിരിക്കു ന്നവർ" (പേജ് 9). യേശുവിനെപ്പറ്റി നീത്ഷേ: "ക്രിസ്തുമതം നശിക്കേണ്ടതാണ്. ക്രിസ്തുവിന്റെ വിജയം ജനാധിപത്യത്തിന്റെ ഉദയമാണ്. ആദ്യത്തെ ക്രിസ്ത്യാനി വിട്ടുവീഴ്ചയില്ലാതെ, സഹ ജമായ ഉൾവിളിയോടെ, മനുഷ്യന്റെ സമതുലിതമായ അവകാ ശങ്ങൾക്കു വേണ്ടി സമരം ചെയ്തു. ആധുനികകാലത്താണെ ങ്കിൽ അയാളെ സൈബിരിയയിലേയ്ക്കു നാടുകടത്തുമായി രുന്നു" (പേജ് 70). 1879 ൽ രോഗാതുരനായ നീത്ഷേ തന്റെ സഹോദരിയോടു പറഞ്ഞു: "ഞാൻ മരിക്കുമ്പോൾ എന്റെ ശവ പ്പെട്ടിക്കടുത്ത് എന്റെ സുഹൃത്തുക്കൾ മാത്രമേ നിൽക്കാവൂ. ഉത്ക്കണ്ഠാകുലരായ ജനങ്ങൾ അതിനടുത്ത് വരരുത്. പുരോ ഹിതനോ, അതുപോലുള്ള കപടദീക്ഷക്കാരോ എന്റെ ശവമാട ത്തിൽ പോലും വരരുത്. എനിക്കവരോട് പ്രതികരിക്കാനാവില്ല

ല്ലോ. വിശ്വപ്രകൃതിയെ ഉപാസിച്ചുകൊണ്ട്, ശാന്തിയോടെ ഞാൻ സത്യസന്ധനായി കിടന്നുകൊള്ളട്ടെ" (പേജ് 67).

നീത്ഷേയുടെ വാക്കുകൾ നമ്മുടെ യാത്രയ്ക്കു ദിശാബോധം നൽകുന്നുണ്ട്. ഇവിടെ വേണ്ടതു നേരിനെ സ്വായത്തമാക്കുക യാണ്. ആഹ്ലാദകരമായി ജീവിതത്തിനു ഒരു രേഖ വരയ്ക്കുക യാണ്. അതു അപകടകരമായ ജീവിതമാണ്. കാർക്കശ്യത്തോടെ സത്യസന്ധരാവുകയാണ്. അവിടെ ചോദിക്കാൻ ധൈര്യപ്പെടാ ത്ത, വിലക്കപ്പെട്ട ചോദ്യങ്ങൾ ചോദിക്കും. കലാപകാരിയായി, നിഷേധിയായി ചുവടുവക്കേണ്ടിവരും. വിശ്വാസത്തിന്റെയും പൗരോഹിത്യ മാമൂലുകളുടെയും മേലങ്കി വലിച്ചെറിഞ്ഞു, സത്യ സന്ധതയുടെ നഗ്നതയിൽ ജീവിതത്തെ ആഞ്ഞുപുണരുകയാണ് വേണ്ടത്.

എല്ലാവിധമായ സഭ/മതാചാരങ്ങൾക്കും അതീതമായി മത നിരപേക്ഷ മനുഷ്യജന്മം, മതനിരപേക്ഷ വിവാഹം, മതനിര പേക്ഷ രോഗശുശ്രൂഷ. മതനിരപേക്ഷ മരണവും മരണാനന്ത രവും പുൽകാനുള്ള കരളുറപ്പാണിന്നാവശ്യം. അതെ, വേണ്ടതു ദർശനവ്യക്തതയും ഇച്ഛാശക്തിയുമാണ് - തികഞ്ഞ രാഷ്ട്രീയ ഇച്ഛാശക്തി.

# 16. രണ്ടാം 'വിമോചനസമര'ക്കാർ അറിയാൻ

കേരള കത്തോലിക്കാ മെത്രാൻ സമിതി, 2009 ജൂൺ 9, 10 തീയതികളിൽ 29 രൂപതകളിലെ 31 മെത്രാന്മാരും 3 വികാരി ജനറാൾമാരും പങ്കെടുത്ത ഒരു  യോഗം ചേരുകയുണ്ടായി. 15 -ാം ലോക്സഭാ തെരഞ്ഞെടുപ്പു ഫലത്തിന്റെ വിലയിരുത്തൽ ആയിരുന്നു ചർച്ചാവിഷയം. തെരഞ്ഞെടുക്കപ്പെട്ട ലോക്സഭ ഇന്ത്യയുടെ ഭാവിനിർണ്ണയത്തിനുള്ള വേദിയാണ്. അവിടെ ദേശീയ രാഷ്ട്രീയത്തിനാണ് പ്രാമുഖ്യം. കെ.സി.ബി.സിയ്ക്കു അതേപ്പറ്റി ഒരു വാക്കു പോലും പറയാനില്ലായിരുന്നു. അവരുടെ വിലയിരുത്തൽഭൂമിക കേരളമാണ്. അവിടെയും വസ്തുനിഷ്ഠമായ കേരള സാമൂഹ്യ-രാഷ്ട്രീയ പരിസരത്തെയല്ല അവർ വിലയിരുത്തിയത്. സമ്മേളനം കഴിഞ്ഞ് അവർ നടത്തിയ പത്രസമ്മേളനത്തിൽ, സി.ബി.സി.ഐ.യുടെ വക്താവും ഡെപ്യൂട്ടി സെക്രട്ടറിയുമായ ഫാ. ഡോ. സ്റ്റീഫൻ ആലത്തറ ചർച്ചയുടെ സംക്ഷിപ്തം വിശദീകരിക്കുകയുണ്ടായി. 1959 നു ശേഷം സഭ ശക്തമായി ഇടപെട്ട തെരഞ്ഞെടുപ്പായിരുന്നു കഴിഞ്ഞത്. സഭയുടെ ഇടപെടൽ അതിന്റെ 'ഫല'വും കണ്ടിരിക്കുന്നത്രേ!

- ഈശ്വരവിശ്വാസം, ധാർമ്മികത, ജനാധിപത്യമൂല്യങ്ങൾ എന്നിവ നിലനിർത്താൻ ശക്തമായ ഇടപെടൽ തുടരും.

- ഭരണഘടന ഉറപ്പുനല്കുന്ന ന്യൂനപക്ഷാവകാശങ്ങൾക്കെതിരെ വെല്ലുവിളി ഉയർന്നപ്പോൾ സഭ ഇടപെടേണ്ടിവന്നു. ഇനിയും ഇത്തരം വെല്ലുവിളികളെ നേരിടും.

- ന്യൂനപക്ഷങ്ങളുടെ വിദ്യാഭ്യാസാവകാശം കവരുന്ന നീക്കത്തിനെതിരെ പ്രതിഷേധിക്കും. വേണ്ടിവന്നാൽ ആറായിരത്തോളം വരുന്ന കത്തോലിക്കാവിദ്യാഭ്യാസ സ്ഥാപനങ്ങൾ അടച്ചിട്ടു പ്രക്ഷോഭം സംഘടിപ്പിക്കും.

- സർക്കാർ സമീപനത്തിൽ അടിസ്ഥാനപരമായ മാറ്റം വരുത്തിയാൽ സഭയും സർക്കാരും തമ്മിലുള്ള പ്രശ്നങ്ങൾ പരിഹരിക്കൽ ക്രിയാത്മകവും ഫലപ്രദവുമായ ചർച്ചകൾക്കു സഭ തയ്യാറാണ്.

- അടിയന്തിര പ്രാധാന്യമുള്ള മുല്ലപ്പെരിയാർ പ്രശ്നം, ഇടുക്കി-കുട്ടനാട്-വയനാട് ജില്ലകളിലെ കർഷകർക്കുള്ള പട്ടയപ്രശ്നം, മൂലമ്പിള്ളി കുടിയിറക്ക്, തീരദേശതൊഴിലാളികളുടെ കഷ്ടതകൾ - ഇവയ്ക്കു പരിഹാരം തേടുന്ന നീക്കത്തിൽ ശക്തി പകരും.

കേൾക്കാൻ കൊള്ളാമെങ്കിലും, ഈ പ്രസ്താവനകളുടെയും തീരുമാനങ്ങളുടെയും വർഗ്ഗസ്വഭാവം വിശകലനവിധേയമാക്കേണ്ടതുണ്ട്.

1959 ൽ നടന്ന കുപ്രസിദ്ധ 'വിമോചനസമരം' ആർക്കുവേണ്ടി നടത്തി? എന്തിനുവേണ്ടി? എങ്ങനെ നടത്തി? ഏതു ശക്തികളുടെ സഹായത്തോടെ നടത്തി? ഇങ്ങനെ ഗൗരവമായ ചോദ്യങ്ങൾക്കു സഭ മറുപടി പറയേണ്ടതുണ്ട്. സാമാന്യജനത്തിന്റെ വോട്ടുകൾ വാങ്ങി അധികാരത്തിൽ വന്ന ഒരു ജനകീയ സർക്കാരിനെ, സിഐഎ യുടെ പ്രകടമായ സഹായത്തോടെ, എല്ലാ ജാതി-മതസംഘടനകളെയും കൂട്ടുപിടിച്ചുകൊണ്ട് അട്ടിമറിക്കാനാണ് സഭ നേതൃത്വം കൊടുത്തത്. എന്തിന്? സാമാന്യജനത്തിനു അനുഗുണമായ ഭൂനയബില്ലിനും വിദ്യാഭ്യാസബില്ലിനും എതിരെ എന്നു ഉത്തരം. വിദ്യാഭ്യാസമേഖലയിലും ഭൂഉടമസ്ഥതാവ്യവസ്ഥയിലും കാതലായ മാറ്റം വിഭാവനം ചെയ്ത ബില്ലുകളായിരുന്നു അവ. സഭയുടെ അധികാര-സമ്പന്ന താല്പര്യങ്ങൾക്കു വിരുദ്ധവും. അവർ കേന്ദ്രത്തിലെ വലതുപക്ഷ ഗവണ്മെന്റിനെ സ്വാധീനിച്ചു. ഇഎംഎസിന്റെ മന്ത്രിസഭയെ പിരിച്ചുവിട്ടു. പിന്നീട് ഈ രണ്ടു ബില്ലുകളിലും ഏറെ വെള്ളംചേർത്ത് അവയുടെ സത്ത ഊറ്റിക്കളഞ്ഞിട്ടാണ് സാവകാശം അവ പാസാക്കിയത്. പരിമിതമെങ്കിലും അതിന്റെ ഫലം കേരളത്തിലെ സാമാന്യജനം വിവിധതലങ്ങളിൽ അനുഭവിക്കുകയും ചെയ്യുന്നു.

ശ്രദ്ധേയമായ ഒരു കാര്യം. ഈ ബില്ലുകളുടെ യഥാർത്ഥ ഗുണഭോക്താക്കൾ കേരളത്തിലെ ദലിതർ, കർഷകത്തൊഴിലാളികൾ,

മത്സ്യത്തൊഴിലാളികൾ എന്നിവരുൾപ്പെടെയുള്ള കേരളത്തിലെ സാമാന്യജനങ്ങൾ ആയിരുന്നു. സഭയും മറ്റു ജാതിമതസംഘടനകളും അതേ ഗുണഭോക്താക്കളെ ഉപയോഗിച്ചുതന്നെയാണ് സർക്കാരിനെതിരെ പോരാടിയത്. ഇതു സഭയുടെ വലിയ കുതന്ത്രമായിരുന്നു. അതിനു അവർ ഉപയോഗിച്ച കുപ്രസിദ്ധ മന്ത്രമാണ് 'നിരീശ്വരവാദവും ഈശ്വരവിശ്വാസവും.' വിശ്വാസസംരക്ഷണത്തിന്റെ പേരുപറഞ്ഞും കപട ആത്മീയത കുത്തിവച്ചുമാണ് ഈ പാവം ജനതയെ തെരുവിലിറക്കിയത്.

കഴിഞ്ഞ മൂന്നുവർഷമായി കേരളത്തിലെ വിദ്യാഭ്യാസമേഖലയിൽ സാമൂഹ്യനീതിയും ഗുണമേന്മയും ഉറപ്പുവരുത്താനും, വിദ്യാഭ്യാസം സാമാന്യജനങ്ങൾക്കു അനുഗുണമായിത്തീരും വിധം പരിഷ്കരണങ്ങൾ കൈവരുത്താനും, വിദ്യാഭ്യാസനിലവാരം മെച്ചപ്പെടുത്താനും, വിദ്യാഭ്യാസം കൂടുതൽ സാർവ്വത്രികവും മതനിരപേക്ഷവുമാക്കാനും ഗൗരവമായ നിരവധി നടപടികളാണ് ഇടതുപക്ഷസർക്കാർ കൈക്കൊണ്ടത്. ഇവയൊക്കെത്തന്നെ സഭയുടെ നിക്ഷിപ്ത-വലതുപക്ഷ-സമ്പന്ന താല്പര്യത്തിനു ബുദ്ധിമുട്ടുണ്ടാക്കുമെന്നവർ തിരിച്ചറിഞ്ഞു. എന്താണവർ ചെയ്തത്? ഒന്ന്, നീതിയും ന്യായവും ദീക്ഷിക്കാത്ത നിയമയുദ്ധങ്ങൾ.

രണ്ട്, സഭയുടെ സമ്പന്നതാല്പര്യസംരക്ഷണാർത്ഥം, ഭരണഘടന ന്യൂനപക്ഷത്തിനു നീതി ലഭിക്കാൻ വേണ്ടി ഉണ്ടാക്കിയ ന്യൂനപക്ഷാവകാശത്തെ ദുർവിനിയോഗം ചെയ്തുകൊണ്ടുള്ള നീക്കങ്ങൾ.

മൂന്ന്, തീർത്തും ഭൗതികമായൊരു മേഖലയിൽ സഭാധികാരികളുടെ വർഗ്ഗതാല്പര്യം സംരക്ഷിക്കാൻ, ആത്മീയമായ മേഖലയിലെ 'ഈശ്വരവിശ്വാസം' എന്ന തുറുപ്പുചീട്ടിറക്കുക. ഭൗതികയാഥാർത്ഥ്യത്തെ ആത്മീയവിശ്വാസം കൊണ്ടു നേരിടുന്ന തീർത്തും അധാർമ്മികവും കപടവുമായ സമീപനമാണിന്നു സഭാപിതാക്കന്മാർ നടത്തുന്നത്. ഈ തെരഞ്ഞെടുപ്പിലും നടത്തിയ കുതന്ത്രമിതാണ്. പാവം ജനം! ഇത്തരം മാർഗ്ഗങ്ങൾ ആസൂത്രിതമായി ഉപയോഗിക്കുന്ന സഭാപിതാക്കന്മാർക്കു എങ്ങനെ ധാർമ്മിക-ജനാധിപത്യമൂല്യങ്ങളെപ്പറ്റി ഉരുവിടാൻ പറ്റും?

കേരളത്തിലെ കത്തോലിക്കാ മെത്രാൻ സമിതിക്കു എങ്ങനെയാണ് കേരളത്തിലെ കത്തോലിക്കാ സമുദായത്തിന്റെ വക്താക്കളാകാൻ സാധിക്കുക? ആരാണിവർക്കു ഈ അവകാശാധികാരം കൊടുത്തത്? ഇവർ എന്നും ഈ സമുദായത്തെ വഞ്ചിക്കുകയല്ലേ ചെയ്തിട്ടുള്ളത്? ഇതു ഏറെ വിചിന്തനത്തിനു വിധേയമാക്കേണ്ട ഒരു വിഷയമാണ്.

ഭൗതികതയെയും ആത്മീയതയെയും കൂട്ടിക്കലർത്തി സാമാന്യജനതയെ നിരത്തിലിറക്കുന്ന വിദ്യകളാണ് വിശ്വാസസംരക്ഷണപ്രസ്ഥാനം, രൂപതാവിദ്യാഭ്യാസ സംരക്ഷണസമിതി, വ്യക്തിഗത-സംയുക്ത ഇടയലേഖന പരമ്പര, വിശ്വാസ സംരക്ഷണ സേന, വിശ്വാസ ജാഗ്രതാ സമിതി തുടങ്ങിയവ. സഭാനേതൃത്വം മതവിശ്വാസികളായ സാമാന്യജനതയോടു കാണിക്കുന്ന കൊടുംക്രൂരതയാണിത്.

മെത്രാൻസമിതിയുടെ ഓരോ പ്രസ്താവനയിലും ഇനിയും ശക്തമായി ഇടപെടൽ തുടരുമെന്നു അസന്ദിഗ്ധമായി പ്രഖ്യാപിക്കുകയാണ് - വിദ്യാഭ്യാസസ്ഥാപനങ്ങൾ പൂട്ടിയിട്ടു പോലും. ഒരു കാര്യം വ്യക്തം. ഈ നീക്കം ന്യൂനപക്ഷാവകാശ സംരക്ഷണമല്ല, ജനാധിപത്യ മൂല്യതാല്പര്യവുമല്ല. മറിച്ച്, അധീശ-സമ്പന്നവർഗ്ഗ താല്പര്യ സംരക്ഷണാർത്ഥം തീർത്തും അധാർമ്മികമായ കാൽവയ്പ്പാണ്. ഇതിനു ദൂരവ്യാപകമായ ദുഷ്ഫലമാണുണ്ടാവുക. മതസൗഹാർദ്ദത്തിലും മാനവഐക്യത്തിലും ഒരുമിച്ചുനീങ്ങുന്ന ഒരു ജനതയെ മതമൗലികവാദത്തിലേക്കും വർഗ്ഗീയതയിലേക്കും താൻപോരിമയിലേക്കും അതിവേഗം പിടിച്ചടുപ്പിക്കുകയാണ് സഭാധികാരികളുടെ ഈ കൈവിട്ടകളി. ചരിത്രം ഇവർക്കു മാപ്പുതരില്ല.

കത്തോലിക്കാ മെത്രാൻ സമിതി രണ്ടു ദിവസത്തെ ഗൗരവമായ ചർച്ചയിൽ 'സാമൂഹ്യനീതി' എന്നൊരു പദം ഉച്ചരിച്ചതുപോലുമില്ല. ഇവർ ഏതു വർഗ്ഗത്തെ പ്രതിനിധീകരിക്കുന്നുവെന്ന് ഇതു വ്യക്തമാക്കുന്നു. അടിയന്തിരപ്രാധാന്യമുള്ള ചില സാമൂഹ്യപ്രശ്നങ്ങൾ എടുത്തുപറഞ്ഞുകൊണ്ട്, അവയുടെ പരിഹാരം തേടുന്നതിൽ സഭ ശക്തിപകരുമെന്നു പറയുന്നു. അവയാകട്ടെ സമൂഹത്തിന്റെ അടിസ്ഥാനപ്രശ്നങ്ങളെ തൊടുന്നതുമല്ല. കേര

ളസമൂഹത്തിലെ അവശത അനുഭവിക്കുന്ന ജനവിഭാഗങ്ങളെ അഭിസംബോധന ചെയ്യുന്നതുമല്ല. ഇതിൽ കുണ്ഠിതപ്പെട്ടിട്ടു കാര്യമില്ല. അവർ അവരുടെ വർഗ്ഗസ്വഭാവത്തോടു വിശ്വസ്തത പുലർത്തി എന്നുമാത്രം.

വസ്തുനിഷ്ഠമായി ചില കണക്കുകൾ നിരത്തി മെത്രാൻസമിതിയുടെ വലിയവന്റെ പക്ഷവും സമ്പന്നതാല്പര്യവും വ്യക്തമാക്കേണ്ടതുണ്ട് എന്നു തോന്നുന്നു. ഏറ്റവും പ്രശ്നമേഖല വിദ്യാഭ്യാസമായതുകൊണ്ട്, കണക്കെടുപ്പ് ആ മേഖലയാകാമെന്നു കരുതുന്നു. കേരളത്തിലെ സ്കൂൾ വിദ്യാഭ്യാസത്തിനു പ്രൈമറി, സെക്കണ്ടറി, ഹയർസെക്കണ്ടറി എന്നു മൂന്നു തലങ്ങളുണ്ട്. പിന്നെ വി.എച്ച്.എസ്.എസ്., ആർട്ട്സ് ആന്റ് സയൻസ് കോളേജുകൾ, പ്രൊഫഷണൽ കോളേജുകളുമുണ്ട്. നാലു ടെക്നിക്കൽ എഡ്യുക്കേഷൻ എന്ന പ്രത്യേക വിഭാഗവും. പലതരം മാനേജ്മെന്റുകളാണ് വിദ്യാഭ്യാസമേഖലയെ നിയന്ത്രിക്കുന്നത്. സർക്കാർ, സർക്കാർ എയിഡഡ്, അൺഎയിഡഡ് എന്നിങ്ങനെ. ഡി.പി.ഐ. യുടെ കണക്കു നോക്കുക:

| മാനേജ്മെന്റ് | പ്രൈമറി | സെക്കണ്ടറി | ഹൈസ്ക്കൂൾ |
|---|---|---|---|
| സർക്കാർ | 3508 | 984 | 416 |
| എയിഡഡ് | 5873 | 1409 | 512 |
| അൺ എയിഡഡ് | 282 | 215 | 339 |

| മാനേജ്മെന്റ് | വി.എച്ച്.എസ്.എസ് | ആർട്ട്സ്&സയൻസ് |
|---|---|---|
| സർക്കാർ | 247 | 38 |
| എയിഡഡ് | 128 | 148 |
| അൺ എയിഡഡ് | — | 5 |

ഒറ്റനോട്ടത്തിൽ തന്നെ വ്യക്തം. വി.എച്ച്.എസ്.എസ്. ഒഴിച്ചു ബാക്കി സ്ഥാപനങ്ങളൊക്കെ എയിഡഡ് മേഖലയിലാണ് കൂടുതലും. അവിടെ അധ്യാപക-അനധ്യാപകർക്കും സർക്കാർ സ്കെയിലിൽ സർക്കാർ തന്നെ ശമ്പളം നല്കുന്നു; സ്ഥാപനത്തിന്റെ നടത്തിപ്പിനും അറ്റകുറ്റപ്പണിക്കും സർക്കാർ പണം;

പെൻഷനും മറ്റു ആനുകൂല്യങ്ങളും സർക്കാർ തന്നെ നല്കുന്നു. നിയമനമോ സ്വാകാര്യ മാനേജ്മെന്റും. ശമ്പള ഇനത്തിൽ മാത്രം സഭ സർക്കാരിൽ നിന്നും ഭീമമായ തുക കൈപ്പറ്റുന്നു. ഒപ്പം നിയമനങ്ങളിലെ കോഴയിനത്തിൽ ഭീമമായ തുകയും. പി. എസ്.സി. വഴിയുള്ള നിയമനത്തിനു സഭ 100% വും എതിരുമാണ്. നോക്കണം, സർക്കാരിന്റെ പണം വേണം, നിയന്ത്രണം വേണ്ട. ഇതു എന്തു ധാർമ്മികതയാണ്? ഇവർക്കു ഏതെങ്കിലും ധാർമ്മികമൂല്യത്തെപ്പറ്റി പറയാൻ അവകാശമുണ്ടോ? കേരള സർവ്വകലാശാലയിലെ ഡിഗ്രി ക്ലാസുകളിൽ നളിനി ജമീലയുടെയും തസ്കരൻ മണിയൻപിള്ളയുടെയും ആത്മകഥകൾ (പ്രശ്നാധിഷ്ഠിത-സാമൂഹ്യബന്ധിത അക്കാദമിക രീതിശാസ്ത്രം അനുസരിച്ച്) പഠിപ്പിക്കുന്നതിലുള്ള 'അധാർമ്മികത' എത്രയോ നിഷ്പ്രഭം; സഭാധികാരികളുടെ സമ്പത്തിനെയും അധികാരത്തെയും കേന്ദ്രീകരിച്ചുള്ള അധാർമ്മിക വേഴ്ചയുമായി ബന്ധിപ്പിക്കുമ്പോൾ.

സഭാപിതാക്കന്മാർ സത്യം പറയാൻ മടിക്കുന്നു എന്നു വേണം പറയാൻ. അവരുടെ താല്പര്യവും ശ്രദ്ധയും പണത്തിലാണ്. തത്ഫലമായുള്ള അധികാരത്തിലും. സ്വാശ്രയ കേളേജുമായി ബന്ധപ്പെട്ടു കഴിഞ്ഞ 3 വർഷമായി നടന്നുകൊണ്ടിരിക്കുന്ന എല്ലാ നിയമയുദ്ധ-'സമവായങ്ങ'ളുടെയും പിന്നിലെ 'ധാർമ്മിക'മൂല്യം പണമല്ലാതെ മറ്റെന്താണ്!

ഒരു കാര്യം കൂടി. പല രാജ്യങ്ങളിലെ വിദ്യാഭ്യാസ രീതിയെപ്പറ്റി അന്വേഷിച്ചപ്പോൾ, അവിടെയൊക്കെ സർക്കാർ-സ്വകാര്യ വിദ്യാഭ്യാസസ്ഥാപനങ്ങൾ എന്ന രണ്ടു തരമല്ലാതെ, ഇവിടത്തെപ്പോലെ മധ്യത്തിൽ 'സർക്കാർ എയിഡഡ്' എന്നൊന്നില്ല. ഇങ്ങനെയൊന്നു ഇവിടെ ഉണ്ടാക്കാൻ ചില ചരിത്രസാഹചര്യങ്ങൾ ഉണ്ടായി എന്ന യാഥാർത്ഥ്യം മറക്കുന്നില്ല. പക്ഷേ, ഒരു മാറ്റം ഇപ്പോൾ അനിവാര്യമാണ്.

ആഗോളവത്ക്കരണ നയങ്ങളുടെ പശ്ചാത്തലത്തിൽ ഇന്നു സ്വാശ്രയ-സ്വകാര്യ കോളേജുകളും മറ്റു സ്ഥാപനങ്ങളും സ്വാഭാവിക സംഭവമായി മാറിക്കഴിഞ്ഞു. ഇതിന്റെ പിന്നിലെ രസതന്ത്രമോ സാമ്പത്തികം കുന്നുകൂട്ടലും. എല്ലാ സമുദായസംഘട

നകളും സ്വാശ്രയമേഖലകളിലേക്കു മത്സരിച്ചു വേരുറപ്പിക്കുക യാണ്; പണം സമ്പാദിക്കുകയാണ്. ഈയൊരു സാഹചര്യത്തിൽ, സർക്കാർ എയിഡഡ് സ്ഥാപനങ്ങൾ ഇന്നത്തെ അവസ്ഥയിൽ മാനേജ്മെന്റു ക്വോട്ടായിലൂടെയും നിയമനത്തിലൂടെയും വീണ്ടും പണം സമ്പാദിക്കുകയാണ്. ശമ്പളം തുടങ്ങിയുള്ള മറ്റെല്ലാ ചെല വുകളും സർക്കാർ വഹിക്കുകയും ചെയ്യുന്നു. ഈ സമ്പ്രദായ ത്തിലെ അസാംഗത്യം തിരിച്ചറിയേണ്ടതുണ്ട്. സർക്കാർ റവന്യു വിന്റെ ഭൂരിഭാഗവും സർക്കാരിനു നിയന്ത്രണമില്ലാത്ത മേഖല യിലേയ്ക്കൊഴുകുകയാണ്. ഇവിടെ ഇരട്ട ചൂഷണം നടക്കുന്നു. രണ്ടു രീതിയിലും സ്വകാര്യ മാനേജ്മെന്റ് പണം അമിതമായി സമ്പാദിക്കുന്നു. ഈ ചൂഷണവ്യവസ്ഥ അവസാനിപ്പിക്കാൻ ഒറ്റ മാർഗ്ഗമേയുള്ളൂ. സ്വകാര്യസംരംഭകർ ഇപ്പോൾ അരങ്ങുവാഴുന്ന എയിഡഡ്മേഖല സമ്പൂർണ്ണമായി സർക്കാരിന്റെ വരുതിയിൽ കൊണ്ടുവരണം. ഈ പ്രക്രിയയിൽ സഹകരിക്കുകയാണ് സ്വകാ ര്യമാനേജ്മെന്റിന്റെ കാലികവും ചരിത്രപരവുമായ ധർമ്മം.

## 17. ദൈവവിശ്വാസമെന്ന ആനമുട്ട

സമൂഹത്തിൽ ഉയർന്ന ഉദ്യോഗവും സമ്പത്തും ഒക്കെയുള്ള കുറച്ചു വ്യക്തികളുമായി ഇക്കഴിഞ്ഞ ദിവസം ഏതാണ്ടു രണ്ടു മണിക്കൂർ നേരം ചെലവഴിക്കാൻ അവസരമുണ്ടായി. കുശലം പറച്ചിലിനിടയിൽ, യാദൃച്ഛികമാണെങ്കിലും, ചർച്ചാവിഷയം ദൈവവിശ്വാസമായി. സംസാരത്തിൽ രസകരമായ ഉൾക്കാഴ്ചകൾ ഉണ്ടായി. കേരളത്തിൽ പ്രബലശക്തികളായ ഹൈന്ദവ-മുസ്ലീം-ക്രിസ്ത്യൻ കുടുംബപശ്ചാത്തലങ്ങളിലുള്ള അഭ്യസ്തവിദ്യരായതുകൊണ്ടു തന്നെ ഈ മൂന്നു മതങ്ങളിലെയും ഈശ്വരവിശ്വാസങ്ങളും ചർച്ചയ്ക്കു വിഷയീഭവിച്ചു.

ദൈവം എന്നൊന്നുണ്ടെങ്കിൽ അത് ഒന്നാകാനേ പറ്റൂ. നമ്മുടെ മാതാപിതാക്കൾ നമ്മളെ അവരവരുടെ മതപാരമ്പര്യങ്ങളിൽ പരുവപ്പെടുത്തിയതിന്റെ ഫലമായി നാമിന്നു മൂന്നു ദൈവങ്ങളിൽ വിശ്വസിക്കുന്നു. അതിൽതന്നെ വൈരുദ്ധ്യമില്ലേ? ഇവിടുത്തെ പ്രശ്നം സംജ്ഞയുടേതു മാത്രമല്ല; ദൈവസങ്കല്പങ്ങൾ തന്നെ വിഭിന്നങ്ങളായി നമ്മുടെ മുമ്പിൽ പ്രത്യക്ഷപ്പെടുകയാണ്.

ജീവിതത്തിന്റെ പ്രാരംഭദശകൾ തൊട്ട് ക്രിസ്ത്യൻ വിശ്വാസത്തിൻ കീഴിൽ വിധേയനാക്കപ്പെട്ട ഒരു വ്യക്തിയാണ് ഞാൻ. അതുകൊണ്ടുതന്നെ ക്രൈസ്തവദൈവസങ്കല്പത്തെ അല്പം കൂടി വിശദീകരിക്കട്ടെ. ഈ ദൈവസങ്കല്പം ശരിക്കുമൊരു പരിണാമപ്രക്രിയയ്ക്കു തന്നെ വിധേയപ്പെട്ടിരിക്കുന്നു. ബഹുദൈവസങ്കല്പത്തിൽ നിന്നും ഏകദൈവസങ്കല്പത്തിലേയ്ക്കുള്ള യാത്ര വളരെ പ്രകടമാണിവിടെ. 'നിന്റെ തമ്പുരാൻ കർത്താവ് ഞാനാകുന്നു; ഞാനല്ലാതെ മറ്റൊരു തമ്പുരാൻ നിനക്കുണ്ടാകരുത്' എന്ന അനുശാസനയോടെയാണ് ഈ ദൈവം മോസ്സസിനു സീനാമലയിൽ പ്രത്യക്ഷപ്പെടുന്നത്. അദ്ദേഹത്തിന്റെ സവി

ശേഷതകളോ അമാനുഷികത്വം, അത്ഭുതസിദ്ധി, തന്നെ അംഗീകരിക്കാത്തവരെ നിഷ്കരുണം വധിച്ചുതള്ളുന്ന കർശനനിലപാട്, മനുഷ്യർക്കു പാദരക്ഷ ധരിച്ചുകൊണ്ട് തന്റെ സാന്നിദ്ധ്യത്തിലേയ്ക്കു അടുക്കാൻ പറ്റാത്ത രീതിയിലുള്ള വിശുദ്ധി, തന്റേയും തന്റെ തിരഞ്ഞെടുക്കപ്പെട്ട ജനതയുടെയും താല്പര്യം സംരക്ഷിക്കാൻ വേണ്ടി ഏതു ക്രൂരതയും കാട്ടുന്ന അധിനിവേശത്വര .... ഈ ദൈവസങ്കല്പത്തിൽ ചില മാറ്റങ്ങൾ സംഭവിക്കുന്നത് യേശുവിന്റെ വരവോടുകൂടിയാണ്. യേശുദർശനത്തിൽ സ്നേഹസമ്പന്നനായ സ്വർഗ്ഗസ്ഥപിതാവാണ് നിഴലിച്ചു നില്ക്കുന്നത്. ദൈവത്തിന്റെ മാനുഷീകരണമാണ് സംഭവിക്കുന്നത്. മനുഷ്യന്റെ എല്ലാ നന്മകളും നിറഞ്ഞ വലിയൊരു മനുഷ്യനാണ് ദൈവം. ഈ സങ്കല്പത്തിന്റെ എല്ലാ വൈകല്യങ്ങളും തുടർന്നുണ്ടായ സഭയിലും അതിന്റെ പഠനങ്ങളിലും പാരമ്പര്യാനുഷ്ഠാനങ്ങളിലും വിശ്വാസങ്ങളിലും പ്രകടമായി കാണാം. ഈ ധാരയുടെ ഏറ്റവും മൂർത്തഭാവമാണ് ക്രൈസ്തവർ ഏറ്റുപറയുന്ന 'ഏകദൈവത്തിൽ ഞാൻ വിശ്വസിക്കുന്നു. ആകാശത്തിന്റെയും ഭൂമിയുടെയും സ്രഷ്ടാവായ ദൈവത്തിൽ ഞാൻ വിശ്വസിക്കുന്നു ..' എന്നു തുടങ്ങുന്ന 'വിശ്വാസപ്രമാണം.'

മുസ്ലീങ്ങളുടെ ദൈവസങ്കല്പത്തിലും അതിശക്തമായി നിലകൊള്ളുന്നത് ഏകദൈവമാണ് - അള്ളാഹു അല്ലാതെ മറ്റൊരു ദൈവമില്ല. ആ ദൈവത്തിന്റെ ആധിപത്യം എവിടെയും ഉണ്ടാകണം. അതിനായി ഏതു ഹീനമാർഗ്ഗവും സ്വീകരിക്കും.

ഈ രണ്ടു മതങ്ങളുടെയും ദൈവസങ്കല്പങ്ങളുടെ സാമ്യത വളരെ വലുതാണ് - ഏകദൈവസങ്കല്പം. ഒരു ദൈവം മാത്രമേ സത്യത്തിൽ ഉള്ളുവെങ്കിൽ, അതു പ്രചരിപ്പിക്കേണ്ടത് അതിൽ വിശ്വസിക്കുന്ന ഓരോ വ്യക്തിയുടെയും ഉത്തരവാദിത്വവും കടമയുമാണ്. അങ്ങനെയാണ് ഇവ രണ്ടിനും 'മിഷനറി' സ്വഭാവമുണ്ടെന്ന് പൊതുവേ പറയാറുള്ളത്. ഏകദൈവമാണ് സത്യദൈവം എന്ന ബോധ്യം, മറ്റുള്ളവർക്കും പകർന്നുകൊടുക്കാൻ നിർബന്ധിതമാകുന്നു. ഈ നീക്കത്തിന്റെ അക്ഷന്തവ്യമായ അപരാധമായി ചരിത്രത്തിലെ ഇരുണ്ട പാടായി കുരിശുയുദ്ധങ്ങളും മറ്റും ഇന്നു നിലകൊള്ളുന്നുമുണ്ട്.

ഹൈന്ദവ ദർശനത്തിൽ, ബഹുമുഖ ദൈവസങ്കല്പങ്ങളാണുള്ളത്. പ്രപഞ്ചവും അതിലുള്ള സമസ്തവും മായയാണെന്നും ആകെയുള്ളത് പരമാത്മാവാണെന്നും നമ്മളെല്ലാം ഈ പരമാത്മാവിൽ ലയിച്ചിരിക്കുന്നു എന്നുമുള്ള അദ്വൈതദർശനത്തോടൊപ്പം ധാരാളം ദൈവങ്ങളുടെ സമുച്ചയവുമുണ്ട്. മാത്രമല്ല, ചാർവാക ദർശനത്തിൽ അധിഷ്ഠിതമായ ലോകതയിലും പ്രാചീന സംഖ്യ-ന്യായ-വൈശേഷിക മൂല്യഗ്രന്ഥങ്ങളിൽ അധിഷ്ഠിതമായ നിരീശ്വര-ഭൗതിക വാദവും ദ്വൈത ദർശനവും ഹൈന്ദവമതത്തിന്റെ ലാളിത്യവും സങ്കീർണ്ണതയും ഒരുപോലെ എടുത്തുകാട്ടുന്ന ഒരു ചിന്താസരണിയെയാണ് ഉയർത്തിക്കാട്ടുന്നത്. അങ്ങനെ മൂന്നു മതങ്ങളും ദാർശനികമായി തികച്ചും വ്യത്യസ്ത സങ്കല്പങ്ങളെയാണ് ചിത്രീകരിക്കുന്നത്.

ഏകദൈവത്തിലേയ്ക്കുള്ള വ്യത്യസ്തമായ വഴികളാണ് മതങ്ങൾ എന്നുള്ള ഒരു വിശദീകരണം ഇന്നു പ്രബലമാണ്. പക്ഷേ ഇന്നു മതങ്ങളെല്ലാം തന്നെ സ്ഥാപിതമാണ്. അവ സ്ഥാപനവത്ക്കരിക്കപ്പെട്ടുകഴിഞ്ഞു. അതോടെ ഓരോന്നിനും അവരവരുടേതായ നിശ്ചിത അജണ്ട ഉണ്ടായിക്കഴിഞ്ഞു. അവരവരുടെ സവിശേഷമായ അജണ്ട നടപ്പിലാക്കാൻ പറ്റിയ കാര്യക്ഷമതയുള്ള ആചാരാനുഷ്ഠാനങ്ങൾക്കും ബന്ധപ്പെട്ട വിശ്വാസങ്ങൾക്കും ധാരണകൾക്കും രൂപംകൊടുത്തു. അങ്ങനെ വ്യത്യസ്തങ്ങളും ശരിക്കും ഫലപ്രദവുമായ ഭക്തകൃത്യങ്ങൾക്കും അനുഷ്ഠാനങ്ങൾക്കും തികച്ചും ശാസ്ത്രീയമായിതന്നെ രൂപംകൊടുത്തതു ക്രൈസ്തവസഭയാണ്. എങ്ങനെ? അർത്ഥശൂന്യവും മിഥ്യാനിഷ്ഠവും അന്ധവിശ്വാസജഡിലവുമായ ആചാരങ്ങൾക്കും അനുഷ്ഠാനങ്ങൾക്കും പവിത്രതയുടെയും അമാനുഷികതയുടെയും പരിവേഷമണിയിച്ചുകൊണ്ടാണവർ ഇതു നേടിയത്. വിചിത്രമെന്നു പറയട്ടെ, ഇത്തരം അന്ധവിശ്വാസങ്ങൾക്കും അബദ്ധജഡിലമായ ആചാരങ്ങൾക്കും അടിപ്പെട്ടു പോകുന്നത്, ഇരയാക്കപ്പെടുന്നത് വിദ്യാസമ്പന്നരും ഉന്നതകുലജാതരുമാണ്.

എന്താണിതു സൂചിപ്പിക്കുന്നത്? ഈശ്വരവിശ്വാസവും മതവിശ്വാസവും അന്ധവിശ്വാസവും തമ്മിൽ ഏറെ സാമ്യമുണ്ട് എന്നാണ്. അവിടെ വിവേചനബുദ്ധി ഏതാണ്ടു മരവിച്ച മട്ടിലാണ്. ബാക്കിയെല്ലാ കാര്യത്തിലും വിവേകികളും അതിസ

മർത്ഥരും ആയിരിക്കുന്നവർ തന്നെ ദൈവവിശ്വാസവും മതവിശ്വാസവുമായി ബന്ധപ്പെട്ട കാര്യത്തിൽ മൂഢഭക്തിയിലൂന്നി തീർത്തും യുക്തിസഹമല്ലാത്ത രീതിയിലാണ് ഇടപെടുന്നത്. നേർച്ചകാഴ്ചകളും തീർത്ഥാടനങ്ങളും കൊണ്ടു ദൈവത്തെ പ്രീതിപ്പെടുത്താമെന്നും അങ്ങനെ ചെയ്തില്ലെങ്കിൽ ദൈവത്തിന്റെ കോപത്തിനും ക്രോധത്തിനും വിധേയപ്പെടേണ്ടിവരുമെന്ന (അന്ധ) വിശ്വാസങ്ങൾ. നിശ്ചിത കാലദൈർഘ്യം വെച്ച് നോമ്പ് പിടിക്കുകയും ഇടയ്ക്ക് മുറിഞ്ഞുപോയാൽ ഫലസിദ്ധി പൊയ്പോകുമെന്നും വിശ്വസിക്കുന്ന മൂഢാത്മാക്കളും വിദ്യാസമ്പന്നർക്കിടയിൽ ധാരാളം കാണാം. അങ്ങനെ മതാനുഷ്ഠാനങ്ങളും ഭക്തകൃത്യങ്ങളും ഓരോന്നായി എടുത്തു വിശകലനം ചെയ്താൽ ഇവിടെ യുക്തിക്കു നിരക്കാത്ത അന്ധവിശ്വാസങ്ങളുടെ പ്രകടമായ പ്രതിനിധാനങ്ങൾ നമുക്കു ദർശിക്കാൻ സാധിക്കും. ചുരുക്കത്തിൽ, ദൈവവിശ്വാസത്തെപ്പറ്റി വീമ്പടിക്കുന്ന എല്ലാവരും, മതമേലദ്ധ്യക്ഷന്മാരും സഭാനേതാക്കളും ഉൾപ്പെടെ, അവരുടെ അനുദിനജീവിതത്തിൽ പ്രായോഗികമായി അന്ധവിശ്വാസങ്ങൾക്ക് അധീനപ്പെട്ടു ജീവിക്കുന്നു. അതായത് ദൈവവിശ്വാസവും അന്ധവിശ്വാസങ്ങളും അഭേദ്യമാംവിധം ബന്ധപ്പെട്ടുകിടക്കുന്നു. അല്പംകൂടി വ്യക്തമായിട്ടു പറഞ്ഞാൽ, ഇന്നത്തെ നമ്മുടെ പ്രായോഗിക ജീവിതത്തിൽ നമ്മുടെ അന്ധവിശ്വാസങ്ങളെ ഓരോന്നിനെയും പിച്ചിച്ചീന്തിക്കളഞ്ഞു അതിന്റെ ഉള്ളിലേയ്ക്കു കടന്നുചെന്നാൽ ദൈവവിശ്വാസം വട്ടപ്പൂജ്യമാണെന്നു കാണാം, അതായത്, ദൈവവിശ്വാസം സമം അന്ധവിശ്വാസം.

# 18. ദണ്ഡിപ്പിക്കുന്ന ദണ്ഡവിമോചനം

കഴിഞ്ഞാഴ്ച എന്റെയൊരു സുഹൃത്കുടുംബത്തെ സന്ദർശിച്ചു. കത്തോലിക്കാ കുടുംബം. ഭാര്യയ്ക്കും ഭർത്താവിനും ഉയർന്ന ഉദ്യോഗം. അതു മാസാദ്യ വ്യാഴാഴ്ച ആയിരുന്നു. അവർ പള്ളിയിൽ കുർബ്ബാനയ്ക്കു പോകാൻ ധൃതിയിൽ ഒരുങ്ങുകയായിരുന്നു. എന്താണ് വ്യാഴാഴ്ച പള്ളിയിൽ പോകാൻ ഇത്ര താല്പര്യം എന്ന എന്റെ ചോദ്യത്തിന് മറുപടി ഇങ്ങനെ: 'വലിയ ബുദ്ധിമുട്ടില്ലാതെ സ്വർഗ്ഗത്തു പോകാനുള്ള വഴി ഈ വർഷം സഭ തുറന്നു തന്നിട്ടുള്ളത് അറിയില്ലേ. സാർവ്വത്രിക പൗരോഹിത്യവർഷാചരണുമായി ബന്ധപ്പെട്ട് സാധാരണവിശ്വാസികൾക്ക് മാസത്തിൽ ഒരു ദണ്ഡവിമോചനം പ്രാപിക്കാൻ സാധിക്കും. അതിനു ആദ്യവ്യാഴാഴ്ച പള്ളിയിൽ പോയി കുർബ്ബാനയിൽ പങ്കെടുത്ത് ദിവ്യകാരുണ്യം സ്വീകരിക്കുകയും പുരോഹിതർക്കായി പ്രാർത്ഥിക്കുകയും ആ ദിവസം ഒരു പരോപകാരമോ നന്മയോ ചെയ്തു ദൈവത്തിനു കാഴ്ചവയ്ക്കുകയും ചെയ്താൽ പൂർണദണ്ഡവിമോചനം ലഭിക്കും. ഇന്നു ലോകം വളരെ വഷളു പിടിച്ചതല്ലേ! എളുപ്പത്തിൽ സ്വർഗ്ഗം പ്രാപിക്കാനുള്ള മാർഗ്ഗം സ്വീകരിക്കുന്നതല്ലേ ഉത്തമം.' അതിന് എന്റെ പ്രതികരണം: 'കൊള്ളാം നല്ലകാര്യം. നിങ്ങളുടെ സ്വർഗ്ഗത്തിലേയ്ക്കുള്ള വഴിയിൽ ഞാൻ തടസ്സമാകുന്നില്ല. പക്ഷേ ഈ വിഷയം ഗൗരവമായ ചർച്ചയ്ക്കു വിധേയമാക്കേണ്ട ഒന്നാണ്. അതു മറ്റൊരവസരത്തിലാകാം.' അപ്പോഴേക്കും ഭാര്യ ഒരു ചായ കൊണ്ടുവന്നു. പള്ളിയിലേയ്ക്കു പോകാൻ ഒരുങ്ങിക്കഴിഞ്ഞു. ഞങ്ങൾ മൂവരും കാറിൽ കയറി. പള്ളിയിലേയ്ക്കുള്ള വഴിയിലുള്ള ബസ്സ്റ്റാന്റിൽ എന്നെ ഇറക്കിയിട്ട് അവർ കുർബ്ബാനയ്ക്കു പോയി.

ജനജാഗൃതിക്കുള്ള എന്റെ യാത്രയിൽ ദണ്ഡവിമോചനത്തിന്റെ ദൈവശാസ്ത്രത്തെ അയവിറക്കുകയായിരുന്നു. ഇതിന്റെ അടി

സ്ഥാനം മനുഷ്യൻ പാപിയാണ്. പാപത്തിൽ ഗർഭം ധരിക്കുന്നിടം തുടങ്ങി, പാപത്തിൽ ജനിക്കുന്നു, പാപത്തിൽ ജീവിക്കുന്നു. പാപത്തിൽ നിന്നുള്ള പിന്തിരിയൽ അത്ര എളുപ്പമല്ല. പാപിയായ മനുഷ്യനെ രക്ഷിക്കാനാണു യേശു മനുഷ്യനായി പിറന്ന്, ജീവിച്ച്, പീഡകൾ സഹിച്ച്, മരിച്ച്, ഉയിർത്തെഴുന്നേറ്റത്. ഈശോമിശിഹായുടെ കൃപയുടെ ഈ സ്രോതസ്സ് അനന്തമാണ്. അനന്തമായ ഈ വരപ്രസാദസ്രോതസ്സിൽ പങ്കുചേരുക പരിമിതനായ മനുഷ്യനു അസാദ്ധ്യമാണ്. അവിടെയാണ് ദണ്ഡവിമോചനം പ്രസക്തമാകുന്നത് എന്നാണ് സഭയുടെ ദൈവശാസ്ത്രപഠനം. ചുരുക്കത്തിൽ ഈ പ്രതിഭാസത്തെ ഇങ്ങനെ ചുരുക്കിപ്പറയാം. "ക്രിസ്തുവിന്റെയും വിശുദ്ധരുടെയും യോഗ്യതകളുടെ ഭണ്ഡാരത്തിൽ നിന്ന് രക്ഷയുടെ പരികർമ്മി എന്ന നിലയിൽ സഭ നിർദ്ദേശിക്കുന്ന പ്രത്യേക വ്യവസ്ഥകളുടെ അടിസ്ഥാനത്തിലൂടെ ഒരു ക്രൈസ്തവന് ദൈവസന്നിധിയിൽ ലഭിക്കുന്ന, മുമ്പ് കുറ്റം ക്ഷമിക്കപ്പെട്ട പാപങ്ങളുടെ താത്ക്കാലിക ശിക്ഷയിൽ നിന്നുള്ള മോചനമാണ് ദണ്ഡവിമോചനം" എന്ന കെ. സി.ബി.സിയുടെ വക്താവായ ഡോ. സ്റ്റീഫൻ ആലത്തറ 'പൗരോഹിത്യവർഷത്തിൽ ദണ്ഡവിമോചനം നേടാം' എന്ന തന്റെ ലേഖനത്തിൽ വ്യക്തമാക്കുന്നു (അമ്മ 2009 ജൂലൈ, പേജ് 11-13). 2009 ജൂൺ 19 മുതൽ 2010 ജൂൺ 19 വരെയാണ് സാർവ്വത്രിക പൗരോഹിത്യ വർഷമായി പ്രഖ്യാപിച്ചിരിക്കുന്നത്. ഇതു പ്രമാണിച്ചു ദണ്ഡവിമോചനവും ലഭിക്കുമത്രേ!.

ദൈവത്തിന്റെ അനന്തമായ വരപ്രസാദസ്രോതസ്സിൽ നിന്നും എത്ര കൃത്യമായും ചിട്ടയോടും കൂടെയാണ് ഓരോ ഭക്തകൃത്യത്തിനും ദൈവകൃപ ചൊരിയുന്നത് എന്നു വ്യക്തമാക്കുന്ന വത്തിക്കാൻ പഠനം അതിന്റെ നിരർത്ഥകത വിളിച്ചോതുന്നു.

അവരുടെ നിർദ്ദേശങ്ങളിൽ ചിലത് ഇവിടെ കുറിക്കട്ടെ.

- പൗരോഹിത്യവർഷം എല്ലാ ദിവസവും പുരോഹിതർക്കു ദണ്ഡവിമോചനം പ്രാപിക്കാം.

- സാധാരണവിശ്വാസികൾക്കു പൗരോഹിത്യവർഷം ആരംഭിക്കുന്ന ദിവസവും അസാനിക്കുന്ന ദിവസവും മാസാദ്യ വ്യാഴാഴ്ചയും ദണ്ഡവിമോചനം പ്രാപിക്കാൻ സാധിക്കും.

ഇവ പ്രാപിക്കാനുള്ള വ്യവസ്ഥകൾ ഇതിനേക്കാൾ രസാവഹമാണ്.

- വിശ്വാസികൾ കുർബ്ബാനയിൽ പങ്കെടുത്തു ദിവ്യകാരുണ്യം സ്വീകരിക്കണം, പുരോഹിതർക്കു വേണ്ടി പ്രാർത്ഥിക്കണം, അതേദിവസം ഒരു പരോപകാരമോ നന്മയോ ചെയ്തു ദൈവത്തിനു കാഴ്ചവയ്ക്കണം.

- രോഗികളും ശയ്യാവലംബിതരും ദേവാലയത്തിൽ പോകാതെ ദിവ്യകാരുണ്യം സ്വീകരിച്ച് മറ്റു വ്യവസ്ഥകൾ പാലിക്കണം.

- പുരോഹിതർ, സാധാരണവിശ്വാസികൾ ചെയ്യേണ്ടവ കൂടാതെ, മുടക്കം കൂടാതെയുള്ള കാനോന നമസ്കാരവും ദിവ്യകാരുണ്യാരാധനയും നടത്തണം.

ഇതിന്റെ പിന്നിലെ ചിന്താധാര ഇതാണ്. സഭ കല്പിക്കുന്ന ചില കർമ്മങ്ങളും പ്രവൃത്തികളും ചെയ്യുകവഴി കർത്താവിന്റെയും പുണ്യവാളരുടെയും വിശുദ്ധിയുടെയും കൃപയുടെയും ഭണ്ഡാരത്തിൽ നിന്ന് ഒരോഹരി നമുക്കും ലഭിക്കുന്നു എന്നതാണ്. ഈ ദണ്ഡവിമോചനത്തിലൂടെ നമ്മളും വിശുദ്ധീകരിക്കപ്പെടുന്നു. കുമ്പസാരത്തിലൂടെ പാപമോചനം ലഭിച്ചാലും പാപം ചെയ്യാനുള്ള അഭിവാഞ്ഛ നശിച്ചിട്ടില്ല. അതിനു ദണ്ഡവിമോചനം ഉപകാരപ്രദമാണ്. അതായത് കുമ്പസാരത്തിലൂടെ പാപമോചനം ലഭിച്ച വ്യക്തിക്കു മാത്രമേ ഇതു ലഭിക്കുകയുള്ളൂ. പാപാവസ്ഥയിൽ ജീവിക്കുന്ന ഒരു വ്യക്തിക്ക് ദണ്ഡവിമോചനം ലഭിക്കുകയില്ല.

വ്യവസ്ഥകളുടെ രസകരാവസ്ഥ തീർന്നില്ല. ആർക്കാണ് ദണ്ഡവിമോചനം ലഭിക്കുക?

ഒന്ന്, ഈ വ്യവസ്ഥകൾ പാലിച്ചു പുണ്യപ്രവൃത്തികൾ ചെയ്യുന്ന വ്യക്തികൾക്ക്.

രണ്ട്, മരിച്ചുപോയ വ്യക്തിക്കു വീണ്ടും കർമ്മപാപം ചെയ്യാൻ സാധ്യതയില്ലാത്തതുകൊണ്ടും ദൈവവുമായി ഐക്യം പ്രാപിക്കുന്നതിന് അയാൾക്ക് ശുദ്ധീകരണം ആവശ്യമായതുകൊണ്ടും

അയാൾക്കുവേണ്ടി ജീവിച്ചിരിക്കുന്നവർക്കു ദണ്ഡവിമോചനങ്ങൾ നേടാവുന്നതാണ്. എന്നാൽ ജീവിച്ചിരിക്കുന്ന ഒരു വ്യക്തിക്കു വേണ്ടി ജീവിച്ചിരിക്കുന്ന മറ്റുള്ളവർക്കു ദണ്ഡവിമോചനം നേടാൻ സാധ്യമല്ല.

ദണ്ഡവിമോചനത്തെയും അതിന്റെ പിന്നിലെ ചിന്താധാരകളെയും വിലയിരുത്തിയാൽ, നിക്ഷിപ്തതാല്പര്യങ്ങളോടെയുള്ള സഭയുടെ കയ്യാംകളി വ്യക്തമാകും. നോക്കണം അഭ്യസ്തവിദ്യരായ എന്റെ സുഹൃത്കുടുംബാംഗങ്ങൾ പരക്കംപായുകയാണ് ദണ്ഡവിമോചനം നേടി സ്വർഗ്ഗം പ്രാപിക്കുവാൻ. യേശുവിന്റെ രക്ഷയുടെ പരികർമ്മിയായി സഭയെ ചിത്രീകരിച്ചിട്ട് സഭയുടെ ഭക്താനുഷ്ഠാനങ്ങൾക്കെല്ലാം പരിശുദ്ധിയുടെ പരിവേഷമണിയിച്ചിട്ടു അവയിലൂടെ സ്വർഗ്ഗം നേടാനുള്ള തത്രപ്പാടിലാണ് പാവം സാധാരണവിശ്വാസികൾ. ഈ എളുപ്പമാർഗ്ഗം കാട്ടിത്തന്നതിലൂടെ കുമ്പസാരം, കുർബ്ബാന, ദിവ്യകാരുണ്യസ്വീകരണം, ദിവ്യകാരുണ്യാരാധന, പരോപകാരപ്രവൃത്തി, പ്രാർത്ഥന, മരിച്ചുകഴിഞ്ഞവർക്കുള്ള ശുദ്ധീകരണസ്ഥലം - ഇങ്ങനെ ഒത്തിരിയേറെ കാര്യങ്ങളെ അരക്കിട്ടുറപ്പിക്കുകയാണ് ചെയ്യുന്നത്. അതിന്റെ ഫലമായി പ്രായോഗികമായി സംഭവിക്കുന്നത് ഈ സഭയുടെ അധീശത്വവും ജനത്തിന്റെ മേലുള്ള അധികാരവും ഉറപ്പിക്കലാണ് നടക്കുക. ഏറ്റവും പരിതാപകരമായ വസ്തുത ഇങ്ങനെയൊരു സഭയെ യേശു വിഭാവനം ചെയ്തിട്ടുപോലുമില്ല എന്നതാണ്. ഈ സഭ കോൺസ്റ്റന്റയിൻ ചക്രവർത്തിയുടെ അധികാരസഭയാണ്. അതിനെ നിലനിർത്താൻ ഇങ്ങനെയുള്ള ചെപ്പടിവിദ്യകൾ ആവശ്യമായിരിക്കാം. ഇതു തീർത്തും തട്ടിപ്പാണ്. യേശുദർശനവുമായി യാതൊരുവിധമായ ബന്ധവുമില്ല.

ഇതിന്റെ തട്ടിപ്പുസ്വഭാവം അതിനെപ്പറ്റിയുള്ള പഠനത്തിൽ തന്നെ കുടിയിരുപ്പുണ്ട്. ദണ്ഡവിമോചനം എന്റെ പാപങ്ങൾ നീക്കി സ്വർഗ്ഗത്തിനു അവകാശിയാക്കുകയാണെങ്കിൽ, എന്തിനാണ് എനിക്ക് ഇതു എല്ലാ ദിവസവും തരുന്നത്. പുരോഹിതനു ഈ വർഷത്തിൽ എല്ലാ ദിവസവും നേടാവുന്നതാണീ ദണ്ഡവിമോചനം. അതുപോലെ സാധാരണവിശ്വാസിക്കു മാസത്തിലൊരിക്കൽ എന്തിനാണീ മോചനം? ഒരിക്കൽ യോഗ്യരാ

ക്കിയാൽ പോരേ? സ്വർഗ്ഗം ഇങ്ങനെ കണക്കുപറഞ്ഞു കയറി ച്ചെല്ലാവുന്ന ഒരു സ്ഥലമാണോ? എന്തൊരു നീചവും അധമവു മായ ചിന്താഗതിയാണിത്. ഇതിന്റെയൊക്കെ ലക്ഷ്യം ഒന്നേ യുള്ളു - സാധാരണവിശ്വാസികളുടെ മുന്നിൽ സഭയുടെ അധി കാരം ഉറപ്പിക്കൽ. അതിനു സ്വർഗ്ഗപ്രാപ്തി ഉപകരിക്കുമെങ്കിൽ അതാകട്ടെ, എന്നല്ലാതെ യാതൊരു ആദ്ധ്യാത്മികതയുമില്ല ഇതിന്റെ പിന്നിൽ.

## 19. ക്രിസ്തുമസ് ഒരു ചിഹ്നമാണ്

'പാടത്തെ പാവത്തിൻ കയ്യിലെ ചേറിൽ

നാടൻ പണിപ്പുരക്കാരന്റെ വേർപ്പിൽ

ചേരിയിൽ ചെറ്റപ്പുരയിൽ അന്നത്തിൻ

ചേലിൽ തുടിക്കുന്നു ദൈവം' (വി. സി. ജോൺ)

മാവേലിക്കര മൂർ കോളേജിലെ ഇംഗ്ലീഷ് വിഭാഗത്തിന്റെ തലവനായി വിരമിച്ച, കഴിഞ്ഞ 10 വർഷമായി ഓറ മാസികയുടെ ചിത്രരചനകളിൽ സവിശേഷമായി പങ്കുവഹിച്ചുകൊണ്ടിരിക്കുന്ന പ്രൊഫ. വി. സി. ജോൺ സാറിന്റെ വരികളാണു മുകളിൽ ഉദ്ധരിച്ചത്. ക്രിസ്തുമസിലെ യേശുവിനെ കണ്ടെത്തുന്ന സ്ഥലങ്ങളിലേയ്ക്ക് ആ വരികൾ നമ്മെ നയിക്കുന്നു.

ഇന്നു ക്രിസ്തുമസ് ഓണാഘോഷം പോലെ, ആര്യവല്ക്കരിക്കപ്പെട്ടുകഴിഞ്ഞു. സമ്പന്നരുടെ പൂജാപാത്രമായി മാറ്റപ്പെട്ട ക്രിസ്തുവിന്റെ ജനനം ആർപ്പുവിളിക്കാനുള്ള ഒരവസരമായി എന്ന ചിന്തയോടെയാണിന്നു ക്രിസ്തുമസ് ആഘോഷങ്ങൾ നടത്തുക. പക്ഷേ ഈ ആഘോഷങ്ങളിൽ യേശു ഇല്ലെന്ന നഗ്നസത്യമാണ് മേൽ ചേർത്തിരിക്കുന്ന വരികൾ നമ്മോടു വിളിച്ചു പറയുന്നത്.

അങ്ങനെയെങ്കിൽ എന്താണു യഥാർത്ഥ ക്രിസ്തുമസ്? എന്താണു ക്രിസ്തുമസ് സന്ദേശം?

ദൈവത്തിന്റെ സ്വാഭാവിക ഇരിപ്പിടം സ്വർഗ്ഗലോകമാണല്ലോ. പക്ഷേ ഈ ദൈവത്തിനു ഈ സ്വർലോകത്തിൽ സംതൃപ്തി കണ്ടെത്തുവാൻ ആകുന്നില്ല. അദ്ദേഹം തൃപ്തിയും പൂർണതയും കണ്ടെത്താൻ ശ്രമിക്കുന്നതു ഒരു പ്രപഞ്ചവസ്തുവിലാകുന്നു,

അതത്രേ മനുഷ്യൻ. അങ്ങനെ ക്രിസ്തുമസിലൂടെ ഉണ്ടാകുന്നതു ഒരു പ്രാപഞ്ചിക ബന്ധമാണ്. പ്രപഞ്ചവസ്തുക്കൾ തമ്മിലുള്ള സ്വരലയമാണ് ക്രിസ്തുമസ് വഴി സംജാതമാകേണ്ടത്. ഇതു സാധിതമാകുക, അന്നു 2000 വർഷങ്ങൾക്കു മുമ്പും ഇന്നും, സമൂഹത്തിൽ അവശതയും അവജ്ഞയും നിന്ദയും ദാരിദ്ര്യവും അനുഭവിക്കുന്നവരുടെ പക്ഷം ചേർന്നുകൊണ്ടാണ്. യേശു അതുതന്നെയാണ് തന്റെ ജീവിതത്തിലൂടെ ചെയ്തത്; ഇന്നു നാം ചെയ്യേണ്ടതും അതുതന്നെയാണ്.

അതുകൊണ്ടാണ് ദരിദ്രർക്കും ആട്ടിടയന്മാർക്കും മറ്റും അത് സദ്‌വാർത്ത ആയപ്പോൾ, ഹേറേദോസ് രാജാവിനും കൊട്ടാരവാസികൾക്കും യേശുജനനം ഭയപ്പെടുത്തുന്ന വാർത്തയായി മാറിയത്. പക്ഷേ ദരിദ്രന്റെ ഏതു നീക്കത്തെയും സ്വാംശീകരിച്ച് സ്വന്തമാക്കാനുള്ള തന്ത്രവും സാമർത്ഥ്യവും വലിയവർക്കുണ്ട്. അങ്ങനെയിന്നു ക്രിസ്തുമസ് വ്യവസായമായി മാറിക്കഴിഞ്ഞു. അതുകൊണ്ടാണ് മർദ്ദിതരുടെ മോചനത്തിന്റെ ശംഖൊലിയായി ക്രിസ്തുമസ് മാറേണ്ടത്.

ഇവിടെ കാര്യം കൂടുതൽ വ്യക്തതയിൽ ഗ്രഹിക്കാൻ ചരിത്രത്തിലെ യേശുവിനെയും വിശ്വാസത്തിലെ യേശുവിനെയും വേർതിരിച്ചു കാണുവാനുള്ള ഉൾക്കണ്ണു നമുക്കുണ്ടാകണം. ചരിത്രത്തിലെ യേശു പച്ചയായ മനുഷ്യനായിരുന്നു. നീതിക്കും സത്യത്തിനു വേണ്ടി നിലപാടെടുത്ത, വ്യക്തമായും ദരിദ്രരുടെയും ചൂഷിതരുടെയും ഓരങ്ങളിലേയ്ക്കു തള്ളിനീക്കപ്പെട്ടവരുടെയും പക്ഷം ഒരു വ്യവസ്ഥയുമില്ലാതെ ചേർന്ന, ദരിദ്രരെ കുച്ചുവിലങ്ങിടുന്ന അധീശവർഗ്ഗത്തിന്റെ ബന്ധനശക്തികളെ അതിശക്തമായി എതിർത്ത, എല്ലാവർക്കും ആരോഗ്യകരമായ മനുഷ്യത്വത്തെ സ്വപ്നംകണ്ട, അതിലേയ്ക്കു ജനതയെ ബോധവൽക്കരിച്ചു നീതിക്കുവേണ്ടിയുള്ള പോരാട്ടത്തിൽ ജനത്തെ സജ്ജരാക്കിയ തീർത്തും പച്ചയായ മനുഷ്യനെയാണ് നാം ചരിത്രത്തിൽ ദർശിക്കുക. ഇങ്ങനെയുള്ള ഒരു വ്യക്തിയുടെ ജനനത്തെ സ്മരിക്കുക ആവേശജനകമാണ്; അതു ജനത്തിന്റെ ആഘോഷമായി കാണാം; വെല്ലുവിളികൾ ഉയർത്തുന്നതായും കാണാം.

പക്ഷേ വിശ്വാസത്തിലെ യേശു എല്ലാ രീതിയിലും ബന്ധിതനാണ്; മർദ്ദകരുടെയും ചൂഷകരുടെയും കാവൽക്കാരനായി

പ്രതിഷ്ഠിച്ചിരിക്കുന്നു. എല്ലാ രീതിയിലും അധീശവർഗ്ഗത്തിന്റെ അടിമയാണ്; അവരുടെ സ്വാർത്ഥ-വർഗ്ഗ താല്പര്യങ്ങൾ സംരക്ഷിക്കാനും നീതീകരിക്കാനും വിശ്വാസത്തിലെ യേശുവിനെ സമർത്ഥമായി ഉപയോഗപ്പെടുത്തുകയാണ്. ഈ വിശ്വാസചൂഷണത്തിന്റെ ഏറ്റവും നല്ല ഉദാഹരണമാണ് ഇന്നു കത്തോലിക്കർ വളരെ പാവനമായിക്കണ്ട് ബഹുമാനിക്കുകയും ആരാധിക്കുകയും ചെയ്യുന്ന കുർബ്ബാനയിൽ സന്നിഹിതനാകുകയും തുടർന്ന് സിബോറിയം എന്ന പാത്രത്തിൽ അടച്ചുവച്ചിട്ട്, റ്റബർനാക്കിളിലാക്കി പൂട്ടിവയ്ക്കുന്ന യേശു. ഈ യേശു മിണ്ടുകയില്ല. പ്രതികരിക്കുകയില്ല. പുരോഹിതവർഗ്ഗം അവരുടെ 'തിരു'വസ്ത്രങ്ങളണിഞ്ഞു, പൂ വിതറി, കുന്തിരിക്കം പുകച്ച്, മണികൾ അടിച്ച് ഏതാണ്ടൊരു മാസ്മരികലോകത്തിലേയ്ക്കു മനുഷ്യനെ ആനയിച്ച് സ്തുതിയും സ്തോത്രവും അർപ്പിക്കാൻ കളമൊരുക്കുന്നു. പ്രതികരിക്കാത്ത യേശുവിനെ പുകഴ്ത്താനും വാഴ്ത്താനും എന്തൊരു ഉത്സാഹമാണെന്നോ! ഇതിനു സഹായകമാകുന്നൊരു ഉത്സവമായാണിവർ ക്രിസ്തുമസിനെയും കാണുന്നത്. സാമൂഹ്യ ഉത്തരവാദിത്തം ഏറ്റെടുക്കാതെ മറ്റൊരു ലോകത്തിൽ കണ്ണുംനട്ട്, ദരിദ്രരെ ചൂഷണം ചെയ്ത്, പെരുന്നാളും തിരുന്നാളും ഉത്സവങ്ങളും അനുഷ്ഠാനങ്ങളും അതിഗംഭീരമായി നടത്തി മനഃതൃപ്തിയടയുന്ന സമ്പന്നവർഗ്ഗം സ്വയം നീതീകരിച്ചു നീങ്ങുകയാണ്. ഇവർക്കു ക്രിസ്തുമസ് സത്യത്തിൽ ശകാരമാണ്, വെല്ലുവിളിയാണ്, ശക്തമായ താക്കീതാണ്, ഭീഷണിയാണ്.

ക്രിസ്തുമസ്സിനു മറ്റൊരു സവിശേഷത കൂടിയുണ്ട്. ഇന്നു ചരിത്രത്തെ ബി.സി. യും എ. ഡി. യുമായി (ക്രിസ്തുവിനു മുമ്പും ക്രിസ്തുവിനു പിമ്പും) വേർതിരിച്ചിരിക്കുകയാണ്. അങ്ങനെ ചരിത്രത്തിന്റെ വഴിത്തിരിവായിട്ടു യേശുവിന്റെ ജനനം മാറുകയാണ്. എന്താണീ വഴിത്തിരിവ്? ദൈവം ചരിത്രത്തിൽ ഇടപെടുന്നു, ചരിത്രത്തിന്റെ ഭാഗമായി മാറുന്നു എന്ന വിശ്വാസമാണിവിടെ പ്രകടമാകുന്നത്. അതായത് ദൈവത്തെ ഇനി മറ്റൊരു ലോകത്ത് അന്വേഷിക്കേണ്ടതില്ല. ഈ ലോകത്തിൽ അലിഞ്ഞുചേർന്നിരിക്കുന്നതിന്റെ ഒരു ബാഹ്യചിഹ്നമാണ് ക്രിസ്തുമസ്. ഇനി മറ്റൊരു ലോകത്തെപ്പറ്റി ചിന്തിച്ചിട്ടു കാര്യ

മില്ല. ഈ ലോകത്തെപ്പറ്റിയും ഇവിടെ ജീവിതം ഭാസുരമാക്കാനുള്ള ദൗത്യത്തിൽ ഏർപ്പെടുന്നതിനെപ്പറ്റിയുമാണ് ചിന്തിക്കേണ്ടത്. അതായത്, പ്രപഞ്ചത്തിന്റെ ബഹുമുഖഭാവത്തിന്റെയും ഐകരൂപ്യത്തിന്റെയും അവിടെ ഓരോ പ്രപഞ്ചവസ്തുവിനുമുള്ള തനതു പങ്കിന്റെയും സാധ്യത വിളിച്ചോതുന്ന ഒരു വസ്തുതയായാണു ക്രിസ്തുമസ് നിലകൊള്ളുന്നത്. ഇവിടെ സത്യത്തിൽ പരലോകമയമായ ദൈവികതയില്ല; ഈ ലോകത്തെ അടിസ്ഥാനമാക്കിയുള്ള മാനവികതയും അതിനു ആധാരമായുള്ള പ്രാപഞ്ചികതയും ആത്യന്തികമായി പൂവണിയും എന്നതിനുള്ള ശുഭപ്രതീക്ഷയാണ് ക്രിസ്തുമസ്.

## 20. വില(ക്ക)പ്പെട്ട കനി തിന്നണം

കൊല്ലം രൂപതാ ബിഷപ്പ് ഡോ. സ്റ്റാൻലി റോമൻ ജനജാഗൃതി സന്ദർശിച്ച വേളയിൽ പലവട്ടം എന്നെ ഓർമ്മിപ്പിച്ച കാര്യം ഞാൻ 'തെറ്റിൽ കഴിയുന്നു' എന്നതാണ്. എന്താണീ തെറ്റ് എന്നും അദ്ദേഹം വ്യക്തമാക്കി - ഒരു സ്ത്രീയുമായി കഴിയുന്നു എന്നതു തന്നെ. അദ്ദേഹത്തിനു എന്റെ 'രക്ഷ'യിലുള്ള താല്പര്യം കൊണ്ടുതന്നെ എന്നു കരുതട്ടെ, സഹോദരബുദ്ധ്യാ എന്നെ തെറ്റിൽ നിന്നും തിരുത്താനുള്ള അദ്ദേഹത്തിന്റെ കർത്തവ്യനിർവ്വഹണാർത്ഥമുള്ള താല്പര്യം എന്നും കരുതട്ടെ. അദ്ദേഹത്തിന്റെ സദുദ്ദേശ്യത്തെ ഞാൻ ചോദ്യംചെയ്യുന്നില്ല. പക്ഷേ, സ്ത്രീയോടും ലൈംഗികതയോടുമുള്ള അദ്ദേഹത്തിന്റെ സമീപനത്തിൽ എന്തോ കാതലായ പാളിച്ചയുണ്ട് എന്നെനിക്കു തോന്നി. സഗൗരവം അദ്ദേഹം പറഞ്ഞതുകൊണ്ടു, തീർത്തും ഗൗരവമായിത്തന്നെ ഈ വിഷയത്തെപ്പറ്റി ചിന്തിച്ചു.

പ്രശ്നം സ്ത്രീപുരുഷബന്ധമാണ്, ലൈംഗികതയാണ്. ഇതിനെപ്പറ്റി ഏതാണ്ടൊരു സമഗ്രപ്രതിപാദനത്തിനു ഒരു പുസ്തകം തന്നെ വേണം. അതിലേയ്ക്കു തുനിയുന്നില്ല. ബിഷപ്പിന്റെ 'തെറ്റിൽ കഴിയുന്നു' എന്ന പ്രയോഗത്തെ മാത്രം വിശകലനം ചെയ്തുകൊണ്ടു എന്റെ നിലപാടു വ്യക്തമാക്കുന്നതാകും കൂടുതൽ കരണീയം.

ഇന്നത്തെ പൊതുസാമൂഹ്യകാപട്യത്തിന്റെ ഒരു ബഹിർസ്ഫുരണമല്ലേ ഈ 'തെറ്റിൽ കഴിയുക' പ്രയോഗം എന്നു ചിന്തിച്ചുപോകുന്നു. സമൂഹം സ്ത്രീപുരുഷബന്ധത്തിനു മാത്രമല്ല, മനുഷ്യബന്ധങ്ങൾക്കു തന്നെ ഒത്തിരിയേറെ വിലക്കുകളിടുന്നു. 'ധാർമ്മികത'യുടെ ഉരകല്ലിൽ മനുഷ്യരുടെ ജൈവികചോദനകളെയും വിധേയപ്പെടുത്തുകയാണ്.

സ്ത്രീയും പുരുഷനും രണ്ടു വ്യക്തികളാണ്- തീർത്തും സ്വതന്ത്രവ്യക്തികൾ. അവർക്കു അവരുടേതായ ഇടങ്ങൾ ഉണ്ട്. അവരുടെ വളർച്ച പാരസ്പര്യത്തിലാണ്. ഈ മൈത്രിയുടെ പാരസ്പര്യത്തിന്റെ മൂർത്തഭാവമാണ് പ്രേമവും സ്നേഹവും സഹകരണവും സഹവർത്തിത്വവും. ഈ ബന്ധം സന്തോഷത്തിന്റെയും സംതൃപ്തിയുടെയും അനുഭൂതി പ്രദാനം ചെയ്യുന്നു. ഇതു പക്വമായ വ്യക്തിത്വവികാസത്തിനു കളമൊരുക്കുന്നു. മനുഷ്യന്റെ സ്വതന്ത്ര വളർച്ചയ്ക്കും മുന്നേറ്റത്തിനും ഈ ബന്ധം എന്നും അനുഗുണമായ ഘടകമാണ്. അതുകൊണ്ടാണു ലൈംഗികത സുന്ദരമാണ് എന്നു മനഃശാസ്ത്ര പണ്ഡിതർ വിശേഷിപ്പിക്കുന്നത്.

മനോഹരമായ ഈ അവസ്ഥയെ തകിടംമറിച്ചുകൊണ്ട് ലൈംഗികത തെറ്റും പാപവുമാണെന്ന പൊതുധാരണ വരുത്താൻ രണ്ടു ഘടകങ്ങൾ സുപ്രധാനമായ പങ്കുവഹിച്ചിട്ടുണ്ട് - ഭരണകൂടവും മതവും.

നിയമങ്ങളുടെ പേരിൽ ഭരണകൂടം സ്ത്രീപുരുഷബന്ധത്തിനും ലൈംഗികതയ്ക്കും ധാരാളം കൂച്ചുവിലങ്ങുകളിടുന്നുണ്ട്. ഒരു സാമൂഹ്യജീവി എന്ന നിലയിൽ മനുഷ്യർക്ക് നിയമങ്ങൾ വേണം. പക്ഷേ ഈ നിയമങ്ങൾ ആര് ഉണ്ടാക്കുന്നു, സമൂഹത്തിലെ ഏതു തരം ജനവിഭാഗങ്ങൾക്കു വേണ്ടി ഉണ്ടാക്കുന്നു എന്നിവ പ്രസക്തമായ ചോദ്യങ്ങളാണ്. ഇന്നത്തെ നിയമങ്ങളൊക്കെ സമൂഹത്തിലെ ദരിദ്രകോടികൾക്കാണ്. സമ്പന്നർക്കു അവയിൽ നിന്നൊക്കെ വിടുതലും ഇളവുകളും ഉണ്ട്. ലക്ഷംവീടുകോളനിയിലോ, ഗ്രാമത്തിലോ ഒരു യുവാവും യുവതിയും അല്പം അടുക്കുകയും സൗഹൃദമാകുകയും ചെയ്താൽ കോളിളക്കമായി, നിയമപാലകർ അവരെ ബന്ധനത്തിലാക്കും. അവരുടെ ജീവിതം ഏതാണ്ടു താറുമാറാകത്തക്കവിധം ചോദ്യം ചെയ്തും തെളിവെടുത്തും നശിപ്പിക്കും. പക്ഷേ അതേ നിയമപാലകർ ഇതേ കാര്യം ഒരു സമ്പന്ന കുടുംബത്തിൽ നടക്കുമ്പോൾ നിശബ്ദത പാലിക്കും, ഒരു ഫൈവ്സ്റ്റാർ ഹോട്ടലിൽ നടക്കുമ്പോൾ അവർക്കു സംരക്ഷണം നല്കിക്കൊണ്ടു കാവൽ നില്ക്കും. (കുമരകം റിസോർട്ടിൽ തന്റെ കൂട്ടുകാരിയുമൊത്തു കഴിഞ്ഞ രാഹുൽഗാന്ധിക്ക് കേരളപോലീസ് കാവൽ നിന്ന

തോർക്കുക. കേരളത്തിലെത്തുന്ന വിദേശ ടൂറിസ്റ്റുകളിൽ ഭൂരിഭാഗവും തങ്ങളുടെ ഇണകളുമായാണ് എത്തുന്നതെന്നും ഓർക്കുക.)

ഭരണകൂടത്തിന്റെ സ്ത്രീവിരുദ്ധതയെപ്പറ്റി എത്ര പറഞ്ഞാലും തീരുകയില്ല. കുറച്ചു വർഷങ്ങളായി പ്രമാദമായ എത്ര സ്ത്രീപീഡനക്കേസുകളാണ് കേരളത്തിൽ ഉണ്ടായത്. ഏതെങ്കിലും ഒരെണ്ണത്തിനു പോലും ഭരണകൂടത്തിനു നീതികൊടുക്കാൻ സാധിച്ചില്ല എന്ന പച്ചയായ യാഥാർത്ഥ്യം നമ്മുടെ മുമ്പിൽ കണ്ണുരുട്ടുന്നു. ഇവിടെ വേണ്ടതു ഭരണകൂടനിയമങ്ങളെ അവഗണിച്ചുകൊണ്ടു തനതായ ബോധ്യത്തിൽ ജീവിക്കുകയാണ്.

ലൈംഗികതയെ ധാർമ്മിക കണ്ണിലൂടെ നോക്കിക്കാണുന്നതിൽ മതങ്ങൾ, പ്രത്യേകിച്ചു ക്രൈസ്തവസഭ, വഹിച്ച പങ്ക് ചെറുതല്ല. സഭയ്ക്കു അധാർമ്മികത എന്നാൽ ലൈംഗിക അരാജകത്വം എന്നർത്ഥം. സഭയിൽ മോഷണം, നുണ, കള്ളം, അഹങ്കാരം, വൈരാഗ്യം, പരദൂഷണം, പിടിച്ചുപറി, ചൂഷണം - ഒക്കെ കണ്ണടച്ചു തള്ളിക്കളയാവുന്ന ചെറിയ തെറ്റുകൾ മാത്രം. ലൈംഗികതയുമായി ബന്ധപ്പെട്ട സ്വയംഭോഗം, പരസ്പര ബന്ധം, പരസ്ത്രീ-പരപുരുഷ ബന്ധം തുടങ്ങിയവ തീർത്തും അധാർമ്മികം; ക്ഷമിക്കാൻ പാടില്ലാത്ത തരത്തിലെ വലിയ 'ചാവു'ദോഷങ്ങൾ. ഈ തരത്തിലുള്ള സഭയുടെ സമീപനം തീർത്തും അശാസ്ത്രീയമാണ്; എല്ലാംകൊണ്ടും അപകടംപിടിച്ച ഒരു അവസ്ഥയിലേക്കത് മനുഷ്യരെ കൊണ്ടെത്തിക്കുന്നു; അവരിൽ നിരന്തരം പാപബോധം ഉണ്ടാക്കിക്കൊണ്ടിരിക്കുന്നു. പ്രായപൂർത്തിയായവരുടെ ഇടയിലെ സ്വവർഗ്ഗരതിക്കു നിയമസംരക്ഷണം നല്കാനുള്ള സർക്കാർനീക്കത്തെ എതിർക്കുന്ന സഭയുടെ നീക്കം ഈ സമീപനത്തിന്റെ ഭാഗമാണ്.

വൈവിധ്യം പ്രകൃതിയുടെ നിയമമാണ്. സകലതിലും ഉള്ളതുപോലെ, ലൈംഗികബന്ധത്തിലും വൈവിധ്യമുണ്ട്. ലൈംഗികചോദനകളൊക്കെ മോശമാണ്; അവയൊക്കെ നിരന്തരം നിയന്ത്രിക്കുകയാണ് മനുഷ്യധർമ്മം; വിവാഹം എന്ന സ്ഥാപനം കഴിഞ്ഞാൽ മാത്രം ഈ ബന്ധം ഏതാണ്ടു യാന്ത്രികമായി പവിത്രമാകുമെന്ന സഭാപഠനത്തിന്റെ യുക്തിരാഹിത്യം എത്ര വലുത്!

എന്താണു സഭ ചെയ്ത ഏറ്റവും വലിയ ക്രൂരത? ലൈംഗികതയുമായി ബന്ധപ്പെട്ട എല്ലാറ്റിലും പാപത്തിന്റെ 'ലേബൽ' ഒട്ടിച്ചു.

മനുഷ്യനിൽ പാപബോധം ഉണ്ടാക്കുന്നതിൽ സഭയുടെ ലൈംഗികതയെപ്പറ്റിയുള്ള പഠനം വലിയ പങ്കുവഹിച്ചു. ഒരു വ്യക്തി അവന്റെ/അവളുടെ ലൈംഗികാവയവത്തിൽ തൊട്ടാൽ പാപം! സ്വയംഭോഗം നടത്തിയാൽ ചാവുദോഷം! സ്വവർഗ്ഗ(സ്ത്രീ-സ്ത്രീ, പുരുഷൻ-പുരുഷൻ)രതി പാപം; ഇതര ലിംഗക്കാർ തൊട്ടാൽ പാപം, അവർ തമ്മിൽ ഇടപെടൽ മഹാപാപം! സ്ത്രീപുരുഷബന്ധം പാപം, അവരിലൂടെ ഉണ്ടാകുന്ന കുഞ്ഞ് ഗർഭപാത്രത്തിൽ തന്നെ പാപത്തിൽ ജനിക്കുന്നു! - ജനിച്ചു വീഴുമ്പോൾ ഉത്ഭവപാപത്തിലും! സഭയുടെ ഇങ്ങനെയുള്ള നിരന്തര പഠനം സാമാന്യജനതയിൽ പാപബോധവും മനഃസാക്ഷിക്കടിയും ഉണ്ടാക്കുന്നു. മനുഷ്യരോടു കാണിക്കുന്ന ഈ കൊടും ക്രൂരതയ്ക്കു ആർക്കാണു സഭയ്ക്കു മാപ്പുനല്കാൻ പറ്റുക?

സഭയുടെ (മതങ്ങളുടെ) ലൈംഗികതയോടുള്ള ഇത്ര അശാസ്ത്രീയവും അപക്വവുമായ സമീപനമാണു ഇന്നത്തെ കുടുംബജീവിതത്തെ ഏതാണ്ടു താറുമാറാക്കാനുള്ള പ്രധാന കാരണം. വിവാഹം വരെ ലൈംഗികചോദനയെ തെറ്റും പാപവും എന്നു കരുതി നിയന്ത്രിച്ചിരുന്നിടത്ത് വിവാഹം എന്ന (പ്ര)ക്രിയ ലൈംഗികബന്ധത്തിനുള്ള ലൈസൻസായി മാറുന്നു. പുരുഷന്റെ അധീശത്വത്തിൽ രൂപപ്പെടുന്ന ഒരു ലൈംഗികസംസ്കാരമാണ് മിക്ക കുടുംബങ്ങളിലും രൂപപ്പെടുക. മുതലാളിത്തത്തിന്റെ 'ഉപയോഗിച്ചു വലിച്ചെറിയുക' (use and throw) എന്ന തത്ത്വം (മാനസികമായെങ്കിലും) ഏറ്റവും ഹീനമായ രീതിയിൽ നടക്കുന്നതു സ്ത്രീപുരുഷബന്ധത്തിലാണ്, പ്രത്യേകിച്ചും കുടുംബത്തിൽ. എന്തുകൊണ്ടു കുടുംബത്തിൽ? അവിടെ പരാതി കൊടുക്കാൻ ഒരു സാമൂഹ്യസംവിധാനവുമില്ല. സ്ത്രീക്കതു സഹിച്ചേ പറ്റൂ. ഇവിടെ ലൈംഗികാസ്വാദനമല്ല ഉപയോഗമാണ് നടക്കുക. അപ്പോൾ സഹജമായ ലൈംഗികതയുടെ അന്തർധാരയായ സന്തോഷവും സുഖാനുഭൂതിയും ആരോഗ്യകരമായി ആസ്വദിക്കുക ഏതാണ്ടു അസാധ്യം.

മതം മറ്റൊരു കൊടും ക്രൂരത കൂടി സ്ത്രീപുരുഷ ബന്ധത്തിൽ അടിച്ചേല്പിച്ചിട്ടുണ്ട്. അതിന്റെയും അടിസ്ഥാനബിന്ദു ധാർമ്മികത തന്നെയാണ്. വിവാഹത്തിലൂടെ പങ്കാളികളായവർ തമ്മിൽ മാത്രം ശരീരം പങ്കുവയ്ക്കാം. മറ്റാരുമായും ശരീരം

പങ്കുവയ്ക്കാൻ അനുവാദമില്ല. അങ്ങനെ ഒന്നുണ്ടായാൽ അതു അവിശ്വസ്തതയാണ്, കഠിനപാപമാണ്. ഈ സമീപനത്തിൽ വളരെ വലിയ അപകടം പതിയിരുപ്പുണ്ട്; കാപട്യത്തിന്റെ ദുഷ്ട് നിറയെ ഉണ്ട്.

അല്പം വിശദീകരണം ആവശ്യമുണ്ടെന്നു തോന്നുന്നു. ശാരീരികമായ ലൈംഗികബന്ധവും ലൈംഗികതയും തമ്മിൽ ഏതാണ്ടു വേർതിരിച്ചുകാണുന്ന ഒരു സമീപനം ഈ സമീപനത്തിന്റെ പിന്നിലുണ്ട്. എന്തിനീ വേർപെടുത്തൽ? ഒറ്റവാക്കിൽ പറഞ്ഞാൽ കാപട്യത്തെ നീതീകരിക്കാൻ വേണ്ടിയെന്നു പറയേണ്ടിവരും. വൈദികരുടെയും കന്യാസ്ത്രീകളുടെയും കഥ തന്നെ എടുക്കാം. അവർ ബ്രഹ്മചര്യവ്രതം എടുത്തവരാണ്. വിവാഹം വേണ്ടെന്നു വച്ചവരാണ്. എന്നുവച്ചാൽ സ്ത്രീപുരുഷ ശാരീരികബന്ധം ഉപേക്ഷിച്ചെന്നുമാത്രം! മറ്റാരേക്കാളും പരലിംഗവ്യക്തികളുടെ സാന്നിദ്ധ്യവും സാമീപ്യവും അനുഭവിക്കാൻ അവസരം ലഭിക്കുന്നതു കന്യാസ്ത്രീകൾക്കും വൈദികർക്കുമാണ്. അതിലേക്കാൾ ഏറെ സൗകര്യമുള്ളതു ബിഷപ്പുമാർക്കുമാണ്. അവർ അതു സൗകര്യാർത്ഥം സമർത്ഥമായി ആവോളം ഉപയോഗിക്കുന്നുണ്ടുതാനും. ഇവിടെ അവർ ശാരീരികമായി ബന്ധപ്പെടുന്നില്ല. മാത്രമല്ല, ഈ പരലിംഗവ്യക്തികളുടെ സാന്നിദ്ധ്യ-ഇടപെടൽ-സുഖാനുഭൂതിക്കു ആധ്യാത്മീകമായ ഒരു പരിവേഷം കൂടി കൊടുക്കുവാൻ അവർ മറന്നിട്ടില്ല. ഈ സ്ത്രീസാന്നിദ്ധ്യ-പുരുഷസാന്നിധ്യസുഖം സ്വർലോകാനുഭൂതിയുടെ ഒരു ചെറിയ പതിപ്പായാണ് ചിത്രീകരിക്കുക. ഇങ്ങനെ മനക്കടി ഒട്ടുമേ ഉണ്ടാകുകയില്ലെന്നു മാത്രമല്ല, ശക്തമായ നീതീകരണം തന്നെ ലഭിക്കുകയുമാണ്. മനുഷ്യന്റെ ശരീരശാസ്ത്രവും മനശ്ശാസ്ത്രവും അല്പം പഠിച്ച വ്യക്തികൾക്കൊക്കെ അറിയാം, ഈ സാന്നിധ്യ-സാമീപ്യ-ഇടപെടൽ സുഖം എവിടെ എത്തിക്കുമെന്ന്. അങ്ങനെ ഒന്നു സംഭവിച്ചാൽ കുമ്പസാരമെന്ന മാന്ത്രിക ഉപായമുണ്ടല്ലോ, പാപമോചനത്തിന്. ഭയപ്പെടാനില്ല!

ഈ കാപട്യം വൈദിക-കന്യാസ്ത്രീ ജീവിതത്തിൽ മാത്രമല്ല, സാധാരണ ജനത്തിനും കാപട്യത്തിന്റെ മുഖംമൂടി ധരിക്കേണ്ടിവരുന്നു. ഓഫീസിലും ജോലിസ്ഥലത്തും യാത്രയിലും ഒക്കെ പരലിംഗവ്യക്തികളുടെ സൗഹൃദവും സാന്നിദ്ധ്യ-ഇടപെടൽ

സുഖവും അനുഭവിക്കുന്ന ധാരാളം പേരുണ്ട്. ശാരീരികബന്ധം മാത്രം പുലർത്തുകയില്ല. അതു തന്റെ വിവാഹ പങ്കാളിയോ ടുള്ള വിശ്വസ്തതയുടെ ഭാഗമായാണ് സ്വയം വിലയിരുത്തുക.

എന്റെ ചോദ്യമിതാണ്. സ്ത്രീപുരുഷ ബന്ധത്തെയും ലൈംഗികതയെയും ഇങ്ങനെയാണോ നാം കാണേണ്ടത്? ലൈംഗികതയെ ധാർമ്മികതയുമായി ബന്ധിപ്പിക്കുന്നതിൽ എന്തെങ്കിലും സാംഗത്യമുണ്ടോ? ലൈംഗികതയും പാപവും തമ്മിൽ ഏതെങ്കിലും തരത്തിൽ ബന്ധമുണ്ടോ? മനുഷ്യന്റെ സ്വാഭാവിക ചോദനയായ ലൈംഗികതയെയും അതുമായി ബന്ധ പ്പെട്ട സ്ത്രീപുരുഷ ബന്ധത്തെയും ക്രിയാത്മകവും സർഗ്ഗാത്മ കവുമായി കണ്ടു അതിനെ പരിപോഷിപ്പിക്കുകയല്ലേ നമ്മുടെ കടമ? ലൈംഗികത അടിസ്ഥാനപരമായി നല്ലത് എന്നല്ലേ നാം കാണേണ്ടത്? പരലിംഗത്തിൽപെട്ട ഒരു വ്യക്തിയോടു മാത്രമ ല്ല, സ്വവർഗ്ഗത്തിൽപ്പെട്ടതോ പരലിംഗവർഗ്ഗത്തിൽപ്പെട്ടതോ ആയ പലരുമായും ആഴത്തിലുള്ള ബന്ധം സാധ്യമല്ലേ? അടച്ചുകെ ട്ടിയ ഒരു താണ ലൈംഗികബോധത്തിനപ്പുറം, ലൈംഗികതയെ ഒരു തുറന്ന പ്രതിഭാസമായല്ലേ കാണേണ്ടത്? സ്ത്രീപുരുഷബ ന്ധത്തിന്റെ അടിസ്ഥാനമെന്ന ഏകപത്നീ-ഏകഭർത്തൃവ്രതം ഇന്നു സമൂഹം അനുഭവിക്കുന്ന വേശ്യാവൃത്തിയുടെയും മറ്റു ലൈംഗിക അരാജകത്വത്തിന്റെയും മുഖ്യകാരണമല്ലേ? ഈ അവസ്ഥയല്ലേ സ്ത്രീയെ ഒരു പാപഹേതുവായി ചിത്രീകരിക്കു ന്നത്? ഇതു തീർത്തും അവാസ്തവ ബന്ധമല്ലേ? വേശ്യാവൃ ത്തിയെ എതിർക്കുന്ന മതവും സമൂഹവും തന്നെയല്ലേ ഇവയ്ക്കു എല്ലാവിധമായ ഒത്താശകളും ചെയ്തുകൊടുക്കുന്ന പാട്രി യാർക്കി, ഏകഭർത്തൃ-ഏകഭാര്യാത്വം, ഏകദൈവത്വം തുടങ്ങിയ അനീതിനിറഞ്ഞ വ്യവസ്ഥിതിയുടെ അടിത്തറയെ അരക്കിട്ടുറ പ്പിക്കുന്നത്? ബൈബിളിൽ അബ്രഹാമിന്റെ വിളിയിലൂടെ സാറയെ ഏകഭാര്യയാക്കിക്കൊണ്ടു സ്ത്രീയെ സ്വകാര്യവൽക്ക രിക്കുന്ന പ്രക്രിയയ്ക്കു ശക്തിപകരുന്ന ദൈവസങ്കല്പം (യ ഹോവ) എത്ര അശാസ്ത്രീയവും അപകടംപിടിച്ചതും?

മനുഷ്യസ്വാതന്ത്ര്യത്തെയും ഉത്തരവാദിത്വത്തോടെയുള്ള ലൈംഗികബന്ധത്തെയും പരസ്പരം ബന്ധിപ്പിക്കുന്ന മാനദണ്ഡ ങ്ങൾ ഏവ? സഭയുടെയും മതങ്ങളുടെയും സമൂഹത്തിന്റെയും

ധാരണകൾക്കു എതിരെയുള്ള ഈ നിലപാടിന്റെ ബോധ്യതലം എങ്ങനെ ശക്തിപ്പെടുത്താം? ഈ നടപടി സാവകാശമായിട്ടാണോ തീവ്രമായിട്ടാണോ എടുക്കേണ്ടത്? ഇതിന്റെ പിന്നിലെ വേദന എങ്ങനെ ബോധ്യവും നിലപാടുമായി മാറും? അങ്ങനെ ഏറ്റെടുക്കുന്ന സ്ത്രീപുരുഷബന്ധങ്ങളും ലൈംഗികതയും വ്യക്തിത്വത്തിനു ഭൂഷണവും ബന്ധജീവിതത്തിനു കൂടുതൽ കുളിർമയും ശക്തിയും ഓജസും പകരുകയില്ലേ?

അതേ, ഇത്ര ഗൗരവമേറിയ, തീർത്തും ജൈവപ്രധാനമായ ചോദ്യങ്ങളെ നാം സസൂക്ഷ്മം അഭിസംബോധനചെയ്യേണ്ടതുണ്ട്. ആ പ്രക്രിയയിലൂടെയേ സ്ത്രീ-പുരുഷബന്ധത്തെയും ലൈംഗികതയെയും ക്രിയാത്മകവും സർഗ്ഗാത്മകവും ആനന്ദദായകവുമായ ഒരു പ്രതിഭാസമായി അനുഭവിക്കാനാകൂ. ഇവിടെ വേണ്ടത് എല്ലാ കെട്ടുപാടുകളെയും വലിച്ചെറിഞ്ഞുകൊണ്ടുള്ള, സാമുദായികവും ഭരണകൂടപരവും മതപരവും സഭാപരവുമായ എല്ലാ നിയന്ത്രണങ്ങളെയും അതിലംഘിച്ചുകൊണ്ടുള്ള തീർത്തും തുറന്നൊരു സമീപനമാണ്. മനുഷ്യന്റെ സാകല്യവളർച്ചയ്ക്കും പ്രാപഞ്ചിക പരിണാമത്തിനും നിരവധിയായ ഇടങ്ങളിലും മേഖലകളിലും ഇടപെടാനുള്ള വിശാലമായ ദർശനമാണിവിടത്തെ അനിവാര്യത. അങ്ങനെ വ്യക്തമായ അവബോധത്തോടെയുള്ള അന്വേഷണവും കിട്ടുന്ന വെളിച്ചത്തോടുള്ള വിശ്വസ്തതയും 'തെറ്റിൽ കഴിയുകയല്ല,' സത്യത്തെ ആഞ്ഞുപുൽകലാണ്. അതു എല്ലാംകൊണ്ടും കരണീയം.

# 21. കൊല്ലം ബിഷപ്പിനുള്ള തുറന്ന കത്ത്

ബഹുമാനപ്പെട്ട ബിഷപ്പിന്.

നന്മ നേരുന്നു.

18. 06. 2009 ലെ അങ്ങയുടെ ജനജാഗൃതി സന്ദർശനത്തിന്റെ പശ്ചാത്തലത്തിലാണ് ഈ തുറന്ന കത്ത്.

1970 ഡിസംബർ 21 ന് ഞാൻ വൈദികനായി. ഏതാണ്ടു 16 വർഷം ഇടവകകളിൽ സേവനം അനുഷ്ഠിച്ചു. കൊല്ലം ബിഷപ്പ് ജോസഫ് ജി. ഫെർണാന്റസിന്റെ കാലത്ത് എനിക്ക് 'സെല ബ്രത്ത്' തന്നുകൊണ്ട് 25. 05. 1988 ൽ കത്തയച്ചിരുന്നു. ആ കത്തിനു ശേഷം നീണ്ട 20 വർഷം അരമനയിൽ നിന്നു യാതൊരു ബന്ധപ്പെടലും ഉണ്ടായില്ല; മെയിന്റനൻസ് പോലും തന്നിട്ടില്ല. പിന്നീട് അങ്ങയുടെ മെത്രാഭിഷേകവുമായി ബന്ധപ്പെട്ട് 30. 10. 2001 ൽ ചില കാര്യങ്ങൾ സൂചിപ്പിച്ചുകൊണ്ടുള്ള ആശയവിനിമയങ്ങൾ നടന്നു. ഏഴു വർഷം കഴിഞ്ഞ് 10. 01. 2008 മുതൽ വീണ്ടും കത്തുകളിലൂടെത്തന്നെ ചില ഇടപെടലുകളും നടന്നു. അതിന്റെ സമാപനമെന്നോണം 10. 08. 2008 ൽ എന്റെ നിലപാട് വ്യക്തമാക്കിക്കൊണ്ടുള്ള കത്തും 'My Search into Alternative Ministry' എന്ന തലക്കെട്ടിൽ ഏതാണ്ടു സുദീർഘമായിത്തന്നെ എന്റെ ജീവിതപരിണാമവും ദർശനവും ലോകവീക്ഷണവും വ്യക്തമാക്കിക്കൊണ്ടുള്ള അനുബന്ധവും ഉൾക്കൊള്ളിച്ചിരുന്നു. മാത്രമല്ല, എന്റെ 20 ഓളം പുസ്തകങ്ങളിലൂടെയും ഓറ മാസികയിലൂടെയും മറ്റു പ്രസിദ്ധീകരണങ്ങളിൽ എഴുതിയ ലേഖനങ്ങളിലൂടെയും ജനമദ്ധ്യേ എന്റെ നിലപാട് സുതാര്യമായി അവതരിപ്പിക്കുകയും ചെയ്തിട്ടുണ്ട്. എന്റെ ഇന്നത്തെ അവസ്ഥയിൽ ഞാൻ സംതൃപ്തനും സന്തുഷ്ടനുമാണെന്ന് വ്യക്തമാക്കുകയും ചെയ്തിരുന്നു. അവിടംകൊണ്ട് കാര്യങ്ങൾ

മംഗളകരമായി പര്യവസാനിച്ചു എന്നായിരുന്നു എന്റെ ധാരണ. എന്നാൽ കഴിഞ്ഞാഴ്ചയിലെ അങ്ങയുടെ സന്ദർശനം ആശ്ചര്യമാണ് ആദ്യം ഉളവാക്കിയത്. അങ്ങയുടെ മേലധികാര വ്യവസ്ഥയായ പേപ്പസിയുടെ നിർദ്ദേശമനുസരിച്ചാണ് വന്നത് എന്ന് അങ്ങു വ്യക്തമാക്കി. നമ്മൾ തമ്മിൽ സംസാരിച്ചതിന്റെ വെളിച്ചത്തിൽ എന്റെ നിലപാട് ഒന്നുകൂടി വ്യക്തമാക്കട്ടെ.

ഔദ്യോഗികസഭയുമായി ഒത്തുപോകാത്ത വൈദികരെ ഒന്നുകിൽ തിരിച്ച് സഭയിലേക്ക് കൊണ്ടുവരിക അല്ലെങ്കിൽ പുറത്താക്കുക എന്ന വത്തിക്കാൻ നയത്തിന്റെ ദൗത്യവാഹകനായിരുന്നുവല്ലോ അങ്ങ്. ഞാൻ വ്യക്തമായിത്തന്നെ പറയുന്നു: ഇന്നത്തെ കത്തോലിക്കാസഭ യേശുവിന്റെ സഭയല്ല. കോൺസ്റ്റന്റയിൻ ചക്രവർത്തിയുടെ സഭയാണ്. കാപട്യമാണ് അതിന്റെ മുഖമുദ്ര. ഈ സഭയെ ഞാൻ അംഗീകരിക്കുന്നില്ല. ഈ സഭയുടെ ഒരു വൈദികനായിരിക്കാനും വയ്യ. പക്ഷേ അങ്ങയുടെ വാദം മറിച്ചായിരുന്നല്ലോ. അതായത്, സഭയാണ് യേശുവിനെ നമ്മൾക്ക് കാട്ടിത്തന്നത്; സഭയോടാണ് നമ്മുടെ വിശ്വസ്തത. അതിനോട് എനിക്കൊട്ടും യോജിപ്പില്ല. എന്താണ് സഭ ചെയ്തത്? ഒരു മനുഷ്യക്കുഞ്ഞായി ജനിച്ചുവീണ എന്നെ ഒരു മനുഷ്യനായും പ്രപഞ്ചജീവിയായും വളർത്താതെ, ക്രൈസ്തവമാതാപിതാക്കളിൽ ജനിച്ചുപോയി എന്ന ഒറ്റക്കാരണത്താൽ ജ്ഞാനസ്നാനം ചെയ്ത് ക്രിസ്ത്യാനിയാക്കി, ക്രിസ്തീയവിശ്വാസത്തിലും പാരമ്പര്യത്തിലും ആചാരാനുഷ്ഠാനങ്ങളിലും മാതാപിതാക്കളും സഭയും എന്നെ പരുവപ്പെടുത്തുകയായിരുന്നു. ഈ പരുവപ്പെടുത്തൽ എന്നെ ഒരു വൈദികൻ വരെയാക്കി. സ്വതന്ത്രമായി ചിന്തിക്കാനും ചരിക്കാനും ഒക്കാത്ത രീതിയിൽ ചങ്ങലയ്ക്കിട്ടു. എല്ലാത്തിനും 'ക്രിസ്തീയ' മതിലുകൾ ഉണ്ടാക്കി. കോൺസ്റ്റന്റയിന്റെ ഈ സമ്പന്ന-അധികാര ക്രൈസ്തവസഭ എന്നോടു കാട്ടിയ ഏറ്റവും വലിയ ക്രൂരതയാണിത്. അതെ, അക്ഷന്തവ്യമായ അപരാധം.

തീർത്തും മനുഷ്യത്വരഹിതമായ ഈ പരുവപ്പെടുത്തലിലൂടെ എനിക്കു കിട്ടിയത് അർത്ഥശൂന്യമായ രണ്ട് സാമുദായിക മുദ്രകളാണ് - 'ക്രിസ്ത്യാനി'യും 'ഫാദറും'. ഇവ എനിക്കാവശ്യമില്ല. സത്യത്തിൽ, ഇവ രണ്ടിൽ നിന്നുമുള്ള സ്വാതന്ത്ര്യം കൊതി

ച്ചുകൊണ്ടുള്ളതാണ് എന്റെ ഭാവിയിലേയ്ക്കുള്ള ജീവിതം. എന്നാൽ വിക്രമാദിത്യന്റെ കഴുത്തിൽ തൂങ്ങിക്കിടക്കുന്ന വേതാളത്തെപ്പോലെ ഈ ഫാദർ-ക്രിസ്ത്യാനി വിളി ഒഴിയാബാധയായി കൂടിയിരിക്കുന്നു. ജനമദ്ധ്യത്തിലും സാമൂഹ്യവ്യവഹാരങ്ങളിലും ഞാൻ കൃത്യമായി 'ലേബൽ' ചെയ്യപ്പെടുന്നു. ഈ മത-പൗരോഹിത്യ പ്രതിനിധാനങ്ങളെ പൂർണ്ണമായി ഒഴിവാക്കാൻ ഞാനെന്താണ് ചെയ്യേണ്ടത്?

നമ്മുടെ കൂടിക്കാഴ്ചയിൽ മറ്റൊരു പ്രശ്നം കൂടി - ക്രൈസ്തവ പുരോഹിതന് സ്ത്രീയുമായുള്ള ബന്ധം - രണ്ടാമതായി അങ്ങ് ഉന്നയിച്ചുവല്ലോ. അവിടെയും പലകുറി എന്റെ നിലപാട് വ്യക്തമാക്കിയിട്ടുണ്ട്. ഇന്നത്തെ ക്രൈസ്തവസഭ യേശുവിന്റെ സഭയല്ലാത്തതുകൊണ്ട് അതിനെ അംഗീകരിക്കാത്ത വ്യക്തി, അതിന്റെ വെറുമൊരു നിയമത്തെ അനുസരിക്കുന്നതിൽ എന്തെങ്കിലും യുക്തിയുണ്ടോ? സാംഗത്യമുണ്ടോ? ഞാൻ 'തെറ്റിൽ കഴിയുന്നു' എന്ന് ആവർത്തിച്ചു പറയുന്ന അങ്ങയുടെ ശൈലി ലൈംഗികതയോടും സ്ത്രീജീവിതത്തോടുമുള്ള അങ്ങയുടെ അപക്വവും അശാസ്ത്രീയവുമായ സമീപനത്തിന്റെ ബഹിർസ്ഫുരണമല്ലാതെ മറ്റെന്താണ്?

വിചിത്രമെന്നു പറയട്ടെ, ഏതാണ്ട് മുക്കാൽ മണിക്കൂർ നീണ്ടുനിന്ന നമ്മുടെ സംസാരത്തിൽ ഫാദർ പ്രയോഗവും സ്ത്രീപ്രശ്നവും ഒഴിച്ച് ഒരു വൈദികന് പരമ്പരാഗതമായും കൗദാശികമായും ഉണ്ടെന്നു സങ്കല്പിക്കുന്ന യാതൊന്നിലേക്കും അങ്ങ് വിരൽ ചൂണ്ടാഞ്ഞതു തന്നെ ഈ വൈദികപദവിയുടെ നിരർത്ഥകതയെയാണ് എന്നിൽ ഒരിക്കൽ കൂടി ഊട്ടിയുറപ്പിച്ചത്.

ഒന്നു കൂടി വ്യക്തമാക്കട്ടെ, ഇന്നത്തെ സമ്പന്ന-അധീശ-ക്രൈസ്തവസഭയിലെ ഒരംഗമോ, ഒരു വൈദികനോ ആയിരിക്കാൻ ഞാൻ ആഗ്രഹിക്കുന്നില്ല. മാത്രമല്ല, മരണാനന്തരം എന്റെ ഭൗതിക ശരീരഭാഗങ്ങൾ ആർക്കൊക്കെ പ്രയോജനപ്പെടുമോ എന്നു പരിശോധിച്ച് അങ്ങനെ ചെയ്യേണ്ടതാണ് എന്ന് വ്യവസ്ഥ ചെയ്യുന്ന സമ്മതപത്രം ഞാൻ നിയമപരമായി അധികാരികൾക്ക് സമർപ്പിക്കുകയും എന്റെ ആത്മകഥയായ 'കറുത്ത കുർബ്ബാന'യിൽ പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്.

വിശ്വസാഹോദര്യത്തിനു വേണ്ടി നിലകൊള്ളുന്ന ഒരു സാമൂഹ്യജീവിയായി, ഒരു മനുഷ്യജീവിയായി, പ്രാപഞ്ചിക പരിണാമത്തിന്റെ കണ്ണിയായി അലിഞ്ഞുചേരുക. അതാണ് എന്റെ ജീവിതസാഫല്യം.

ഒരു പുരോഹിതനെന്ന നിലയിലോ മതപരമായ നിലയിലോ ജീവിക്കാനിഷ്ടപ്പെടാത്ത ഞാൻ സഭയുമായുള്ള എല്ലാ ബന്ധങ്ങളും ഇതോടെ അവസാനിപ്പിക്കട്ടെ. ഇതെന്റെ രാജിക്കത്തായി സ്വീകരിക്കുക.

**അലോഷ്യസ് ഡി. ഫെർണാന്റസ്**

5112

21. 06. 2009

PC Library & Research Center

# കത്തോലിക്കാസഭയുടെ ചാവുദോഷങ്ങൾ



99 ശതമാനം പേരും വിശ്വസിക്കുന്നതുകൊണ്ടു മാത്രം അസത്യം സത്യമാകുന്നില്ല. മതം നാം അഭിമുഖീകരിക്കുന്ന ഏറ്റവും വലിയ ദുരന്തമാണ്; ദൈവവിശ്വാസമോ ആനമുട്ടയും. 12 വർഷത്തെ സെമിനാരി പരിശീലനവും 2 വർഷത്തെ ബിരുദാനന്തര ദൈവശാസ്ത്ര പഠനവും 39 വർഷത്തെ വൈദികജീവിതവും എന്റെ വിചിന്തനം കൂടുതലും ക്രൈസ്തവമതത്തെ ഊന്നിയായതു സ്വാഭാവികം. പക്ഷേ എന്റെ നിരീക്ഷണം എല്ലാ മതങ്ങളെയും ദൈവങ്ങളെയും പറ്റിയുള്ളതാണ്.

ജനാധിപത്യത്തിന്റെ കിരാത ഭൂരിപക്ഷത്തെയല്ല, സത്യത്തിന്റെ ഒറ്റയാൻ യാത്രയെ പുൽകാനാണ് എന്റെ അഭിവാഞ്ഛ. സാമൂഹ്യ കുത്തൊഴുക്കുകളെ വെല്ലുവിളിച്ചുകൊണ്ട്, ജാതി-മത-ദൈവചിന്തകൾക്കപ്പുറം മാനവികതയെയും പ്രാപഞ്ചികതയെയും അടയാളപ്പെടുത്തിക്കൊണ്ട്, സ്വജീവിതം സാമൂഹ്യ അസ്തിത്വത്തിനും പ്രതിബദ്ധതയ്ക്കുമായി മാറ്റിവച്ച്, ഒരു മനുഷ്യജീവിയായി, പ്രപഞ്ചപരിണാമത്തിലെ ഒരു കണ്ണിയായി അലിഞ്ഞുചേരുക എന്റെ ജീവിതസാഫല്യം. കൂടെ നടക്കാൻ വളരെ കുറച്ചുപേർ മാത്രം. അത് ഒരു വിശ്വാസവും പ്രതീക്ഷയുമാണ്.

**അലോഷ്യസ് ഡി. ഫെർണാന്റസ്**



ചിന്താഭരതയില്ലാതെ പദവിന്യാസ പൊലിമയിലും ധാരാളിമയിലും എഴുതിയെഴുതിക്കൂട്ടുന്ന പലരിൽ നിന്ന് വ്യത്യസ്തമാണ് ഈ ഗ്രന്ഥകാരന്റെ രചനാരീതി. ചിന്താപരമായ സത്യസന്ധതയിലും സമ്പന്നതയിലും നിശിതമായി ശ്രദ്ധവയ്ക്കുന്ന ഇദ്ദേഹം വാക്ചാതുരികൊണ്ട് വായനപ്പരപ്പുകൾ സൃഷ്ടിക്കണമെന്ന് സ്വപ്നേപി നിരൂപിക്കുന്നതേയില്ല. കണ്ടതും ബോധ്യമായതും കാണേണ്ടതുമൊക്കെ തെളിഞ്ഞ പകലുകളിൽ പറഞ്ഞു നടന്നുപോകുന്നൊരു ആത്മദർശി. 'ഉന്നതമായ ചിന്തകളെന്ന് നാം പറയുന്നതൊക്കെ സുന്ദരമായും ആകർഷകമായും ചെയ്തുവയ്ക്കുന്ന പറഞ്ഞുവയ്ക്കലുകൾ മാത്രമാണെന്ന് വിശ്വസിക്കുകയും പറയുകയും ചെയ്ത ഗ്രീക്ക് തത്ത്വചിന്തകരായ സോഫിസ്റ്റുകളെ മറുതലിക്കുന്ന രീതിയിലാണ് അലോഷ്യസിന്റെ എഴുത്ത്. പറച്ചിലിലെ ചാതുര്യം എന്നൊന്ന് മറന്ന മട്ട്. സുഖിപ്പിക്കുന്ന ഭാഷാവർത്തമാനങ്ങൾ നമുക്കു നാളെ സമയമുള്ളപ്പോൾ പറയാം. ഇന്നിപ്പോൾ സത്യദർശനത്തിന്റെ ജ്വലിക്കുന്ന അഗ്നിദലങ്ങൾ കൈയേൽക്കാൻ ഒപ്പം കൂടുകയാണനിവാര്യം. വൈകരുത് എന്നത്രേ അദ്ദേഹത്തിന്റെ സ്ഥിരം ഭാവം.

സ്വാഭാവികാഭിവാഞ്ഛകളും സത്യദർശനാഭിമുഖ്യങ്ങളും അതിന്റെ വഴിക്കു നിർവിഘ്നം നീങ്ങാനും ജീവനസ്വപ്നങ്ങൾ കാണാനും കൊതിക്കുന്നവരുടെ എല്ലാ ഭാവാത്മക ചലനശ്രമങ്ങൾക്കും മേൽ അഭിശപ്തമായി അമർത്തിയുറപ്പിച്ച പള്ളിയുടെ കസേരക്കാലുകൾ തട്ടിത്തെറിപ്പിച്ച് സ്വതന്ത്രരാവാൻ വഴികളാലോചിക്കണമെന്ന് അലോഷ്യസ് ഡി. ഫെർണാന്റസ് എന്ന പൂർവ്വകത്തോലിക്കാ വൈദികൻ നമ്മെ ആഹ്വാനം ചെയ്യുകയാണ് ഈ പുസ്തകത്തിലുടനീളം.

**ഡോ. എ. ജോൺ കൊല്ലം**

**ജനജാഗൃതി പ്രസാധകസംഘം**
**പുന്നപ്ര നോർത്ത് പി. ഒ.**
**ആലപ്പുഴ - 688 014**

978-81-7495-233-2
9788174952332

Price Rs. 100



കത്തോലിക്കാസഭയുടെ

# ചാവുദോഷങ്ങൾ

അലോഷ്യസ് ഡി. ഫെർണാന്റസ്

ജനജാഗൃതി പ്രസാധകസംഘം

240

Indic Digital Archive Foundation
gpura.org